KOTTAYAM PUBLIC LIBRARY

Call No M 720 Acc. No 79992

Author [illegible]

Title ചാസർ കഥകൾ

1138


**BOOK To READER**

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

**CALLING URGENT ATTENTION**

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

# വാസ്തുകൗമുദി

(ശില്പശാസ്ത്രം)

KOTTAYAM PUBLIC LIBRARY
KOTTAYAM
77772

ഗ്രന്ഥകർത്താ,

**തണ്ണീർമുക്കം വാസുആചാരി.**

*

DISTRIBUTING LIBRARY
No.
KOTTAYAM.

പ്രകാശകർ,

**വിദ്യാരംഭം പ്രസ്സ് & ബുക്ക്ഡിപ്പോ,**

പ്രൈവററ് ലിമിററഡ്,

മുല്ലയ്ക്കൽ, ആലപ്പുഴ.

*

പകർപ്പവകാശം
പ്രകാശകരിൽ

നാലാംപതിപ്പ്
ജൂൺ 1960

720
VAS·V

വില ക. 2-00

അച്ചടി:
വിദ്യാരംഭം പ്രസ്സ്, ആലപ്പുഴ.

# പ്രസ്താവന

DISTRICT LIBRARY. No.................. KOTTAYAM.

മാന്യരെ,

സൌകര്യാനുസരണം ഓരോ ഗൃഹം ഉണ്ടാക്കണമെന്ന് സർവ്വ ജീവികൾക്കും ആദ്യമായി തോന്നുന്നതു് അവരുടെ ജന്മസ്വഭാവമാകുന്നു. എലി, മുയൽ മുതലായവ ഭൂമിയിൽ തുരങ്കവും, എറുമ്പു പുനവും, പക്ഷികൾ കൂട്ടുകളും ചമയ്ക്കുന്നു. ഇരുപതാം നൂററാണ്ടിലെ കൊത്തുപണികളെ വെല്ലുന്നവിധത്തിൽ ചുരുക്കം ചില ജീവികൾ അതിവിശേഷമായ രീതിയിൽ അവയ്ക്കു പാർപ്പിടം ഉണ്ടാക്കുന്നു. നവംനവങ്ങളായ ഗൃഹനിർമ്മാണസമ്പ്രദായങ്ങളേയും യന്ത്രനിർമ്മിതികളേയും കണ്ടുപിടിക്കുന്ന ശാസ്ത്രവിദഗ്ദ്ധന്മാരുടെ ബുദ്ധികൌശലത്തെ അതിശയിക്കത്തക്കവിധം തേനീച്ചകൾ അവയ്ക്കു തേനറകളെ (പാർപ്പിടത്തെ) നിർമ്മിക്കുന്നു. എങ്കിലും മനുഷ്യജീവികൾ മററു ജീവികളേക്കാൾ ഉപരിസ്ഥാനത്തെ അർഹിക്കുന്നവരാണെന്നുള്ളതിൽ പക്ഷാന്തരമില്ല.

ജീവിതത്തിൻെറ പൂർണ്ണതയിൽ എത്താത്ത ഒരു ശിശുവിന്റെ പ്രവൃത്തികളെ ആരാഞ്ഞാൽ ഒരു ഗൃഹം വേണമെന്നുള്ള ചിന്ത അവരിലുമങ്കുരിക്കുന്നുണ്ടെന്നു നമുക്കു മനസ്സിലാക്കാവുന്നതാണു്. കുട്ടിക്കാലങ്ങളിൽ പല സാധനങ്ങളെക്കൊണ്ടു് ഗൃഹരൂപം ചമച്ചു് അവ അലങ്കരിച്ചു് ഓരോ പ്രവൃത്തികൾ ചെയ്തു് അവർ പരിലസിക്കുന്നു.

മാന്യ വായനക്കാരേ! നിങ്ങളുടെ ശൈശവകാലത്തെപ്പററി തിരിഞ്ഞുനോക്കുന്നതായാൽ പ്രസ്തുത സ്വഭാവം നിങ്ങളിലും ഉണ്ടായിരുന്നു എന്നു കാണുവാൻ കഴിയുന്നതാണല്ലോ. ഈവിധം ഓരോവ്യക്തികളുടെസ്വഭാവഗതികളെ അന്വേഷിച്ചാൽ സുഖസൌകര്യങ്ങൾക്കുവേണ്ടി ഓരോ ജീവികൾക്കും ഗൃഹം ഉണ്ടാക്കണമെന്നുള്ള ചിന്ത പ്രകൃതിദത്തമാണെന്നുതന്നെ വിചാരിക്കുവാനേ നിവൃത്തിയുള്ളു.

നമ്മുടെ ഭാരതഭൂമിയിൽ ഈ സ്വഭാവം പ്രവൃത്തിയിൽ വരുത്തുന്നുമുണ്ട്. നമ്മുടെ പൂർവ്വികന്മാരുടെ ഗൃഹങ്ങളെ നാം വളരെ ആദരിക്കുകയും അതിന് ഏതോ പ്രത്യേകത വിചാരിക്കുകയും ചെയ്യുന്നു. ഒരുവന് ഒരു ഭവനം പാരമ്പര്യമായി ലഭിക്കുന്നില്ലെങ്കിൽ ഒരു ഗൃഹം പണികഴിപ്പിക്കുകയൊ മറെറാന്നു വിലയ്ക്കു വാങ്ങുകയൊ ആണു ചെയ്യുന്നതു്. ഒരു നല്ല ഗൃഹം ഇല്ലാത്തവനു സമുദായത്തിൽ ശരിയായ ഒരു നിലയൊ വിലയൊ ആരുംതന്നെ കല്പിക്കുന്നില്ല. നവീനരീതിയിൽ പണിചെയ്തിട്ടുള്ള ഗൃഹം ഉള്ളവനു നാട്ടിലും സമുദായത്തിലും വലിയ സ്ഥാനങ്ങൾ ലഭിക്കുന്നു. ഒരുവൻ എത്രതന്നെ ധനികനായിരുന്നാലും ശരിയായ ഒരു ഗൃഹം ഉണ്ടാക്കി പാൎക്കുന്നില്ലെങ്കിൽ ജനങ്ങൾ ആ വ്യക്തിയെ പുച്ഛിക്കതന്നെ ചെയ്യും. ഇതു് ഏററവും പ്രഥമവും പ്രധാനവുമായ തത്വമാകുന്നു.

ഏതു നിലയിലും ജോലിയിലും ഇരിക്കുന്ന കച്ചവടക്കാരും വക്കീലന്മാരും ഡോക്ടർമാരും ജഡ്ജിമാരും ആരുമാവട്ടെ;ഇവർ തങ്ങളുടെ സമ്പാദ്യത്തിൽ കൂടുതൽ ഭാഗം ഗൃഹനിർമ്മാണവിഷയത്തിലേയ്ക്കു ചെലവു ചെയ്യുന്നു. ആ വഴിക്ക് അവർ പേരും പെരുമയും സമ്പാദിക്കുന്നു. അഭിവൃദ്ധിക്കും ശ്രേയസ്സിനും ഉള്ള കാരണം ഇതാണെങ്കിലും ഈ കാൎയ്യത്തിൽ ചുരുക്കം ചില കൂട്ടർ മാത്രമെ ശ്രദ്ധ പതിപ്പിച്ചു കാണുന്നുള്ളു.

നഗരശുചീകരണസംഘത്തിൻെറയൊ മററു ഗവർമ്മെൻറിൻേറയൊ ശരിയായ ശ്രദ്ധയില്ലാത്തതിനാൽ അനശ്വരമായ ഭാവിയേയും അഭിവൃദ്ധിയേയും അരോഗതയേയും തടയത്തക്കവിധം തോന്നിയവാസം അനുഭവശക്തിദത്തമായ ശില്പശാസ്ത്രത്തേയും ജ്യൌതിഷശാസ്ത്രത്തേയും (കണക്കുശാസ്ത്രം) അവഗണിച്ചു ഗൃഹങ്ങൾ ഉണ്ടാക്കുകയും ശാസ്ത്രീയജ്ഞാനം നഷ്ടപ്പെടുത്തുകയും ജനങ്ങൾ ദാരിദ്ര്യദേവത

യ്ക്കുകേളീരംഗമാകുകയുംചെയ്യുന്നു. ആകയാൽ ശാസ്ത്രീയജ്ഞാനം നമുക്കു് ഉണ്ടാകണം. ഇപ്പോൾ ശാസ്ത്രീയജ്ഞാനത്തിനു വളരെ പ്രാധാന്യമുള്ള ഒരു നവീനകാലമാണല്ലോ?

പുരാതനകാലത്തു ജനങ്ങൾ ടൌണിൻെറയും ഗ്രാമത്തിൻെറയും പരിസരങ്ങളിൽ സ്ഥലം വാങ്ങി ഗൃഹം പണിയിക്കയെന്നുള്ളതു് സാധാരണയായിരുന്നു. അതു് അഭിനന്ദനാർഹംതന്നെ. ഗൃഹനിർമ്മാണവിഷയത്തിൽ ശരിയായ അറിവില്ലെങ്കിലും തങ്ങളുടെ ആഗ്രഹാതിരേകത്താൽ അത്യുത്സാഹികളായി ചിലർ സ്വന്തംകൈകൾകൊണ്ടു തന്നെ മിക്ക ഗൃഹങ്ങളും ചെയ്യുന്നതിനു് ഒരുങ്ങുന്നതായി നമുക്കു കാണുവാൻ കഴിയുന്നുണ്ടല്ലോ?

ഒരുകണക്കുശാസ്ത്രപണ്ഡിതൻെറ (ശില്പശാസ്ത്രജ്ഞൻെറ) യഥാർത്ഥമായ രൂപീകരണം കൂടാതെ അജ്ഞനായ ഒരു കൺട്രാക്ടരുടേയോ കാര്യനിശ്ചയമില്ലാത്ത ഒരു ആചാരിയുടേയോ ചുമതലയിൽ പ്രബലമായ ഗൃഹനിർമ്മാണകൃത്യംവിട്ടുകൊടുക്കുന്നു. സാധാരണക്കാരായ ഈ ആളുകൾ പരിഷ്കൃതഗോളത്തിൽ ജീവിതം ചെയ്യുന്ന മനുഷ്യൻ വേണ്ടുന്ന പ്രാപ്തിയോ പരിജ്ഞാനമൊ അല്പം പോലുംഇല്ലാത്തവരെന്നു തന്നെ അറിവുള്ളവർ ഉദ്ദേശിക്കുന്നു. അവർക്കു ഒത്ത രീതിയിലായിരിക്കും കാര്യം നടത്തുന്നതു്. ഗൃഹനിർമ്മിതിയിലുള്ള ഗുണദോഷങ്ങൾ ഗ്രഹിക്കുന്നതിനുള്ള പ്രാപ്തിയോ വിവേകമൊ ഉടമസ്ഥനു് അസ്ഥാനത്തിലുമായിരിക്കും. ഗൃഹംപണിനടന്നുകൊണ്ടിരിക്കുന്ന അവസരത്തിൽ പലരും കാഴ്ചക്കാരായി വരുന്നു. അവരിൽ അധികംപേരും മിത്രവർഗ്ഗത്തിൽ പെട്ടവരായിരിക്കാം. അവർപലേഅഭിപ്രായങ്ങളെ പ്രകടിപ്പിച്ചു് അതുമിതുംഎല്ലാംകൂടി ചേർത്തു ഗൃഹത്തേയും ഉടമസ്ഥനേ

യുംകുഴപ്പത്തിലാക്കുന്നു. ഇതിനുള്ള കാരണം ശാസ്ത്രത്തെ സംബന്ധിച്ചുള്ള അജ്ഞതയത്രേ. ചിലപ്പോൾ പണത്തിന്റെ ലാഭത്തെ ഓൎത്തു മുൻനിശ്ചയത്തെ വ്യതിചലിപ്പിച്ചു ഗൃഹംപണി അസ്ഥാനത്തിലാക്കിത്തീൎക്കുകയും ഉടമസ്ഥൻ ഇതികൎത്തവ്യതാമൂഢനായിത്തീരുകയുമാണു് ഒടുവിലത്തെ അനുഭവം. വിഷയജ്ഞാനവും ചുമതലാബോധവും ഇല്ലാത്തകൂട്ടർ ആവശ്യത്തിനും അനാവശ്യത്തിനും വേണ്ടുവോളംഉണ്ടെന്നു മനസ്സിലാക്കാതെ അവരെ തൊഴിലേപ്പെടുത്തി കാൎയ്യാദികൾ അസ്ഥാനത്തിലാക്കുന്നു. ഉടമസ്ഥൻ ഉദ്ദിഷ്ടകാൎയ്യനിൎവ്വഹണത്തിനു് ഏതെങ്കിലും വിധത്തിൽ പണം കടംവാങ്ങുന്നു. കെട്ടിടംപണി പൂൎത്തിയാകുമ്പോൾ മുതൽ പലിശവൎദ്ധിച്ചു നവീനഗൃഹവും ഉള്ള വസ്തുക്കളും അന്യൻെറ അധീനതയിലായി തീരുന്ന അനുഭവമാണു് നമ്മുടെ നാട്ടിൽ നടപ്പിലിരിക്കുന്നതു്.

ഈ രീതിയിലുള്ള പാഴ്ചെലവുകളും ഭീമമായ മുതൽനഷ്ടങ്ങളും ഉണ്ടാകാതിരിക്കുന്നതിനു ശില്പശാസ്ത്രത്തിൽ (കണക്കുശാസ്ത്രത്തിൽ) പരിജ്ഞാനമുള്ള ആളുകളുമായി ആലോചിച്ചു ശരിയായഒരുപ്ലാനുംഅടങ്കലും ആദ്യമായിത്തന്നെതയ്യാറാക്കണം. അതിനു് അല്പമായ ചെലവുകൾ വല്ലതുമുണ്ടാകുന്നെങ്കിൽ അതൊരു നഷ്ടമല്ലെന്നു കരുതുന്നതു ബുദ്ധിപൂൎവ്വമായിരിക്കുന്നതാണു്. വൈദ്യശാസ്ത്രത്തിലോ ലോകമുറകളിലോ അപാരപാണ്ഡിത്യംസിദ്ധിച്ചിട്ടുള്ള പലമഹാന്മാരും ശില്പശാസ്ത്രത്തിലുള്ള കിഞ്ചിജ്ഞതമൂലം തങ്ങളുടെ സ്വന്ത ഗൃഹനിൎമ്മിതികൾക്കു് അനവധി ധനം നഷ്ടപ്പെടുത്തിയിട്ടുണ്ടെന്നുള്ളതു പരസ്യമായ രഹസ്യമാണല്ലൊ?

കെട്ടിടംപണി സംബന്ധിച്ചുള്ള സാമാന്യജ്ഞാനം ലഭിക്കുന്നതു പരിശ്രമംവിനാ ഒരു സാധാരണക്കാരനുപോലുംസാധിക്കുന്നതാണു്. ആദ്യമായി അവർതാമസിക്കുന്ന

കെട്ടിടത്തിൻെറ മുറികൾ, ഭിത്തികൾ, വാതലുകൾ, ജന്നലുകൾ മുതലായവ ടേപ്പുകൾകൊണ്ടു് അളന്നു് അവയുടെ ഏകദേശരൂപം നല്ലതിൻവണ്ണം മനസ്സിലാക്കണം. അതിനുശേഷം ഏതു രീതിയിലുള്ള കെട്ടിടമാണു തനിക്കു വേണ്ടതെന്നു് അല്പം ആലോചിച്ചു ഭാവനയിൽ വരുത്തണം. തദനന്തരം തൻെറ സ്നേഹിതന്മാരിൽ ആരുടെയെങ്കിലും കെട്ടിടം തൻെറ ഭാവനാസങ്കല്പത്തിനു് അനുരമ്യമായൊ മററൊ ഉണ്ടെങ്കിൽ അതിനെ സൂക്ഷിച്ചു മനസ്സിലാക്കണം. ഈവക നിശ്ചയങ്ങൾ ഉള്ള ഒരാൾ പ്രായോഗിക ഗുണദോഷത്തിൽ വഴിപ്പെടുന്നതു നന്നായിരിക്കുന്നതാണു്.

സാക്ഷാൽ ഭവനത്തിന്റെ നായികമാർ സ്ത്രീകൾതന്നെയാണല്ലോ? അവർ മുമ്പുണ്ടായിരുന്ന കെട്ടിടത്തിൽ താമസിച്ചു് ആ കെട്ടിടത്തിൻെറ ഗുണദോഷജ്ഞാനം ഗ്രഹിച്ചിട്ടുള്ളതിനാൽ ഉപയോഗയോഗ്യമായവിധം ഒരു പ്ലാൻ നിമ്മിച്ചു തരുന്നതിനു് അവക്കും സുസാധമാകുന്നതാണല്ലോ! പുരുഷബ്ബുദ്ധിയും ചിന്തയും പ്രവേശിക്കാത്ത പലദുർഘടസ്ഥാനങ്ങളിൽ സ്ത്രീബുദ്ധിയുംആലോചനയും സൈ്വരസഞ്ചാരണംചെയ്തുകാൎയ്യംനേടുന്നതു നമുക്കു കണ്ടറിയാവുന്നതാണല്ലോ!ആകയാൽനവീനമായഗൃഹം ആരുണ്ടാക്കണമെന്നുദ്ദേശിക്കുന്നുവോ അവർഗൃഹനായികമാരുമായിആലോചിച്ചുതന്നെഗൃഹനിമ്മാണരീതിയെ നിശ്ചയിക്കേണ്ടതാണു്. ഏവംവിധമല്ലാതെചെയ്യുന്ന ഗൃഹങ്ങളിൽ പ്രവേശനാനന്തരം മുറികൾക്കും വാതലുകൾക്കും ജന്നലുകൾക്കും ഓരോകുററങ്ങൾഅവർ വിധിച്ചു് ഉടമസ്ഥനേയുംപ്രവത്തകന്മാരേയുംകാൎയ്യകാരണസഹിതം മനസ്സിലാക്കി ഇച്ഛാഭംഗപ്പെടുത്തും.

ഒരുഭവനം നന്നായി പണിചെയ്തു എന്നു പറയണമെങ്കിൽ അധിഷ്ഠാനംമുതൽസൂച്യഗ്രഹംവരെ (അവസാനംവരെ)ഓരോന്നിനും പ്രത്യേകമായുംസംപൂൎണ്ണമായുംശില്പി

ശാസ്ത്രപ്രകാരമുള്ള അളവുകൾ സുമുഹൂർത്തത്തിലുള്ള സ്ഥാപനകൾ ഗൃഹനായകനും ഗൃഹനായികമാൎക്കും സുസമ്മതമായ മുറികൾ യഥാസ്ഥാനങ്ങളിലുള്ള കവാടങ്ങൾ ബാഹ്യമായും ആഭ്യന്തരമായും ഉള്ള ഭംഗികൾ കുറഞ്ഞ ചെലവുകൾ എന്നിവകളാൽ സംഭരിക്കുന്ന ഭവനം ഏതൊന്നോ അതാകുന്നു ഉത്തമമായുള്ള ഗൃഹം. ഈവക ആശയങ്ങൾ ജനതാമദ്ധ്യത്തിൽ പ്രചുരപ്രചാരത്തിൽവരുത്തേണ്ടതു ബഹുമാനപ്പെട്ട ഗവൎമ്മെൻറിൻെറ ചുമതലയാകുന്നു. ആകയാൽ സൎവ്വവ്യക്തികളുടേയും വിദ്യാഭ്യാസവിഷയത്തിൽ ശില്പശാസ്ത്രജ്ഞാനമുണ്ടാക്കുന്നതിനു ഗവൎമ്മെൻറുസ്കൂളുകളിൽ ശില്പശാസ്ത്രവും ഒരു വിഷയമാക്കി വയ്ക്കുന്നതു് രാജ്യത്തിൻെറ അഭ്യുദയത്തിനു വളരെ നന്നായിരിക്കുന്നതാണു്.

പട്ടണത്തിലോ ഗ്രാമത്തിലോ താമസിക്കുന്നവൎക്കു് അസുഖങ്ങൾ വരാതിരിക്കുന്നതിനുള്ള പ്രധാനകാരണം കണക്കനുസരിച്ചുള്ള ഗൃഹം നിൎമ്മിച്ചതിലാകുന്നു. കണക്കനുസരിച്ചു ഗൃഹങ്ങളുണ്ടാക്കിയാൽ ഐശ്വൎയ്യാദിസമൃദ്ധിയോടുകൂടി ദീർഘകാലം ആ ഗൃഹം നിലനില്ക്കുമെന്നുള്ളതു് ഇതഃപൎയ്യന്തമുള്ള അനുഭവങ്ങൾകൊണ്ടു് ഏവൎക്കും മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടല്ലോ. ഈവക കണക്കുകൾ തെളിയിച്ചു കുറവുകൾ പരിഹരിക്കുന്ന ഗ്രന്ഥങ്ങൾ കാലോചിതം വളരെ കുറവായിട്ടേ ഉണ്ടായിട്ടുള്ളു. ഈവക അനാസ്ഥയെ പരിഹരിക്കുന്നതിനായി ജ്യോത്സ്യൻ മി: കെ. നീലകണ്ഠനാചാരി തന്ത്രസമുച്ചയം ശിൽപ്പരത്നം വാസ്തുവിദ്യ മനുഷ്യാലയവിധി എന്നീ ഗ്രന്ഥങ്ങൾക്കു് വ്യാഖ്യാനങ്ങൾ എഴുതി പ്രചരിപ്പിച്ചിട്ടുണ്ടു്.

ഈവക ഗ്രന്ഥങ്ങൾ ഗൃഹാരംഭപ്രവേശനാദികൾക്കു പ്രഥമവും പ്രധാനവും ആയ ലക്ഷണങ്ങളും, തദാധാരമുള്ള ഇഷ്ടാനിഷ്ടഫലങ്ങളും, ശുഭാശുഭമുഹൂർത്തങ്ങളും ശില്പശാസ്ത്രസാരജിജ്ഞാസുക്കൾക്കു് ഉതകത്തക്കവിധം വിവ

രിച്ചിട്ടില്ലെന്നു ശില്പശാസ്ത്രോപജീവികൾ എന്നെ ഉൽബോധിപ്പിച്ചു. ആവക കുറവുകൾകൂടി പരിഹരിച്ചാൽ പരിഷ്കൃതലോകം ശില്പശാസ്ത്രത്തേയും പരിലാളിക്കുമെന്ന് എന്റെ അല്പബുദ്ധിയിൽ പ്രകാശിച്ചു. ഏതൽകാര്യനിർവ്വഹണാർത്ഥം 1098-ൽ അനുഭവത്തെ കുറിക്കുന്ന ഇരുപത്തിമൂന്നു ആർഷഗ്രന്ഥങ്ങളിൽ നിന്നു ഗൃഹജാതകം കുറിക്കുമാറു് ആവശ്യവിജ്ഞേയങ്ങളായ ഭാഗങ്ങളെമാത്രം ഉദ്ധരിച്ചു ശില്പരത്നസമുച്ചയമെന്ന പേരിലും 1104-ൽ ബാലബോധനത്തിനായി ഗുരുശിഷ്യോപദേശരൂപത്തിൽ ശില്പബാലപ്രബോധിനി എന്നപേരിലുംരണ്ടു ശില്പഗ്രന്ഥങ്ങൾ എഴുതി ഞാൻ മഹാജനസമക്ഷം സമർപ്പിച്ചിട്ടുണ്ടു്.

1101മുതൽഉള്ള പത്രപ്രവർത്തനത്തിൽ കാലിളകിനില്ക്കുന്നയവസരത്തിൽതികഞ്ഞഒരു ഉല്പതിഷ്ണുവും, എം. എൽ.സി-യും,സുകുമാരകലാപ്രോത്സാഹകനും, വണിഗ്വരരാജനും ആയ ശ്രീമാൻ എച്ച്. ബി. മുഹമ്മദുറാവുത്തർ അവർകൾ ആലപ്പുഴയിൽനവീനരീതിയിൽ മനോഹരമായ ഒരുഹർമ്മ്യനിർമ്മാണവിഷയത്തിലേക്കു 1107ൽ എന്നെ ക്ഷണിക്കയുണ്ടായി. ഗൃഹം ചെയ്യിച്ചുകൊണ്ടിരിക്കുന്ന അവസരത്തിൽ പല മഹാന്മാരും കാര്യഭാഗങ്ങളെ വെളിപ്പെടുത്തി പണ്ഡിതന്മാർക്കും പാമരന്മാർക്കും മനസ്സിലാകത്തക്കവിധം ഒരു ശില്പഗ്രന്ഥം എഴുതണമെന്നു് എന്നെ പ്രേരിപ്പിച്ചു. ആ മഹദ്വാക്യങ്ങളെ ധിക്കരിക്കുന്നതു സമുചിതമല്ലെന്നു കരുതി ജഗന്നിയന്താവായ സച്ചിദാനന്ദ മൂർത്തിയെ സ്മരിച്ച് ആവുംമട്ട് 1109 ഇടവം മുതൽ വാസ്തുകൗമുദിയെന്ന പേരിൽ ഒന്നും രണ്ടും ഭാഗങ്ങളായി.ഈ ഗ്രന്ഥം എഴുതുവാൻ തുടങ്ങി. സംസ്കൃതവ്യാകരണത്തേയും മലയാളവ്യാകരണത്തേയും അനുസരിച്ചു് ഇന്നത്തെ പണ്ഡിതലോകം ആരാഞ്ഞാൽ ഇതിന്റെ പല ഭാഗങ്ങളിലും സ്ഖലിതങ്ങൾ കണ്ടേക്കാം. അതു് ശില്പശാസ്ത്രസാര

ജിജ്ഞാസുക്കൾക്കു ബാധകമാകുന്നതല്ലെന്നും, പണ്ഡിത ലോകം ക്ഷമിക്കുമെന്നും കരുതി എഴുതുന്ന ഭാഗങ്ങൾ പ്രസ്സിൽ ഏല്പിക്കയാണു ചെയ്തിട്ടുള്ളതു്.

എത്രയും വേഗത്തിൽ അച്ചടിച്ചു മഹാജനസമക്ഷം അവതരിപ്പിക്കുന്നതിനു സർവ്വപ്രകാരേണ സഹായിച്ചിട്ടുള്ള ശ്രീമാൻ എച്ചു്. ബി. മുഹമ്മദുറാവുത്തർ അവർകളോടും, വിശിഷ്യ ഈ ഗ്രന്ഥത്തെപ്പറ്റി ആശംസാപൂർവ്വമായ അഭിപ്രായങ്ങൾ എഴുതിത്തന്നിട്ടുള്ള സുപ്രസിദ്ധ സാഹിത്യകാരൻ ശ്രീമാൻ ഈ. വി. കൃഷ്ണപിള്ള അവർകൾ ബി. എ. ബി. എൽ-നോടും, ശ്രീമാൻ ജോൺജോർജ്ജ് എഞ്ചിനീയർ അവർകളോടും എനിക്കുള്ള കൃതജ്ഞതയെ ഇവിടെ രേഖപ്പെടുത്തിക്കൊണ്ടു് ഈ പുസ്തകം മഹാജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

തണ്ണീർമുക്കം,
15—4—1110.

ഗ്രന്ഥകർത്താ,
വി. കെ. വാസുദേവാചാരി.

★

# രണ്ടാം പതിപ്പിനെപ്പററി.

---

മാന്യരെ!

"വാസ്തുകൗമുദി" എന്ന പ്രസ്തുത പുസ്തകത്തിന്റെ ഒന്നാംപതിപ്പു പ്രതികൾമുഴുവനും പ്രതീക്ഷിച്ചപ്രകാരം വിററുതീരുകയും തദനന്തരം പല ശില്പശാസ്ത്രസാരേച്ഛുക്കളും വ്യാഖ്യാനം പ്രത്യേകാൽ പരിഷ്കരിച്ചും മററു കുറവുള്ള ഭാഗം എഴുതിച്ചേർത്തും രണ്ടാം പതിപ്പു പ്രതികൾ ആവശ്യപ്പെട്ടതനുസരിച്ച് ഒന്നാംഭാഗത്തിനു പ്രത്യേകാൽ കുറവുള്ള മൂലശ്ലോകങ്ങൾ ഉദ്ധരിച്ചും വ്യാഖ്യാനം മന്ദബുദ്ധികളായ ബാലന്മാൎക്കും സുഗ്രാഹ്യമായി ഗ്രഹിക്കത്തക്കവിധവും രണ്ടാംഭാഗത്തിനു വ്യാഖ്യാനം കുറവുള്ളതിനെ എഴുതിച്ചേർത്തും പൊതുജനസമക്ഷം വാസ്തുകൗമുദിയുടെ രണ്ടാംപതിപ്പു പ്രതികൾ ഇതാ അവതരിപ്പിച്ചുകൊള്ളുന്നു.

ഗ്രന്ഥകൎത്താ,

**വി. കെ. വാസുആചാരി.**

★

# അഭിപ്രായങ്ങൾ

ചില ചുരുക്കം അനുഭവങ്ങളിൽ എന്നപോലെ ഭവനങ്ങളുടെ ഗുണദോഷങ്ങളിലും സകാരണമായ വിശ്വാസം ഇന്നും വിദ്യാസമ്പന്നരുടെ ഇടയിൽ ശേഷിക്കുന്നുണ്ട്. ഗൃഹനിർമ്മാണം സുഖദുഃഖങ്ങളിലേയ്ക്കു് അതിന്റെ ചുമതലക്കാരെ നയിക്കുന്നുണ്ടെന്നു പല ഉദാഹരണങ്ങളും നമ്മെ ഇപ്പോഴും ഉൽബോധിപ്പിക്കുന്നു. പല മഹാന്മാൎക്കും നേരിട്ടിട്ടുള്ള ദുരന്തരങ്ങൾക്കു ഭവനങ്ങളുടെ ലക്ഷണപ്പിഴയല്ലാതെ മററു യാതൊന്നും കാരണമായി കാണാതെ ഇരിക്കുന്നുണ്ടു്.

അതുതന്നെയുമല്ല ഭൂമിയുടെ കിടപ്പും കെട്ടിടങ്ങളുടെ രീതിയും അനുസരിച്ചു പണികൾ ക്രമപ്പെടുത്തുന്നതിനു് ഏതെങ്കിലും വ്യവസ്ഥാപിതമായ ഒരു മാതൃക അനുകരിക്കാതെ തരവുമില്ല. വൈദ്യശാസ്ത്രംപോലെ അനേക ശതവഷങ്ങളിലെ അനുഭവസാദൃശ്യത്തെ പരിഗണിച്ചു മഹാപണ്ഡിതന്മാർ ഓരോ ദേശത്തിലും അതതിനു് അനുസരണമായ പ്രമാണങ്ങൾ രൂപീകരിച്ചിട്ടുള്ളതാണു്. നമ്മുടെ ഏതുവിധത്തിലുമുള്ള സൗകൎയ്യത്തിനും സുഗമത നൽകുന്ന ഈ പ്രമാണങ്ങൾ ആദരിക്കുന്നതു് എന്തുകൊണ്ടും നന്നായിവരുവാനേ മാൎഗ്ഗവും ഉള്ളു.

ഭാരതീയവിജ്ഞാനത്തിന്റെ അത്യന്തം സാരവത്തായ ഒരു അംശമാണു് "വാസ്തുവിദ്യ അഥവാ തച്ചുശാസ്ത്രം." ഈ വിഷയത്തെ പുരസ്കരിച്ചു് നിരവധി ഗ്രന്ഥങ്ങൾ

സംസ്കൃതത്തിലുണ്ടെങ്കിലും മലയാളത്തിൽ അവ അത്ര സുലഭമല്ല. മനുഷ്യാലയവിധി മുതലായി അപൂൎവ്വം ചിലതുണ്ടു്. എന്നാൽ അവയിൽ എല്ലാം പരാമൎശിക്കപ്പെടുന്ന വിഷയങ്ങൾ പരിമിതവും വിവരണരീതി ദുൎഗ്രഹവും ആണു്.

ഭവിഷ്യത് പുരാണം, വാസ്തുരത്നപ്രദീപം, ജ്യോതിസ്സാഗരം മുതലായി ഇരുപത്തിമൂന്നു സംസ്കൃതഗ്രന്ഥങ്ങൾ കൂലങ്കഷമായിതിരിഞ്ഞു് ഇത്ര ബൃഹത്തായ ഒരു മലയാളഗ്രന്ഥം രചിക്കുന്നതിനു് വി. കെ. വാസു ആചാരി അവൎകൾ ചെയ്തിട്ടുള്ള യത്നം സൎവ്വഥാ അഭിനന്ദനീയമാണു്. എന്റെ മാന്യമിത്രം എച്ചു്. ബി. മുഹമ്മദുറാവുത്തർ അവൎകളുടെ രമ്യഹൎമ്മ്യം പണിയുന്നതിനുള്ള മൂത്താചാരിയായി ഗ്രന്ഥകാരൻ ഏൎപ്പെട്ടതായ അവസരത്തിൽ ആണു് എനിക്കു ഈ ശാസ്ത്രവിദഗ്ദ്ധനുമായി പരിചയം ലഭിച്ചതു്. ഞാൻ, ശ്രീമാൻ ആചാരിയിൽക്കണ്ട ഗുണം ശാസ്ത്രപടുക്കളായ മററുള്ളവരെ അപേക്ഷിച്ചു് ഇദ്ദേഹത്തിനുള്ള വിനയാതിരേകവും അഭിപ്രായസ്ഫുടതയും ആണു്. അതിഗഹനമായ തച്ചുശാസ്ത്രതത്വങ്ങൾ ആൎക്കും ഏററവും നിഷ്പ്രയാസം മനസ്സിലാകത്തക്കരീതിയിൽ ശ്രീമാൻ വാസു ആചാരി പ്രതിപാദനം ചെയ്യുന്നതു കേൾക്കുക അനുഭവൈകവേദ്യം തന്നെയാണു്.

ഗൃഹനിൎമ്മാണത്തിൽ ദീക്ഷിക്കേണ്ടതായ ബഹുവിധസംഗതികളുടെ കൂട്ടത്തിൽ മുഹൂൎത്തങ്ങൾ, നക്ഷത്രഫലങ്ങൾ, ഭൂപ്രകൃതികൾ, ഭൂലക്ഷണങ്ങൾ മുതലായി പലകാൎയ്യങ്ങളും ഈ ഗ്രന്ഥത്തിൽ ചേൎത്തിട്ടുണ്ടു്. ഈ വൎഷത്തിൽ തിരുനാൾ ബഹുമതിയായി ശ്രീമാൻ ബാലകൃഷ്ണറാവുവിനു് തിരുവിതാംകൂർ മഹാരാജാവുതിരുമനസ്സുകൊണ്ടു നൽകിയ "വാസ്തുവിദ്യാവിശാരദ" സ്ഥാനം ഏവംവിധങ്ങളായ ശാസ്ത്രങ്ങളുടെ വളൎച്ചയെക്കുറിച്ചു തിരുമനസ്സി

ലേയ്ക്കുള്ള താൽപ്പര്യത്തെ വിശദീകരിക്കുന്നു. അചിരേണ ഏതാദൃശബഹുമതികൾ തൃക്കൈകളിൽനിന്നു് ഇതുപോലെ അപ്രസിദ്ധരെങ്കിലും, പണ്ഡിതരത്നങ്ങളായി ശേഷിക്കുന്ന പൌരന്മാൎക്കും ലഭിക്കുമെന്നു നമുക്കു് ആശിക്കാം. ശ്രീമാൻ ആചാരി അവർകൾക്കു് സൎവ്വമംഗളങ്ങളും ആശംസിച്ചുകൊള്ളുന്നു.

തിരുവനന്തപുരം,<br>
2—4—1110.

ഈ. വി. കൃഷ്ണപിള്ള,<br>
ബി. ഏ; ബി. എൽ.

ഭാരതീയശില്പകലകൾ ഒരുകാലത്തു് ഭുവനപ്രസിദ്ധി സമ്പാദിച്ചിട്ടുള്ള ഒന്നായിരുന്നുവെന്നു ചരിത്രജ്ഞാനം സ്വല്പമെങ്കിലും സിദ്ധിച്ചിട്ടുള്ള ഏവൎക്കും അറിയാവുന്ന ഒരു പരമാൎത്ഥമാണല്ലോ. എന്നാൽ ഇന്നാകട്ടെ ശാസ്ത്രീയവിഷയങ്ങളിൽ വേണ്ട വിജ്ഞാനം നമുക്കു് ലഭിക്കുന്നതിനുവേണ്ടി പാശ്ചാത്യരേയും അവരുടെ ശാസ്ത്രങ്ങളേയും ആശ്രയിക്കേണ്ടിയിരിക്കുന്നു. ഒരിക്കൽ സ്വായത്തമായിരുന്നതും, ഇപ്പോൾ അന്യാധീനപ്പെട്ടിരിക്കുന്നതുമായ ഭാരതീയ വിജ്ഞാനങ്ങളേയും, കലാവിദ്യകളേയും ഉദ്ധരിക്കുവാൻ ഇദാനീന്തന ഭാരതീയ ചിന്തകന്മാരും, നമ്മുടെ ബഹുമാനപ്പെട്ട ഗവൺമെൻറും അശ്രാന്തപരിശ്രമം ചെയ്തുവരുന്നുണ്ടു്. ഇപ്പോൾ ശില്പകലാപ്രണയികളുടെയും, അതിനെപ്പററി പ്രതിപാദിക്കുന്ന മലയാളഗ്രന്ഥങ്ങളുടേയും സംഖ്യ കേരളീയരുടെ ഇടയിൽ വളരെ പരിമിതമാണു്. 1931-ൽ പൂനായിൽനിന്നും മി: ആർ. എസ്സ്. ടി. സ്വാൻറു് അവൎകൾ ബി. ഇ. ഇംഗ്ലീഷ്, തമിഴ്, സംസ്കൃതം, ഹിന്ദി, ഗുജറാത്തി, കൎണ്ണാടകം മുതലായ വിവിധഭാഷകളിലുള്ള വാസ്തുശാസ്ത്രഗ്രന്ഥങ്ങളെ സൂക്ഷ്മവീക്ഷണം ചെയ്തു് ആംഗ്ലേയഭാഷയിൽ പ്രചരിപ്പിച്ചിട്ടുള്ളതും, അനേക മഹാന്മാരുടെ അഭിപ്രായങ്ങൾ സിദ്ധിച്ചിട്ടുള്ളതുമായ The Residential Buildings Suited to India (റസിഡൻഷ്യൽബിൽഡിംഗ്സ് സ്യൂറഡ് ടു ഇൻഡ്യ) എന്ന പുസ്തകം ഒരാവൎത്തി സശ്രദ്ധം വായിക്കുന്നതിനെനിക്കിടയായി. ഏതാദൃശങ്ങളായ ശാസ്ത്രീയഗ്രന്ഥങ്ങൾ മലയാളഭാഷയിലും പ്രചുരപ്രചാരമായിക്കണ്ടാൽ ഭാരതീയരുടെ അഭ്യുദയത്തിനു് നന്നായിരിക്കുമെന്നുള്ള ഒരു തോന്നൽ എൻെറ മനസ്സിൽ സംജാതമായ അവസരത്തിലാണു്

ശ്രീമാൻ വി. കെ. വാസുആചാരി അവർകളാൽ രചിക്കപ്പെട്ട "വാസ്തുകൗമുദി" എന്ന പുസ്തകം എനിക്കു് കാണുന്നതിനിടയായതു്. രണ്ടു ഗ്രന്ഥങ്ങൾക്കും അനുഭവങ്ങളെ കുറിക്കുന്ന സാദൃശധർമ്മങ്ങൾ ഉള്ളതിനാൽ വാസ്തുശാസ്ത്രം വിഗണിച്ചു ചെയ്യുന്നതു് ആപൽക്കരമാണെന്നു് എനിക്കു് ദൃഢവിശ്വാസം ഉണ്ടായി.

ഇപ്രകാരം ഇരുപത്തിമൂന്നു് സംസ്കൃതഗ്രന്ഥങ്ങളിൽനിന്നു് അവശ്യം ആവശ്യമായ ഭാഗങ്ങളെ ഉദ്ധരിച്ചു് ഈ ഗ്രന്ഥം രചിക്കപ്പെട്ട ശ്രീമാൻ വി. കെ. വാസുആചാരി അവർകളുടെ പരിശ്രമം മലയാളികൾക്കു് വളരെ ഉപകാരമായിത്തീരുമെന്നു് പറയുന്നതിൽ രണ്ടുപക്ഷമില്ല.

ശ്രീമാൻ വി. കെ. വാസുആചാരിക്കു് സർവ്വമംഗളങ്ങളും ആശംസിക്കുകയും, ഈ ഗ്രന്ഥത്തിനു വേണ്ട പ്രചാരം സിദ്ധിച്ചുകാണ്മാൻ ആഗ്രഹിക്കുകയും ചെയ്തുകൊള്ളുന്നു.

ആലപ്പുഴ,
3—4—1110.

ജോൺ ജോർജ്ജു് എൽ. എം ഇ.
(ഒപ്പു്)

*

ഞാൻ ഈയിടെ ആലപ്പുഴയിൽപണിയിച്ച കെട്ടിടത്തിന്റെ സകല ചുമതലയും വഹിച്ച ശ്രീമാൻ വി. കെ. വാസുആചാരി ഈ ഗ്രന്ഥം എഴുതിയതു് ടി കെട്ടിടം പണി നടക്കുമ്പോഴാണു്. ഗ്രന്ഥത്തിൻെറ ഉപയോഗ യോഗ്യതയെക്കുറിച്ചു് എൻെറ മാന്യമിത്രം ഈ. വി. പറഞ്ഞിട്ടുള്ളതുപോലെ പ്രായോഗികമായി ശ്രീമാൻ ആചാരിക്കുള്ള ബുദ്ധിസാമത്ഥ്യവും വിശ്വാസയോഗ്യതയും നല്ലതുപോലെ അനുഭവപ്പെട്ടുന്നതിനു് എനിക്കു് അവസരം ലഭിച്ചിട്ടുണ്ടെന്നു രേഖപ്പെടുത്തേണ്ടതായ കടമ എനിക്കുണ്ടു്. ശ്രീമാൻ ആചാരിക്കു സവ്മംഗളങ്ങളും ആശംസിക്കുന്നു.

ആലപ്പുഴ,<br>2—4—110.

എച്ച്. ബി. മുഹമ്മദുറാവുത്തർ,<br>(ഒപ്പു്)

——

ഓം.

മാന്യരെ!

രാജ്യങ്ങളുടെ അഭ്യുദയവും പരിഷ്കാരവും നിലനില്ക്കുന്നതു സുകുമാരകലാവിദ്യകളിൽ ആണെന്നുള്ളതു സർവ്വവിദിതമായ ഒരു പരമാർത്ഥമാണല്ലോ! അതിന്റെ നിർമ്മാണരീതികൾ ഏറിയഭാഗവും കേരളത്തിൽനിന്ന് അപ്രത്യക്ഷമായതോടുകൂടി തത്സംബന്ധമായി നമ്മൾ അന്യരാജ്യങ്ങളെ ആശ്രയിച്ചുവരുന്നു എന്നു പറയുവാനേ നിവൃത്തിയുള്ളു. വേദാഗമാദി പുരാണങ്ങളിൽ വിവരിച്ചിട്ടുള്ള ആഗ്നേയാസ്ത്രാദികളും വിമാനങ്ങളും യഥാർത്ഥമല്ലെന്നു ചിലർ വ്യവഹരിച്ചു എങ്കിലും അവ ഇന്നു പ്രത്യക്ഷത്തിൽ കാണുന്നതിനു നമുക്ക് ഇടയായല്ലൊ. അത്ഭുതകരമായി തോന്നുന്ന ഏതൊരു സുകുമാരകലാവിദ്യകളുടേയും നിർമ്മാണരീതികളും ശുഭലക്ഷണങ്ങളും ശില്പജ്യൌതിഷഗ്രന്ഥങ്ങളിലാണു സമുചിതമാംവണ്ണം പ്രതിപാദിക്കുന്നതു്. ഈ വക ഗ്രന്ഥങ്ങൾ സംസ്കൃതത്തിലാകയാൽ മലയാളഭാഷയിൽ, രാജ്യങ്ങളിൽ പ്രചരിപ്പിക്കുന്നതിന് ഓരോ വ്യക്തിക്കും പ്രോത്സാഹനങ്ങൾ നൽകേണ്ടതു് ബഹുമാനപ്പെട്ട സർക്കാരിൻെറ ചുമതലയാകുന്നു.

ഭാരതക്കരയിൽ ചുരുക്കം ചില കുടുംബവാസികൾക്കു് പ്രസ്തുതനിർമ്മാണരീതികൾ ചിലതെല്ലാമറിയാമെങ്കിലും പരഗുണത്തിലുള്ള വിമുഖതയാൽ അവയിൽ ഒന്നുംതന്നെ ഒരുവരേയും മനസ്സിലാക്കാതെയാണു കഴിച്ചുകൂട്ടുന്നതു്. ഈവക സ്വാർത്ഥബുദ്ധികൾ നിമിത്തമാണു മലയാളി

കൾക്കുപ്രതിദിനംപുരോഗതിക്കുകുറവുകൾനേരിടുന്നതു്. ഏതൊരു വ്യക്തിയുടേയും സുഖസോല്ലാസങ്ങളേയും സമ്പൽപുഷ്ടിയേയും ദാനംചെയ്യുന്നതിനുപ്രധാനകാരണമായി നില്ക്കുന്നതു സുകുമാരകലാവിദ്യകളിൽ ഗൃഹനിർമ്മാണ വിഷയമാകുന്നു. ഏതദ്വിഷയഗ്രന്ഥങ്ങളാണു് അചിരേണ രാജ്യങ്ങളിൽ പ്രചരിപ്പിക്കേണ്ടതു്. അതിനെ പരിഹരിക്കുന്നതിനെന്നു തോന്നുമാറു പല യാഥാസ്ഥിതികരുടേയും മനഃപൂർവ്വവൈരങ്ങളെ വിഗണിച്ചു ശ്രീമാൻ വി. കെ. വാസുആചാരിഅവർകൾശില്പരത്നസമുച്ചയമെന്നും ശില്പബാലപ്രബോധിനിയെന്നും രണ്ടു മഹൽഗ്രന്ഥങ്ങൾ എഴുതി പ്രചരിപ്പിച്ചിട്ടുള്ളതു് ശില്പസാരേച്ഛുക്കൾക്കുവളരെ ഉപകാരമായിട്ടുണ്ടു്.

ഇന്നത്തെ സാഹിത്യലോകം അഭിനന്ദിക്കത്തക്കവിധം അനവധി ശില്പഗ്രന്ഥങ്ങളേയും ജോത്സ്യഗ്രന്ഥങ്ങളേയും പരിശോധിച്ചു് അനുഭവവേദ്യങ്ങളായ ഭാഗങ്ങളെമാത്രം ഉദ്ധരിച്ചു് ഇതഃപര്യന്തം മലയാളഭാഷയിൽ ഉണ്ടാകത്തവിധം ഒന്നും രണ്ടും ഭാഗങ്ങളായി എഴുതിത്തീർത്ത ഈ വാസ്തുകൗമുദി എന്ന ശില്പഗ്രന്ഥം മലയാളികൾക്കു് വളരെ ഉപകാരമായിത്തീരും, എന്നു തുറന്നുപറയുന്നതിൽ പക്ഷാന്തരമില്ല.

ഈവാസ്തുകൗമുദിഞാൻ ആദ്യന്തംവായിച്ചതിൽ ഗൃഹാരംഭാവസരത്തിൽതന്നെഗൃഹജാതകംകുറിക്കുമാറു് അനുഭവസാദൃശ്യങ്ങളായപലപ്രമാണങ്ങളെഉദ്ധരിച്ചു്അവ വിമർശനംചെയ്തു്ഏവർക്കുംമനസ്സിലാകത്തക്കവിധം ശ്രീമാൻ വി. കെ. വാസുആചാരി അവർകൾ ഈ ഗ്രന്ഥ

ത്തിൽചേൎത്തിട്ടുണ്ടു്. ശില്പശാസ്ത്രത്തിലെന്നപോലെജ്യോതിശ്ശാസ്ത്രത്തിലും അസാധാരണമായ പാണ്ഡിത്യംഉണ്ടെന്നുള്ളതിലേക്കു് ഈഗ്രന്ഥംതന്നെ ശരിയായ സാക്ഷ്യം വഹിക്കുന്നു. കാലതാമസം കൂടാതെ ദേവാലയവിധിയും മയമതതത്വവും കൂടി ഇതേവിധത്തിൽ പുസ്തകരൂപമാക്കിത്തീൎത്താൽകൊള്ളാമെന്നു ഞാൻ താങ്കളോടപേക്ഷ ചെയ്തുകൊള്ളുന്നു.

ഈഗ്രന്ഥം സൎവ്വഥാ പ്രശോഭിതമായി കാണുന്നതിനു ജഗന്നിയന്താവിനോടു ഞാൻ പ്രാൎത്ഥിക്കുകയും ശ്രീമാൻ ആചാരിഅവർകൾക്കു സൎവ്വ മംഗളങ്ങളും ആശംസിക്കുകയും ചെയ്തുകൊള്ളുന്നു.

വൈക്കം,
9—5—110.

സ്ഥാനി കെ. വേലായുധൻ,
മൂത്താചാരി (ഒപ്പു്)

★

ഓം

മാന്യരെ,

ഗൃഹനിർമ്മാണത്തെക്കുറിച്ചുള്ള ശില്പഗ്രന്ഥങ്ങൾ അത്യധികം ഉണ്ടെങ്കിലും അധികവും സംസ്കൃതത്തിലാണ്. ഈവക ഗ്രന്ഥങ്ങളെ സമുച്ചയിച്ച് പണ്ഡിതന്മാക്കും പാമരന്മാക്കും നിഷ്പ്രയാസം ഗ്രഹിക്കത്തക്കവിധം മലയാളഭാഷയിൽ ഒരു പുസ്തകം എഴുതണമെന്നുദ്ദേശിച്ചയവസരത്തിലാണു സ്വന്തശിഷ്യൻ ശ്രീമാൻ വി. കെ. വാസുആചാരി അവർകൾ രചിക്കപ്പെട്ട 'വാസ്തുകൗമുദി' യെന്ന പുസ്തകം എനിക്കു കാണുന്നതിനിടയായത്. ഈ "വാസ്തുകൗമുദി" ആപാദചൂഡം ഞാൻ വായിച്ചതിൽ ഓരോ ഭാഗത്തും ചേർത്തിട്ടുള്ള തത്വഭാഗങ്ങളെക്കുറിച്ച് അത്യധികം സന്തോഷിക്കുന്നു.

ജനോപകാരമായിനിരവധി ഗ്രന്ഥങ്ങൾ പരിശോധിച്ചു നിരന്തരപരിശ്രമം ചെയ്തു രചിച്ചിട്ടുള്ള ഈ ഗ്രന്ഥം സർവ്വജനങ്ങൾക്കും ആനന്ദനീയമായും സർവ്വോപകാരമായും സർവ്വോപരിഷ്ടമായും ഭവിക്കുന്നതിനു് ഞാൻ സർവ്വമംഗളങ്ങളേയും ആശംസിച്ചുകൊള്ളുന്നു.

എന്നു്,

ചേർത്തല,<br>13--5—110.

സുവർണ്ണാചാരി സംസ്കൃതവിദ്വാൻ,<br>കെ. കേശവൻ ആശാൻ (ഒപ്പ്)

★

# സമർപ്പണം.

വഞ്ചിക്ഷോണിക്കു സമ്പൽപ്രചുരിമ ദിനവും
നവ്യമാക്കി ഭരിപ്പാൻ
വാഞ്ഛരിച്ചാശാവിശേഷം കമലജപതികൈ-
ക്കൊണ്ടു കാരുണ്യഭാരാൽ

കൊഞ്ചിച്ചീവഞ്ചിതന്നെ, തിരുവടിതിരുനാൾ
ചിത്രനക്ഷത്രമാക്കീ-
ട്ടഞ്ചാതേ വന്നുദിച്ചധരണിപതി ജയി-
ക്കട്ടെ, യാചന്ദ്രതാരം.

സാമോദം പ്രജകൾക്കമോഘ ഗുണപു-
ഷ്ടിക്കായ് ശ്രമിക്കുന്ന മൽ
ഭൂമീന്ദ്രൻെറ പദാബ്ജം പ്രതിദിനം
ഭക്ത്യാ സ്മരിച്ചാദരാൽ

ശ്രീമത്താകിയ ശില്പശാസ്ത്രനിലയെ
ക്രോഡീകരിച്ചീവിധം
വ്യാമോഹേന രചിച്ച "കൗമുദി"സമ-
പ്പിക്കുന്നിതാ ശ്രീശനിൽ.

# വാസ്തുകൌമുദി

## ഒന്നാം ഭാഗം.

ഭാഷാവ്യാഖ്യാനം.

## പ്രഥമോഽധ്യായഃ പ്രാരംഭഃ

ഓം

**ശ്രീഗുരവേ നമഃ**

## മംഗളം.

ആനന്ദമന്ഥരമമമാധവമാധവാജ-
സമ്മാനനീയമിഭരാജമുഖം ശരണ്യം
വന്ദേവിനിദ്ര മധുപാരവഗാനലോല-
മാലോലകർണ്ണപുടതാലകലാവിലോലം.

ജ്ഞാനസപത്രുപപദപങ്കജമിച്ഛപോലെ
ധ്യാനിച്ചു, വേണ്ട ഗൃഹനിർമ്മിതിയെക്കുറിച്ചു
വിന്യാസരീതി പല ജ്യൗതിഷശില്പശാസ്ത്ര-
സൂത്രങ്ങൾകണ്ടറിവുപോൽ പറയപ്പെടുന്നു.

സൗവർണ്ണജോലി പല ഗ്രന്ഥവിവക്ഷചിന്ത-
യ്ക്കപ്രാപ്തമായുപരിവിദ്യകളഭ്യസിച്ചു
ശിഷ്യേച്ഛപോലറിവിനായ് ചിലയാത്മബോധം
തോന്നിച്ചമൽഗുരുപദാംബുജവും തൊഴുന്നേൻ.

## വാസ്തുശാസ്ത്രോല്പത്തി.

ഏകാഗ്രനാം മുനിവരന്നു വിധിപ്രകാരം
ലോകേ ക്ലുപ്താൎത്ഥ പലരീതികളായ് മഹേശൻ
കല്പിച്ചു, തന്ത്രവിധിയും ഗൃഹശാസ്ത്രവും മ-
റെറല്ലാം, യവാംഗുലകരത്തിനധീനമാക്കി. 1

"യദുക്തം ശംഭുനാപൂൎവ്വം വാസ്തുശാസ്ത്രംപുരാതനം."
എന്നുള്ള മൂലശ്രുതി അനുസരിച്ചു, ശ്രീപരമശിവൻ ഏക ഗ്രാഹിയായ മുനിശ്രേഷ്ഠനോടു പരമാണുവിങ്കൽനിന്നു് അംഗുലവും അംഗുലത്തിൽനിന്നു കോലും ആധാരമാക്കി വിഗ്രഹം, ക്ഷേത്രം, ഗൃഹം എന്നിവകളുടെ ചെയ്യുനക്രമം ആജ്ഞാപിച്ചു. ആ മുനിശ്രേഷ്ഠൻ പരാശരനും, പരാശരൻ ബൃഹദ്രഥനും, ബൃഹദ്രഥൻ, വിശ്വകൎമ്മാവിനും ഉപദേശിച്ചു. ആ വിശ്വകൎമ്മാവു പ്രസ്തുത വിഷയങ്ങൾ അടക്കി പലപ്രകാരേണയുള്ള ശില്പജ്യൗതിഷഗ്രന്ഥ നിൎമ്മിതികൾചെയ്തു.

ഭൂദേവി ചാൎത്തുവതിനായ് നവ സൗധമാല്യം
തീൎക്കേണ്ടതിന്നു വിധികൾക്കനുയോജ്യമാകും
ശാസ്ത്രങ്ങൾ വേണ്ട വിധിപോലെചമച്ചുവിശ്വ
കൎമ്മാവു ശില്പികളറിഞ്ഞിടുവാൻകൊടുത്തു. 2

വ്യക്തിപരമായി നിശ്ചയിക്കുന്ന ഭൂമികളുടെ ആഭരണങ്ങൾ ഗൃഹങ്ങളാകുന്നു. ആ ആഭരണനിൎമ്മിതികൾ കാലോചിതം പരിഷ്കരിച്ചുള്ള ചെയ്യുനക്രമം ശില്പ ശാസ്ത്രങ്ങളിൽ കല്പിക്കയുംചെയ്തു. പഴയ ഗൃഹം എത്രകണ്ടു ശാസ്ത്രോചിതമായാലും അടുത്തൊരുഗൃഹം നവീനരീതിയിൽ ചെയ്താൽ ശാസ്ത്രോചിതമായ പഴയ ഗൃഹത്തിന് വികൽപം ഉണ്ടാകുന്നതാണു്. സ്ത്രീകളുടെ ആഭരണഭ്രമം എന്നപോലെ വ്യക്തിപരമായി കല്പിക്കുന്നഭൂമിദേവിക്കും ആഭരണഭ്രമം ഉണ്ടാകുന്നു. തദ്വാരാ വി

ശപകമ്മാവു; ഭൂമിദേവിയുടെ ആഭരണമാകുന്ന സൗധാദിഗൃഹങ്ങൾ അതാതു കാലങ്ങളിൽ നവംനവങ്ങളായവിധത്തിൽ തീൎക്കേണ്ടതിലേയ്ക്കു് ശിൽപികളുടെയറിവിനു് ശാസ്ത്രഗ്രന്ഥങ്ങൾ രചിച്ചു.

## ശില്പശാസ്ത്രപുരാതനമഹിമ.

സപ്താത്ഭുതങ്ങൾ വിലസൻമണിഹൎമ്മ്യജാല-
മസ്ത്രാളി ശിൽപതരപുഷ്പകമെന്നിതെല്ലാം
ഇപ്പാരിനേകി വിജയിച്ചരുളുന്ന ശിൽപ
ശാസ്ത്രത്തിനുള്ള നിലയോൎക്കിലെത്രചിത്രം. 3

ടാജ്മഹാൾ തുടങ്ങിയുള്ള ലോകത്തിലെ ഏഴു വിശിഷ്ടവസ്തുക്കളും ശോഭനങ്ങളായ ആയുധജാലങ്ങളും പുഷ്പകവിമാനം തുടങ്ങിയുള്ള യാനപാത്രങ്ങളും എന്നുവേണ്ട ഈ ലോകത്തിൽ കാണുന്ന എല്ലാ കരകൗശലങ്ങൾക്കും നിദാനമായിരിക്കുന്ന ശിൽപശാസ്ത്രത്തിൻെറ നില എന്താണെന്നു് ആലോചിക്കുമ്പോൾ മാത്രമേ അതിൻെറ വൈശിഷ്ട്യത്തെക്കുറിച്ചു് അനുമാനിക്കുവാൻ സാധിക്കുന്നുള്ളൂ.

ശിൽപീലരിപ്പുകളറിഞ്ഞതികാമ്യമായ-
മട്ടിൽ വിധിക്ക പ്രതികൂലതചെയ്യിടാതെ
തൃപ്തിപ്പെടുംപടിഗൃഹാദികൾചെയ്കമൂലം
സംതൃപ്തിയോടഖിലരും പ്രീയമായ്കഴിച്ചു; 4

പുരാതന ശിൽപശ്രേഷ്ഠന്മാർ അന്നത്തെ നിലക്കു് അതികമനീയമായവിധം സൗധാദിഗേഹങ്ങൾ പണിചെയ്കയും തൃപ്തിപ്പെടുകയും ചെയ്യുതനുസരിച്ചു സകലജനങ്ങളും സംതൃപ്തിയോടുകൂടി ജീവിതം കഴിച്ചുകൂട്ടി.

പൂന്തെന്നലാൽ പുളകപൂതമനോജ്ഞമായി-
ട്ടാക്കാലമൊക്കെയതിഭൂതികളാൽ ജനങ്ങൾ
സദ്വൃത്തരായ് സ്വകുലനിഷ്ഠകഗഛേന്ദ്ര പാതി-
വ്രത്യംതികഞ്ഞ ഗൃഹിണീജനമൊത്തുവാണാർ. 5

അന്നത്തെ ലോകജീവിതസുഖത്താൽ ഏവരും ആനന്ദഭരിതരായി സർവ്വവിധമായ ഐശ്വര്യത്തിൽ കഴിഞ്ഞുകൂടിയതിനാൽ സൽപ്രവൃത്തരായി കുലനിഷ്ഠവാന്മാരായി, സ്ത്രീകൾ പാതിവ്രത്യമുള്ളവരായികഴിഞ്ഞുകൂടി. അതിനുള്ള കാരണങ്ങളെ ആരാഞ്ഞാൽ സ്ഥാവരാലയനിർമ്മിതികളിൽ ഭൂമിദേവിയാകുന്ന സ്ത്രീരത്നവും അന്നത്തെ പ്രകൃതിയും അനുകൂലിച്ചതാണെന്ന് ഊഹിക്കാവുന്നതാണ്.

ചിത്രർക്ഷജാ! കമലജാപതിസേവ്യ! രാജൻ
"ശ്രീപത്മനാഭഗൃഹനിർമ്മിതി"ചെയ്തശിൽപ്പം
ശ്രീവഞ്ചിയിൽ പ്രചുരതയ്ക്കിടയാക്കിയെന്നും
പാലിപ്പതിന്നു പാദതാരിണ കുമ്പിടുന്നേൻ. 6

സർവ്വ മാനവർക്കും പുത്രമിത്രകളത്രസൗഖ്യവും ധർമ്മാർത്ഥകാമങ്ങളും ജന്തുക്കളുടെ ലയവും സുഖവും ശീതാദികളിൽ നിന്നുള്ള നിവാരണവും തദ്വാരാ മോക്ഷസിദ്ധിക്കു ദേവാലയങ്ങളും ത്രികാലം ആരാധിക്കേണ്ടതിലേയ്ക്ക് ദേവവിഗ്രഹങ്ങളും സ്നാനപാനാദികൾക്ക് കൂപതടാകങ്ങളും ഉണ്ടാക്കുന്നതിന് ഏകകാരണമായി പൌരാണികകാലം മുതൽ ഇതഃപര്യന്തം ഉപയോഗയോഗ്യമായി നിലനിന്നു പോരുന്നതു ശില്പശാസ്ത്രമെന്നാണെന്നു തീർത്തു പറയുന്നതിൽ പക്ഷാന്തരമില്ല.

വേദാഗമാദിഗീതാതത്വങ്ങളെ നടപടിയിൽ വരുത്തുവാൻ തിരുവവതാരം ചെയ്ത ശ്രീചിത്തിരതിരുനാൾ പൊന്നുതമ്പുരാൻ തിരുമനസ്സു പൂജിക്കയും നമസ്കരിക്കയും കുലദൈവമായി ആചരിക്കയുംചെയ്യുന്ന "ശ്രീപത്മനാഭസ്വാമിക്ഷേത്രവും ദേവവിഗ്രഹവും" സൃഷ്ടിച്ചതിനു കാരണമായി (മാതാവായി) നിലനില്ക്കുന്ന ശില്പശാസ്ത്രത്തിനു പുരാതനമഹിമ വീണ്ടെടുക്കുന്നതിനു വേണ്ട മാർഗ്ഗങ്ങൾ അനുവദിച്ചു ഉത്തരവുണ്ടാകുന്നതിനു തിരുമനസ്സിൻെറ പാദപത്മം നമസ്കരിച്ചുകൊള്ളുന്നു.

No.............. KOTTAYAM.

## ശാസ്ത്രീയ തത്വചിന്തകൾ.

ഹാ! ശിൽപശാസ്ത്രമുലകിൻ മഹനീയചിന്താ-
സന്താനമായ് ബഹുവിധം പ്രതിഭം ലസിപ്പൂ
ആശിച്ചുനോക്കുകിലവർക്കുമഭീഷ്ടസിദ്ധി
കൈവന്നിടും കരതലാമലകത്തിനൊപ്പം. 7

ശിൽപശാസ്ത്രം പഠിച്ചു ചിന്തിച്ചാൽ അതിൽ നിന്നു് കാലോചിതം പലതും കണ്ടുപിടിക്കാവുന്നതും തദ്വാരാ മാനവർക്കു് പുരോഗമിക്കാവുന്നതും ആണു്. ആശിച്ചുനോക്കിയാൽ എല്ലാവക അറിവുകളും കരതലത്തിൽ നിസ്സാരമായവിധം വന്നുചേരുന്നതും ആണെന്നുള്ളതിൽ ഒട്ടുംതന്നെ സംശയിപ്പാനില്ല.

സന്തുഷ്ടിയോടു പരമാമൃതമുണ്ടിരിപ്പാ-
നെന്താണുചെയ്യുതു പിപീലികയാദിയായി
ചിന്തിച്ചുവേണ്ടവിധമൊക്കെ ഗൃഹം ചമച്ചു
സന്ധിച്ചിടുന്നു ദിവസം പ്രിയമായതിങ്കൽ. 8

എറുമ്പു് ആദിയായ സകല ക്ഷുദ്രജന്തുക്കളും നിത്യസുഖജീവിതത്തിനുവേണ്ടി അതുകളുടെ ബുദ്ധിക്കു് അനുസരണമായി പലവിധമുള്ള വീടുകളുണ്ടാക്കി സന്താനസമേതം ജീവിക്കുന്നു. എന്നു നമുക്കു് കണ്ടറിയാവുന്നതാണല്ലൊ! വിശേഷബുദ്ധിയുള്ളവരായ നമ്മൾ പ്രസ്തുത ക്ഷുദ്രജന്തുക്കളുടെ ഗൃഹനിർമ്മാണക്രമവും ജീവിതവും ഐക്യവും ചിന്തിച്ചാൽ പലതും നമുക്കു് അവരിൽനിന്നു പഠിക്കാം. സകല ജീവികൾക്കും അവരവരുടെ യോഗ്യതക്കനുസരിച്ചു് ജീവിത സജ്ജീകരണത്തിനുള്ള കണക്കിൽ വീടുകൾ ഉണ്ടാക്കണമെന്നു് എറുമ്പു് ആദിയായ ക്ഷുദ്രജന്തുക്കളിൽനിന്നും നമുക്കു പഠിക്കാവുന്നതാണു്.

യാതൊന്നുമില്ല, പറയുംവിധമൊക്കെ നിങ്ങ-
ളെത്തുന്നമട്ടു ഗൃഹനിർമ്മിതിചെയ്കയെന്നായ്
കല്പിച്ചിടുന്നവിധിപോലെ ഗൃഹംചമച്ചു
കല്പിച്ചപോലെ നിലവിട്ടുലയുന്നതുങ്കൽ. 9

ചിലർ ഗൃഹനിർമ്മിതികൾക്ക് ഒരുങ്ങുമ്പോൾ ശില്പശാസ്ത്രോചിതമായി യാതൊരളവുകളും സ്ഥാനങ്ങളും നോക്കേണ്ട ആവശ്യം ഞങ്ങൾക്കില്ലെന്ന് ആചാരിമാരോട് പറയുകയും, അവർ ശിൽപശാസ്ത്രസിദ്ധാന്തം വിഗണിച്ച് ഗൃഹനിർമ്മിതികൾ ചെയ്തുകൊടുക്കുകയും ചെയ്യുന്നു. ഇവർ ഗൃഹപ്രവേശനത്തിനുശേഷം യാതൊന്നുമില്ലെന്നുള്ള കൽപനോക്തികൾ മൂർത്തീകരിച്ച് യാതൊന്നുമില്ലാതെ ദാരിദ്ര്യദേവതയ്ക്ക് അധീനരായി ക്ലേശിച്ച് ഒടുവിൽ ഇതികർത്തവ്യതാമൂഢന്മാരായിത്തീരുന്നു.

രോഗങ്ങളായ രിപുവാൽ പിടിപെട്ട ദേഹ-
മോരോന്നിൽ നിന്നു വെടിയുന്നഴകും യശസ്സും
തത്തുല്യമായനിലയിൽ പിരിയുന്നു പാരിൽ
നിർമ്മിച്ചിടും ഗൃഹമതിൽപിഴതങ്ങുമെങ്കിൽ. 10

അരോഗദൃഢഗാത്രന്മാരിൽ രോഗങ്ങൾ ബാധിച്ചാൽ അവരുടെ അഴകും യശസ്സും യാതൊരുപ്രകാരം നശിക്കുന്നുവോ, അപ്രകാരം ഗൃഹനിർമ്മിതികളിൽ പിഴയുണ്ടായാൽ ക്രമേണ ഗൃഹവും നശിക്കുന്നു. ആകയാൽ ശാസ്ത്രോചിതമായിത്തന്നെ ഗൃഹനിർമ്മിതികൾ ചെയ്യുന്നതു് നന്നായിരിക്കും.

സപ്തഗ്രഹങ്ങൾ ഗൃഹനായകനായ വാസ്തു-
വെന്നോർ ഗൃഹസ്ഥഗൃഹമെന്നിവ കാത്തിടുന്നു
സ്ഥാനം കണക്കു സമയങ്ങൾ വിരുദ്ധമാകിൽ
കാണാത്തമട്ടിൽനിലവേർപെടുവാൻതുടങ്ങും. 11

അറിയാതെയും, അറിഞ്ഞും ചെയ്യുന്ന എല്ലാകർമ്മങ്ങളുടേയും യാഥാർത്ഥ്യം ഛായാവഴി ആദിത്യാദി സപ്തഗ്രഹങ്ങൾ അറിഞ്ഞു് അതിന്റെ ഫലാഫലങ്ങൾ നമ്മൾ അനുഭവിക്കുന്നു. അതുപോലെ ഗൃഹനിർമ്മിതികളുടെ ദോഷാംശങ്ങളും ഗുണാംശങ്ങളും അറിഞ്ഞു ഫലാഫലങ്ങൾ വാസ്തുപുരുഷൻ പ്രദാനംചെയ്യുന്നു. അതിന്നു സപ്തഗ്രഹങ്ങളും അനുകൂലിക്കുന്നു. സ്ഥാനദോഷം, അംശപ്പിഴ, മർമ്മപീഡ, വ്യയാധിക്യമുള്ള കണക്കു് അടക്കി ഗൃഹനിർമ്മാണകൃത്യം നിർവ്വഹിച്ചാൽ ആക്കും അറിയാതെ വിപത്തുകൾ വന്നുചേരുന്നതാണു്.

ചക്രം കണക്ക ഗുണവും ധനവും മറിഞ്ഞു -
മുന്നോട്ടു പോവതിനു ശക്തിതരുന്ന കർമ്മം
അസ്ഥാനമാകിലതിഗഹ്വരമായ കുണ്ടിൽ
ചാടുന്നു നാഥനതിനുള്ളൊരു സാക്ഷിമാത്രം. 12

ധനസ്ഥിതിയും രാജ്യപ്രവീണതയും സാർവ്വഭൗമാവസ്ഥയും രാജസ്ഥാനവും ചക്രംകണക്ക കർമ്മഗതിയെ ആശ്രയിച്ചു കറങ്ങിക്കൊണ്ടിരിക്കുന്നു. പ്രവൃത്തികൾ അസ്ഥാനത്തിലായാൽ അവ കുണ്ടിൽ ചാടുന്നു. പ്രവൃത്തികൾ സാത്വികവും സൽക്കർമ്മപരവുമായാൽ മനോഹരമായ നേർവഴിയിൽ എത്തുന്നു. രണ്ടിനും ഒന്നുപോലെ ഈശ്വരൻ അനുകൂലിക്കുന്നു.

സംസിദ്ധമായ ഭവസാഗരമെന്നതുങ്കൽ
സോല്ലാസമായ് കരകടപ്പതിനുള്ള നൗകം
സാരസ്യമായ പല ദ്രവ്യമലംകരിച്ചു-
രീതിക്ക ചെയ്യുകിലെവക്കമതെത്ര യോഗ്യം. 13

ജനമൃതിയാകുന്ന മഹാസമുദ്രം കടക്കുന്നതിനുള്ള നൗകം പഞ്ചഭൂതങ്ങളെക്കൊണ്ടു ലോകൈകശില്പിയായ പരമ

ശിവൻ കണക്കുംപ്രകാരം സൃഷ്ടിച്ചിട്ടുള്ള ഗാത്രക്ഷേത്രങ്ങളാകുന്നു. അതു് കർമ്മഗതിയെ അനുസരിച്ചു നാശപ്പെടുകയും ഉദ്ദിഷ്ടഫലപ്രാപ്തിവരെ നിലനില്ക്കുകയും ചെയ്യുന്നു. രോഗപീഡയ്ക്കും നിർദ്ധനതയ്ക്കും കാരണമായി നിലനില്ക്കുന്നതു കർമ്മമാശ്രയിച്ചുള്ള കണക്കുകളിലൂടെയാണു്.

സ്ഥാവരാലയനിർമ്മിതികൾക്കു് പഞ്ചഭൂതമായി കുമ്മായം, കല്ലു്, ജലം, മരം, ഇരിമ്പു് എന്നിവയാകുന്നു. ഈ അഞ്ചുദ്രവ്യങ്ങളെക്കൊണ്ടു കണക്കുംപ്രകാരം ഗൃഹം നിർമ്മിച്ചാൽ ഐശ്വര്യാദിസമൃദ്ധിയുണ്ടാകും. കണക്കുവിഗണിച്ചാൽ പല പ്രകാരേണയുള്ള വിപത്തുകൊണ്ടു് ഗൃഹം നശിക്കുന്നതുമാണു്. കണക്കുംപ്രകാരമുള്ളതിൽ ഗൃഹനിർമ്മിതികൾ ചെയ്താൽ ഈശ്വരാത്മകമായ ശക്തി പ്രദ്യോതിക്കുമെന്നുള്ളതിൽ സംശയിപ്പാനിടയില്ല.

ഈ ബോധമൊക്കെയറിവിന്നനുകൂലമാകാ-
തേതോ ഗ്രഹിച്ചു ഭവനാദികൾ ചെയ്തശേഷം
മോശത്തിലായൊട്ടവിലീവിധമാവതിന്നു
ശ്രീശൻെറ കൽപ്പനയതെന്നു പറഞ്ഞിടുന്നു. 14

ദോഷകോപങ്ങളാൽ ഗൃഹനിർമ്മാണകൃത്യം നിർവ്വഹിക്കപ്പെട്ടതിൻെറ ഫലമാണു് ദുരിതാനുഭവങ്ങളെന്നു മനസ്സിലാക്കാതെ ഈശ്വരവിധിയെന്നു സങ്കല്പിച്ചു ചില അറിവില്ലാത്തവർ സമാധാനപ്പെടുന്നു. ആകയാൽ ലോകജീവിതത്തിനു് അത്യന്താപേക്ഷിതമായ ഗൃഹനിർമ്മിതികൾ ശാസ്ത്രോക്തമായിത്തന്നെ ചെയ്യുകിലേ മഹൽസുഖം അനുഭവിക്കുവാൻ കഴിയൂയെന്നുള്ളതിൽ രണ്ടുപക്ഷമുണ്ടാകുവാൻ തരമില്ല.

ദ്രവ്യങ്ങൾ തമ്മിലനുകൂലതയായിടുമ്പോ-
ളുണ്ടായിടുന്നൊരു വിശിഷ്ടതയാണു ശക്തി

ആ ശക്തിതന്നെ വഴിപോലെ ഭരിച്ചു നിത്യം
കാക്കുന്നു സൽസുഖദമായുലകത്തിലെല്ലാം. 15

രണ്ടു ദ്രവ്യങ്ങൾ കൂടിച്ചേർന്നാൽ അതിന്റെ ചേർച്ച് ക്രമം അനുസരിച്ചു മൂന്നാമതൊരു ശക്തി ഉത്ഭവിക്കുന്നു.

ആകയാൽ ഗൃഹനിർമ്മിതികൾക്കുവേണ്ട അസംസ്കൃതദ്രവ്യങ്ങൾ ഓരോന്നും കണക്കുപ്രകാരം കൂട്ടിച്ചേർത്തു ഗൃഹനിർമ്മിതികൾ ചെയ്യുന്നതു് സുഖജീവിതത്തിനു നന്നായിരിക്കും; ദീർഘജീവിതമെന്നുള്ളതിൽ സംശയിപ്പാനില്ല.

ലോഹങ്ങൾ,കല്ലു,മരമെന്നിവകൊണ്ടു ദേവ–
ബിംബങ്ങൾ തീർത്തതിനു നിശ്ചിതശക്തിനല്കും
മാതാപിതാക്കളെവെടിഞ്ഞുഭ്രമിച്ചുകർമ്മ-
മന്യാദൃശത്തിനിടയാക്കുകയല്ലയോഗ്യം. 16

സ്വർണ്ണം, വെള്ളി, ഓട്, പിത്തള, ചെമ്പ്, മരം, കല്ല് ഇവയിൽ ഓരോന്നുകൊണ്ടോ, പഞ്ചലോഹങ്ങൾ കൊണ്ടോ ശാസ്ത്രീയമായി ദേവവിഗ്രഹവും ദേവാലയനിർമ്മിതിയും ചെയ്തു്, പ്രതിഷ്ഠാനന്തരം ത്രികാലനമസ്കാരം ചെയ്യുകയും ആരാധിക്കുകയും ചെയ്താൽ ഭക്തന്മാർക്കു് അഭീഷ്ടഫലത്തെ പ്രദാനം ചെയ്യുകയും ചെയ്യുന്നു. "മാതാശില്പി പിതാശാസ്ത്രം" എന്നുള്ള ഉപനിഷദ്വാക്യത്താലും യുക്തിയുക്തം ആരാഞ്ഞാലും ആ ദേവവിഗ്രഹത്തിന്റെ മാതാക്കൾ ശില്പിവര്യന്മാരും പിതാക്കൾ ശാസ്ത്രവും ആകുന്നു. പ്രസ്തുത ഉപനിഷദ്വാക്യത്തെ വിസ്മരിച്ചു ചില സ്വാർത്ഥബുദ്ധികൾ ശില്പിവര്യന്മാർക്കും ശാസ്ത്രത്തിനും വിലയും നിലയുമില്ലാതെ കല്പിക്കുകയും പ്രതിഷ്ഠാനന്തരമുള്ള കർമ്മികൾക്കു സ്ഥാനമാനങ്ങൾ കൊടുക്കാതെയും ചെയ്യുന്നതും യുക്തിക്കും അനുഭവത്തിനും യോജിക്കുന്ന

തല്ലെന്നു് അറിയാവുന്ന ഒരു പരമാത്ഥമാണു്. ഈ അജ്ഞാനമയമായ ക്രരിരുട്ടിനെ മറവുന്നതിനു തക്കവിധം പ്രബോധചന്ദ്രിക ഉദയംചെയ്യേണ്ടുംഎന്നുശാസ്ത്രഗ്രന്ഥങ്ങൾ പ്രവചിക്കുന്നു. അതിലേയ്ക്കു് ഇന്നത്തെ പരിഷ്ക്രതലോകവും അനുക്രലിക്കാതെ ഇരിക്കുന്നതല്ല.

ഹേമങ്ങളഗ്നിയൊടുചേൎന്നതിശുദ്ധമാകും
ന്യായേനശിഷ്ടരിതിൽ വന്നതിദോഷഭാഗം
ശുദ്ധീകരിച്ചു ജനതയ്ക്കൊരുഹാരമാക്കാൻ
വിദ്വൽപദാംബുജമിതാപ്രണമിച്ചിടുന്നേൻ. 17

മാററിടിഞ്ഞതായ സ്വൎണ്ണം അഗ്നിയിൽവച്ചു സ്ഫുടംചെയ്തു തങ്കമാക്കിആഭരണങ്ങൾപണിചെയ്തുപയോഗിക്കുന്നതുപോലെ ശിഷ്ടർ കുററങ്ങൾ തിരുത്തി ഈ പുസ്തകം പ്രചരിപ്പിക്കുന്നതിനും ഉണ്ടായിട്ടുള്ള അല്പജ്ഞനായ എനിക്കു വേണ്ട അനുഗ്രഹം നൾകുന്നതിനും വിദ്വജ്ജനങ്ങളുടെ പാദാരവിന്ദങ്ങൾ നമസ്കരിച്ചുകൊള്ളുന്നു.

ഈ ഗ്രന്ഥം ശില്പശാസ്ത്രസാരജിജ്ഞാസുകൾക്കു് ഉതകത്തക്കവിധം വിശ്വകമ്മപ്രകാശിക മുതലായഗ്രന്ഥങ്ങളിൽനിന്നു് അവശ്യവിജ്ഞേയങ്ങളായ മൂലശ്ലോകതത്വം നിക്ഷേപിച്ചു ഭാഷയായിഎഴുതിയിട്ടുള്ളതാണു്. മൂലതത്വം അല്പംപോലും ഭേദഗതി ചെയ്യാതെ രചിച്ചിട്ടുള്ളതാണെന്നു് മനസ്സിലാക്കാവുന്നതാണു്.

## മാനനിർണ്ണയം

ജാലാന്തരഗതേ ഭാനൌ
യത്സൂക്ഷ്മം ദൃശ്യതേ രജഃ
തസ്യ ത്രിംശത്തമോഭാഗഃ
പരമാണുരിതിസ്മൃതഃ 1

പരമാണുക്രമാൽ വൃദ്ധ്യാ-
മാനാംഗുലമിതി സ്മൃതഃ
പരമാണുരിതിപ്രോക്തോ
യോഗിനാം ദൃഷ്ടിഗോചരഃ 2

"നമാനേനവിനായുക്തിഃ ദ്രവ്യണാം ജായതെകച്ചചിത്"

എന്നു കാണുന്നതിനാലും യുക്തിയുക്തം ചിന്തിച്ചാലും രണ്ടു ദ്രവ്യങ്ങളുടെ സമുചിതമായ സംയോഗത്തിൽനിന്നു മൂന്നാമതൊന്ന് ഉൽപ്പാദിക്കുന്നു. മൂന്നാമതുൽപ്പാദിക്കുന്നതു പ്രസ്തുത ദ്രവ്യങ്ങളുടെ സംയോഗക്രമം അനുസരിച്ചിരിക്കും. വിഭിന്നമായ കണക്കിൽസംയോഗമെങ്കിൽ അനൎത്ഥരൂപമായും ശാസ്ത്രോക്തരീതിയിൽ സംയോഗമെങ്കിൽ ഐശ്വൎയ്യരൂപമായും ഉൽപ്പാദിക്കും. അളവ്, തൂക്കം, ജീവിതം, ആഹാരം, ജപം, തപം, സ്നാനം എന്നിവ കണക്കുപ്രകാരമായാൽ പ്രത്യേകശക്തി ലഭ്യമാകുമെന്നുള്ളതു് അവിതൎക്കികമാണ് ലോകജീവിതം കണക്കിൽത്തന്നെ നിലനില്ക്കുന്നു.

ചെറിയ ഓലക്കണ്ണുകളിൽക്കൂടി അകത്തേയ്ക്കു സൂൎയ്യരശ്മിയിൽ ഭ്രമണം ചെയ്യുന്ന പൊടിയിൽ മുപ്പതിൽ ഒരു ഭാഗമാണ് പരമാണു. ആ പരമാണു ക്രമേണ വൎദ്ധിച്ചു യവമായും അംഗുലമായും വിതസ്തിയായും കോലായും ദണ്ഡായും തീരുന്നു. പരമാണു സൂക്ഷ്മദൃക്കുകൾക്കല്ലാതെ കാണുവാൻ കഴിയുന്നതല്ല.

പരമാണുഭിരഷ്ടാഭിസ്ത്രസരേണുരിതി സ്മൃതഃ
ത്രസരേണുശ്ച രോമാഗ്രം ലിക്ഷായൂകായവാതഥം 3
അംഗുലന്തു ഭവേന്മാത്രം വിതസ്തി ദ്വാദശാംഗുലം
തദ്വയം ഹസ്തഉദ്ദിഷ്ടഃ രുചകിഷ്കുരിതിസ്മൃതഃ 4

| | | | |
|---|---|---|---|
| 8 | പരമാണു കൂടിയതു് | | ത്രസരേണു |
| 64 | ,, | ,, | രോമാഗ്രം |
| 512 | ,, | ,, | ലിക്ഷ |
| 4096 | ,, | ,, | യൂകം |
| 32768 | ,, | ,, | യവം |
| യവം 8 | | ,, | അംഗുലം |
| അംഗുലം 12 | | ,, | വിതസ്തി |
| വിതസ്തി 2 | | ,, | കോലു്(കിഷ്കു) |

## വികല്പപക്ഷം.

ശിംബിസ്ഥാഷ്ടതിലൈര്യവോദരമിതിപ്രാഹുസ്തദഷ്ടോന്മിതം
മാത്രാഖ്യാംഗുലമംഗുലൈരിനമിതൈഃ പ്രോക്താവിത-
[സ്തിസ്തഥാ
തദ്വന്ദ്വം കരികിഷ്കുരത്നിഭുജദോർമ്മുഷ്ട്യാദിസംജ്ഞം-
[തത
സ്ത്വേകൈകാംഗുലവൃദ്ധിതോംഗുലവിശേഷാദപ്യ-
[തോഭിദ്യതേ 5

സ്വയമേവ കാകളുടെ ഉള്ളിൽ അടങ്ങിയിരിക്കുന്നതു് എട്ടെള്ളിടപ്രമാണം യവോദരമാകുന്നു. യവമെന്നും ഉദരമെന്നും ഉള്ള ചിലരുടെ വ്യാഖ്യാനം ഭാസ്കരീയവചനത്തിനും മററും അസാംഗത്യം വരുത്തുന്നതുകൊണ്ടു് ആ അഭിപ്രായം സ്വീകാര്യമല്ല. എള്ളിൻെറ എണ്ണം അവയുടെ ഉല്പത്തിഭൂമിയുടെ സ്ഥിതിഗതികളെ ആശ്രയിച്ചു വലിപ്പച്ചെറുപ്പമാവാം. അതുകൊണ്ടു് എള്ളിടയനുസരിച്ചുള്ള കോൽയഥാർത്ഥമായിരിക്കയില്ല. അപ്പോൾ ആചാര്യ വചനം അസാധുവാകുന്നതാണു്.

32768 പരമാണുകൊണ്ടുണ്ടാകുന്നകോലുതന്നെ എവിടെയും സ്വീകാര്യമാകുന്നു. 24 അംഗുലംകൊണ്ടുള്ള കോലിനു കരം, കിഷ്ക്കു, അരത്നിഭുജം, ദോസ്സ്, മുഷ്ടിഎ

ന്നുള്ള കരവിശേഷപര്യായങ്ങൾകൂടി ഗ്രാഹ്യങ്ങളാകുന്നു എന്നു സൂചിപ്പിച്ചിരിക്കുന്നു.

എള്ളിടപ്രമാണംകൊണ്ടുള്ള കോലിന് അസാംഗത്യം വരുമെങ്കിലും അതു് 7 വിധമുള്ള കോലുകളിൽ ഒന്നായിരിക്കുമെന്നു സമാധാനപ്പെടാം.

## ശബ്ദാർണ്ണവസിദ്ധാന്തം.

ജാലാന്തരഗതേഭാനൌ യൽ സൂക്ഷ്മം ദൃശ്യതേ രജഃ
തൈശ്ചതുർഭിർഭവേൽലിഖ്യാലിഖ്യാഷഡ്ഭിശ്ചസർഷപഃ 6

ഷൾസർഷ്പൈര്യവഃ പ്രോക്തഃ എന്നുള്ള സിദ്ധാന്തമനുസരിച്ചു് ചെറിയ ഓലക്കണ്ണുകളിൽകൂടി സൂര്യരശ്മിയിൽ ഭ്രമണംചെയ്യുന്ന അണുക്കൾ നാലുകൂടിയതു് ലിഖ്യയും, ലിഖ്യ ആറുകൂടിയതു് സർഷപവും സർഷപം ആറുകൂടിയതു് യവവും ആകുന്നു. ഈ സിദ്ധാന്തമനുസരിച്ചു 4320 പരമാണുക്കൾകൊണ്ടു് ഒരു യവപ്രമാണമുണ്ടാകുന്നു.

വാസ്തുവിദ്യ, സാരാവലി മുതലായ ഗ്രന്ഥസിദ്ധാന്തമനുസരിച്ചു ഗണ്യമായ ശങ്കയ്ക്കു് അവകാശമുണ്ടെങ്കിലും ശബ്ദാർണ്ണവസിദ്ധാന്തം ചരകാചാര്യർ ഔഷധപരിമാണത്തിനു വിധിച്ചിട്ടുള്ളതായേക്കാം. ശബ്ദാർണ്ണവമതം മാനനിർണ്ണയത്തിനു് ഉതകുന്നതല്ല എന്നു സിദ്ധമാകുന്നു.

യവോദരൈരഷ്ടഭിരുന്മിതം യ-
ന്മാത്രാംഗുലം തൽകഥിതം വരിഷ്ടം
ക്രമേണ സപ്താംഗയവോദരൈര്യ-
ത്തന്മദ്ധ്യമം ചാധമസംജ്ഞിതം ച 7

എട്ടുയവപ്രമാണംകൊണ്ടു സിദ്ധിക്കുന്ന അംഗുലം ഉത്തമവും ഏഴുയവപ്രമാണംകൊണ്ടുണ്ടാകുന്ന അംഗുലം മദ്ധ്യമവും ആറുയവപ്രമാണംകൊണ്ടുണ്ടാകുന്ന അംഗുലം അധമവും ആകുന്നു.

പഞ്ചവിംശതിമാത്രന്തു പ്രാജാപത്യമിതിസ്മൃതഃ
ഷഡ്വിംശതി ധനുർമുഷ്ടി സപ്തവിംശധനുർഗ്രഹഃ 8
അഷ്ടവിംശാംഗുലഃപ്രാച്യോവൈദേഹോനവവിംശതിഃ
വൈപുല്യം ത്രിംശദാംഗുല്യാ സ്ത്വേകത്രിംശപ്രകീർണ്ണകഃ 9

അഷ്ടാവിംശതിസമ്മിതാംഗുലമിതം
പ്രാച്യാഖ്യമാനംഭവേൽ
വൈദേഹം നവവിംശതിപ്രതിമിതൈർ-
മാത്രാംഗുലൈസ്സമ്മിതം
സ്യാൽ ത്രിംശൽപ്രവരാംഗുലീപരിമിതം
വൈപുല്യമേകാംഗുലീ
യുക്തംതത്തുഭവേത് പ്രകീർണ്ണമിതിദോർ-
മാനപ്രഭേദോഷ്ടധാ. 10

25അംഗുലംകൊണ്ടുള്ള കോൽ പ്രാജാപത്യവും 26 അംഗുലംകൊണ്ടുള്ള കോൽ ധനുർമുഷ്ടിയും 27 അംഗുലം കൊണ്ടുള്ള കോൽ ധനുർഗ്രഹവും 28 അംഗുലംകൊണ്ടുള്ള കോൽപ്രാച്യവും 29-അംഗുലംകൊണ്ടുള്ള കോൽ വൈദേഹവും 30-അംഗുലംകൊണ്ടുള്ള കോൽ വൈപുല്യവും 31-അംഗുലംകൊണ്ടുള്ള കോൽ പ്രകീർണ്ണവും ഇങ്ങനെ എട്ടുവിധം കോലുകൾ നിർണ്ണയിക്കപ്പെട്ടിരിക്കുന്നു, എങ്കിലും 24-അംഗുലം കൊണ്ടുള്ള കോൽതന്നെ സർവ്വപ്രധാനമാകുന്നു.

അത്രാദൌ സമ്പ്രവക്ഷ്യാമി
സർവ്വേഷാം മാനസാധനം
മാനേനൈവാഖില്ലം ലോകേ
വാസ്തുസംസാദ്ധ്യതേ യതഃ 11

ലോകത്തിൽ പദാർത്ഥങ്ങൾ തമ്മിൽയോജിപ്പിക്കുന്നതിനു ഏതെങ്കിലും ഒരളവുകോൽ അത്യന്താപേക്ഷിതമാകുന്നു. ആകയാൽകിഷ്കു തുടങ്ങി പ്രകീർണ്ണംവരെയുള്ള

കോലുകൾ ഏതെങ്കിലും കാലോചിതം ഉപയോഗിക്കേണ്ടതാണ്.

മാത്രഖ്യാംഗുലിപഞ്ചിവിംശതിമിതം
മാനം വിമാനേസ്മൃതം
പ്രാജാപത്യകസംജ്ഞിതം സുരഗൃഹേ
തേനാപി മേയം ക്വചിൽ
ഏതൈരേവ വരാംഗുലൈഃപ്രതിമിതം
ഷഡ്വിംശതിപ്രോന്മിതൈർ-
മാനം ക്വാപിസമസ്തധാമ്നിവിഹിതം
നാമ്നാധനുർമുഷ്ടികം. 12

25-അംഗുലം കൊണ്ടുള്ള കോലിന് പ്രാജാപത്യമെന്നപേരും അത് വിമാനങ്ങളുടെ അളവിനും "പ്രാജാപത്യം വിമാനകേ" എന്നും കാണുന്നു. 26-അംഗുലംകൊണ്ടുള്ള കോലിന് ധനുർമുഷ്ടിയെന്നു പേരും ചിലേടത്ത് എല്ലാഗൃഹങ്ങൾക്കും ജാത്യാദിഭേദം കൂടാതെസ്വീകരിക്കാവുന്നതുംപ്രാജാപത്യമെന്നകോൽആവശ്യമനുസരിച്ചുദേവാലയങ്ങൾക്കും ഉപയോഗിക്കാവുന്നതാണ്. "വൈപുല്യധനുർമുഷ്ടീ ഭൂപാനം മാനസാധനേ യോജ്യ" എന്നും കാണുന്നുണ്ട്.

ഭൂസുരകാര്യേ നിലയേ ധനുർഗ്രഹഞ്ച പ്രകീർണ്ണഞ്ച
വൈപുല്യധനുർമുഷ്ടീഭൂപാനംമാനസാധനേയോജ്യ
സമ്പ്രോക്താംഗുലിസപ്തവിംശതിമിതംമാനംയദുക്തം-
(ബുധൈർ-
നാമ്നാതത്തുധനുർഗ്രഹംയദമുനാഗ്രാമാധികം മീയതേ
രഥ്യദ്യോപവനാദിസമ്മിതിവിധൌവാപീതടാകാദി-
കേ ചേഷ്ടംതത്രധനുർഗ്രഹഞ്ചഥ ധനുർമുഷ്ടിഞ്ചത-
(ത്രേഷ്യതേ. 14

ബുധന്മാരാൽ 27 അംഗുലംകൊണ്ടുള്ള കോലിനു് ധനുർഗ്രഹമെന്നു നാമകരണംചെയ്യപ്പെട്ടിരിക്കുന്നു. ധനുർഗ്രഹമെന്ന കോലു് ഗ്രാമം, നഗരം, മുതലായ രാജകീയ ജനവാസസ്ഥാനങ്ങളുടെ അളവിനും അങ്ങാടി, പുഷ്പവനം മുതലായവയുടെ അളവിനു് ധനുർമുഷ്ടിയും ഉപയോഗിക്കാവുന്നതാണു്. 'കിഷ്കുഃ പ്രാചൃഞ്ച ശൂദ്രാണാം' എന്നു കാണുന്നതിനാൽ 28 അംഗുലമുള്ള പ്രാചൃമെന്നു പേരായ കോലു് ശൂദ്രോപയോഗയോഗ്യമായ സാധനങ്ങളുടെ അളവിനും, "പ്രാജാപതൃഞ്ച വൈദേഹം വൈശ്യാനാം സമ്മതംഭവേൽ" എന്നു കാണുന്നതുകൊണ്ടു 29 അംഗുലംകൊണ്ടുള്ള വൈദേഹമെന്ന കോലു് വൈശ്യോപയോഗയോഗ്യമായ സാധനങ്ങളുടെ അളവിനും ഉപയോഗിക്കാവുന്നതാണു്.

ഭൂസുരകാര്യേ നിലയേ ധനുർഗ്രഹഞ്ച പ്രകീർണ്ണഞ്ച
വൈപുല്യധനുർമ്മുഷ്ടീഭൂപാനാംമാനസാധനേയോജ്യേ 15

ധനുർഗ്രഹവും പ്രകീർണ്ണവും ബ്രാഹ്മണാലയങ്ങൾക്കും വൈപുല്യവും ധനുർമ്മുഷ്ടിയും രാജാക്കന്മാരുടെ ആലയാദികളുടെ അളവിനും ഉപയോഗിക്കാവുന്നതാണു്.

ഷഷ്ടികുശാലൃദരൈരപൃഷ്ഠാദ്യൈർവരാംഗുലാദൃാവാ
തച്ചാല്ല്യായതജലനിധിസാദ്ധത്രിതയത്രിസമ്മിതൈ—
(വ്യാപി 16

8-7-6 ചെന്നെല്ലിൻ അളവുകൾകൊണ്ടു ക്രമേണ ഉത്തമം, മദ്ധ്യമം, അധമം എന്നിങ്ങനെ മൂന്നുവിധവും ആ ചെന്നെല്ലിന്റെ നീളം 4-3½-3 കൂടിയതു് ഉത്തമം, മദ്ധ്യമം, അധമം എന്നിങ്ങനെ മൂന്നുവിധവും അംഗുലങ്ങളായിത്തീരും. തദ്വാരാ പ്രസ്തുത യവപ്രമാണംകൊണ്ടും നവരനെല്ലിട പ്രമാണംകൊണ്ടും ഉത്തമാംഗുലം മൂന്നുവിധവും മദ്ധ്യമാംഗുലം മൂന്നുവിധവും അധമാംഗുലം മൂന്നുവിധവും

ഇങ്ങനെ ഒൻപതുവിധം ഉള്ളതും അംഗുലഭേദത്താൽ ഇതു് 24- അംഗുലം മുതൽ വദ്ധിച്ച 8-വിധവും ആകു മ്പോൾ കോലുകൾ 72 വിധമായി തീരുന്നതാണു്.

ആദൌ ചതുർവ്വിംശതിസമ്മിതൈർയ്യോ-
മാത്രാംഗുലൈരേ വകരഃ പ്രതിഷ്ഠഃ
സർവ്വത്രപൂജ്യോ മതഭേദതോന്യേ
സർവ്വേപിചകാപി യഥാർഹമിഷ്ടാഃ 17

"കിഷ്ക്കു സർവ്വത്ര സമ്മതംഃ" എന്നും കാണുന്നതിനാൽ 24 അംഗുലംകൊണ്ടുള്ള കോൽ എല്ലായിടത്തും പൂജ്യമാകുന്നു. മററുള്ള കോലുകൾ യോഗ്യതയ്ക്കു തക്ക വണ്ണം ചിലെടത്തു ഉപയോഗിക്കാവുന്നതാകുന്നു.

കോലുകളുടെ ഭേദങ്ങൾ 72 വിധംവിധിച്ചു. എങ്കിലുംപരമാണുപ്രമാണത്തിൽനിന്നു സിദ്ധമായ കോലുകൾ 24 അംഗുലംമുതൽ വദ്ധിച്ചു് 8 വിധവും 7 യവപ്രമാണംകൊണ്ടും 6 യവപ്രമാണംകൊണ്ടും 24 അംഗുലമായി അതു് എട്ടെട്ടുവിധമായും വരുമ്പോൾ ഉത്തമ, മദ്ധ്യമ, അധമങ്ങളായി 24 വിധം പരമാണുവിങ്കൽനിന്നു് കോലുകൾ ഉല്പാദിക്കുന്നതാണു്.

നെല്ലിടപ്രമാണംകൊണ്ടുള്ള കോലുകൾക്കു് വിളവു ഭൂമികളുടെഉല്പത്തിയെയാശ്രിച്ചു വലിപ്പച്ചെറുപ്പംവരുന്നതിനാൽ പരമാണുവിങ്കൽനിന്നന്യമായ 48-വിധമുള്ള മാനനിർണ്ണയംസ്വീകാർയ്യമല്ലെന്നു ചിന്തിക്കാവുന്നതാണു്.

പരമാണുവിങ്കൽനിന്നുക്രമേണവദ്ധിപ്പിച്ചു 24-വിധമുള്ളകോലുകളാലോയവപരിമാണമനുസരിച്ചു 48-വിധമുള്ളകോലുകളാലോഏതിലെങ്കിലുംഒന്നുകൊണ്ടുഓരോ ദേശങ്ങളിൽ ശില്പശ്രേഷ്ഠന്മാർ കാലദേശാവസ്ഥകൾ അനുസരിച്ചു് ക്ഷേത്രനിർമ്മിതികൾചെയ്തിട്ടുണ്ടു്. വൈദീക കാലാനന്തരമുള്ളക്ഷേത്രനിർമ്മിതികളിൽനിന്നു് തദ്ദേശവാ

സികൾക്ക് യഥാർത്ഥമാനം സിദ്ധിക്കുന്നതും അതു് അവിടെയുള്ള ഗൃഹനിർമ്മിതികൾക്ക് സ്വീകരിച്ചുവരുന്നതും ആണ്. അതു് പ്രസ്തുത 72 വിധമുള്ള കോലുകളിൽ ഒന്നായിരിക്കുന്നതും ആണ്. ഓരോ ദേശങ്ങളിൽ കാണുന്ന ക്ഷേത്രനിർമ്മിതികളുടെ കോൽ അനുസരിച്ചു് ആ ദേശത്തുള്ള ഗൃഹനിർമ്മിതിയും ചെയ്യേണ്ടതാകുന്നു. ദേവശക്തിക്ക് അനുസരണമായി മനുഷ്യശക്തിയും, അനുസരണമായി ദേവശക്തിയും സ്ഥിതിചെയ്യുകയുള്ളു. 72 വിധമുള്ള കോലുകളിൽ ഓരോ ദേശത്തുള്ള വിഗ്രഹനിർമ്മാണത്തിനു് "സ്ഥപതിയാചരിക്കു" അന്നു് ഈശ്വരാത്മകമായി തോന്നിയ ഏതൊരു കോലോ അതു് ആ ദേശത്തുള്ള കോലാകുന്നു. തദ്വാരാ ഇന്നും ദേവാലയങ്ങളിൽ നിന്നു കോലിൻെറ നീളം കൃത്യപ്പെടുന്നു.

ഇതി വാസ്തുകൗമുദിഭാഷാവ്യാഖ്യാനം
പ്രഥമോദ്ധ്യായഃ സമാപ്തഃ

# ദ്വിതീയോദ്ധ്യായഃ പ്രാരംഭഃ

## ഗൃഹാദികളുടെ പ്രയോജനവും സമയനിർണ്ണയവും.

ഗൃഹസ്ഥസ്യ ക്രിയാ സർവ്വാഃ
ന സിദ്ധ്യന്തി ഗൃഹം വിനാ
യതസ്തസ്മാൽ ഗൃഹാരംഭ-
സമയഃ പ്രോച്യതേ ബുധൈഃ 1

"സ്ത്രീപുത്രാദികഭോഗസൗഖ്യജനകം ധർമ്മാർത്ഥ കാമ പ്രദം ജന്തൂനാം ലയനം സുഖാസ്പദമിദം ശീതാംബു ഘർമ്മാപഹം വാപീദേവഗൃഹാദിപുണ്യമഖിലം ഗേഹാൽ സമുത്പദ്യതേ" എന്നുള്ള രാജവല്ലഭവചനത്തേയും പ്രസ്തുത വിധിയേയും അനുസരിച്ചു പുത്രമിത്രകളത്രാദി സൗഖ്യവും ധർമ്മാർത്ഥകാമങ്ങളും ജന്തുക്കളുടെ ലയവും സുഖവും ശീതാദികളിൽനിന്നുള്ള നിവാരണവും ഗൃഹോല്പാദനാനന്തരം ഉണ്ടാകുന്നു. തദ്വാരാ മോക്ഷസിദ്ധിക്കു ദേവാലയങ്ങളും, സ്നാനപാനാദികൾക്കു കൂപതടാകങ്ങളും അത്യന്താപേക്ഷിതമാകുന്നു. പിപീലികയാദിയായി മനുഷ്യപര്യന്തമുള്ള ജീവജാലങ്ങൾക്കു അതാതിന്റെ സൗകര്യങ്ങൾ ആശ്രയിച്ചു ഗൃഹാദികൾ ആവശ്യമാകുന്നു.

ഭൂതഭവിഷ്യദ്വർത്തമാനഫലങ്ങൾ അറിയുന്നതിനു വിദഗ്ദ്ധന്മാരായ മുനിപ്രവരന്മാരാൽ ഗൃഹാരംഭംമുതൽ ഓരോരോ അവയവസൃഷ്ടിക്കും തദനന്തരം ഗൃഹപ്രവേശനത്തിനും ഉള്ള സമയങ്ങൾ പറയപ്പെട്ടതിനെ ഈ അദ്ധ്യായത്തിൽ വിവരിക്കുന്നു.

ഭൗമാക്കരികൃതമാദ്യനേ
ചരോനംഗേ വിപഞ്ചകേ
വൃഷ്ടാന്തസ്ഥൈഃ ശുഭൈർഗ്ഗേഹാ-
രംഭഃ ത്രീയാരിഗൈഃ ഖലൈഃ 2

സൂര്യവാരം, ഭൗമവാരം, കറുത്തവാവ്; പ്രഥമ, ചതുർത്ഥി, നവമി, ചതുർദ്ദശി, അഷ്ടമി, ദശമി ഈ ആഴ്ചകളും പക്കങ്ങളും, മേടം, കർക്കടകം, തുലാം, മകരം ഈ രാശികളും എട്ടുപന്ത്രണ്ടിൽ ശുഭന്മാരും ഒന്ന് (ലഗ്നം,) രണ്ടു്, നാലു്, അഞ്ചു്, ഏഴ്, എട്ടു്, ഒൻപതു്, പത്തു്, പന്ത്രണ്ടു് ഈ രാശികളിൽ പാപന്മാരും പഞ്ചകദോഷവും ഗൃഹനിർമ്മിതികൾക്കു നിന്ദ്യങ്ങളാകുന്നു. മൂന്ന് ആറു് പതിനൊന്നിൽ പാപന്മാർ വരുന്നതു് അതിശ്രേഷ്ഠമാകുന്നു. ശുഭയോഗങ്ങൾ ഉണ്ടായിരുന്നാൽ അന്യഗ്രഹങ്ങൾ അസ്ഥാനത്തിലായിരുന്നാലും ദോഷദൂഷ്യമാകുന്നതല്ല. ഗ്രഹസ്ഥിതികൾ ഇഷ്ടസ്ഥാനത്തായിരുന്നാലും അശുഭയോഗങ്ങൾ ഉണ്ടെങ്കിൽ അതു സ്വീകാര്യമല്ല.

**പഞ്ചകം**

താര വാര തിഥി ലഗ്നസംയുതം
ധേനുഭക്തമഥ പുത്രവൃത്തജേ
മൃത്യു വഹ്നി നൃപ തസ്കരാമയൈ
ഷ്പീഡിതോത്രഗമനം ഗൃഹാദികൃൽ. 3

ഗൃഹാരംഭദിവസനക്ഷത്രം, പക്കം, ആഴ്ച, രാശി,(സൂര്യവാരാദി, പ്രതിപദാദി, രവിവാരാദി, മേഷാദി) ഓരോന്നും പ്രത്യേകം പ്രത്യേകം എണ്ണി യോജിപ്പിച്ചു്, ഒൻപതിൽ ഹരിച്ചു ശേഷിക്കുന്നതു് ഒന്നായാൽ മൃത്യുവും രണ്ടായാൽ അഗ്നിബാധയും അല്ലെങ്കിൽ ദാരിദ്ര്യവും, നാലായാൽ രാജഭീതിയും, ആറായാൽ ചോരഭീതിയും, എട്ടായാൽ രോഗവും ഫലമാകുന്നു. 3, 5, 7, 9 ഈ സംഖ്യ

കഠം നിഷ്പഞ്ചകമാകുന്നു. 1, 2, 4, 6, 8 ഈ അഷ്ടപഞ്ചകങ്ങളെ വിഗണിച്ചും, ചരരാശികളെ ഉപേക്ഷിച്ചും ഗൃഹാരംഭസമയം സ്വീകരിക്കേണ്ടതാണ്. രോഗപഞ്ചകത്തിൽ ശിലാസ്ഥാപനംചെയ്തു പൂർത്തീകരിച്ചു താമസിച്ചാൽ എന്നും രോഗങ്ങഠം ഉണ്ടാകുന്നതും, മൃത്യുപഞ്ചകത്തിലായാൽ ദുർമ്മരണങ്ങഠം ഉണ്ടാകുന്നതും, രാജപഞ്ചകത്തിൽ ആയാൽ അന്യൻ രാഷ്ട്രീയവശമായി ലേലത്തിൽ വില്പിക്കുന്നതും, അഗ്നിപഞ്ചകത്തിൽ ആയാൽ അഗ്നിബാധയോ ദാരിദ്ര്യമോ, ചോരപഞ്ചകത്തിലായാൽ കള്ളന്മാരിൽനിന്നു് ഉപദ്രവവും ഉണ്ടാകുന്നതാണ്.

## സിംഹാദി മാസഫലം

ആദിത്യേ ഹരികർക്കനക്രഘടകേ പൂർവ്വാപരാസ്യം ഗൃഹം
കർത്തവ്യംതുലമേഷവൃശ്ചികവൃഷേയാമ്യോത്തരാസ്യംതഥാ
ദാരംഭിന്നതയാകരോതികുമതീ രോഗോത്ഥനാശംസദാ
കന്യാമീനധനുർഗ്ഗതേ മിഥുനഗേ ചാസ്മിന്നകാര്യം ഗൃഹം.
(വാസ്തുരാജവല്ലഭം) 4

കർക്ക നക്ര ഹരികുംഭഗതേർക്കേ
പൂർവ്വപശ്ചിമമുഖാനി ഗൃഹാണി
തൗലി മേഷ വൃഷ വൃശ്ചികയാതേ
ദക്ഷിണോത്തരമുഖാനിച കുര്യാൽ 5
അന്യഥായദി കരോതി ദുർമ്മതിർ-
വ്യാധി ശോക ധനധാന്യമാപ്നുയാൽ
മീന ചാപ മിഥുനാംഗനാ ഗതേ
കാരയേന്ന ഗൃഹമേവ ഭാസ്കരേ. 6
(വാസ്തുപ്രദീപം)

ഗൃഹസംസ്ഥാപനം സൂര്യേ മേഷഗേ ശുഭദം ഭവേൽ
വൃഷസ്ഥേ ധനവൃദ്ധിസ്യാന്മിഥുനേ മരണം ധ്രുവം. 7
കർക്കടേ ശുഭദം പ്രോക്തം സിംഹേ ഭൃത്യവിവർദ്ധനം
കന്യാ രോഗം തുലാ സൗഖ്യം വൃശ്ചികേ ധനവർദ്ധനം 8

കാമ്മുകേ ച മഹാഹാനിർമ്മകരേസ്യംദ്ധനാഗമം
കംഭേതു രത്നലാഭം സ്യാൽ മീനേ സത്മഭയാവഹം. 9
(വാസ്തുരത്നാവലി)

"ഉരപ്പുരയ്ക്കും കുളവും തൊഴുത്തും വെയ്പ്പാനമാം കോണിൽ വരുന്നമാസം" എന്ന വാക്യശേഷത്തിൽ വരരുചി പറഞ്ഞതിൻെറ കാരണം ആരാഞ്ഞാൽ കോൺ മാസമാകുന്ന മീനം, മിഥുനം, കന്നി, ധനു ഈ നാലു മാസങ്ങളിൽ വാസ്തുപുരുഷൻ നിദ്രാവസ്ഥയെത്തന്നെ പ്രാപിച്ചിരിക്കുന്നതിനാലാണു് ഉരപ്പുര, കുളം, തൊഴുത്തു് എന്നിവയുടെ സ്ഥാപനയ്ക്കുമാത്രം കൊള്ളാമെന്നു വിധിച്ചതു്. കോൺമാസങ്ങളിൽ ഗൃഹസ്ഥാപന മീനത്തിലായാൽ ഗൃഹനാശവും, മിഥുനത്തിലായാൽ ദുർമ്മരണവും, കന്നിയിലായാൽ രോഗവും, ധനുസ്സിലായാൽ ഹാനിയും ഫലങ്ങളാകുന്നു.

കക്കടകം, മകരം, ചിങ്ങം, കുംഭം ഈ മാസങ്ങളിൽ കിഴക്കിനിയും, തുലാം, മേടം, ഇടവം, വൃശ്ചികം ഈ മാസങ്ങളിൽ തെക്കിനിയും, ചിങ്ങം, കുംഭം, കക്കടകം, മകരം ഈ മാസങ്ങളിൽപടിഞ്ഞാററിനിയും, ഇടവം, വൃശ്ചികം, തുലാം, മേടം ഈ മാസങ്ങളിൽ വടക്കിനിയും വയ്ക്കുന്നതിനു് അത്യുത്തമവും, തെക്കിനി വടക്കിനി എന്നിവയ്ക്കു പറഞ്ഞ മാസങ്ങളിൽ പടിഞ്ഞാററിനി കിഴക്കിനിയും, കിഴക്കിനി പടിഞ്ഞാററിനിക്കു പറഞ്ഞ മാസങ്ങളിൽ തെക്കിനി വടക്കിനിയും വച്ചാൽ രോഗം ധനനാശം ദുർമ്മൃതി എന്നീ അനുഭവങ്ങളാണു് ഫലം.

കോൺമാസങ്ങളിൽ കിഴക്കിനി മുതൽ ഉള്ള മററു ദിക്ഗൃഹങ്ങൾ ഒരിക്കലും വച്ചുകൂടാ. മററുപ്രകാരേണ ഉൽകൃഷ്ടതയുണ്ടെങ്കിൽ അധമമായ കോൺമാസം സ്വീകരിക്കാവുന്നതാണെന്നു ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ടു്.

ചൈത്രാദിമാസം.

ചൈത്രേ ശോകകരം ഗൃഹാദി രചിതം
സ്യാന്മാധവോത്ഥപ്രദം
ജ്യേഷ്ഠേ മൃത്യുകരം ശുചൌ പശുഹരം
തൽ വൃദ്ധിദം ശ്രാവണേ
ശൂന്യം ഭാദ്രപദേ ത്വിഷേ കലികരം
ഭൃത്യക്ഷയം കാർത്തികേ
ധാന്യം മാർഗ്ഗഹസ്യയോർദഹനഭീർ-
മാഘേ ശ്രിയഃ ഫാൽഗ്ഗുനേ. 10

(വാസ്തുരാജവല്ലഭം)

ശോകോ ധാന്യം മൃതി പശുഹതീ
ദിവ്യവൃദ്ധിർവ്വിനാശോ
യുദ്ധം ഭൃത്യക്ഷതിരഥഫലം
ശ്രീശ്ച വഹ്നിർഭയഞ്ച
ലക്ഷ്മീഃപ്രാപ്തിർഭവതി ഭവനാ-
രംഭകർത്തുഃക്രമേണ
ചൈത്രാൽ കുംഭേ മുനിഭിരിതിഫലം
വാസ്തുശാസ്ത്രോപദിഷ്ടം. 11

(വിശ്വകർമ്മപ്രകാശിക)

ചൈത്രേ വ്യാധിമവാപ്നോതിയോ ഗൃഹം കാരയേന്നരഃ
വൈശാഖേധനരത്നാനിജ്യേഷ്ഠേമൃത്യുംതഥൈവച. 12
ആഷാഢേഭൃത്യരത്നംചപശുഹാനിമവാപ്നയാൽ
ശ്രാവണേ മിത്രലാഭന്തു ഹാനിം ഭാദ്രപദേ തഥാ. 13
ഭാര്യ്യാഹാനിം മേഷമാസേ കാത്തികേ ധനവദ്ധനം
മാർഗ്ഗശീഷേ തഥാ വിത്തം പൗഷേ തസ്കരതോ ഭയം. 14
ലാഭന്തു ബഹുശോ വിദ്യാസിദ്ധിം മാഘേവിനിർദ്ദിശേൽ
കാഞ്ചനം ഫാൽഗ്ഗുനേ വിദ്യാദിതി മാസഫലം ബുധൈഃ.

(വാസ്തുപ്രദീപം)

താഴെ വിവരിക്കുന്നപ്രകാരമുള്ള പൗർണ്ണമി ചൈത്രാദിമാസങ്ങളുടെ മദ്ധ്യകാലമായി വരുന്നതാണു്.

| | | | | |
|---|---|---|---|---|
| ചിത്തിരയിലോ ചോതിയിലോ | വാവ് | വരുന്നതു് | ചൈത്രമാസം | ഗൃഹാരംഭം ചെയ്താലുള്ള ഫലം മഹാരോഗം |
| വിശാഖത്തിലോ അനിഴത്തിലോ | വെളു | ത്തതു് | വൈശാഖം | ധനപ്രദം സർവ്വാഭിവൃദ്ധി |
| കേട്ടയിലോ മൂലത്തിലോ | ,, | ,, | ജ്യേഷ്ഠം | ദുർമ്മൃതി, ധനനാശം |
| പൂരാടത്തിലോ ഉത്രാടത്തിലോ | ,, | ,, | ആഷാഢം | ധനാഗമനം, ഗോനാശം |
| ഓണത്തിലോ അവിട്ടത്തിലോ | ,, | ,, | ശ്രാവണം | മിത്രലാഭം, ധനലാഭം |
| ചതയത്തിലോ പൂരുരുട്ടാതിയിലോ ഉത്രിട്ടാതിയിലോ | ,, | ,, | പ്രോഷ്ഠപദം | നാശം, ഹാനി, ദുഃഖം |
| രേവതിയിലോ അശ്വതിയിലോ ഭരണിയിലോ | ,, | ,, | അശ്വിനം | സ്ത്രീനാശം, വിപത്തു് |
| കാർത്തികയിലോ രോഹിണിയിലോ | ,, | ,, | കാർത്തിക | ധനവർദ്ധനം, മഹൽസുഖം |
| മകയിരത്തിലോ തിരുവാതിരയിലോ | ,, | ,, | മാർഗ്ഗശീർഷം | ധനലാഭം, സുഖം |
| പുണർതത്തിലോ പൂയത്തിലോ | ,, | ,, | പൗഷം | തസ്കരഭയം |
| ആയില്യത്തിലോ മകത്തിലോ | ,, | ,, | മാഘം | പലപ്രകാരേണ ലാഭം |
| പൂരത്തിലോ ഉത്രത്തിലോ അത്തത്തിലോ | ,, | ,, | ഫാൽഗുനം | ധനലാഭ മഹൽസുഖം |

644

രണ്ടുപ്രകാരേണയും ശുഭസംയുക്തമായ മാസങ്ങളിൽ ഗൃഹാരംഭംചെയ്യുന്നതു് അത്യുത്തമവും, സിംഹമാസാദിമാത്രം ഉത്തമമായ മാസങ്ങളിൽ ഗൃഹാരംഭംചെയ്യുന്നതു മദ്ധ്യമവും, ചൈത്രാദിമാസപ്രകാരംമാത്രം ശുഭമാസങ്ങളിൽ ഗൃഹാരംഭംചെയ്യുന്നതു് അധമവും, രണ്ടുപ്രകാരേണയും അശുദ്ധമായ മാസങ്ങളിൽ ഗൃഹാരംഭംചെയ്യുന്നതു് നിന്ദ്യവും നീചവും ആകുന്നു. എല്ലാ മാസങ്ങളിലേയും ശുക്ലപക്ഷപ്രതിപദം ചൈത്രാദി മാസാരംഭമായി വരുന്നതാണു്.

79972

## ഗൃഹാരംഭതിഥിഫലം

പൂൎണ്ണിമാകോഷ്ടമീംയാവൽപൂൎവ്വാസ്യംവൎജ്ജയേൽഗൃഹം
ഉത്തരാസ്യം ന കുൎവീത നവമ്യാദി ചതുൎദ്ദശീം. 16
അമായാഞ്ചാഷ്ടമിം യാവൽ പശ്ചിമാസ്യം വിവൎജ്ജയേൽ
നവമ്യാ ദക്ഷിണം സ്യാഹി യാവൽ ശുക്ലചതുൎദ്ദശിം. 17
(വാസ്തുരത്നാവലി)

പൂൎണ്ണേന്ദുതഃ പ്രാഗവദനം നവമ്യാം
ദിക്കുത്തരാസ്യം തഥ പശ്ചിമാസ്യം
ദർശാദിതഃ ശുക്ലദലേ ദവമ്യാ-
ദൌദക്ഷിണാസ്യം ന ശുഭം വദന്തി. 18

വെളുത്തവാവു മുതൽ അഷ്ടമിവരെ ഉള്ള പക്കങ്ങൾ കിഴക്കുമുഖമായ പടിഞ്ഞാറേതിനും, നവമിമുതൽ ചതുർദ്ദശിവരെ വടക്കുമുഖമായതെക്കേതിനും, കറുത്തവാവുമുതൽ അഷ്ടമിവരെ പടിഞ്ഞാറുമുഖമായ കിഴക്കേതിനും, നവമിമുതൽ ശുക്ലപക്ഷത്തിലെ ചതുർദ്ദശിവരെ തെക്കുമുഖമായ വടക്കേതിനും ഗൃഹാരംഭമുഹൂർത്തങ്ങൾക്കു നിഷിദ്ധമാകുന്നു.

നന്ദാ ഭദ്രാ ജയാ രിക്താ പൂൎണ്ണാ ച തിഥയഃ ക്രമാൽ
വാരത്രയം സമാവൎത്ത്യ ഗണയേൽ പ്രതിപൻമുഖം. 19
(വ്യവഹാരസമുച്ചയം)

പ്രഥമ, ഷഷ്ഠി, ഏകാദശി ഈ മൂന്നു പക്കങ്ങൾ നന്ദയും, ദ്വിതീയ, സപ്തമി, ദ്വാദശി ഈ മൂന്നുപക്കങ്ങൾ ഭദ്രയും, തൃതീയ, അഷ്ടമി, ത്രയോദശി ഈ മൂന്നു പക്കങ്ങൾ ജയയും, ചതുൎത്ഥി, നവമി, ചതുൎദ്ദശി ഈ മൂന്നു പക്കങ്ങൾ രിക്തയും, പഞ്ചമി, ദശമി, വാവു് ഈ മൂന്നു പക്കങ്ങൾ പൂൎണ്ണയും ആകുന്നു.

## തിഥികളുടെ ദേവതകൾ.

ക്രമാൽ തിഥീനാം പതയോഗ്നി ധാതൃ-
ഗൌരീ ഗണേശാഹി ഗുഹാരവിശ്ച
മഹേശ ദുൎഗ്ഗാന്തക വിശ്വവിഷ്ണു-
കാമേശ സോമഃ പിതരൌഹ്യമായാ. 20

(ബൃഹദവകഹഡാചക്രം.)

പ്രതിപദത്തിനു് അഗ്നിയും, ദ്വിതീയയ്ക്കു ബ്രഹ്മാവും, തൃതീയയ്ക്കും ചതുൎത്ഥിക്കും ഗണേശനും, പഞ്ചമിക്കുസൎപ്പവും, ഷഷ്ഠിക്കു് കാൎത്തികേയനും, സപ്തമിക്കു സൂൎയ്യനും അഷ്ടമിക്കു് മഹേശനും, നവമിക്കു് ദുൎഗ്ഗനും, ദശമിക്കു യമനും, ഏകാദശിക്കു വിശ്വദേവകളും, ദ്വാദശിക്കു വിഷ്ണുവും, ത്രയോദശിക്കുകാമനും, ചതുൎദ്ദശിക്കു് ഈശനും, വെളുത്തവാവിനു ചന്ദ്രനും, കറുത്തവാവിനു പിതൃക്കളുംദേവതകളാകുന്നു.

ശുക്ലപക്ഷേ ഭവേൽ സൌഖ്യം കൃഷ്ണതസ്കരതോ ഭയം
തസ്മാദ്വിചാൎയ്യകൎത്തവ്യം നദിചേൽ ശ്രിയമാത്മനഃ 21

ഗൃഹാരംഭത്തിനു വെളുത്തപക്ഷംഅത്യുത്തമവുംകറുത്തപക്ഷം ചോരഭയവും ഉളവാക്കും. ശിലാസ്ഥാപനകൃത്യം വെളുത്തപക്ഷത്തിൽ തന്നെ ചെയ്യേണ്ടതാണു്.

സൂൎയ്യാരശനിവാരാംശാഃ സദാ വഹ്നിഭയപ്രദാഃ
ശേഷംഗ്രഹാണാംവാരാംശാ കൎത്തുരിഷ്ടാൎത്ഥസിദ്ധിദാ.

രവിവാരവും കുജവാരവും മന്ദവാരവും വാരാധിപ ന്മാരും അഗ്നിഭയത്തെ ഉണ്ടാക്കും. സോമവാരവും, ബുധ വാരവും, ഗുരുവാരവും ശുക്രവാരവും, അംശകാധിപന്മാ രും, ഗൃഹകർത്താക്കൾ തുടങ്ങിയുള്ളവൎക്ക് ഇഷ്ടഫലം പ്ര ദാനംചെയ്യുന്നതാണ്.

### ഗൃഹാരംഭനക്ഷത്രം.

മിത്രാജാന്ത്യഗുരൂത്തരാരജനികൃ-
ദ്ധസ്താ പ്രശസ്താ സ്മൃതാ
ചിത്രാ മൂലസമീരണാദിതി വസു-
ക്ഷീരാധിപാ മദ്ധ്യമാ
സംത്യാജ്യാനി ച ശേഷഭാതി സുധിയഃ
പ്രാഹുർ ഗൃഹാരംഭണേ
ദേശഃ ഗ്രാമപുരാശ്രിതേഷ്വതിശുഭാ-
സ്താരാസ്ഥിരോൎദ്ധ്വാനനാഃ 23

ഗൃഹാരംഭത്തിന് അനിഴം, രോഹിണി, രേവതി, പൂയം, ഉത്രം, ഉത്രാടം, ഉത്തൃട്ടാതി, മകയിരം, അത്തം ഈ ഒമ്പതു നക്ഷത്രങ്ങൾ ഉത്തമവും ചിത്തിര, മൂലം, ചോതി, പുണർതം, അവിട്ടം, ചതയം ഈ ആറു നക്ഷ ത്രങ്ങൾ മദ്ധ്യമവും മററന്യ നക്ഷത്രങ്ങൾ പന്ത്രണ്ടും അ ധമവും ആകുന്നു. ഇതിൽ സ്ഥിരനക്ഷത്രങ്ങളും ഊൎദ്ധ്വമു ഖനക്ഷത്രങ്ങളും ദേശം ഗ്രാമം രാജധാനി ഇവകളിൽ ഏ റവും ശോഭനമാകുന്നു എന്നും ചിലർ അഭിപ്രായപ്പെ ട്ടിട്ടുണ്ട്.

ത്രിഭിസ്ത്രിഭിർവ്വേശ്മനി കീർത്തികാത-
മുദ്വേഗ പുത്രാപ്തി ധനാനിശോകഃ
ശത്രോർഭയം രാജഭയം ച മൃത്യുഃ
സുഖപ്രവാസാശ്ച നവപ്രഭേദാ. 24

(വാസ്തുപ്രദീപം)

കാൎത്തിക തുടങ്ങി മൂന്നു നക്ഷത്രക്രമമായി ഒമ്പതു ഫലങ്ങളാകുന്നു. കാൎത്തിക, രോഹിണി, മകയിരം ഇങ്ങനെ ഓരോന്നിന്ന് ഉദ്വേഗം, പുത്രാപ്തി, ധനം, ശോകം, ശത്രുവിരോധം, രാജഭയം, മൃത്യു, സുഖം, പ്രവാസം ക്രമേണ ഫലമാകുന്നു. ഇതിൽ ശുഭഫലത്തെ പ്രദാനം ചെയ്യുന്ന നക്ഷത്രം ഗൃഹാരംഭത്തിനു സ്വീകരിച്ചുകൊള്ളേണം.

ഗേഹാദ്യാരംഭേക്കൎഭാദ്വാസ്തുശീൎഷേ
രാമൈൎദ്ദാഹോ വേദഭൈരഗ്രപാദേ
ശൂന്യം വേദൈഃ പൃഷ്ഠപാദേ സ്ഥിരത്വം
രാമൈഃ പൃഷ്ഠേ ശ്രീൎയ്യുഗേദക്ഷകുക്ഷൌ. 25

(വാസ്തുരത്നാവലി)

ലാഭോ രാമൈഃ പുച്ഛഗൈഃ സ്വാമിനാശാ-
ദ്വേദൈൎന്നസ്വം വാമകുക്ഷൌ മുഖസ്ഥേ
രാമൈഃ പീഡാ സന്തതം വാക്ധിഷ്ണ്യാ-
ദശ്വൈ രുദ്രൈൎദിഗ്ഭിരുക്തംഹ്യസൽസൽ.

(വാസ്തുരത്നാവലി)

യസ്മിന്നൃക്ഷേ സ്ഥിതോ ഭാനുഃ തത്രാദൌ ത്രീണിമസ്തകെ
അഗ്രപാദേച ചത്വാരി പുനശ്ചത്വരി പശ്ചിമെ.

പൃഷ്ഠേ ത്രീണി ച ധിഷ്ണ്യാനി കുക്ഷൌ ചത്വാരിദക്ഷിണേ
പുഛെ ത്രീണി ച ധിഷ്ണ്യാനി കുക്ഷൌ ചത്വാരിവാമകെ

മുഖേ ത്രീണി ച ധിഷ്ണ്യാനി അഷ്ടവിംശതിതാരകാഃ
ശിരസാ വഹ്നിപാതസ്യ ദ്ദുദ്വേഗാശ്ചഗ്രപാദയോഃ 28

സ്ഥിരത്വം പശ്ചിമേ പാദേ പൃഷ്ഠേചൈവ ധനാഗമഃ
ദക്ഷകുക്ഷൌ ജയോ ലാഭം പുച്ഛേസ്വാമിവിനാശനം. 29

വാമകുക്ഷൌ ച ദാരിദ്ര്യം മുഖേ പീഡാ നിരന്തരം
സൂൎയ്യഭാത്തു ത്യജേൻ സപ്ത തതശ്ചൈകാദശേധനം
തതോന്യഭേഷദുഷ്ടം സ്യാദിതിവാസ്തുനികീൎത്തതം. 30

മാൎത്താണ്ഡാഭ്രുഢരാശൗ വിനിഹിത-
ചരണസ്തന്മദേന്യസ്തമൂൎദ്ധാ-
വാമേ പാർശ്വേ ശയാനോ ഭ്രമതി സ ചലിതഃ
പൂരുഷോ വാസ്തുരൂപഃ
പാദേ യദ്യുത്ഥനാശഃ ശിരസി ച മരണം-
തസ്യ പൃഷ്ഠേ വിപത്തിഃ
വക്ഷസ്യൂരൌചനാശം ശ്രുഭഫലമുദരേ-
സ്തംഭമാദ്യം നിദദ്ധ്യാൽ. 31

മേടമാസത്തിൽ മേടം ഉദയരാശിയും തുലാം അസ്ത മനരാശിയും ഇടവത്തിൽ ഇടവം ഉദയരാശിയും വൃശ്ചി കം അസ്തമനരാശിയും ഇങ്ങനെ ക്രമേണ ഉദയാസ്തമനരാ ശികളുണ്ടാകുന്നു.

ആദിത്യൻെറ ഗതി അനുസരിച്ചു ശരീരവും മാറി ക്കൊണ്ടിരിക്കും. ശില്പശാസ്ത്രാചാൎയ്യന്മാർ ആദിത്യശരീ രം വാസ്തുദേഹമായി കല്പിച്ചിരിക്കുന്നു. തദ്വാരാ ഉദയരാ ശിയിൽ തലയും അസ്തമനരാശിയിൽ കാലുമായി ഇട ത്തോട്ടു് ചരിഞ്ഞിളകി ആദിത്യഗതിയെ ലാക്കാക്കി വാസ്തുപുരുഷൻ ശയിക്കുന്നു.

മേടമാസം മുതൽ മീനമാസംവരെയുള്ള പന്ത്രണ്ടു മാസങ്ങളിൽ അശ്വതി തുടങ്ങി ഇരുപത്തേഴ നക്ഷത്ര ങ്ങൾ വാസ്തുപുരുഷന്റെ ശിരസ്സാദിയായി ഓരോ അംഗ ങ്ങളിൽ സ്ഥിതിചെയ്യുന്നു. അപ്പോൾ ഒരു മാസം രണ്ടേ കാൽ നക്ഷത്രമാകും. അതായതു് "അശ്വതിയും ഭരണി യും കാൎത്തികക്കാലും മേടക്കൂറു്" ഈ ക്രമമാണു് ഞാ റ്റുവേല കണക്കിനു് അക്കിഭം.

ആഭ്രുഢപരിവൃതംചതുരപ്പെട്ടുത്തിവാസ്തുശരീരംകല്പി ച്ചു്ഉദയാസ്തമനരാശികളെനിൎണ്ണയിച്ചു്പാദങ്ങളിൽമൂഹൂ ൎത്തക്കുററിനാട്ടുകയോകല്ലിടുകയോചെയ്താൽധനനാശവും,

തലയിൽ ആയാൽ മരണവും, പുറത്തായാൽ വിപത്തും, നെഞ്ചിലും തുടയിലും ആയാൽ നാശവും ഫലമാകുന്നു. പ്രസ്തുത അനിഷ്ടാംഗങ്ങളിൽ മുഹൂൎത്തക്കുററി സ്ഥാപിക്കാതെ ഉദരത്തിൽ സ്ഥാപിച്ചുകൊള്ളണം. (ഉദയരാശിയുടെ പത്താംരാശി ഉദരമാകുന്നു.)

ഗൃഹാരംഭദിവസം നക്ഷത്രം അൎക്കഭത്തുങ്കൽ നിന്നു് എത്ര മാറുന്നുവോ അതു വാസ്തുപുരുഷന്റെ ഏതൊരു അംഗത്തിൽ സ്ഥിതിചെയ്യുന്നു എന്നു ചിന്തിച്ചു ഫലാഫലങ്ങൾ അറിഞ്ഞു ശുഭനക്ഷത്രമെങ്കിൽ മാത്രമേ സ്വീകരിക്കാവൂ.

"മിത്ര ജാന്ത്യഗുരൂത്തരാ" എന്നുള്ള സിദ്ധാന്തമനുസരിച്ചും അൎക്കഭത്തുങ്കൽ നിന്നുള്ള സിദ്ധാന്തമനുസരിച്ചും ശുഭനക്ഷത്രത്തിൽ ഗൃഹാരംഭം (ശിലാസ്ഥാപനകൃത്യം) നിൎവ്വഹിക്കണം. മേടമാസത്തിൽ അശ്വതിയിലും ഭരണിയിലുംകാൎത്തികയുടെനാലിലൊന്നിലുമായിമുപ്പതുദിവസം മാറുന്നു. ഈ ക്രമത്തിനു് അൎക്കഭം അറിഞ്ഞുകൊള്ളണം.

അൎക്കഭത്തുങ്കൽ നിന്നു് (ആദിത്യൻ നില്ക്കുന്ന നക്ഷത്രം) ഗൃഹാരംഭനക്ഷത്രംവരെ എണ്ണിയാൽ 1, 2, 3, അഗ്നിഭയം ദാരിദ്ര്യം 4, 5, 6, 7, ശൂന്യം 8, 9, 10, 11, സ്ഥിരത്വം 12, 13, 14, സമ്പത്തു് 15, 16, 17, 18, ലാഭം, 19, 20, 21, സ്വാമിമരണം 22, 23, 24, 25, നിർധനത്വം 26, 27, 28, പീഡ ഇങ്ങനെ ഓരോ ഫലങ്ങളാകുന്നു. അഭിജിത്തോട്ടുകൂടി ഇരുപത്തെട്ടു നക്ഷത്രം.

## മൃത്യുയോഗം

രവൌ കുജേ തിഥി നന്ദാ ഭദ്രാ ചന്ദ്രേ ഭൃഗൌ തഥാ
ബുധേ ജയാ ഗുരൌ രിക്താ ശനൌ പൂൎണ്ണാശ്ച മൃത്യുദാ. 32
(ബൃഹദവകഹഡാചക്രം)

പ്രതിപദം, ഷഷ്ഠി, ഏകാദശി സൂൎയ്യവാരം, കുജവാരം യോജിച്ചുവന്നാലും, ദ്വിതീയ, സപ്തമി, ദ്വാദശി സോമവാരം ശുക്രവാരം യോജിച്ചുവന്നാലും, തൃതീയ, അഷ്ടമി ത്രയോദശി ബുധവാരം യോജിച്ചുവന്നാലും, ചതുൎത്ഥി, നവമി, ചതുൎദ്ദശി, ഗുരുവാരം യോജിച്ചുവന്നാലും, പഞ്ചമി, ദശമി, മന്ദവാരം യോജിച്ചുവന്നാലും, മൃത്യുയോഗമാകുന്നു. മൃത്യുയോഗമുള്ള ദിവസം ഗൃഹാരംഭാദികൎമ്മങ്ങൾ വൎജ്ജ്യമാകുന്നു.

മൃത്യുയോഗാ മഘാശ്രുപ്പ്രാ രൗദ്രമൂലപ്രചേതസഃ
രോഹിണീചോത്തരാഷാഢായുക്താസ്സൂൎയ്യാദിവാസരൈ.

മകവും ഞായറും, വിശാഖവും തിങ്കളും, ആതിരയും ചൊവ്വയും, മൂലവും, ബുധനും, ചതയവും വ്യാഴവും, രോഹിണിയും വെള്ളിയും, ഉത്രാടവും ശനിയും ചേൎന്നാൽ മൃത്യുയോഗമാകുന്നു. മൃത്യുയോഗദിവസം ഗൃഹാരംഭത്തിന്ന് വൎജ്ജ്യവുമാകുന്നു.

## ദഗ്ദ്ധയോഗം

സൂൎയ്യേശ ശരനേത്രാംഗ നാഗാങ്ക തിഥയഃ ക്രമാൽ
അൎക്കാദിവാസരേയ്യുക്താദഗ്ദ്ധാഖ്യരിതികീൎത്തിതാഃ 34

സൂൎയ്യവാരവും ദ്വാദശിയും, ചന്ദ്രവാരവും ഏകാദശിയും, കുജവാരവും പഞ്ചമിയും, ബുധവാരവും ദ്വിതീയയും, ഗുരുവാരവും ഷഷ്ഠിയും, ഗുരുവാരവും അഷ്ടമിയും, ശുക്രവാരവും അഷ്ടമിയും, മന്ദവാരവും നവമിയും ചേൎന്നാൽ ദഗ്ദ്ധയോഗമാകുന്നു. ദഗ്ദ്ധയോഗദിവസം ഗൃഹാരംഭംചെയ്യരുതു.

## ഗണ്ഡാന്തം.

രാകാ പൂൎവ്വദളേഷ്ടമീതിദിനയോൎവ്വിഷ്ടിസ്സിതേമൃത്യുദാ
ത്വൈകാദശ്യപി മൃത്യുകൃൽ പരദളേ വിഷ്ടിച്ചതുൎത്ഥീതയോ:
സപ്തമ്യത്ര ചതുൎദ്ദശീതി ദിനയോൎജ്ജാതാത്ര പൂൎവ്വാതയോ-
ൎവ്വിഷ്ടിസ്യാദ്ദശമീനയോഃ പരദളേ കൃഷ്ണേ തൃതീയാ സദാ.

വെളുത്തപക്ഷത്തിലെ വാവും അഷ്ടമിയുടെ ആദ്യം 15 നാഴികയും ഏകാദശിയും ചതുൎത്ഥിയുടെ അന്ത്യം 15 നാഴികയും കറുത്തപക്ഷത്തിലെ സപ്തമിയും ചതുർദ്ദശിയുടെ ആദ്യം 15 നാഴികയും ദശമിയും തൃതീയയുടെ അന്ത്യം 15 നാഴികയും ഗണ്ഡാന്തമാകുന്നു.

അശ്വീമൂലമഘാദ്യാശാ പൂഷാഹീന്ദ്രാന്ത്യപാദകാഃ
ഗണ്ഡാന്തശ്ച സദാ വർജ്യം സവ്വേഷു ശുഭകമ്മസു.
(മുഹൂൎത്തചിന്താമണി)

ഗണ്ഡാന്തസ്തു യദന്തരാളമുഭയോർ
മൂലേന്ദ്രിയോരശ്വനീ
രേവത്യോഃ പിതൃസൎപ്പയോശ്ച ഘടികാ-
രഷ്ടൌ ച മൃത്യുഃ പ്രദാ
ചാപാജ്ജ്യാർത്ഥഝഷമേഷയോശ്ച മൃഗരാഠം
കൗളീരയോർ മദ്ധ്യമേ
നാഡ്യേകാ തു മൃതി പ്രദൈവ യദി സാ
വൎഗ്ഗോത്തമാംശാനചിതഃ. 37
(മുഹൂൎത്തചിന്താമണി)

അശ്വതിയുടേയും മകത്തിന്റേയും മൂലത്തിന്റേയും ആദ്യം പതിനഞ്ചു നാഴികയും ആയില്യത്തിന്റേയും കേട്ടയുടേയും രേവതിയുടേയും അന്ത്യം പതിനഞ്ചു നാഴികയും ഗണ്ഡാന്തസമയമാകുന്നു.

മൂലത്തിന്റെ അന്ത്യം നാലുനാഴികയും കേട്ടയുടെ ആദ്യം നാലുനാഴികയും അശ്വതിയുടെ അന്ത്യം നാലുനാഴികയും രേവതിയുടെ ആദ്യം നാലുനാഴികയും ആയില്യത്തിന്റെ അന്ത്യം നാലുനാഴികയും മകത്തിന്റെ ആദ്യം നാലുനാഴികയും ധനുരാശിയുടെ അന്ത്യം ഒരു നാഴികയും വൃശ്ചികത്തിന്റെ ആദ്യം ഒരു നാഴികയും മീനത്തിന്റെ അന്ത്യം

ഒരുനാഴികയും മേടത്തിൻെറ ആദ്യം ഒരുനാഴികയും ചി ങ്ങത്തിൻെറ അന്ത്യം ഒരുനാഴികയും കക്കടകത്തിൻെറ ആദ്യം ഒരുനാഴികയും ഗണ്ഡാന്തസമയമാകുന്നു. അതു വൎഗ്ഗോത്തമാംശത്തോടു ചേൎന്നതാണെങ്കിൽ മൃതിപ്രദ മാകുന്നു.

## ഭൂഖനനദിവസം.

ദേവാലയേ ഗേഹവിധൌ ജലാശയേ
രാഹോൎമ്മുഖം ശംഭുദിശോൎവ്വിലോമതഃ
മീനാൎക്ക സിംഹാൎക്ക മൃഗാൎക്കതസ്ത്രിഭേ
ഖാതേ മുഖാൽ പൃഷ്ഠവിദിക് ശുഭാവഹാ. 38

(വിശ്വകൎമ്മവിദ്യാപ്രകാശിക.)

ദേവാലയസ്ഥാപനയ്ക്കും ഗൃഹസ്ഥാപനയ്ക്കും കി ണറു് കുളം എന്നിവയ്ക്കും, സ്ഥാനനിൎണ്ണയംചെയ്തു ചതുര പ്പെടുത്തി വാസ്തുശരീരം കല്പിച്ചു ദേവാലയനിൎമ്മിതിക്കു മീനം ആദിയായി മുമ്മൂന്നു മാസങ്ങളിലും, ഗൃഹനിൎമ്മി തിക്കു ചിങ്ങം ആദിയായി മുമ്മൂന്നു മാസങ്ങളിലും, കൂപാ ദികളുടെ നിൎമ്മിതിക്കു മകരം ആദിയായി മുമ്മൂന്നു മാസ ങ്ങളിലും രാഹു ഗമിച്ചുകൊണ്ടിരിക്കുന്നു എന്നു സങ്കല്പിച്ചു മുഖത്തിൽ ഖനനംചെയ്തു കല്ലിടുന്നതു് ആപല്ക്കരമെന്നു കരുതി ഇരുവശമോ പാദങ്ങളിലോ ഖനനംചെയ്തു ശി ലാസ്ഥാപനം ചെയ്യണം. കുളം കിണറിനു് ആദ്യമായി താഴ്ത്തണമെന്നു ധരിക്കുക.

അധോമുഖൈൎഭൈൎവ്വിദധീതഖാതം
ശിലാസ്തഥൈവോൎദ്ധ്വമുഖൈശ്ചപട്ടം
തിൎയ്യങ്മുഖൈൎദ്വാരികപാടമാനം
ഗൃഹപ്രവേശോ മൃദുഭിൎദ്ധ്രുവൎക്ഷൈഃ 39
ശുൎപ്പാഹി കാൎത്തിക മഘാശ്വതി യാമ്യചന്ദ്ര
രോഹണ്യധോമുഖ ബൃഹസ്പതി രുദ്രമൎത്ത്യം

വിഷ്ണ്വാദി പഞ്ചമജമൂൽ മുഖഞ്ച തിൎയ്യക്
സൂൎയ്യത്രയേന്ദ്വദിതി ജ്യേഷ്ഠഭമാദ്യമന്ത്യം. 40

പൂരം, ആയില്യം, വിശാഖം, കാൎത്തിക, രോഹിണി, മകയിരം, അശ്വതി, ഭരണി, മകം, ഈ ഒൻപതു നക്ഷത്രങ്ങൾ അധോമുഖനക്ഷത്രങ്ങളാകുന്നു. അധോമുഖനക്ഷത്രങ്ങളിൽ ശുഭനക്ഷത്രത്തിൽ ശിലാസ്ഥാപനം ചെയ്യുന്നതിന്നു നിശ്ചിതസ്ഥാനത്തു കുഴിക്കണം.

തിരുവാതിര, പൂയം, ഓണം, അവിട്ടം, ചതയം, പൂരുരുട്ടാതി, ഉത്തൃട്ടാതി, ഉത്രം, രോഹിണി ഈ ഒൻപതും ഊൎദ്ധ്വമുഖനക്ഷത്രങ്ങളാകുന്നു. ഇതിൽ ശ്രേഷ്ഠമായ നക്ഷത്രത്തിൽ ശിലാസ്ഥാപനകൃത്യം നിൎവ്വഹിക്കണം.

അനിഴം, അത്തം, ചിത്തിര, ചോതി, മകയിരം, പുണർതം, കേട്ട, അശ്വതി, രേവതി ഈ ഒൻപതു നക്ഷത്രങ്ങൾ തിൎയ്യങ്മുഖനക്ഷത്രങ്ങളും ഇതിൽ ശുഭനക്ഷത്രത്തിൽ കട്ടിളവയ്ക്കുന്നതിന്നും ശ്രേഷ്ഠമാകുന്നു.

ചിത്തിര, രേവതി, മകയിരം, അനിഴം ഈ നാലു നക്ഷത്രങ്ങൾക്ക് പ്രത്യേകാൽ മൃദുനക്ഷത്രമെന്നു പേരുള്ളതിനാൽ അതു ഗൃഹപ്രവേശനത്തിന്നും ശ്രേഷ്ഠമാകുന്നു.

**ക്ഷിപ്രദാരുണാദിനക്ഷത്രം.**

ക്ഷിപ്രം ദസ്രൃ രവീജ്യമാസുര ശിവ-
ജ്യേഷ്ഠോരഗം ദാരുണം
ചിത്രാന്ത്യേന്ദുഭ മൈത്രഭം മൃദുഭവേൽ
ബ്രാഹ്മ്യോത്തരാഭം സ്ഥിരം
ഉഗ്രം കാലമഘാത്രിപൂൎവ്വമനലേ-
ന്ദ്രാഗ്നീതു സാധാരണം
സ്വാത്യാദിത്യ ഹരിത്രയം ചരമിദം
ദദ്യാൽ സ്വസംജ്ഞാഫലം. 41

അശ്വതി, അത്തം, പൂയം ഇവ ക്ഷിപ്രങ്ങളും മൂലം, തിരുവാതിര, കേട്ട, ആയില്യം ഇവ ദാരുണങ്ങളും ചിത്തിര, രേവതി, മകയിരം, അനിഴം, ഇവ മൃദുക്കളും രോഹിണി, ഉത്രം, ഉത്രാടം, ഉത്തൃട്ടാതി ഇവ സ്ഥിരങ്ങളും ഭരണി, മകം, പൂരം, പൂരാടം, പൂരുട്ടാതി ഇവ ഉഗ്രങ്ങളും, കാർത്തിക, വിശാഖം ഇവ സാധാരണങ്ങളും ചോതി, പുണർതം, ഓണം, അവിട്ടം, ചതയം ഇവ ചരങ്ങളും ആകുന്നു. ദാരുണാദി ചരപര്യന്തമുള്ള ഇരുപത്തേഴു നക്ഷത്രങ്ങളിൽ ആറുവിധം നിലനില്ക്കുന്നതു നാമാർത്ഥത്തെ അനുസരിച്ചുള്ള ഫലങ്ങൾ എന്നു ധരിച്ച് അതിൽ ശുഭനക്ഷത്രം സ്വീകരിച്ചുകൊള്ളണം.

ഇതി വാസ്തുകൌമുദി ഭാഷാവ്യാഖ്യാനം
ദ്വിതീയോദ്ധ്യായഃ സമാപ്തം.

## തൃതീയോദ്ധ്യായഃ പ്രാരംഭഃ

ഗൃഹാദി ഉപഗൃഹങ്ങളുടെ
ശിലാസ്ഥാപനക്രമം.

സുദിനേ ശുഭലഗ്നേവാ ശുക്ലാർത്ഥ നിവേശനം
സൽപുത്രോജായതേയസ്മാൽഗൃഹമേവംവിചിന്തയേൽ 1
പാഷാണസ്പർശനം ഭൂമൌ ശുക്ലാർത്ഥ നിവേശനം
സ്വാമിഹസ്തഖനേ ചൈവശിലാഞ്ച സ്ഥാപയേൽശുഭം.

(വാസ്തുരത്നാവലി.)

സ്വാമിഹസ്തപ്രമാണേന ശ്രേഷ്ടപത്നികരേണവാ
ഗർഭമാത്രം ഭവേൽഗേഹം നൃപൈഃപ്രോക്തംപുരാതനൈഃ
(ഭവിഷ്യത്പുരാണം)

സുദിനത്തിലും നല്ല സമയത്തും ശുഭവിചാരത്തോടു കൂടിയ സമയം മാതൃകുംഭത്തിൽ ശുക്ലരക്തം പതിഞ്ഞാൽ ഉത്തമസന്താനം ഉല്പാദിക്കുന്നു. തദ്വാരാ സ്ഥാവരശരീരനിമ്മിതികൾക്കു പ്രസ്തുത ശുഭസമയത്തെ ആരാഞ്ഞു പിതൃസ്ഥാനത്തിനു് അത്യുത്തമനായ പുണ്യവാനെക്കൊണ്ടു് സ്വാമിയുടെയോ (ഉടമസ്ഥൻ) സ്വാമിപത്നിയുടെയോ ഒരു മുഴം താഴ്ത്തി തയാറാക്കീട്ടുള്ള കുഴിയിൽ കുജപ്രീതി വരുത്തി കുജപത്മം ഇട്ടു ഗണേശപൂജാനന്തരം അവരവരുടെ മതാചാരപ്രകാരം ശിലകളെ സ്ഥാപിക്കണം. സ്ഥാപനാനന്തരം ഭൂമിദേവിയാകുന്ന സ്ത്രീ ഗർഭം ധരിച്ചു തദ്വാരാ ഗൃഹജാതകം എഴുതാവുന്നതാണു്. ഇങ്ങനെയാണു് ശിലാസ്ഥാപനകൃത്യം ബുധന്മാരാൽ പറയപ്പെട്ടിട്ടുള്ളതു്.

ഈവ്വശന്യായം അറിഞ്ഞവർ കൊട്ടാരംമുതൽ കുടിൽവരെയുള്ള സ്ഥാപനങ്ങൾക്കു് ഓരോ മതത്തിലുമുള്ള പുണ്യാത്മാക്കളെകൊണ്ടും കുബേരന്മാരെക്കൊണ്ടും വിദ്വത്വമുള്ളവരെക്കൊണ്ടും ശിലാസ്ഥാപനം നിവ്വഹിക്കുന്നു എന്നു മനസ്സിലാക്കണം.

ശിലാസ്ഥാപനയ്ക്കുള്ള സമയം ആരാഞ്ഞറിഞ്ഞു് അതു് ഓമ്മയിൽ വച്ചുകൊണ്ടുവേണം ഗൃഹനിമ്മിതികൾക്കു് ആരംഭിക്കുവാൻ. വിഗണിച്ചു ഗൃഹനിമ്മിതി ചെയ്യുന്നതിൻെറ ഫലമാണു് അഗ്നിഭയം, ദാരിദ്ര്യം, മഹാരോഗം, ഗൃഹനാശം, പരഹസ്തം, സന്താനവ്യഥ, അനിഷ്ടസന്താനോല്പത്തി, എന്നിങ്ങനെയുള്ള അനിഷ്ടങ്ങൾ ഉണ്ടാകുന്നതെന്നു മനസ്സിലാക്കണം.

## ഗൃഹസ്ഥിതികൾ.

സഹജ ദശമഷഷ്ഠേ ലാഭഗേ യാതി സൂര്യേ
ധനയശരുപമാന്യം സർവ്വകാര്യേഷു സിദ്ധി

ശ്ശുഭമതിയച്ചിലാത്ഥംബന്ധുവൎഗ്ഗോപിസൌഖ്യം
സുതസുഖധനലാഭം പുണ്യവൃദ്ധിംകരോതി. 4

ജന്മാന്ത്യ സപ്താശ്ച ചതുൎത്ഥസംസ്ഥഃ
പശ്ചാഷ്ടകേ വൈ നവമേ വിഭാനുഃ
രോഗഞ്ച ശോകം ഭയമഗ്നിപീഡാം
വ്യാധിം പ്രവാസം കരുതേൎത്ഥഹാനി.

ലഗ്നാൽ സൂൎയ്യൻ 3, 10, 8, 11 ഇരാശികളിൽ നിന്നാൽരാജസമ്മതി; ധനവൃദ്ധി, സൎവ്വകാൎയ്യസിദ്ധി, 12, 7 2, 4, 5, 8, 9, ഇരാശികളിൽ നിന്നാൽ രോഗം, ദുഃഖം ഭയം, അഗ്നിപീഡ, വ്യാധി, സ്ഥാനഭ്രംശം ഇവ അനുഭവമാകുന്നു.

ജന്മത്രിസപ്താശപിദശായസംസ്ഥഃ
ഷഷ്ഠോവിധുശ്ചാപികരോതിലാഭം
ദ്രവ്യാഗമംമിത്രസമാഗമം ച
സദ്വൃത്തിവൃദ്ധിംദ്വിജദേവഭക്തിം.

ധൎമ്മാബ്ധിഗശ്ചാസുതരന്ധ്റഗതോവ്യയസ്ഥ
ദ്രവ്യാൎത്ഥഹാനിമഖിലംകുരുതേപി ചന്ദ്രഃ
ചോരാഗ്നിഭീതിവധബന്ധയുതം കരോതി
ഹാനിർവിയോഗഭയദുഃഖയുതംസദാപി. 6

ലഗ്നാൽചന്ദ്രൻ 1, 3, 7, 2, 10, 11, 6 ഈരാശികളിൽ നിന്നാൽ ധനാഗമനം, ബന്ധുപ്രീതി, 9, 4, 5, 7, ഈരാശികളിൽ നിന്നാൽ ധനാശം, ചോരഭീതി, അഗ്നിപീഡ, വധബന്ധം, സ്ഥാനഭ്രംശം ഇവ ഫലമാകുന്നു.

ത്രി ഷഷ്ഠേ ച ലാഭേ ധരണീസുതസ്യാൽ
ഗോ ഭൂ ഹിരണ്യാംബര ലാഭകാരീ
ശത്രുക്ഷയം രാജകൃപാം വിധത്തേ-
യാരോഗ്യസൌഖ്യം വിവിധം കരോതി. 8

ലഗ്നാൽ കുജൻ 3, 6, 11 രാശികളിൽ നിന്നാൽ ഗോലാഭം, ഭൂമിലാഭം, സവൎണ്ണലാഭം, വിശേഷവസ്ത്രലാഭം, ശത്രുക്ഷയം, രാജാനുകൂലം, ആരോഗ്യം, 1, 4, 5, 12, 7, 8, 9, 10, 2 രാശികളിൽ നിന്നാൽ വ്യാധി, ദൂരദേശഗമനം ഇവ പൃഷ്ടാക്കൾ അനുഭവിക്കുന്നതാണു്.

ലാഭേ ദ്വി ഷഷ്ഠേ ദശമേ ചതുൎത്ഥേ
രന്ധ്യ ബുധശ്ചാപി കരോതി ലാഭം
സൗഭാഗ്യസൗഖ്യം മനസോപി ഹൎഷം
ചാൎത്ഥാഗമം സമ്പദവൎദ്ധനം ച–
ജന്മേ ദ്വാദശ പഞ്ചമേപി നവമേ-
ദ്യൂനേ തൃതീയേപി വാ-
സൗഖ്യസ്യാപി വിനാശനം പ്രകുരുതേ
ദ്രവ്യാൎത്ഥഹാനിം ബുധഃ
ഭ്രാതുശ്ചാപി വിരോധ ശോകസുഭയം
ചാംഗേപി കഷ്ടം മഹാ-
നാനാ ശത്രുഭയം സദൈവമസുഖം
വ്യാധിം വിയോഗം തഥാ.

ലഗ്നാൽ ബുധൻ 11-2-6-10-4-8 രാശികളിൽനിന്നാൽ ലാഭം, സൗഖ്യം, സന്തോഷം, ധനലാഭം, ഐശ്വൎയ്യം 1-12-5-9-7-3 രാശികളിൽ നിന്നാൽ സുഖഹീനത, ധനഹാനി, ഭ്രാതൃവിരോധം, ഭയം, അംഗഹീനത, ശത്രുവൎദ്ധന ഇവ അനുഭവമാകുന്നു.

ദ്വിധൎമ്മേ ച ലാഭേ സുതേ സപ്തമേ സ്യാൽ
ഗുരുർ ലാഭകാരീ ക്രയേ വിക്രയേപി
പ്രതിഷ്ഠാഭിവൃദ്ധിം തഥാ ബുദ്ധിവൃദ്ധിം
കരോത്യൎത്ഥലാഭം സുഖം സമ്പദശ്ച. 11
ദ്വാദശദശമചതുൎത്ഥാ ജന്മനി ഷഷ്ഠാഷ്ടമേ തൃതീയേ ച
വ്യാധിം വിദേശഗമനം മിത്രവിരോധംഗുരുഃകുരുതേ. 12

ലഗ്നാൽ വ്യാഴം 2-9-11-5-7 ഈ രാശികളിൽ നിന്നാൽ കച്ചവടാദികളിൽ അഭിവൃദ്ധി, സ്ഥിരത്വം, വർദ്ധനവ്, സുഖം, 12-10-4-1-6-8-3 ഈ രാശികളിൽ നിന്നാൽ വ്യാധി, ദൂരദേശഗമനം, ബന്ധുവിരോധം ഇവ ഫലമാകുന്നു.

കർമ്മസപ്തരിപുഗഃ ശുഭസ്സുതേ
രോഗശോകമപി ദത്തവാൻ ഭൃഗുഃ
കാര്യനാശനമഥോ മഹാഫലം
സ്ത്രീവിരോധമപി രോഗതാം സദാ. 13
ദ്വിധർമ്മലാഭാഷ്ടമഗേ സുതേസ്യാ-
ദ്വയാഖ്യവഹ്നി, പ്രഥമേപി ശുക്രഃ
ചതുർത്ഥഗശ്ചാപി സമാഗമശ്ച
സൽപുത്രവർഗ്ഗാദിസുഖം കരോതി. 14

ലഗ്നാൽ ശുക്രൻ 1-2-9-11-8-5-12-3-4 ഈ രാശികളിൽ നിന്നാൽ സ്വജനസമാഗമം, പുത്രമിത്രാദിസുഖം, ധനലാഭം 10-7-6 ഈ രാശികളിൽ നിന്നാൽ സദാ ദുഃഖം, കാര്യനാശം, ഭാര്യാകലഹം ഇവ അനുഭവമാകുന്നു.

ത്രിഷഷ്ഠേ ച ലാഭേ ശനിശ്ചാപി സൗഖ്യം
തതോ ലാഭകാരീ ഹിരണ്യാംബരാണാം
നൃപാന്മിത്രപക്ഷാജ്ജയം മിത്രലാഭം
കരോത്യർത്ഥലാഭം സുഖം സമ്പദഞ്ച. 15
ജന്മചതുർത്ഥപഞ്ചമദ്വാദശ-
സപ്താഷ്ടനവമദശമദ്വിതീയേപി
സ്വജനേനാപി ച കലഹം
ദ്രവ്യാർത്ഥഹാനിമർക്കജഃ കുരുതേ. 16

ലഗ്നാൽ ശനി 3, 6, 11 ഈ രാശികളിൽ നിന്നാൽ, സ്വർണ്ണലാഭം, വസ്ത്രലാഭം, രാജപ്രീതി, ബന്ധുപ്രീതി, ധനാഗമനം, ഐശ്വര്യം 1-4-5-12-7-8-9-2-10 ഈ രാശി-

കളിൽ നിന്നാൽ സ്വജനവിരോധം, ധനനാശം, രോഗം പലപ്രകാരേണയുള്ള വിപത്തു് ഇവ അനുഭവമാകുന്നു.

ഉപചയേ പ്രഥമോ നവമേ തമോ
ദിശതി പുത്ര കളത്ര ധനാഗമം
ദ്വിതീയ പഞ്ചമ രന്ധ്ര മുനിസ്ഥിതോ
ഹിബുകരിഭഗതോ മരണം ധ്രുവം. 17

## (ഗ്രഹഗോചരം.)

ലഗ്നാൽ രാഹു 3-6-10-11-1-9 ഈ രാശികളിൽ നിന്നാൽ കളത്രസുഖം, പുത്രലബ്ധി, ധനലാഭം, 2-5-8-7 4-12 ഈ രാശികളിൽ നിന്നാൽ മരണവ്യഥ മുതലായ പലവിധം അനത്ഥങ്ങൾ അനുഭവിക്കുന്നതാണു്.

വസിഷ്ഠപക്ഷവും ഗോചരവും.

ലഗ്നാക്കേ വജ്രപാതസ്യാൽ കോശഹാനിശ്ച ശീതഗൗ
മൃത്യുവിശ്വംഭരാപുത്രേ ദാരിദ്ര്യം രവിനന്ദനെ. 18
ജീവേ ധമ്മാദികാമസ്യഃ സുതോല്പാദിശ്ച ഭാഗ്ഗവേ
ചന്ദ്രജേ കുശലാ ശക്തിർജനസ്യായുഃ പ്രവദ്ധതേ. 19

ലഗ്നത്തിൽ ആദിത്യൻ ആയുധത്താൽ ഉള്ള മുറിവുകളെയും ചന്ദ്രൻ ധനനാശത്തെയും കുജൻ ദുർമ്മതിയേയും ബുധൻ വിദ്യയേയും ഗുരു ധമ്മാദിസൽപ്രവൃത്തികളേയും ശുക്രൻ സന്താനാഭിവൃദ്ധിയേയും ശനി ദാരിദ്ര്യദുഃഖത്തേയും ഉളവാക്കും.

ദ്വിതീയസ്ഥേ രവൌ ഹാനി ചന്ദ്രോ ശത്രുക്ഷയോഭവേൽ
ഭൂസുതേബന്ധനംപ്രോക്തംനാനാവിഘ്നഞ്ചഭാനുജേ. 20
ബുധേ ദ്രവണസമ്പത്തിഃ ഗുരോ ധമ്മസമാഗമഃ
യഥാകാമവിനോദേന ഭൃഗ്വ കാലം വ്രജേനിഹ. 21

ലഗ്നാൽരണ്ടിൽആദിത്യൻസവ്വപ്രകാരേണഹാനിയും ചന്ദ്രൻ ശത്രുനാശത്തേയും കുജൻ ബന്ധനത്തേയും

മന്ദൻ എല്ലാവക വിഘ്നത്തേയും ബുധൻ സമ്പത്തിനേയും ഗുരു ഐശ്വൎയ്യത്തേയും ശുക്രൻ കാമവികാരത്തേയും പ്രദാനം ചെയ്യുന്നതാണു്.

സൗമ്യഗ്രഹാഃ തൃതീയാസ്ഥാ
പാപാദപി വിശേഷതഃ
സിദ്ധിസ്യാദചിരാദേവ
യഥാഭിലഷിതംപ്രതി. 22

ലഗ്നാൽ മൂന്നിൽ ചന്ദ്രൻ, ബുധൻ, ഗുരു, ശുക്രൻ ഇവരിൽ ആരുനിന്നാലും വിഷയസുഖം. പ്രത്യേകാൽ ബുധൻ ശത്രുനാശത്തേയും വ്യാഴം സ്വസ്ഥാനവിയോഗത്തേയും കാൎയ്യഭംഗത്തേയും ശുക്രൻ ആജ്ഞാഭംഗം, ധനനാശം സ്ഥാനഭ്രംശം, മാനഭംഗം ഇവയേയും കുജൻ, ശനി, രാഹു, കേതു, രവി ഇവർ അഭീഷ്ടസിദ്ധിയേയും തരുന്നതാണു്.

ചതുൎത്ഥസ്ഥാനഗേ ജീവേ പൂജാസമ്പാദ്യതേ നൃപാൽ
ചന്ദ്രജേ ച സദാ ലാഭോ ഭൂമിലാഭസ്തു ഭാൎഗ്ഗവേ. 23
വിയോഗോ സുഹൃദാം ഭാനൗ മിത്രഭേദോ ധരാസുതെ
ബുദ്ധിനാശോ നിശാനാഥോ മഹാലാഭോക്കനന്ദനെ. 24

ലഗ്നാൽ ഗുരു നാലിൽ നിന്നാൽ രാജസമ്മതിയേയും ബുധൻ അഭീഷ്ടസിദ്ധിയേയും ശുക്രൻ ഭൂമിലാഭത്തെയും രവി കാൎയ്യഭംഗത്തെയും കുജൻ മിത്രവിരോധത്തെയും ചന്ദ്രൻ ബുദ്ധിവിയോഗത്തെയും ശനി ലാഭത്തേയും തരുന്നതാണു്.

പഞ്ചമസ്ഥേ സുരാചാൎയ്യേ മിത്രവസ്തുധനാഗമഃ
ശുക്രേ പുത്രധനപ്രാപ്തി ഹേമാഭരണമിന്ദുജേ. 25
സുതദുഃഖം സദാ സൂൎയ്യേ ശശാങ്കേ കലഹാഗമഃ
ഭൗമേകാമവിരോധസ്യാൽശനൗകാമവിമൎദ്ദനം. 26

ലഗ്നാൽഅഞ്ചിൽ ഗുരു മിത്രപ്രീതി, സന്താനലാഭം,

ശുക്രൻ ധനലാഭം, പുത്രസിദ്ധി, ബുധൻ സ്വജ്ഞലാഭം, സൂര്യൻ സന്താനദുഃഖം, കുജൻ ഭാര്യാവിരഹം, ശനി കാമഭംഗം, ചന്ദ്രൻ കലഹം ഇത്യാദിഫലങ്ങൾ തരുന്നതാണു്.

ഷഷ്ഠസ്ഥാനഗതേ സൂര്യേ പൂജാനാമ്പദ്യതേ നൃപാൽ
ചന്ദ്രേ പുഷ്ടിഃ കുജേ പ്രാപ്തി സൗരൗ ശത്രുബലക്ഷയം 27
ഗുരോചാര്യാദയപ്രോക്തോ ഭൃഗൗ വിദ്യാഗമോ ഭവേൽ
മാനജ്ഞാനസ്യ കൗശല്യം നക്ഷത്രപതിനന്ദനെ 28

ലഗ്നാൽ ആറിൽ രവി രാജസ്നേഹത്തേയും ചന്ദ്രൻ അഭീഷ്ടസിദ്ധിയേയും കുജൻ ധനപ്രാപ്തിയേയും ശനി ശത്രുനാശത്തേയും ഗുരുപ്രീതിയേയും ശുക്രൻ വിദ്യയേയും സമ്പത്തിനേയും ബുധൻ കൗശലബുദ്ധിയേയും തരുന്നതാണു്.

ലഗ്നാൽ സപ്തമഗേ ജീവേ ബുധേ ദൈത്യപുരോഹിതേ
ഗജവാജീധരിത്രീണാം ക്രമാൽ ഭോഗം വിനിർദ്ദിശേൽ 29
ഭാസ്കരേ കീർത്തിഭംഗം സ്യാൽ കുജേ വിഗ്രഹമാദിശേൽ
ചന്ദ്രേ മന്ദേയുതേ മാന്ദ്യം ഹീനാംഗത്വം ഭയം തഥാ. 30

ലഗ്നാൽ ഏഴിൽ ഗുരു, ബുധൻ, ശുക്രൻ ഇവരിൽ ആരെങ്കിലും ഒരാൾ നിന്നാൽ നിപുണത, ഐശ്വര്യം ആദിത്യൻ കീർത്തിഭംഗം, കുജൻ മനോവികാരം ചന്ദ്രൻ ശനി അംഗഹീനം ദുഷ്പ്രവൃത്തി എന്നിവയെ തരുന്നതാണു്.

നിധനസ്ഥേ സഹസ്രാംശൗ ശത്രുതോ വിപദസ്സദാ
ഹാനി ശീതമയൂഖേ ച മംഗലേ രവിജേ ഭയം. 31
ബുധേ മാനധനപ്രാപ്തിഃ സുരേജ്യേ വിജയോ മഹൽ
ശുക്രേ സ്വജനതോ ദദ്യാൽ സുഖം പുംസാം വിശേഷതഃ

ലഗ്നാൽ എട്ടിൽ രവി ശത്രുവിനാൽ ഭയപ്പാടിനേയും ചന്ദ്രൻ ചൊവ്വാ ശനി ഇവർ എല്ലാവിധത്തിലുള്ള ഹാനിയേയും ഭയത്തേയും ബുധൻ സമ്പത്തിനേയും മാനത്തേയും ഗുരു വിജയത്തേയും ശുക്രൻ സ്വജനപ്രീതിയേയും തരുമെന്നു് വസിഷ്ഠപക്ഷം.

നവമസ്ഥാനഗേ ജീവേ ബുദ്ധിഭാഗ്യാദിവർദ്ധനം
ബുധേവിവിധഭോഗാപ്തിഃശുക്രേ മന്ദോദയോഭവേൽ. 33
ചന്ദ്രേ ധാതുക്ഷയം പ്രോക്തോ ധർമ്മഹാനിശ്ച ഭാസ്കരേ
കുജേ സാമർത്ഥ്യഹാനിസ്സ്യാദ്രവിജേ കാമദൂഷണം. 34

ലഗ്നാൽ ഒൻപതിൽ വ്യാഴം ബുദ്ധിവൈഭവത്തേയും സർവ്വാഭീഷ്ടത്തേയും ബുധൻ ഭോഗസുഖത്തേയും ശുക്രൻ ശനി ഇവർ ദയയേയും ചന്ദ്രൻ ധാതുക്ഷയത്തേയും രവി കർമ്മഹാനിയെയും കുജൻ അസാമർത്ഥ്യത്തെയും കാമഹാനിയെയും തരുന്നതാണ്.

ദശമസ്ഥാനഗേ ശുക്രേ ശയനാസനസിദ്ധയഃ
സുരാചാര്യേ മഹൽസൗഖ്യം വിജയശ്ചതഥാബുധേ. 35
മാർത്താണ്ഡേ ധനവൃദ്ധിശ്ച ചന്ദ്രേ കോശവിവർദ്ധനം
ഭൗമേ ബലം സദാ പുംസാം ശനൗ കീർത്തിവിലോപനം.

ലഗ്നാൽ പത്തിൽ ശുക്രൻ ശയനാദി സൗഖ്യവും വ്യാഴം സുഖത്തേയും ബുധൻ ജയത്തേയും രവി ധനസമ്പത്തിനേയും ചന്ദ്രൻ നിക്ഷേപസിദ്ധിയേയും ശനി കീർത്തിനാശത്തേയും അനുഭവിപ്പിക്കുന്നതാണ്.

ലാഭസ്ഥാനഗതേ സർവ്വേ പ്രനശ്ചന്തി ശുഭംഫലം
വ്യയേ സർവ്വാസദാദാസ്യം പ്രദിശന്തി വിശേഷതഃ 37

ലഗ്നാൽ പതിനൊന്നിൽ എല്ലാ ഗ്രഹങ്ങളും ഇഷ്ടഫലത്തെയും പന്ത്രണ്ടിൽ അതിനിന്ദ്യഫലത്തേയും തരുന്നതാണ്.

## ശിലാസ്ഥാപനയും കാലനിർണ്ണയവും.

ജീവാക്ക്വിച്ശുക്ര ശനൈശ്ചരാണാം
ലഗ്നാരിയാമിത്രസുഖ ത്രികേഷു

സ്ഥിതിഃ ശതംസ്യാച്ഛരദാം സിതാൎക്ക-
യിജ്യേ തനുതൃംഗസുതേശഗതേ ദേവ. 38

ലഗ്നത്തിൽ വ്യാഴം, ആറിൽ ആദിത്യൻ, ഏഴിൽ ബുധൻ, നാലിൽ ശുക്രൻ, മൂന്നിൽ ശനിനില്ക്കുന്നകാലം ശിലാസ്ഥാപനകൃത്യം നിർവഹിച്ചു പൂർത്തിയാക്കുന്ന ഗൃഹം ഐശ്വര്യസമൃദ്ധിയോടുകൂടി നൂറുകൊല്ലം നില നില്ക്കുന്നതാണു്.

ലഗ്നത്തിൽ ശുക്രൻ, മൂന്നിൽ ആദിത്യൻ, ആറിൽ കുജൻ, അഞ്ചിൽ വ്യാഴം നില്ക്കുന്ന കാലം ഗൃഹാരംഭം ചെയ്താൽ ആ ഗൃഹം ഇരുനൂറുകൊല്ലം ഐശ്വര്യാദിസമൃദ്ധിയോടുകൂടി നിലനില്ക്കുന്നതാണു്.

ലഗ്നാംബരായേഷു ഭൃഗുജ്ഞ ഭാനുഭിഃ
കേന്ദ്രേ ഗുരൌ വർഷശതായുരാലയം
ബന്ധോ ഗുരുർവ്യോമ്നി ശശീകുജാൎക്കജൌ
ലാഭത്തദാശീതി സമായുരാലയം. 39

ലഗ്നത്തിൽ ശുക്രനും, പത്തിൽ ബുധനും, പതിനൊന്നിൽ ആദിത്യനും, കേന്ദ്രത്തിൽ വ്യാഴവും നില്ക്കുന്ന സമയം ശിലാസ്ഥാപനം ചെയ്യുന്ന ഗൃഹം നൂറു കൊല്ലവും, നാലിൽ വ്യാഴവും, പത്തിൽ ചന്ദ്രനും, പതിനൊന്നിൽ കുജനും മന്ദനും നില്ക്കുന്ന സമയം ആരംഭിക്കുന്ന ഗൃഹം പൂൎത്തീകരിച്ചശേഷം എൺപതു കൊല്ലവും ഐശ്വൎയ്യത്തിൽ നിലനില്ക്കുന്നതാണു്.

സ്വോച്ചേ ശുക്രേ ലഗ്നഗേ വാ-
ഗുരൌ വേശ്മഗതേഥവാ
ശനൌ സ്വോച്ചേ ലാഭഗേ വാ
ലക്ഷ്മ്യാ യുക്തം ചിരം ഗൃഹം. 40

മീനത്തിൽശുക്രനും, കർക്കടകത്തിൽവ്യാഴവുംപതിനൊന്നിൽ ശനിയും നിൽക്കുന്നകാലം ശിലാസ്ഥാപനകൃ

ത്വം നിർവഹിക്കുന്ന ഗൃഹം ഐശ്വര്യാദി സമൃദ്ധിയിൽ ദീർഘകാലം നിലനില്ക്കുന്നതാണെന്നാണ് വിശ്വകർമ്മ വാക്യം.

ലഗ്നപുത്രരിപുവിക്രമസ്ഥിതാ
ശ്ശുക്രജീവശനി ഭാസ്കരാ യദാ
യത്ഥവാസ്തുവിനിവേശ്യതേ തദാ
തദ്ധി വത്സരശതദ്വയം സ്ഥിരം. 41

ലഗ്നത്തിൽ ശുക്രനും, അഞ്ചിൽ വ്യാഴവും, ആറിൽ ശനിയും, പത്തിൽ രവിയും നില്ക്കുന്നകാലം ആരംഭിക്കുന്ന ഗൃഹം ഇരുനൂറുകൊല്ലം ശ്രേയസ്കരമായി നിലനില്ക്കുന്നതാണ്.

തനുജലാസ്ത സഹോദരശത്രുഗാഃ
ഗുരുസിതേന്ദുജ മന്ദദിവാകരാഃ
യദി തദാ വിഹിതം ഭവനം സുധി-
ജ്ജഗതിതിഷ്ടതിതച്ഛരദാംശതം. 42

ലഗ്നത്തിൽ വ്യാഴവും, ശുക്രൻ നാലിലും, ബുധൻ ഏഴിലും, ശനി മൂന്നിലും, രവി ആറിലും നില്ക്കുന്ന സമയം ആരംഭിക്കുന്ന ഗൃഹം നൂറുകൊല്ലം സ്ഥിരമായി നിലനില്ക്കുന്നതാണ്.

വപുഷിസ്ഥിതേ സ്വഗൃഹതുംഗഗേ വിധൌ
ശ്രുതകണ്ടകേ ച സുരരാജപൂജിതേ
വിഹിതം ഗൃഹം ധനസമൃദ്ധി സംയുതം
നിരുപദ്രവം ഭുവി ചിരായ തിഷ്ടതി. 43

ഇടവമോ കർക്കടകമോ ലഗ്നമാകുകയും ലഗ്നത്തിൽ ചന്ദ്രൻ വരികയും വ്യാഴം കേന്ദ്രത്തിൽ വരികയും ചെയ്യുന്ന സമയം ഗൃഹാരംഭം ചെയ്താൽ ആ ഗൃഹം ധനസമൃദ്ധിയോടുകൂടി നിലനില്ക്കുന്നതാണ്.

## ശുഭയോഗങ്ങൾ

പുഷ്യധ്രുവേന്ദു ഹരിസപ്പ്ജലൈസജീവൈ-
സ്തദ്ദാസരേണ ച കൃതം സുതരാജ്യദം സ്യാൽ
ദ്വിശാശ്വതീതക്ഷ വസുപാ ശശിവൈ സശുക്രേ-
വ്വാരേ സിതസ്യ ച ഗൃഹം ധനധാന്യദം സ്യാൽ. 44

പൂയം, ഉത്രം, മകയിരം, ഓണം, ആയില്യം, പൂരാടം ഈ നക്ഷത്രങ്ങളിൽ ഒന്നിനോടു ചേൎന്ന് ഗുരുവാരം വരികയും വ്യാഴം കക്കടകത്തിൽ വരികയും ചെയ്യുന്ന സമയം ശിലാസ്ഥാപനകൃത്യം നിവ്വഹിച്ചാൽ ആ ഗൃഹം ദീർഘകാലം സൽപുത്രസന്താനത്താലും ഭൂമിലാഭത്താലും ഇരിക്കുന്നതാണ്.

വിശാഖം, അശ്വതി, ചിത്തിര, അവിട്ടം, ചതയം, ആതിര ഈ നക്ഷത്രങ്ങളിൽ ഒന്നിനോടു ചേൎന്ന ശുക്രവാരം വരികയും ഉച്ചരാശിയിൽ ശുക്രൻ വരികയും ചെയ്യുന്ന സമയം ഗൃഹാരംഭമുണ്ടായാൽ ധനപുത്രാദി മഹൽസൗഖ്യങ്ങളോടുകൂടി ദീർഘകാലം ആ ഗൃഹം നിലനില്ക്കുന്നതാണ്.

ശ്രാവണാഷാഢയോശ്ചൈവ
രോഹിണ്യാം ചോത്തരത്രയം
ഗുരുവാരേ കൃതം വേശ്മ
രാജയോഗമധോച്യതെ. 45

(വിശ്വകമ്മപ്രകാശിക)

വ്യാഴാഴ്ച്ചയോടുകൂടി ഓണമോ, ഉത്രാടമോ, രോഹിണിയോ, അത്തമോ, ചിത്തിരയോ യോജിച്ച ദിവസം ഇഷ്ടസ്ഥാനത്തു് ഗ്രഹസ്ഥിതികൾ വരുത്തി ചെയ്യുന്ന ഗൃഹം ധനസമൃദ്ധിയിൽ ദീർഘകാലം നിലനിൽക്കുന്നതാണ്.

അശ്വതീ ശതതാരാസുവിശാഖാ ഭാദ്രചിത്രകൈ
ധനിഷ്ഠാദിതിഭേശുക്രേ സംയുക്തേ ശുക്രവാസരേ. 64

തദേശ്മനിപ്രജാതസ്ത കുബേരസദൃശോ ഭവേൽ
തൽഗൃഹേജാതപുത്രസ്യരാജ്യംഭവതിനിശ്ചയം 47
(വാസ്തുരത്നാവലി.)

അശ്വതി, ചതയം, വിശാഖം, ഉത്രട്ടാതി, ചിത്തിര ഈ നക്ഷത്രങ്ങളിൽ ഒന്നിനോടുചേൎന്നു ശുക്രവാരം വരികയും ചെയ്യുന്ന ശുഭദിവസം ശുക്രൻ ബലവാനായി ലഗ്നത്തിൽ വരികയും ചെയ്യുന്ന രാശിയിൽ ആരംഭിക്കുന്ന ഗൃഹം ഐശ്വൎയ്യത്തിൽ നിലനില്ക്കുന്നതാണു്.

## അരിഷ്ടായോഗം.

ഭൂതാംബരേയദൈകോപിവരാംശസ്ഥോഗൃഹേശോഗൃഹം
അബ്ദാന്തഃപരഹസ്തസ്ഥംകൎയ്യാച്ചേദപൂൎണ്ണപോബലഃ 48
[മുഹൂൎത്ത ചിന്താമണി]

ഏകോപി നൂനം പരഭാഗവൎത്തിൎവ്വി-
യത്സമസ്തേ, ഖചരോബ്ധമദ്ധ്യേ
കരോതി ഗേഹം പരഹസ്തയാതം
സ്യാദ്ദുൎബലശ്ചേദിഹ വൎണ്ണനാഥഃ 49

ഗൃഹാരംഭത്തിനു സ്വീകരിക്കുന്ന ലഗ്നാധിപൻെറ ശത്രു ഏഴിലോ പത്തിലോ ബലവാനായി നില്ക്കുകയും ലഗ്നാധിപൻ ബലഹീനനാകുകയും ചെയ്താൽ ആ ഗൃഹം ഒരുകൊല്ലത്തിനുള്ളിൽ അന്യനു വില്ക്കപ്പെടും. ലഗ്നാധിപൻെറയും ശത്രുഗ്രഹത്തിൻെറയും ബലാബലംപോലെ പരഹസ്തകാലനിൎണ്ണയം ചെയ്തുകൊള്ളണം.

മൂലഞ്ച രേവതീ ചൈവ കാൎത്തികാ ച തഥൈവ ച
ഏതൽ ഭയമേന യുക്തേഷു വാരേ തസ്യേ വിനിൎമ്മിതം
അഗ്നിനാം ദഹ്യതേകൃത്സനം പുത്രനാശാശ്ചജായതേ. 50

മൂലമോ, രേവതിയോ, കാൎത്തികയോ യോജിച്ചുവരുന്ന കുജവാരത്തിൽ ഗൃഹാരംഭമുണ്ടായാൽ ആ ഗൃഹം അ

ഗ്നിയാൽ ദഹിക്കപ്പെട്ടുമെന്നും അല്ലെങ്കിൽ രോഗികളായി തീരുമെന്നും കാണുന്നു.

## കൂപഖനനസമയം

ക്രൂപേക്ഷഭാൽ മദ്ധ്യഗതൈസ്ത്രിഭിഃ ത്രിഭിഃ
സ്വാദൂദകം പൂർവദിശിസ്ത്രിഭിഃത്രിഭിഃ
ഖണ്ഡം ജലം സ്വാദുജലം ജലക്ഷയം
സ്വാദൂദകം ക്ഷാരജലം ശിലാജലം
ക്ഷാരംജലം മൃഷ്ടജലം ക്രമാൽഭവേൽ
ദ്വാസൂര്യഭാത്രി ത്രിമിതൈഃ ശുഭാശുഭം. 51

അക്ഷത്തുങ്കൽ നിന്നു മദ്ധ്യത്തിലും ദിക്കുവിദിക്കുകളിലുമായി ഒൻപതു് സ്ഥാനങ്ങളിൽ മുമ്മൂന്നു നക്ഷത്രങ്ങൾ വീതം ഇരുപത്തേഴ നക്ഷത്രം സ്ഥിതിചെയ്യുന്നു. ഏതുമാസത്തിൽ ഏതുദിവസം കൃപഖനനം ചെയ്യുന്നുവോ ആ ദിവസത്തെ അക്ഷം അറിഞ്ഞു് അന്നത്തെ ദിവസ നക്ഷത്രം വരെ എണ്ണിയാൽ 1-2-3 വരെ സ്വാദുജലവും 4-5-6 വരെ ഖണ്ഡജലവും 7-8-9 വരെ സ്വാദുജലവും 10-11-12 വരെ ജലക്ഷയവും 13-14-15 വരെ സ്വാദുജലവും 16-17-18 വരെ ക്ഷാരജലവും 19-20-21 വരെ ശിലാജലവും 22-23-24 വരെ ക്ഷാരജലവും 25-26-27 വരെ മൃഷ്ടജലവും ആകുന്നു.

അക്ഷത്തുങ്കൽനിന്നു (ആദിത്യൻ നിൽക്കുന്ന നക്ഷത്രം) സ്വാദുജലം ലഭിക്കുന്ന നക്ഷത്രത്തിൽ കിണറു് കുളം ഇവ കുഴിക്കേണ്ടതാണെന്നു സാരം:

ഇതി വാസ്തുകൗമുദി ഭാഷാവ്യാഖ്യാനം
തൃതീയോദ്ധ്യായഃ സമാപ്തം.

# ചതുൎത്ഥാദ്ധ്യായഃ പ്രാരംഭഃ

## ധ്വജാദിസ്പൎശനഫലം

പ്രാഗാദിദിക്ഷുമൂൎദ്ധ്നാദി-
ഷ്വംഗേഷ്വഷ്ടസ്വച സ്ഥിതാഃ
ധ്വജാദ്യാസ്തൽസ്പൎശനേന
ഫലമപ്യത്ര കഥ്യതെ. 1

ഒരുവന്റെ യഥാൎത്ഥഫലാഫലങ്ങൾ തല്ക്കാലമറിഞ്ഞു പറയുന്നതിന്നു ദൈവജ്ഞന്റെ (സ്ഥപതി ആചാരിയുടെ) ഏതൊരുദിക്കിൽനിന്നു ചോദിക്കുകയും അംഗങ്ങളിൽ സ്പൎശനംചെയ്കയും ചെയ്യുന്നതിൽനിന്നു സിദ്ധമാകുന്ന ധ്വജാദി എട്ടു യോനികൾകൊണ്ടു സാധിക്കും.

ധ്വജോ ധൂമശ്ച സിംഹശ്ച സാരമേയോ വൃഷഃ ഖരഃ
ദന്തീ കാകഃ ക്രമാൽദേതേ ദിശാസ്വൈന്ദ്ര്യാദിഷുസ്ഥിതാഃ

ധ്വജം കിഴക്ക്, ധൂമം അഗ്നിയിൽ, സിംഹം തെക്ക്, കുക്കുരം കന്നിയിൽ, വൃഷഭം പടിഞ്ഞാറ്, ഖരം വായുവിൽ, ഗജം വടക്ക്, വായസം ഈശാനകൽ ഇങ്ങനെ എട്ടു യോനികൾ സ്ഥിതിചെയ്യുന്നു.

മൂൎദ്ധ്നിധ്വജേ ഘ്രാണപുടേഷുധൂമ-
ശ്ചാസ്യേ ഹരിഃ ശ്രോത്രപുടേശ്ച സംജ്ഞഃ
കണ്ഠേവൃഷഃ പാണിയുഗേ ഖരശ്ച
ഗജശ്ച ഹൃദ്യംഘ്രിയുഗേ ച കാകഃ 3

ശിരസ്സിൽ ധ്വജവും ഘ്രാണത്തുങ്കൽ ധൂമവും മുഖത്തിൽ സിംഹവും ശ്രോത്രത്തിൽ കുക്കുരവും കണ്ഠത്തിൽ വൃഷഭവും പാണിയുഗത്തിൽ ഖരവും ഹൃത്തിൽ ഗജവും

പാദങ്ങളിൽ വായസവും ദൂതൻെറ സ്പർശനത്തിൽനിന്നു ലഭിക്കുന്നു.

ധ്വജസിംഹവൃഷേഭാനാം സ്പർശനേന ഫലംക്രമാൽ
ധനഗോയാനഭൂഷാണാം ലാഭഃ പ്രാശിശിതിഷ്വതഃ 4
(പ്രശ്നമാർഗ്ഗം)

ആരോഗ്യമർത്ഥലാഭഞ്ച പുത്രൈരൈശ്വര്യമേവച
ലഭതേ ശത്രുനാശഞ്ച ധ്വജതദ്ദർശനം നരഃ 5

ശില്പിവർയ്യന്റെ കിഴക്കുഭാഗം നില്ക്കുകയോ ശിരസ്സിൽ തൊടുകയോ ചെയ്താൽ ധ്വജയോനിയെന്നു ഗ്രഹിച്ചു് പൃഷ്ടാവിനു ധനാഗമനം പുത്രലാഭം ശത്രുനാശം ആരോഗ്യം എന്നിവ ലഭിക്കുന്ന കാലമെന്നു പറയണം.

രിപുനാശേന്ദിരാപുത്രാ സുഹല്ലാഭഃ ഫലംക്രമാൽ
സിംഹോക്ഷഗജകേതൂനാംസിംഹസ്തസ്യാദിദർശനേ. 6
നീരോഗത്വം പുത്രലാഭം മനഃപ്രീതി ധനാഗമം
ദ്വിജഭൂമിപാലസമ്മാനം ലഭതേ സിംഹദർശനാൽ. 7

തെക്കുഭാഗം നില്ക്കുകയോ, മുഖത്തിൽ സ്പർശനംചെയ്യുകയോചെയ്താൽസിംഹയോനിയെന്നുധരിച്ചുപൃഷ്ടാവിന്് അരോഗത, പുത്രലാഭം, മനഃപ്രീതി, സമ്പത്തു്, രാജസമ്മാനം എന്നിവ ലഭിക്കുന്ന കാലമെന്നു പറയണം.

വൃഷഭധ്വജസിംഹാനാം വൃഷസ്തസ്യാദിദർശനേ.
വൃഷവാഹനഭാർയ്യാപ്തി മിത്രാപ്തിശ്ച ഭവേൽക്രമാൽ. 8
സ്ത്രീലാഭം വസ്ത്രലാഭഞ്ച ധനലാഭം ഗൃഹേ ശുഭം
നിർദ്ദിശേദായുരാരോഗ്യം വൃഷതഃ ദർശനം നരഃ 9

പടിഞ്ഞാറു നില്ക്കുകയോ കണ്ഠത്തിൽ സ്പർശനം ചെയ്യുകയോ ചെയ്താൽ വൃഷഭയോനിയെന്നു ഗ്രഹിച്ചു് പൃഷ്ടാവിനു സ്ത്രീലാഭം ധനലാഭം കുടുംബത്തിനു് ഐശ്വര്യം ഇവ അനുഭവമാകുന്നു എന്നു പറയണം.

ദന്തീധ്വജംമൃഗേന്ദ്രോക്ഷ്ണാം ഗജസ്ഥസ്യാംഭിസ്പശ്നേ
ഗജഭ്രൂഷാ സുഹൃൽപുത്രലാഭഃ പൃഷ്ടഃ ക്രമാൽഭവേൽ. 10
സ്ത്രീഭോഗധനധാന്യാപ്തിം സുവിശേഷസുഹൃദപിതി
ഭ്രലാഭം രത്നലാഭഞ്ച ലഭതേ ഗജദർശനാൽ. 11

വടക്ക നില്ക്കുകയോ, ഹൃദയത്തിൽ സ്പശ്നംചെയ്യുകയോചെയ്താൽ സ്ത്രീസുഖംധനാഗമനംസുഹൃത്തുക്കളുടെ ആഗമനം ഈ അനുഭവമെന്നു പൃഷ്ടാവിനോടു പറയണം.

ധൂമസ്ഥിതസ്യധൂമാദി കോണസംസ്ഥാഭിസ്പർശനേ
മൃത്യുക്ലേശോഗ്രതാപായോഭൎത്തവ്യാപൽക്രമാൽ ഭവേൽ
മനോദുഃഖം മഹാവ്യാധി ശത്രുപീഡ നിരൎത്ഥദം [12
സ്ഥാനഭ്രംശം വിവാദഞ്ച ലഭതേ ധൂമദർശനാൽ. 13

അഗ്നികോണിൽ നില്ക്കുകയോ മൂക്കിൽ സ്പശ്നം ചെയ്യുകയോ ചെയ്താൽ മനോദുഃഖം, പീഡ, ശത്രുവൎദ്ധനവ്, സ്ഥാനഭ്രംശം എന്നീ ഫലങ്ങൾ പൃഷ്ടാവിനു അനുഭവമെന്നു പറയണം.

ശ്വാത്രൂഢസ്യതദദീനാം ചതുൎണ്ണാം സ്പർശനേഭവേൽ
വ്യാധിരാത്മജനാശഞ്ചനാനാവ്യാപൽസുഹൃൽമൃതിഃ 14
ക്ഷുല്പിപാസഭയഞ്ചൈവ സ്ഥാനനാശമരിഷ്ടദാ
ആയുൎന്നാശമതിക്ലേശം ലഭതേ ശ്വാനദർശനാൽ. 15

നിരൃതികോണിൽ നില്ക്കുകയോ, ചെവിയിന്മേൽ സ്പർശിക്കുകയോ ചെയ്താൽ ഹൃദയരോഗം, ഭയം, സ്ഥാനഭ്രംശം, ആയുസ്സിന് ഹാനി, മനോവ്യഥ എന്നീ ഫലങ്ങൾ പ്രഷ്ടാക്കൾ അനുഭവിക്കുന്നു എന്നു പറയണം.

വിഷാദിശമനംരോഗം സ്ഥാനനാശമരിഷ്ടദാ
അപമൃത്യുവിവാദഞ്ച ലഭതേ ഖാദർശനാൽ. 16
ഖരസ്ഥിതസ്യ തൽപൂൎവ്വം ചതുഷ്കസ്പർശനേഫലം
വിവാദോഗോഹതസ്ത്രസ്ത്രീഭംഗോഭാൎയ്യാഗദക്രമാൽ 17

ദൂതൻ വായുകോണിൽ നില്ക്കുകയോ, കൈകൾ, കാലുകൾ, മൂക്ക്, ചെവി എന്നീ സ്ഥാനങ്ങളിൽ സ്പർശനം ചെയ്കയോ ചെയ്താൽ വ്യവഹാരാദി വാതപ്രതിവാദം, പശുക്കൾക്കു നാശം, ആയുധാദികളാൽ മുറിവ്, ശരീരപീഡ, ഭാര്യാരോഗം ഇവ അനുഭവിക്കുന്ന കാലമെന്നു പറയണം.

കാകസ്ഥസ്യ ച കാകാദി കോണസ്പർശനതോ ഭവേൽ
ബന്ധുനാശോ വപുഃഭംഗോ മൃതി നീചാൽ സുതഃക്ഷയഃ
സ്ഥാനഭ്രംശം ബന്ധുനാശം ധനനാശം മഹൽഭയം
ജീവനാശം തഥാ ദുഃഖം ലഭതേ കാകദർശനാൽ. 19

ഈശകോണിൽ നില്ക്കുകയോ, കൈകൾ, പാദങ്ങൾ, മൂക്ക്, ചെവി എന്നീ അംഗങ്ങളിൽ എവിടെയെങ്കിലും സ്പർശനം ചെയ്യുകയോ ചെയ്താൽ ബന്ധുനാശം, അംഗഭംഗം, നീചർനിമിത്തമുള്ള അപവാദം ഇവ ഫലമാകുന്നു.

ധൂമശ്ചഖരകാകസ്പൃക്ക് ധ്വജസിംഹവൃഷേഭഗഃ
വിപരീതോഽഥവായായാദത്യന്തം ന ശുഭാശുഭം, 20

അഗ്നികോണിലോ, നിരൃതിയിലോ, കന്നിയിലോ, ഈശങ്കലോ, നില്ക്കുകയോ, ഇരിക്കുകയോ ചെയ്തു ശിരസ്സിലോ, മുഖത്തോ, കണ്ഠത്തിലോ, ഹൃദയത്തിലോ സ്പർശനം ചെയ്യുകയും, കിഴക്കോ, തെക്കോ, പടിഞ്ഞാറോ, വടക്കോ, നില്ക്കുകയോ, ഇരിക്കുകയോ ചെയ്തു മൂക്കോ, ചെവിയോ, കൈകളോ, പാദങ്ങളോ ഇവയിൽ എവിടെയെങ്കിലും സ്പർശനം ചെയ്യുകയോ ചെയ്താൽ പ്രസ്തുത ശുഭാശുഭഫലങ്ങൾ മദ്ധ്യമമെന്നു പറയണം.

കീൎത്തിശ്ശോകോ ജയോ വൈരം
ധനം നിർദ്ധനതാസുഖം
രോഗശ്ചേതി ഗൃഹാരംഭേ
ധ്വജാദീനാം ഫലം ക്രമാൽ. 21

ഉദ്ദേശസ്യാധൂമേശ്വാനികുലഹഃ ചപ-
ലതാഖരേഭവതി
ധ്വാംക്ഷേ കുലഹാനിസ്സ്യാൽ സവ്വവിധിക്ക്-
യോനിയസ്തതോനിന്ദ്യാഃ 22

ദൂതനിൽനിന്നു് ധ്വജയോനിസിദ്ധമായെങ്കിൽ കീൎത്തി, ധൂമയോനിയെങ്കിൽ ദുഃഖം, യാത്ര, സിംഹയോനിയെങ്കിൽ ജയം, കുക്കുരയോനിയെങ്കിൽ വൈരം, കലഹം, വൃഷഭയോനിയെങ്കിൽ ധനം, ഖരയോനിയെങ്കിൽ നിൎദ്ധനത, ചാപല്യം, ഗജയോനിയെങ്കിൽ സുഖം, വായസയോനിയെങ്കിൽ രോഗം, കുലഹാനി എന്നിങ്ങനെയുള്ള ശുഭാശുഭഫലങ്ങൾ അനുഭവിക്കുന്ന കാലമെന്നു പറയണം.

അൎക്കാര ജീവ ബുധ ശുക്ര ശനീന്ദുരാഹുഃ
പ്രാച്യാദിശി ക്രമവശാൽ ഗ്രഹചിന്തനീയം
പാപോദയാൽ രിപുവിരോധ സമസ്തഹാനിർ
ഭാഗ്യോദയാദിസകലാൎജ്ജിതസൽഗ്രഹാണാം. 23

കിഴക്കുംഭാഗം ദൂതൻനിന്നോ ഇരുന്നോ ചോദിച്ചാൽ ലഗ്നാധിപൻ ആദിത്യനും അഗ്നികോണിലായാൽ കുജനും തെക്കായാൽ വ്യാഴവും നിരൃതിയിലായാൽ ബുധനും, പടിഞ്ഞാറായാൽ ശുക്രനും, വായുവിലായാൽ ശനിയും, വടക്കായാൽ ചന്ദ്രനും, ഈശകോണിലായാൽ രാഹുവും എന്നുധരിച്ചു പാപോദയമെങ്കിൽ ശത്രുവിരോധാദി സമസ്തഹാനിയും ശുഭോദയമെങ്കിൽ ഭാഗ്യോദയത്തേയും പറയണം.

വാതശ്ശൂലാമയം ചോര ദുൎജ്ജനാദ്യോദയാൽ ശനിഃ
കുരുതേ മരണാൽഭീതിം ദുർഗ്രഹാണാം ച പീഡനം. 24

(വാസ്തുരത്നാവലി)

പാപഗ്രഹങ്ങളിൽ വച്ചു് ശനി വാതരോഗാദി മഹാദുഃഖത്തേയും ദുൎജ്ജനങ്ങളിൽ നിന്നുള്ള നാശത്തേയും ചോരഭയത്തേയും ഉണ്ടാക്കും.

സൗമ്യഗ്രഹാഃ ചന്ദ്ര ബുധ ബൃഹസ്പതി ശുക്രാഃ
ക്രൂരഗ്രഹാഃ സൂര്യ്യ മംഗല ശനി രാഹു കേതവ. 25

ചന്ദ്രൻ, ബുധൻ, വ്യാഴം ശുക്രൻ ഇവർ ശുഭഗ്രഹങ്ങളും കുജൻ, ശനി, സൂര്യ്യൻ, രാഹു, കേതു ഇവർ പാപഗ്രഹങ്ങളും ആകുന്നു.

പ്രശ്നാക്ഷരവും ഫലവും ലഗ്നവും.

പൃഷ്ടാ വാക്യാദിവർണ്ണേന ലഗ്നം സംഗ്രഹ്യ ചാമുനാ
വാച്യം ശുഭാശുഭം സർവ്വം തൽപ്രകാരോഥ കഥ്യതേ. 26

ഗൃഹാരംഭാവസരത്തിലോ പ്രശ്നകാലത്തിലോ ഒരുവൻെറ ശുഭാശുഭഫലം അറിയണമെന്നാഗ്രഹിക്കുന്ന അവസരത്തിലോ "പൃച്ഛാനിർഗ്ഗമാമഗ്ഗമന്ദിരഗതി" എന്നുള്ള സിദ്ധാന്തമനുസരിച്ചു പൃഷ്ടാവിൽനിന്നു ലഭിക്കുന്ന വാക്കുകളുടെ ആദ്യക്ഷരംകൊണ്ടും ലഗ്നമറിഞ്ഞും അന്നത്തെ ഗ്രഹസ്ഥിതികൾ വരുത്തി ഫലാഫലങ്ങൾ പറയേണ്ടതാണു്.

അക ചടതപയാവർഗ്ഗം രവി കുജ സിത
സൗമ്യജീവ സൗരാണാം
ചന്ദ്രസ്യ ച നിർദ്ദിഷ്ടാഃ പ്രശ്നേ
പ്രഥമോത്ഭവം വർണ്ണം 27

അകാരാദിപതിനാറുസ്വരാക്ഷരങ്ങളെക്കൊണ്ടു ചിങ്ങം ലഗ്നവും, ക-ഗ-ങ മേടവും, ഖ-ഘ വൃശ്ചികവും, ച-ജ-ഞ ഇടവവും, ഛ-ഝ തുലാവും, ട-ഡ-ണ മിഥുനവും, ഠ-ഢ കന്നിയും, ത-ദ-ന ധനുവും, ഥ-ധ മീനവും, പ-ബ-മ കുംഭവും, ഫ-ഭ മകരവും, യ-ര-ല-വ-ശ-ഷ-സ-ഹ-ള ഈ ഒൻപതക്ഷരങ്ങളും കർക്കടകവും എന്നുദ്ധരിച്ചു ലഗ്നമുണ്ടാക്കി അന്നത്തെ ഗ്രഹസ്ഥിതികൾ ആരാഞ്ഞു് ശുഭാശുഭഫലങ്ങൾ പറയേണ്ടതാണു്.

മൂർദ്ധാസ്യാഗ്ഗള സ്കന്ധ ഹൃദയോദര വസ്തി ഗുഹ്യാനി
ഊരുർജാനുർജംഘേ പാദൗ ഭാവാഃ ക്രമാദചിലഗ്നാദ്യാഃ 28

ദൂതൻ ദൈവജ്ഞന്റെ അടുത്തുവന്നു ശിരസ്സിൽതൊട്ടാൽ മേടവും, മുഖത്തിൽ ഇടവവും, കഴുത്തിൽമിഥുനവും സ്കന്ധത്തിൽ കൎക്കടകവും, ഹൃദയത്തിൽ ചിങ്ങവും, വയററിന്മേൽ കന്നിയും, നാഭിയിൽ തുലാവും, ഗുഹ്യസ്ഥാനത്തു വൃശ്ചികവും, തുടകളിൽധനുവും, മുട്ടുകളിൽ മകരവും, മുട്ടിന്നു താഴെ കുംഭവും, പാദങ്ങളിൽ മീനവും സ്ഥിതിചെയ്യുന്നു എന്നുധരിച്ചു തദ്വാരാ ലഗ്നം കല്പിച്ചുകൊള്ളണം.

പൃച്ഛകനിൽനിന്നു സിദ്ധമാകുന്ന രാശികളിൽ ഒന്നിനെ ആരൂഢമാക്കി (ലഗ്നമാക്കി) 'സ്വചരാശ്ചസവ്വേ' എന്നുള്ള ഹോരവാക്യമനുസരിച്ചു "മേടം ആട്ടുപോലെ" എന്ന് മേടം രാശിയുടെ സ്വചരമാകയാൽ മേടംരാശി ലഗ്നമായാൽ വൃക്ഷങ്ങൾ ഗൃഹസ്ഥാപനയ്ക്കു് മുറിക്കണമെന്നും, ഇടവമെങ്കിൽ ഗൃഹസ്ഥാനം കുന്നെന്നും അവിടം താഴ്ത്തേണമെന്നും ഉള്ള ന്യായപ്രകാരം എല്ലാ രാശികളുടെയും ഗ്രഹസ്ഥിതികളുടെയും ഫലങ്ങൾ അറിഞ്ഞും ശുഭാശുഭഫലങ്ങൾ നിശ്ചയിച്ചുകൊള്ളണം.

ലഗ്നാൽഉള്ള അനുഭവങ്ങൾകൊണ്ടും ഗ്രഹസ്ഥിതികൾകൊണ്ടും ധ്വജാദി യോനിഫലങ്ങൾകൊണ്ടും, തല്ക്കാലമുള്ള പൃച്ഛകൾകൊണ്ടും ഭൂതകാലത്തേയും തല്ക്കാലനിലയേയും വൎത്തമാനകാലത്തേയും ഓരോ ഫലാഫലങ്ങൾ പറഞ്ഞു് പൃച്ഛകരെ ധരിപ്പിച്ചു് അനിഷ്ടസൂചകമായാൽ ഗൃഹനിൎമ്മാണകൃത്യം മുതലായവ അനിഷ്ടമെന്നും ശുഭസൂചകമായാൽ ശുഭമെന്നും ഗ്രഹകൎത്താവായ പൃച്ഛകനെ ധരിപ്പിക്കേണ്ടതാണു്.

പുരയിടം കണ്ടതിനുശേഷമുള്ള ഫലാഫലം.

അംഗുഷ്ഠകേന കര്യാന്മദ്ധ്യാംഗുല്യഥവാ പ്രദേശിന്യാ-
കനകമണിരജതമുക്താദധിഫലകുസുമാക്ഷതൈശ്ചശുഭം
(വിശ്വകൎമ്മവിദ്യാപ്രകാശിക)

"വിപ്രസ്പൃഷ്ടപാശീർഷേ വക്ഷശ്ചക്ഷത്രിയോവിശശ്ചോരു
ശൂദ്രഃ പാദൌ സ്പൃഷ്ടപാകുർയ്യാദ്രേഖാം ഗൃഹാരംഭേ. 30

സ്ഥപതിആചാരി ഗൃഹകർത്താവിൻെറ പെരുവിരല്യകൊണ്ടോ മദ്ധ്യാംഗുലികൊണ്ടോ ശിരസ്സിലോ വക്ഷസ്സിലോ തുടയിലോ പാദങ്ങളിലോ ദൈവസങ്കല്പരൂപേണ തൊടീച്ചു ശിരസ്സ് ആദിയായി ബ്രാഹ്മണത്വം, ക്ഷത്രിയത്വം, വൈശ്യത്വം ശൂദ്രത്വം എന്നറിഞ്ഞു തദനന്തരം ഗൃഹസ്ഥാപനയ്ക്കുള്ള ഭൂമിയിൽ ഒരു രേഖ വരപ്പിക്കണം. ആ രേഖയുടെ പരിസരമോ രേഖയിലോ സ്വർണ്ണരേണുക്കളോ രത്നങ്ങളോ ചെമ്പോ കാകളോ പുഷ്പങ്ങളോ കണ്ടാൽ ശുഭസൂചകവും ആകുന്നു.

ശസ്ത്രേണ ശസ്ത്രമൃത്യുർബന്ധോ ലോഹേന ഭസ്മേനാഗ്നിഭയ
തസ്കരഭയം തൃണേന ച കാഷ്ഠോ ലിഖിതാ ച രാജഭയം
വക്രാ പാദാ ലിഖിതാ ശസ്ത്രഭയക്ലേശദാ വിരൂപാ ച
ചർമ്മാംഗാരാസ്ഥികൃതാ ദന്തേന ച കർത്തുരശുഭായഃ 32

പഴയതോ പുതിയതോ ആയ ആയുധസാധനങ്ങളിൽ ഏതൊരു ഭാഗമോ, അല്ല മുഴവൻ ഭാഗമോ കണ്ടാൽ ആയുധാൽ മൃതിപ്പെട്ടുമെന്നും, ലോഹദർശനം ബന്ധനവും, ഭസ്മദർശനം അഗ്നിഭയവും, പുല്ലു മുതലായവയെങ്കിൽ ചോരഭയവും, കരിക്കട്ട, ഉമി എന്നിവ കണ്ടാൽ രാജപീഢയും, രേഖവൃത്തമായാലും നാലിൽ ഒരു ഭാഗം തെളിയാതെയിരുന്നാലും ആയുധാദികളാൽ ഉള്ള ഭയം ഹേതുവായിട്ടു ക്ലേശവും, രേഖ വൈപരീത്യമായി തിരിഞ്ഞു എങ്കിൽ തമ്മിൽ വൈരവും, അനുഭവമാകുന്നു. രേഖ പ്രതിക്ഷണവശമായാൽ ഉത്തമവും ആകുന്നു. തൽസമയത്തുണ്ടാകുന്ന സൂര്യപ്രകാശം, കാററ് അപ്പോഴുള്ള ആഗമനം മുതലായവ ചിന്തിച്ചു ഫലം പറഞ്ഞുകൊള്ളണം.

സൂത്രച്ഛേദേമൃത്യുഃ കീലേ ച വാന്മഖേ മഹാരോഗഃ
ഗൃഹനാഥസ്ഥപതീനാം സ്മൃതിലോപേ മൃത്യുരാദേശ്യ. 33

സ്ഥാനനിൎണ്ണയത്തുങ്കൽ ചരടുപൊട്ടിയാൽ മൃത്യുവും സ്ഥാനകുററിയുടെ ചുവടു കിഴക്കോ, ഈശകോണിലോ, വടക്കോ, വായുകോണിലോ വന്നാൽ മഹാരോഗവും ഗൃഹകൎത്താവു് തദവസരത്തിലോ, ആദിയിലോ, ഗൃഹസ്ഥാനനിൎണ്ണയത്തിലോ മനസ്താപചിത്തനായി മിണ്ടാതെയിരുന്നാൽ മരണവും ഫലമെന്നു പറയണം. വയ്ക്കുന്ന കുററി ഏതൊരു രാശിയോ അതു ലഗ്നമാക്കി ആ ഭൂമിയുടെ പുരാതന സ്ഥിതികളും തല്ക്കാലനിലകളും വരാനിരിക്കുന്ന ഫലങ്ങളും പറഞ്ഞുകൊള്ളണം.

**കുററിലക്ഷണം.**

ആരംഭേ ഗൃഹനിൎമ്മിതാദിസമയേ
ശങ്കും നിധാപ്യാദരാൽ
ഭൂസ്പൎശോ മുഖമൂൎദ്ധപാൎശ്വനിധനം
സംതുഷ്ടി സൎവ്വപ്രദാ
ഈശാദ്യാ സുഖദഃ സുഖാന്തക മഹൽ
തല്ക്കാലഛേദ്യാന്മതം
പൂൎവ്വാഗ്രേരിതരേ ച കീലമശുഭം
രോഗപ്രദം സൎവ്വദാ. 33

സ്ഥാനകുററിയുടെ ചുവടു വിപരീതമായാൽ രോഗവും, വായവ്യാഗ്നിയായാൽ മരണവും, വടക്കു് അഗ്രവും തെക്കു ചുവടുമായാൽ കാലദീൎഘതയിൽ പര്യവസാനവും, കിഴക്കഗ്രവും പടിഞ്ഞാറു ചുവടുമായാൽ കാലതാമസംവിനാ പൎയ്യവസാനവും, കന്നിയിൽ ചുവടും ഈശകോണിൽ അഗ്രവും ആയാൽ സുഖവും ഫലമാകുന്നു. കുററിയുടെ വെട്ടുഭാഗമാകുന്ന മുഖം, മേല്പോട്ടെങ്കിൽ സൎവ്വപ്രകാരേണ സുഖവും ഇരുവശങ്ങളിൽ എങ്കിൽ സുഖവും കീഴ്പോട്ടെങ്കിൽ നിൎദ്ധനതയും അനുഭവമാകുന്നു. കുററി ഉണക്കമരമായാൽ അശുഭവും പാലുള്ളതായാൽ ശുഭവും പുന്നയായാൽ അത്യുത്തമവും ആകുന്നു.

### ഗ്രഹങ്ങളുടെ അവസ്ഥാഭേദം.

ബാല്യങ്ങൾ രണ്ടുനിലവിട്ടു കുമാരനായി-
പിന്നെ യുവാവധിപനായതിവൃദ്ധനായി
കാലാവലംബമൊട്ടുമിങ്ങനെയേഴഭാവ-
മെല്ലാംഗ്രഹങ്ങൾ നിലപോലെ വഹിച്ചിടുന്നു. 34

ഗ്രഹങ്ങൾ ഏത്തും സമക്ഷേത്രത്തിലായാൽ അതി ബാലനും ബന്ധുക്ഷേത്രത്തിൽ ബാലനും സ്വക്ഷേത്രത്തിൽ കുമാരനും മൂലത്രികോണത്തിൽ യുവാവും ഉച്ചത്തിൽ രാജാവും ശത്രുക്ഷേത്രത്തിൽ വൃദ്ധനും നീചക്ഷേത്രത്തിൽ മൃതനും ആകുന്നു. ഗ്രഹങ്ങളുടെ അവസ്ഥാഭേദമനുസരിച്ചുള്ള ഫലങ്ങൾ മാത്രമേ ഗ്രഹങ്ങൾ ഇഷ്ട സ്ഥാനത്തു നിന്നാലും തരികയുള്ളു.

### ഗ്രഹങ്ങളുടെ ദിക്സ്ഥിതി.

സൗമ്യൻമുതല്ക്കു ഗുരുവും നിജമായ ലഗ്ന-
മൊക്കെക്കിഴക്കു രവി പത്തു കുജൻ യമങ്കൽ
ഏഴും ശനിക്കുമപി നാലിനുമായ് ശശാങ്കൻ
ശുക്രൻ വടക്കു നിലപോലെ ഗമിച്ചിടുന്നു. 35

ബുധനേയും ഗുരുവേയും ലഗ്നാധിപനേയും കൊണ്ടു കിഴക്കേ ദിക്കിനേയും ആദിത്യനേയും കുജനേയും പത്താംഭാവത്തേയും കൊണ്ടു തെക്കേ ദിക്കിനേയും ശനിയേയും ഏഴാംഭാവത്തേയും കൊണ്ടു പടിഞ്ഞാറേ ദിക്കിനേയും ചന്ദ്രനേയും ശുക്രനേയും നാലാംഭാവത്തേയും കൊണ്ടു വടക്കേദിക്കിനേയും നിശ്ചയിക്കണം. ഈവിധം ദിക്കുകളറിഞ്ഞു് ഓരോ പ്രവൃത്തികളുടെ സ്ഥാനങ്ങൾ അറിഞ്ഞുകൊള്ളണം.

### ദീപലക്ഷണം.

സർവ്വപ്രശ്ലേഷു സർവ്വേഷു കർമ്മസ്വപി വിശേഷതഃ
പ്രാസാദേനൈവ ദീപസ്യ ഭവിഷ്യച്ഛുഭമാദിശേൽ. 36

എല്ലാ ശുഭകർമ്മങ്ങൾക്കും ആദ്യമായി ദീപം പ്രകാശിപ്പിക്കുക എന്നുള്ളതു് ആവശ്യമായ ഒന്നാകുന്നു. ദീപത്തിന്റെ ശുഭാശുഭത്വം ആരാഞ്ഞു പൃഷ്ടാക്കളുടെ ഗുണദോഷഫലം പറയാവുന്നതാണെന്നു് സിദ്ധന്മാരാൽ പറയപ്പെട്ടിരിക്കുന്നു.

വാമാവർത്തോ മലിനകിരണ-
സ്സസ്ഫുലിംഗോല്പമൂർത്തിഃ
ക്ഷിപ്രം നാശം വ്രജതി വിമല-
സ്നേഹവർത്ത്യാന്വിതോഽപി
ദീപഃ പാപം കഥയതി ഫലം
ശബ്ദവാൻ വേപനശ്ച
വ്യാകീർണ്ണാർച്ചിസ്സപുനരസകൃ-
ദ്യശ്ചനാശം പ്രയാന്തി. 47

ആയുസ്സിനെ നിർണ്ണയിക്കുന്നതിനുംമററുംദീപലക്ഷണങ്ങൾഉതകുന്നതാണു്.അതിന്റെമലിനതയുംഘനക്കുറവുംപൊരിച്ചിലുംഅഭാവവും മൃത്യുസൂചകങ്ങളാകുന്നു. ഒരുതരംപൊരിച്ചിലോടുകൂടിചിതറിക്കത്തുന്നതുംഅശുഭസൂചകങ്ങളാകുന്നു. ഒന്നിലധികം പ്രാവശ്യംകത്തിച്ചിട്ടുംവീണ്ടും കെടുന്നതു മഹാകഷ്ടമാകുന്നു. എണ്ണ, തിരി, ജ്വാല, പാത്രം മുതലായവയുടെ ഗുണാഗുണങ്ങൾ അനുസരിച്ചു ശരീരം ആത്മാവു് വീടു് ഇവയുടെ ഗുണദോഷാവസ്ഥകൾ യഥേഷ്ടം വിശദമായി ചിന്തിച്ചറിയാവുന്നതും ദീപം ഇടത്തുവശമായി ചുഴിയുന്നതു് അശുഭവും ആകുന്നു.

സ്നേഹോ യസ്യേഹ ദേഹോ ഭവതിതദ്ദരേ-
വർത്തിനീവർത്തിരാത്മാ
ജ്വാലാച്ഛായുസ്തുദീയേ വിമല മലിനതെ
സൗഖ്യദുഃഖ ക്രമേണ

പാത്രം ഗേഹം സമീരൌ മൃദുപരുഷഗുണൌ
ബന്ധുശത്രുസ്വത്വപൌ
പ്രഷ്ടാ പ്രായേണ വൃത്തം പിശുനയതി മഹാ-
ദേവതാത്മാ സദീപഃ 38

വിളക്കിലുള്ള എണ്ണകൊണ്ടു ദേഹത്തിൻെറ സ്ഥിതിഗതികളേയും തിരിയുടെ വലിപ്പച്ചെറുപ്പമനുസരിച്ച് ആത്മശക്തിയേയും ജ്വാലകൊണ്ടു് ആയുസ്സിനേയും മലിനതകൊണ്ടു് ദുഃഖത്തേയും വിമലതകൊണ്ടു് സുഖത്തേയും സൂചിപ്പിക്കുന്നു. എണ്ണയുടെ കൂട്ടതൽകുറവു പ്രഷ്ടാവിൻെറ ശരീരസ്ഥിതിയും തിരിയുടെ വലിപ്പച്ചെറുപ്പം ആത്മശക്തിയുടെ ഗുരുലഘുക്കളും ജ്വാലയുടെ പരിപൂർണ്ണത ആയുസ്സിന്റെ ദീർഘാസന്നതയും വായുവിൻെറ കൂട്ടതൽ കുറവു ശത്രുക്കളുടെ നീചാവസ്ഥകളേയും ഉളവാക്കുന്നു. ശില്പിവര്യൻ ശുഭപ്രവൃത്തികളുടെ പ്രാരംഭത്തുങ്കൽതന്നെ ദീപലക്ഷണം ആരാഞ്ഞു ഫലനിർദ്ദേശം ചെയ്യേണ്ടതാണു്.

ദീപസ്സംഹതി മൂർത്ത രായതതനുർ
ബീവേപഥുർ ദീപ്തിമാൻ
നിശ്ശബ്ദോ രുചിരപ്രദക്ഷിണഗതി
വൈഡൂര്യഹേമദ്യുതിഃ
ലക്ഷ്മീം ക്ഷിപ്രമഭിവ്യനക്തിരചിരാ-
ദ്യശ്ചോചരിഖോ ഭൃശ്യതേ
ശേശം ലക്ഷണമഗ്നിലക്ഷണസമം-
യോജ്യം തഥായുക്തിതഃ 39

ചിതറാതെ ചേർന്നുതടിച്ചുനീണ്ടുവിറയലും ശബ്ദവും കൂടാതെ ശുദ്ധതേജോമയമായി വലത്തുവശം ചുഴിഞ്ഞു വൈഡൂര്യരത്നത്തിൻേറയോ സ്വർണ്ണത്തിൻേറയോ ശോഭയ്ക്കു സമമായ നിറത്തോടുകൂടി മനോഹരമായി ജ്വലിക്കുന്നദീപം പ്രഷ്ടാവിനുമഹദൈശ്വര്യഫലമാകുന്നു. ഈവക

ഗുണങ്ങൾ ദേഹാത്മകമായ എണ്ണയുടെയും ആത്മസ്വരൂപമായതിരിയുടെയും വാസസ്ഥാനമായ തൽപാത്രത്തിൻെറയും ശുഭസമ്പൂൎണ്ണതകൊണ്ടും ശത്രുസ്വരൂപനായ കൊട്ടങ്കാററിൻെറ അഭാവംകൊണ്ടും മററും സിദ്ധിക്കേണ്ടതാണു്. യാതൊരു ദീപം മേല്പോട്ടു ദീപ്തമായി കാണപ്പെടുന്നുവോ അതു പ്രഷ്ടാവിനു ശുഭഫലത്തെ പ്രകാശിപ്പിക്കും.

### നാളികേരലക്ഷണം.

സ്നാത്വാ സ്ഥപതിരത്യന്തം ഗ-
ന്ധമാല്യാദ്യലംകൃതഃ
തന്ദേവമപി നിശ്ചിത്യ ഖണ്ഡ-
യേൽ കേരമർച്ചിതം. 40

സ്ഥപതി ആചാരി ഗൃഹാരംഭാദി ഗൃഹപ്രവേശനം വരെയുള്ള ഓരോ ശുഭകൎമ്മങ്ങൾക്കുമുള്ള വാസ്തുദേവതാപ്രീതിക്കുവേണ്ടിയും ഗൃഹകൎത്താവിൻെറ ഭൂതഭവിഷ്യദ്വൎത്തമാനഫലനിർദ്ദേശത്തിനുവേണ്ടിയും ചെയ്യുന്ന വാസ്തുപൂജാനന്തരം സ്നാനജപതപാദികളിൽ സംപ്രീതനായ സ്ഥപതി ആചാരി ഗൃഹകൎത്താവു തുടങ്ങിയുള്ളവരോട്ട് ആശീൎവ്വാദവുംവാങ്ങി പൂജിതമായ നാളികേരം ഖണ്ഡിച്ചു് ഇരുവശവുമായി നിലത്തുവച്ചു ജലം നിറച്ചു് അതിൽ പുഷ്പം ഇട്ടു രാശി നിർദ്ദേശിക്കണം.

പുഷ്പാദ്യൈഃപരിപൂജിതേഽഥവിധിനാ
കേരേതദാ ഖണ്ഡിതേ
തുല്യച്ഛേദയുതേ ച ശിഷ്ടവിഗതാ-
ന്തൎഭാഗകേ മംഗളം
സച്ഛിദ്രേ ഹൃദയാത്തിരീക്ഷണയുതേ
ഭിന്നേ തഥാ രോദനം
മൂൎദ്ധ്നാശില്പിരുജഞ്ച കൎമ്മണികരാൽ
ഭ്രഷ്ടേതുകഷ്ടംവിദുഃ 41

രണ്ടുമുറികളുംനിരപ്പായിരിക്കുകയോമുറിച്ചസമയം കഷണം അകത്തു വീഴുകയോ ചെയ്താൽ അതു് മംഗള ദ്യോതകമാകുന്നു. ചിന്നി ഉടയുകയാണെങ്കിൽ ഹൃദയ രോഗവും കണ്ണുകളിൽക്കൂടി ഭേദിച്ചുടഞ്ഞാൽ ദുഃഖവുംശി രോമദ്ധ്യമായി പൊട്ടിയാൽ മരണവും ശില്പികൾക്കു് ക ഷ്ടവും ഫലമാകുന്നു.

ഉന്നാഗ്രേ മേഷഭാഗേ ബഹുധനവിഭവ
സ്ത്രീവിനാശോ വൃഷേ ച
ക്ലൈണ്യംഗേഹസ്യഭ്രയോ ദൃഢമഥമിഥുനേ
കർക്കടേ ചോരതാപഃ
സംഹിഹേശിഷ്ടേനയുക്തേസ്യുരപി ച തനയാ
കന്യകൌന്നത്യഭാവേ
നൃങ്ഭ്രതേ ചാപി മീനേ സകല ശുഭമഥ-
സ്ത്ര്യാധിപത്യം തുലായാഃ 42
ശുകേ ഭ്രയാൽ പ്രവസോ ധനുഷി ധരണി-
നാഥസ്യ കോപഃകുരങ്ഗേ
സന്താപൈൗഘപ്രശാന്ത സ്തദനു തനുവിനാ-
ശം നിവേപവർണ്ണയന്തി
ഏവം നൃങ് ഭ്രതഭാവേ വ്രതതി ച വൃഷമേ-
ഷാന്തരേ യദ്യവശ്യം
വക്തവ്യം തത്ര ഗേഹേ മൃതിരതിവിബുധഃ
പ്രോക്തനാ നിർദ്ദിശന്തി. 43

മുറിയുടെ മേടംരാശി ഉയന്നിരിക്കുന്നു എങ്കിൽധന സമൃദ്ധിയും ഇടവംരാശിയെങ്കിൽ സ്ത്രീകൾക്കുനാശവുംമി ഥുനമെങ്കിൽ സ്ത്രീകൾമുഖാന്തിരം ക്ഷിദ്രവും കർക്കടകമെ ങ്കിൽ ചോരഭയവും ചിങ്ങമെങ്കിൽ സന്താനലാഭവും കന്നി ഉയൻ മീനം താഴ്ന്നു എങ്കിൽ ഐശ്വര്യാഭിവൃ ദ്ധിയും തുലാമെങ്കിൽസ്ത്രീനായകത്വവുംവൃശ്ചികമെങ്കിൽ അന്യദേശഗമനവും ധനുസ്സെങ്കിൽ കോപവും മകരമെ

ങ്കിൽ ഇഷ്ടസാദ്ധ്യവും കുംഭമെങ്കിൽ അനൎത്ഥവും മീനമെങ്കിൽ മരണവും സംഭവിക്കുന്നതാണു്. മേടം രാശിയുടെയും ഇടവം രാശിയുടെയും അന്തരം താഴ്ന്നിരുന്നാൽ നിശ്ചയമായും മരണം സംഭവിക്കുന്നതാണു്.

മേഷാദൗ ധന കലഹാനലപ്രകോപം
ശൗൎയ്യം വാ സമഗതി തൽസുതാൻ സുതാഞ്ച
കിഞ്ചാഹ്ലൎബ്ബഹുമതി മപ്യഹേശ്ച രാജ്ഞാം
പീഡാഞ്ചസ്സുഖദോപ്യനൎത്ഥമൃത്യുദം സ്യാൽ. 44

പൃഷ്ഠം മേടം രാശിയിൽ ചേൎന്നാൽ ധനലാഭവും ഇടവം കലഹവും മിഥുനം അഗ്നിഭയവും കൎക്കടകം ക്രോധവും ധനനാശവും ചിങ്ങം പുത്രലാഭവും കന്നി സ്ത്രീസന്താനലാഭവും തുലാം ബഹുമതിയും വൃശ്ചികം സൎപ്പപീഡയും ധനു രാജകോപവും മകരം സുഖവും കുംഭം അനൎത്ഥവും മീനം മരണവും ഉണ്ടാക്കും. എങ്കിലും തദവസരത്തിലെ ഗ്രഹസ്ഥിതികൾ അ്യരാഞ്ഞു് ഭാവഫലപ്രകാരവും ചിന്തിച്ചു് ഫലനിൎദ്ദേശം ഔചിത്യധീവരന്മാർ ചെയ്യേണ്ടതാണു്. എങ്കിലേ ഫലനിൎദ്ദേശം സൂക്ഷ്മമായി വരികയുള്ളൂ.

### താംബൂലലക്ഷണം.

താംബൂലൈഃ പ്രഷ്ടൃദത്തൈരപിഫലമഖിലം
തസ്യ വക്തവ്യമേവം
പ്രാരഭ്യോപൎയ്യ്യുഗസ്ഥാൽ ഗണനമിഹ പുനഃ
പൂൎവ്വമഹോംശയോ സ്യാൽ.
മ്ളാനി ക്ഷത്യാദ്യുപേതം തദയുതമപി യൽ
ഭാവസംബന്ധിപത്രാം
തസ്യ വ്യാധ്യാദ്യനിഷ്ടം ഭവതി ശുഭമപി
പ്രാപ്തസംവൎദ്ധനാദ്യം. 45

ഗൃഹകൎത്താവു സകല ശുഭകൎമ്മങ്ങൾക്കും കുറെ വെററില വിളക്കിൻെറമുൻഭാഗം വയ്ക്കുകയോ, അല്ലെങ്കിൽ കൎമ്മിക്കു ധനസമന്വിതം ദക്ഷിണ കൊടുക്കുകയോ വേണം. ആ വെററിലകൊണ്ടു ഗ്രഹം ചെയ്യിക്കുന്ന ആളിൻെറ സകലവിധ ഗുണദോഷഫലങ്ങളും പറയുന്നതിനു സാദ്ധ്യമാകും. ശുഭകൎമ്മം മദ്ധ്യാഹ്നത്തിനു മുൻപാകുന്നു എങ്കിൽ വെററിലയുടെകീഴ്ഭാഗത്തുനിന്നും, മദ്ധ്യാഹ്നം കഴിഞ്ഞാകുന്നു എങ്കിൽ മേൽഭാഗത്തുനിന്നും എണ്ണി വെററിലയുടെസംഖ്യകൾ അറിഞ്ഞു് അതിൽ ഒന്നാമത്തെ വെററില ലഗ്നമായും രണ്ടാമത്തെ വെററില രണ്ടാമടമെന്നും മൂന്നാമത്തെ വെററില മൂന്നാമടമെന്നുംഇങ്ങനെ ക്രമേണ പന്ത്രണ്ടു ഭാവം വരെ വെററിലയുടെ സംഖ്യാക്രമം അനുസരിച്ചു ധരിച്ചുകൊള്ളണം.

ഏതൊരു ഭാവത്തിൻെറ വെററില കീറുകയോ മുറിയുകയോ കേടുപിടിക്കുകയോവ്രണപ്പെടുകയോ ചെറുതാകയോ ചെയ്താൽതദനുസരണം ആ ഭാവത്തിനും ഹാനികൾ പറഞ്ഞുകൊള്ളണം. ഏതൊരു ഭാവത്തിൻെറ വെററില യാതൊരു കേടുമില്ലാതെയിരിക്കുന്നുവോ ആ ഭാവത്തിന് പുഷ്ടിയും പറഞ്ഞുകൊള്ളണം. ഈ താംബൂലലക്ഷണം സകല ശുഭകൎമ്മങ്ങൾക്കും ഉതകുന്നതാണ്.

താംബൂലസംഖ്യാംദ്വിഗുണാംശരഘ്നം
സൈകാംഹരേൽസപ്തഭിരത്രശിഷ്ടൈഃ
സൂൎയ്യാദികാനാമുദയോത്രകല്പ്യോ
ഗ്രഹോദയോയത്രസലഗ്നരാശിഃ

താംബൂലസംഖ്യ രണ്ടിൽ ഗുണിച്ചു(ഇരട്ടിച്ചു്)ആ ഗുണനസംഖ്യയെ വീണ്ടും അഞ്ചിൽ ഗുണിച്ചു് അതിൽ പ്രത്യേകാൽ ഒന്നുകൂടി ചേൎത്തു ഏഴിൽ ഹരിച്ചാൽ ഒന്നു ശേഷിച്ചാൽ ഉദയഗ്രഹം സൂൎയ്യനും രണ്ടു ശേഷിച്ചാൽ ചന്ദ്രനും മൂന്നു ശേഷിച്ചാൽ കുജനും നാലു ശേഷിച്ചാൽ

ബുധനും അഞ്ചു ശേഷിച്ചാൽ ഗുരുവും ആറു ശേഷിച്ചാൽ സിതനും ഏഴു ശേഷിച്ചാൽ മന്ദനും ആകുന്നു. ഇങ്ങനെ ഉദിച്ചിരിക്കുന്ന ഗ്രഹം ഏതൊരു രാശിയിൽ നില്ക്കുന്നുവോ അതും ലഗ്നമാക്കി പ്രഷ്ടാവിൻെറ സകല അനുഭവങ്ങളും പറഞ്ഞുകൊള്ളണം.

ദുഃഖായ ഭാനുരുദിതഃ സുഖകൃൽ ശശാംകഃ
പുഷ്ടഃ കുജഃ കലഹകൃദ്ധനദൌജ്ഞജീവൌ
ശുക്രോഖിലാഭിമതകൃന്മരണായ മന്ദോ
ലഗ്നാദിഭാവവിഹഗൈശ്ച വദേൽ ഫലാനി. 47

ഗുണിച്ചു ഹരിച്ചു് ശേഷിച്ചതിൽനിന്നുദിച്ചതു് സൂൎയ്യനാണെങ്കിൽ ദുഃഖവും ചന്ദ്രനാണെങ്കിൽ സുഖവും കുജനാണെങ്കിൽ കലഹവും ബുധനാണെങ്കിൽ ധനലാഭവും ഗുരുവാണെങ്കിൽ ഐശ്വൎയ്യപുഷ്ടിയും ശുക്രനാണെങ്കിൽ സകലാഭീഷ്ടസിദ്ധിയും മന്ദനാണെങ്കിൽ മരണവും ഫലമാകുന്നു. എങ്കിലും ഗ്രഹസ്ഥിതികൾ ആരാഞ്ഞും ഗ്രഹങ്ങളുടെ കാരകത്വം അറിഞ്ഞും പ്രത്യേകാൽ പറയേണ്ടതാണു്.

ഇതി വാസ്തുകൌമുദി ഭാഷാവ്യാഖ്യാനം.
ചതുൎത്ഥാദ്ധ്യായഃ സമാപ്തഃ

# പഞ്ചമോദ്ധ്യായഃ പ്രാരംഭഃ

## ജന്മനക്ഷത്രസ്വീകരണം.

★

നിമ്നോച്ഛേദന ഭ്രഷ്ഠുരസ്യ നിജ വി-
സ്താരേണ സത്തോമാക്തവൽ
നാമസ്യാദ്യനിയുക്തവർണ്ണസഹിതേ
ന സ്യാൽ ത്രിഭിഃ താരകാഃ
സജ്ജന്യാൻ ക്രമശോത്ഭവഞ്ച ജനിഭം
നിമ്നസ്ഥിതീനാംഭവേൽ
നക്ഷത്രേണ വിഭാജിതം പരിവൃതം
ശേഷാശ്ചതാരാഃ സ്മൃതഃ

ഭ്രമികളുടെതാഴ്ച്ചപൊക്കക്രമം അനുസരിച്ചും, വിസ്താര ദീർഘക്രമംഅനുസരിച്ചും,പേരിന്റെ ആദ്യക്ഷരമനുസരിച്ചും, മൂന്നുവിധം ഭ്രമികളുടെനക്ഷത്രം അറിയേണ്ടതാണ്.

താഴ്ചപൊക്കക്രമം അനുസരിച്ച നക്ഷത്രം അറിയേണ്ടതു് ഭ്രമികളുടെ കിഴക്കുവടക്കുഭാഗം പർജ്ജന്യപദം മുതൽ കാർത്തികയാദിയായ ഏഴു നക്ഷത്രവും തെക്കുഭാഗം ഏഴും പടിഞ്ഞാറുഭാഗം ഏഴും വടക്കുഭാഗം ഏഴും ഇങ്ങനെ അഭിജിത്തോടുകൂടി ഇരുപത്തെട്ടു് നക്ഷത്രം സ്ഥിതി ചെയ്യുന്നു.

പ്രകൃത്യാതാഴ്ച്ചപൊക്കക്രമം സിദ്ധമായ ഭ്രമികളിൽ എവിടെ താഴ്ച്ചയോ, ആ സ്ഥാനത്തു പ്രസ്തുത നിയമപ്രകാരം സ്ഥിതിചെയ്യുന്ന നക്ഷത്രം ആ ഭ്രമിയുടെ നക്ഷത്രമാകുന്നു. പ്രയത്നത്തിൽ വെട്ടിത്താഴ്ത്തിയ ഭ്രമികൾക്കു് അതു ശരിയല്ലെന്നുവന്നേക്കാം. എങ്കിലും പുരാതനത്വം ആരാഞ്ഞു ജന്മനക്ഷത്രം അറിയേണ്ടതാണ്.

പുരവയ്ക്കുണ്ട ഭൂമികൾ ചതുരശ്രപ്പെടുത്തിയോ നിയമപ്രകാരം ദീർഘം കൂട്ടിയോ വരുന്ന ചുററളവ് ഇരുപത്തേഴിൽ ഹരിച്ചു ശേഷിക്കുന്നതു കാർത്തികയാദിക്രമത്തിനുള്ള നക്ഷത്രം ആകുന്നു. ഇപ്രകാരം ഭൂമികളുടെ ജന്മഭംവരുത്തി ഗൃഹസ്ഥാനം നിശ്ചയിക്കുന്നതു് അത്യുത്തമമാകുന്നു.

അനലമുഖജന്മദാനാംക്ഷേത്രാണാംവാക്രമേണയോഗ്യാനി
പ്രാച്യാദീനിഗൃഹാണിത്യാഹു ഗർഗ്ഗദയോഃമുനിപ്രൌഢാ

ഗർഗ്ഗൻ മുതലായ മുനിശ്രേഷ്ഠന്മാർ ഭൂമികളുടെ ജന്മനക്ഷത്രം 'നക്ഷത്രേ കൃത്തികാസുച' എന്നുള്ള വിശ്വകർമ്മപക്ഷം അനുസരിച്ചു വാസ്തുപുരുഷൻെറ ജന്മതാരമാകുന്ന കാർത്തിക മുതൽ എണ്ണണമെന്നു സിദ്ധാന്തിക്കുന്നു. തദ്വാരാ കാർത്തികമുതൽ ഭൂമികളുടെജന്മനക്ഷത്രം സ്വീകരിച്ചുവരുന്നു. കിഴക്കു് ആദിയായ നാലുദിക്കു് ഗൃഹങ്ങൾക്കും മററുപഗൃഹങ്ങൾക്കുമെന്നു മനസ്സിലാക്കണം. മൂന്നു വിധമുള്ള നക്ഷത്രസ്വീകരണത്തിൽ പേരിൻെറ ആദ്യക്ഷരംകൊണ്ടുള്ള നക്ഷത്രം സ്വീകരിച്ചു മാത്രമാണു വൃദ്ധശില്പികൾ ഗൃഹാദി ഉപഗൃഹങ്ങൾക്കു് പൊരുത്തങ്ങൾ ചിന്തിച്ചുവരുന്നതു്. തദ്വാരാ ചിന്തിച്ചാൽ നാമത്തിന്റെ ആദികൊണ്ടുള്ള ജന്മനക്ഷത്രസ്വീകരണം ഉത്തമവും വിസ്താരദീർഘംകൊണ്ടുള്ള നക്ഷത്രസ്വീകരണം മദ്ധ്യമവും, താഴ്ച പൊക്കക്രമമനുസരിച്ചുള്ള നക്ഷത്രസ്വീകരണം അധമവും ആകുന്നു.

അവകഹഡാൻ മടപരതാൻനയബശജാനഥപഠന്തിഗ-
ഗദസചലാൻ പഞ്ചസ്വരസംഭേദാദേകൈക പഞ്ചധാ
ഭവേദ്വർണ്ണാഃ 3

അ-വ-ക-ഹ-ഡ-മ-ട-പ-ര-ത-ന-യ-ബ-ശ-ജ-ഗ ദ-സ-ച-ല ഈ ഇരുപതക്ഷരങ്ങളിൽ ഓരോന്നിനും അയ്യഞ്ചു സ്വരാക്ഷരങ്ങൾ ചേർത്താൽ നൂറക്ഷരം സിദ്ധിക്കുന്നതാണു്. ആ എന്ന അക്ഷരത്തിനു് സ്വരാക്ഷരം ചേർത്താൽ അ-ഇ-ഉ-എ-ഒ. വ-വി-വു-വെ-വൊ. ക-കി-കു-കെ-കൊ. ഇങ്ങനെ സ്വരാക്ഷരങ്ങൾ ചേർത്തു് നൂറക്ഷരമാക്കി കാർത്തിക ആദിയായി ജന്മഭം അറിയേണ്ടതാണു്.

ഏകൈകംനക്ഷത്രം ചതുശ്ചതുർഭിശ്ചതുർത്ഥമേകേന
വർഗ്ഗൈശ്ചതുർഭിരേതൈരനലാദിഭസപ്തകാനിചത്വാരി. 4
യുക്തൈഃ പഞ്ചഭിരോജൈഃ സ്വരൈരനോജാഃ സ്വരാ-
ശ്ചഗൃഹ്യാന്തേ
സ്പർശാക്ഷരാണിവർഗ്ഗേ പ്രഥമതൃതീയേദ്വിതീയതുര്യാണി.

കാർത്തിക തുടങ്ങി പ്രസ്തുത നൂറക്ഷരങ്ങളുടെ ആദിമുതൽ നാലക്ഷരങ്ങൾ ചേർത്തു് ക്രമേണ നക്ഷത്രം അറിയുകയും, "കുപുബുസുല്പദ്യാദിയത്തം ക്രമാൽ" എന്നുള്ള മൂലഗ്രന്ഥസിദ്ധാന്തമനുസരിച്ചും കു-പു-ബു-സു-എന്നീ നാലക്ഷരങ്ങൾക്കു് ക്രമേണ തിരുവാതിര, അത്തം, പൂരാടം, ഉത്തൃട്ടാതിയും മററു അഭിജിത്തോടുകൂടി ഇരുപത്തിനാലു നക്ഷത്രങ്ങൾക്കു് നാലക്ഷരംവീതവും ആകുമ്പോൾ പ്രസ്തുത ആറക്ഷരത്തിൽ ഇരുപത്തെട്ടു നക്ഷത്രവും അടങ്ങുന്നതാണു്.

അഞ്ചുവർഗ്ഗങ്ങളിൽവച്ചു് ഒന്നാമത്തതുകൊണ്ടു് രണ്ടാമത്തതും മൂന്നാമത്തതുകൊണ്ടു് നാലാമതും അനോജാക്ഷരംകൊണ്ടു സ്വരാക്ഷരവും സ്വീകരിക്കേണ്ടതാണു്.

## വർഗ്ഗങ്ങൾ

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| ക | — | ച | — | ട | — | ത | — | പ | | ഖരം |
| ഖ | — | ഛ | — | ഠ | — | ഥ | — | ഫ | | അതിഖരം |
| ഗ | — | ജ | — | ഡ | — | ദ | — | ബ | | മൃദു |
| ഘ | — | ഝ | — | ഢ | — | ധ | — | ഭ | | ഘോഷം |
| ങ | — | ഞ | — | ണ | — | ന | — | മ | | അനുനാസികം |

അ-ഇ-ഉ-ഏ-കാർത്തിക വെ-വൊ-ക-കി-മകയിരം
ആ-ഈ-ഊ-ഐ-കാർത്തികവൈ-വൗ-കാ-കീമകയിരം
ഒ-വ-വി-വു-രോഹിണി കു-ക്രു-തിരുവാതിര
ഔ-വാ-വീ-വൂ-രോഹിണി. ഈ വിധവും ക-യുടെ നക്ഷത്രമായ് ഖ-ായും ഗ-യുടെ നക്ഷത്രമായി ഘ-ായും ച-യുടെ നക്ഷത്രമായി ഛ-ായും ജ-യുടെ നക്ഷത്രമായി ഝ-ായും ട-യുടെ നക്ഷത്രമായി ഠ ായും ഡ-യുടെ നക്ഷത്രമായി ഢ-ായും ത-യുടെ നക്ഷത്രമായി ഥ-ായും ദ-ായുടെ നക്ഷത്രമായി ധ-ായും പ-ായുടെ നക്ഷത്രമായി ഫ-ായും ബയുടെ നക്ഷത്രമായി ഭ-ായും എന്ന് അറിഞ്ഞുകൊള്ളണം.

★

# നാമനക്ഷത്രം

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| അ | ഇ | ഉ | ഏ | കാർത്തിക | ന | നി | നു | നെ | അനിഴം |
| ഒ | വ | വി | വു | രോഹിണി | നൊ | യ | യി | യു | തൃക്കേട്ട |
| വെ | വോ | ക | കീ | മകയിരം | യെ | യൊ | ബ | ബി | മൂലം |
| കു | ൦ | ൦ | ൦ | തിരുവാതിര | ബു | ,, | ,, | ,, | പൂരാടം |
| കെ | കൊ | ഹ | ഹി | പുണർതം | ബെ | ബൊ | ശ | ശി | ഉത്രാടം |
| ഹു | ഹെ | ഹൊ | ഡ | പൂയം | ശു | ശെ | ശൊ | ജ | അഭിജിത്ത് |
| ഡി | ഡു | ഡെ | ഡോ | ആയില്യം | ജി | ജു | ജെ | ജൊ | ഓണം |
| മ | മി | മു | മെ | മകം | ഗ | ഗി | ഗു | ഗെ | അവിട്ടം |
| മൊ | ട | ടി | ടു | പൂരം | ഗൊ | ദ | ദി | ദു | ചതയം |
| ടെ | ടൊ | പ | പി | ഉത്രം | ദെ | ദൊ | സ | സി | പൂരുരുട്ടാതി |
| പു | ൦ | ൦ | ൦ | അത്തം | സു | ,, | ,, | ,, | ഉത്തൃട്ടാതി |
| പെ | പൊ | ര | രി | ചിത്തിര | സെ | സൊ | ച | ചി | രേവതി |
| രു | രെ | രൊ | ത | ചോതി | ചു | ചെ | ചൊ | ല | അശ്വതി |
| തി | തു | തെ | തൊ | വിശാഖം | ലി | ലു | ലെ | ലൊ | ഭരണി |

ബ്രഹദവകഹഡാചക്രമെന്ന ഗ്രന്ഥസിദ്ധാന്തമനുസ രിച്ചു ക-ഘ-ങ-ഛ ഈ അക്ഷരങ്ങൾക്കു തിരുവാതിര യും പ-ഷ-ണ-ഠ ഈ അക്ഷരങ്ങൾക്കു് അത്തവും എന്നു സിദ്ധാന്തിക്കുന്നു. അതും സ്വീകാര്യം തന്നെ എന്നു വി ചാരിക്കുവാൻ ന്യായമുണ്ടു്.

ഭത്താരം ഗൃഹകത്താരം നിശ്ചിത്യം വസതീം വധൂ
നാഡീക്രൂഡാദികം സവ്വം ദമ്പത്യോരിവ ചിന്തയേൽ. 6

ഗൃഹകത്താവിനെ ഭത്താവാക്കി ഗൃഹത്തെ സ്ത്രീയുമാക്കി ഗൃഹകത്താവിൻെറ നക്ഷത്രവും ഗൃഹാരൂഢനക്ഷത്രവും ആയി നാഡീക്രൂഡം മുതലായ പൊരുത്തങ്ങളാണു് നോക്കേണ്ടതെന്നു് ചില മുനിപ്രൗഢന്മാരുടെ സിദ്ധാന്തം.

ഗൃഹനിമ്മിതി ചെയ്യുന്ന ഭൂമിയുടെ ജന്മനക്ഷത്രം സ്ത്രീനക്ഷത്രമാക്കിയും ഗൃഹാരൂഢനക്ഷത്രം പുരുഷനക്ഷത്രമാക്കിയും വധൂവരന്മാരായി നിശ്ചയിച്ചു് നാഡീക്രൂഡം മുതലായ പൊരുത്തങ്ങൾ നോക്കണമെന്നു ചിലരുടെ പക്ഷം. വൃദ്ധശില്പികൾ ഭൂമി സ്ത്രീയാക്കിയും ഗൃഹാരൂഢം പുരുഷനാക്കിയുമാണു് പൊരുത്തങ്ങൾ നോക്കിവരുന്നതു്. ഗൃഹനായകനെ ഭത്താവാക്കിയും ഗൃഹത്തെ സ്ത്രീയാക്കിയും ഗൃഹത്തെ പുരുഷനാക്കിയും ഭൂമിയെ സ്ത്രീയാക്കിയും രണ്ടുപ്രകാരേണ പൊരുത്തങ്ങൾ ചിന്തിക്കുന്നതു് ഏററവും ഗൃഹാഭിവൃദ്ധിക്കും ധനാഭിവൃദ്ധിക്കും ഗോഭൂമ്യാദ്യാദി ലാഭത്തിനും ഉത്തമസന്താനോല്പത്തിക്കും ഏക കാരണമെന്നു തന്നെ തീച്ചപ്പെടുത്തുവാൻ പല ന്യായങ്ങളും ഉണ്ടു്.

ശ്രേഷ്ഠമായ നാഡീക്രൂഡപൊരുത്തം.

ജ്യേഷ്ഠാ രൗദ്രാര്യമാഭപതിഭയുഗയുഗം
ദാസ്രഭംചൈകനാഡീ
പുഷ്യേന്ദു ത്വഷ്ടമിത്രാന്തക വസു ജലഭം
യോനിബുദ്ധേ ച മദ്ധ്യാ

വായപഗ്നി വ്യാശവിശേപാഢ്യയുഗയുഗമഥോ
ഫൗഷ്ണഭംചാപരാസ്യാൽ
ദമ്പത്യോരേകനാഢ്യാംപരിണ്ണയനമസൽ
മദ്ധ്യനാഢ്യാംഹി മൃത്യുഃ 7

| ആദിനാഢി | മദ്ധ്യനാഢി | അന്ത്യനാഢി |
|---|---|---|
| അശ്വതി | ഭരണി | കാർത്തിക |
| തിരുവാതിര | മകയിരം | രോഹിണി |
| പുണർതം | പൂയം | ആയില്യം |
| ഉത്രം | പൂരം | മകം |
| അത്തം | ചിത്തിര | ചോതി |
| കേട്ട | അനിഴം | വിശാഖം |
| മൂലം | പൂരാടം | ഉത്രാടം |
| ചതയം | അവിട്ടം | ഓണം |
| പൂരുരുട്ടാതി | ഉത്തൃട്ടാതി | രേവതി |

ആദിനാഢിയിൽ തന്നെയോ, മദ്ധ്യനാഢിയിൽ തന്നെയോ, അന്ത്യ നാഢിയിൽ തന്നെയോ വധൂ വരന്മാരുടെ നക്ഷത്രം വന്നാൽ ഭർത്തൃമരണവും, വധൂവരന്മാരുടെ നക്ഷത്രം മദ്ധ്യനാഢിയിൽ വന്നാൽ ഭാര്യാനാശവും വധൂവരന്മാരുടെ നക്ഷത്രം അന്ത്യനാഢിയിൽ വന്നാൽ വധൂവരന്മാൎക്ക് ഒരുമിച്ചുള്ള ദുർമൃതികളും ഫലമാകുന്നു. ആകയാൽ സ്ത്രീപുരുഷന്മാരുടെ നക്ഷത്രം ഒരു നാഢിയിൽ വരാതെ ഭിന്നിപ്പിച്ചു നാഢീക്രൂഢ്മെന്ന പൊരുത്തം വരുത്തിക്കൊള്ളണം.

ഏകനാഢിസ്ഥ നക്ഷത്രേ ദമ്പത്യോമരണം ധ്രുവം
സേവായാഞ്ചേഭവേൽ ഹാനിവിവാഹേ പ്രാണനാശകഃ 8
ആദിനാഢിവരം ഹന്തി മദ്ധ്യനാഢി ച കന്യകാം
അന്ത്യനാഢ്യാം ദ്വയോമൃത്യുഃനാഢിദോഷംത്യജേദ്ബു
ഏകനക്ഷത്ര ജാതാനാംനാഢിദോഷോ നവിദ്യതെ [ധാഃ
അന്യർക്ഷപതിവോധേഷുവിവഹോ വജ്ജിതസ്സദാ 10

സ്ത്രീപുരുഷന്മാരുടെ നക്ഷത്രങ്ങൾ ഒന്നായാൽ നാഡീദോഷം ഉണ്ടാകുമെങ്കിലും അതു് വർജ്ജ്യമല്ലാത്തതും അന്യ നക്ഷത്രങ്ങളാൽ നാഡീദോഷം ഉണ്ടായാൽ മാത്രമേ വർജ്ജിക്കേണ്ടതുമുള്ളു. ആകയാൽ സ്ത്രീപുരുഷന്മാരുടെ നക്ഷത്രം ഒരു നാഡിയിൽ വരാതെ സൂക്ഷിച്ചു ഗൃഹനിർമ്മിതികൾക്കും വിവാഹത്തിനും പൊരുത്തം വരുത്തിക്കൊള്ളണം.

### മദ്ധ്യമരജ്ജുദോഷം.

ദസ്രാൽത്രികംത്രികം കൽപ്യം ത്ര്യംഗുലീഷു ക്രമാൽക്രമാൽ
ഏകാംഗുലിഗതേ വർജ്ജ്യം ദമ്പത്യോർ ജന്മതാരഭേ.
മദ്ധ്യാംഗുലിഗതേചൈവമൃതിവൈരാദികാദികെ
ശ്രേഷ്ഠമേവം ദമ്പതീനാം വർജ്ജ്യം സർവ്വവിവാഹ ച. 11

അശ്വതിമുതൽ ഓരോ നക്ഷത്രങ്ങൾ ക്രമേണ ഓരോ വിരലുകളിലായി മൂന്നുവിരലിന്മേൽ എണ്ണുകയും വിപരീതമായി വീണ്ടും എണ്ണിയാൽ സ്ത്രീപുരുഷന്മാരുടെ നക്ഷത്രം രണ്ടും നടുവിരലിന്മേൽ വന്നാൽ അതു മദ്ധ്യമരജ്ജുദോഷവും മൃതിപ്രദവും രണ്ടും മററിരുപാർശ്വങ്ങളിലുള്ള വിരലിന്മേൽ വന്നാൽ അതു വർജ്ജ്യവും ആകുന്നു. ഭരണി, മകയിരം, പൂയം, പൂരം, ചിത്തിര, അനിഴം, പൂരാടം, അവിട്ടം, ഉത്തൃട്ടാതി ഈ ഒൻപതു നക്ഷത്രങ്ങളിൽ സ്ത്രീപുരുഷന്മാരുടെ നക്ഷത്രം വന്നാൽ മദ്ധ്യരജ്ജുദോഷമുള്ളതുമാകുന്നു.

### ഗണപ്പൊരുത്തം.

അശ്വിനീമൃഗരേവത്യോ ഹസ്തപുഷ്യേ പുനർവ്വസു
അനുരാധാ ശ്രുതിസ്വാതി കഥിതോ ദേവതാഗണഃ
തിസ്രഃ പൂർവ്വാചോത്തരശ്ച തിസ്രോപ്യാർദ്രാചരോഹി
ഭരണീചമനുഷ്യാഖ്യാഗണശ്ചകഥിതോബുധൈഃ [ണി
കാർത്തികാ ച മഘാശ്ലേഷാ വിശാഖാ ശതതാരകാ
ചിത്രാജ്യേഷ്ഠാ ധനിഷ്ഠാ ച മൂലം രക്ഷോഗണഃസ്മൃതഃ 21

| മനുഷ്യ ഗണം | അസുര ഗണം | ദേവ ഗണം |
|---|---|---|
| ഭരണി | ചതയം | പുണർതം |
| പൂരം | മൂലം | പൂയം |
| പൂരാടം | ആയില്യം | ചോതി |
| പൂരുരുട്ടാതി | അവിട്ടം | രേവതി |
| ഉത്രം | ചിത്തിര | ഓണം |
| ഉത്തൃട്ടാതി | കാൎത്തിക | മകയിരം |
| ഉത്രാടം | മകം | അത്തം |
| തിരുവാതിര | വിശാഖം | അനിഴം |
| രോഹിണി | തൃക്കേട്ട | അശ്വതി |

സ്ത്രീപുരുഷന്മാരുടെ നക്ഷത്രം ഒരു ഗണമായാൽ അത്യുത്തമമാകുന്നു. സ്ത്രീ നക്ഷത്രം ദേവഗണവും പുരുഷനക്ഷത്രം മനുഷ്യഗണവുമായാൽ അശുഭവും ആകുന്നു.

ദേവഗണത്തിൽ ജനിച്ച പുരുഷനും മനുഷ്യഗണത്തിൽ ജനിച്ച സ്ത്രീയുമായാൽ ശുഭമാകുന്നു.

അസുരഗണത്തിൽ ജനിച്ച പുരുഷനും മനുഷ്യഗണത്തിൽ ജനിച്ച സ്ത്രീയുമായാൽ മദ്ധ്യമം ആകുന്നു.

മനുഷ്യഗണത്തിൽ ജനിച്ച പുരുഷനു ദേവഗണത്തിൽ ജനിച്ച സ്ത്രീയും അശുഭമെന്നു കരുതണം. അസുരഗണത്തിൽ സ്ത്രീകളെ വൎജ്ജിക്കേണ്ടതാണെങ്കിലും മററു പൊരുത്തങ്ങൾക്കു ശ്രേഷ്ഠതയുണ്ടെങ്കിലും ലഗ്നാൽ ഗ്രഹസ്ഥിതികൾ ശ്രേഷ്ഠമെങ്കിൽ മാത്രമേ സ്വീകരിക്കാവൂ.

സ്വഗണേ പരമാൽപ്രീതി മദ്ധ്യമം ദേവമൎത്ത്യയോഃ
മൎത്ത്യരാക്ഷസയോ മൃത്യുഃ കലഹോ ദേവരാക്ഷസൗ. 13

സ്ത്രീപുരുഷന്മാരുടെ ഗണം ഒന്നായാൽ പ്രീതിയും ദേവമനുഷ്യനായാൽ മദ്ധ്യമവും മനുഷ്യാസുരമായാൽ മരണവും ദേവാസുരമായാൽ കലഹവും ഇതരങ്ങളായാൽ ഉത്തമവും ആകുന്നു.

## യോനിപ്പൊരുത്തം.

പുസ്താരേപുരുഷസ്യജന്മവനിതാതാരേവധൂജന്മചേൽ
സമ്പൽസ്യാത്മഹതിദ്വയോൎവ്വതിഭേമദ്ധ്യം നൃപേദോഷദ
കഷ്ടാഃയോനിവിരുദ്ധതാഥപുരുഷാഃപുഷ്യത്രയാശ്വന്തകാ
ജ്യേഷ്ഠാഃ പഞ്ചമരുദ്വിപാൎദ്ധ്രഭഗാസ്താരാഃപരായോഷിതഃ

പൂയം, ആയില്യം, മകം, അശ്വതി, ഭരണി, തൃ
ക്കേട്ട, മൂലം, പൂരാടം, ഉത്രാടം, ഓണം, ചോതി, വിശാ
ഖം, പൂരുരുട്ടാതി, ഉത്രം ഈ പതിന്നാലുനക്ഷത്രങ്ങൾ
പുരുഷനക്ഷത്രങ്ങളും മററന്യമായ പതിമൂന്നുനക്ഷത്രങ്ങൾ
സ്ത്രീനക്ഷത്രങ്ങളും ആകുന്നു.

പുരുഷയോനിയിൽപ്പെട്ട നക്ഷത്രങ്ങൾ പുരുഷനും
സ്ത്രീയോനിയിൽപെട്ടനക്ഷത്രത്തിൽസ്ത്രീയുമെങ്കിൽയോ
നികൾക്ക് ഐക്യവുംഅതിശ്രേഷ്ഠവും സ്ത്രീപുരുഷന്മാരു
ടെനക്ഷത്രംരണ്ടുംപുരുഷയോനിയിൽപെട്ടതെങ്കിൽഅധ
മവും സ്ത്രീയോനിയിൽപെട്ടതെങ്കിൽ മദ്ധ്യമവും സ്ത്രീന
ക്ഷത്രംപുരുഷയോനിയിൽപെട്ടതും പുരുഷനക്ഷത്രം സ്ത്രീ
യോനിയിൽപെട്ടതുമായാൽ അതികഷ്ടവും ആകുന്നു.

## രാശിപ്പൊരുത്തം.

കന്യാജന്മാൎക്ഷതോദ്വിത്രി വേദബാണാംഗരാശിജഃ
വൎജ്ജ്യാഗ്രാഹ്യോവരോ ഭിന്നനക്ഷത്രശ്ചൈകരാശിജഃ 15

സ്ത്രീനക്ഷത്രരാശിമുതൽ പുരുഷനക്ഷത്രരാശിവരെ
എണ്ണിയാൽ"ദ്വിദ്വാദശകേമൃത്യുഃ"എന്നുക്രൂടി കാണുന്ന
തിനാൽരണ്ടാംക്രൂറവന്നാൽ മൃത്യുവും"ത്രിയമേകാദശംദുഃ
ഖം"എന്നുക്രൂടി കാണുന്നതിനാൽമൂന്നാംക്രൂർ വന്നാൽ ദുഃ
ഖവും നാലാംക്രൂറ വന്നാൽ അതിക്ലേശവും "പഞ്ചമനവ
കം വൈധവ്യം" എന്നുക്രൂടി കാണുന്നതിനാൽ അഞ്ചാം
ക്രൂറവന്നാൽ വൈധവ്യവും "ഷഷ്ഠാഷ്ടമംപുത്രനാശം"എ

ന്നക്രൂടി കാണുന്നതിനാൽ ആറാംക്രൂരവന്നാൽ പുത്രനാശ
വും ഫലമാകുന്നു. ആകയാൽ സ്ത്രീനക്ഷത്രരാശി മുതൽ
പുരുഷനക്ഷത്രരാശിവരെ എണ്ണിയാൽ രണ്ടാംക്രൂരം മൂ
ന്നാംക്രൂരം നാലാംക്രൂരം അഞ്ചാംക്രൂരം ആറാംക്രൂരംവ
ർജ്ജ്യവും മററു ക്രൂരകൾ ശ്രേഷ്ഠവുമാകുന്നു.

### ജാതിപ്പൊരുത്തം.

വിപ്രാ മീന കുളീര വൃശ്ചിക ഗ്രഹാ
സിംഹാജ ചാപാ നൃപാ
വൈശ്യാ ഗോ മൃഗ കന്യകാ ഘടതുലാ
യുഗ്മാലയാഃ ശൂദ്രജാഃ
ദമ്പത്യോശ്ശുഭദൈകജാതിരശുഭാഃ
ശേഷം തു ജാതിസ്ത്രീയാ
ഹീനാചേദഥ മദ്ധ്യമാ പരിണയേ
പുംജാതി രാശിസ്ത്രിയോഃ 16

മീനം, കക്കടകം, വൃശ്ചികം ഇവ വിപ്രരാശികളും, ചിങ്ങം, മേടം, ധനു ഇവ ക്ഷത്രിയരാശികളും ഇടവം, മകരം, കന്നി ഇവ വൈശ്യരാശികളും കുംഭം, തുലാം മിഥുനം ഇവ ശൂദ്രരാശികളും ആകുന്നു. സ്ത്രീപുരുഷന്മാരുടെ ജാതികളൊന്നാണെങ്കിൽ ശുഭവും സ്ത്രീജാതിക്കു ശ്രേഷ്ഠതയില്ലെങ്കിൽ അതു് അശുഭവും പുരുഷജാതിക്കു് ശ്രേഷ്ഠതയെങ്കിൽ അതിശുഭദവുമാകുന്നു.

വർണ്ണശ്രേഷ്ഠന്തു നാരീണാം
വർണ്ണഹീനന്തു തൽപുമാൻ
യസ്യ കന്യ വിവാഹേന
തസ്യ ഭർത്താ നശിച്ചുപോ. 17

ക്രമാൽ ദ്വിജോ ക്ഷത്രിയ വൈശ്യ ശൂദ്ര
വർണ്ണാനുലോമ പ്രതിലോമജശ്ച
ളാക്ഷാണി ദസ്താഭ്രദ്രതീന ഷൾഷൾ-
ഭദ്രത്രയം വിപ്ര നരേന്ദ്ര വൈശ്യ. 18

ഭൂമികളുടെ നക്ഷത്രമറിഞ്ഞു ജാതികൾ അറിയുന്നതിന് അശ്വതി മുതൽ ആറുനക്ഷത്രം ബ്രാഹ്മണജാതിയും പുണർതം മുതൽ ആറുനക്ഷത്രം ക്ഷത്രിയജാതിയും അത്തം മുതൽ ആറുനക്ഷത്രം വൈശ്യജാതിയും മൂലം മുതൽ ആറു നക്ഷത്രം ശൂദ്രജാതിയും പൂരുരുട്ടാതി ബ്രാഹ്മണജാതിയും ഉത്തൃട്ടാതി ക്ഷത്രിയജാതിയും രേവതി വൈശ്യജാതിയും ആകുന്നു. വർണ്ണശ്രേഷ്ഠത സ്ത്രീയ്ക്കായാൽ ഭർത്തൃനാശവും പുരുഷനായാൽ അതിസുഖവും അനുഭവമാകുന്നു. ഗൃഹത്തെ ഭർത്താവാക്കി ആരൂഢപരിവൃതരാശിയിൽ ജാതിനിർണ്ണയം ചെയ്യും ഭൂമികളുടെ പേരുകളിൽനിന്നുണ്ടാകുന്ന ആദ്യക്ഷരത്തിൽനിന്നുലഭിക്കുന്നനക്ഷത്രത്തിൽനിന്നു തദ്വാരാ ലഭിക്കുന്ന ജാതിയുമായി ജാതിപ്പൊരുത്തം നിശ്ചയിച്ചുകൊള്ളണം.

പ്രസ്തുത ജാതിപ്പൊരുത്തത്തെപ്പററി ഈ വിധവും മൂലം കാണുന്നുണ്ട്.

സംയോഗോ വരയോഷിതോരതിശുഭം
സ്യാദേകജാതീതയോഃ
ശ്രേഷ്ഠാചോത്തമജാതിയോ യദി പുമാൻ
സ്ത്രീഹീനജാത്യുത്ഭവം
കഷ്ടാന്താദ്വിപരീതതാ യദി ഭവേൽ
മദ്ധ്യാനുലോമോത്ഭവേ
സ്ത്രീപുംസൈഃ പ്രതിലോമജൈശ്ച ന ശുഭോ
വർണ്ണോത്ഭവാനാം ക്വചിൽ. 19

**മഹേന്ദ്രപ്പൊരുത്തം.**


**സ്ത്രീഭംയൽഖരഭാന്തമേവഗണയേൽ മാഹേന്ദ്രവർഗ്ഗോത്തമം**
**വേദാസപ്തമദിക്ക്ത്രയോദശരസക്ഷോണീനിധിക്ഷോണയഃ**
**ദ്വ്യങ്നേത്രേശരലോചനേപരിണയേഹ്യഷ്ടൗസുപുത്രപ്രദാഃ**
**ദമ്പത്യോരിതരേസദാകലഹദാവർഗ്ഗേഷുമുഖ്യസ്ത്വയം.** 20

സ്ത്രീയുടെ ജന്മനക്ഷത്രം മുതൽ പുരുഷന്റെ ജന്മനക്ഷത്രം വരെ എണ്ണിയാൽ 4-7-10-13-6-19-22-5-2 ഈ സംഖ്യകൾ വന്നാൽ മഹേന്ദ്രപ്പൊരുത്തമാകുന്നു. ഈ മഹേന്ദ്രപ്പൊരുത്തം പൊരുത്തങ്ങളിൽ വച്ചു ശ്രേഷ്ഠവും സുപുത്രപ്രദവും സമ്പൽ പ്രദവും ആകുന്നു. ഇതര സംഖ്യകൾ കലഹപ്രദവും ആകുന്നു.

## വേധം.

ലിംഗാകാരേത്രയാകുര്യാൽ ചതുർരേഖാഭിലിഖ്യതെ
പാദരജ്ജുപ്രയാണാഞ്ച ഊരുരജ്ജുധനക്ഷയം. 21
ഉദരം പുത്രഹാനിസ്യാൽ കണ്ഠംപതിവിനാശനം
ദമ്പത്യോമരണംചൈവ ശിരോരജ്ജുശ്ച ജായതെ. 22

## ശിരസ്സ്.




അശ്വതി മുതൽ

അശ്വതി മുതൽ ക്രമത്താലെ പ്രസ്തുത രീതിയിൽ എണ്ണിയാൽ സ്ത്രീപുരുഷന്മാരുടെ നക്ഷത്രം അടിയിലുള്ള പാദങ്ങളിൽ വന്നാൽ ഭാര്യാഭർത്തൃ വിരഹം ഫലമാകുന്നു.

രണ്ടാമത്തെ രേഖയായ ഊരുവിൽ വന്നാൽ ധനക്ഷയവും ദാരിദ്ര്യവും ഫലമാകുന്നു.

മൂന്നാമത്തെ രേഖയായ ഉദരത്തിലെങ്കിൽ പുത്രഹാനിയും ഫലമാകുന്നു.

നാലാമത്തെ രേഖയായ കണ്ഠത്തിലെങ്കിൽ ഭർത്തൃനാശം ഫലമാകുന്നു.

ശിരസ്സുകളിൽ എങ്കിൽ മരണാവും ഫലമാകുന്നു.

ആകയാൽ അശ്വതി മുതൽ എണ്ണിയാൽ സ്ത്രീപുരുഷന്മാരുടെ നക്ഷത്രം ഒരു രേഖയിൽ വരാതെ സൂക്ഷിച്ചുകൊള്ളണം.

## സ്ത്രീ ദീർഘപ്പൊരുത്തം.

ഗണയേൽ സ്ത്രീജന്മർക്ഷാൽജന്മർക്ഷാന്തം വരസ്യ
സാഖ്യത്ര
പഞ്ചദശാഭ്യധികംചേൽസ്ത്രീദിർഘാഖ്യംഭവേൽശ്ശുഭദം

സ്ത്രീനക്ഷത്രം മുതൽ പുരുഷനക്ഷത്രംവരെ എണ്ണിയാൽ പതിനഞ്ചിൽ അധികരിച്ചുവന്നാൽ സ്ത്രീദീർഘപ്പൊരുത്തമാകുന്നു. അതു സമ്പത്തിനേയും ഐശ്വര്യത്തേയും തരുന്നതാണ്.

## ഗ്രഹമിത്രപ്പൊരുത്തം.

സൂര്യ്യസ്യാര്യ്യകുജേന്ദുവശ്ച സുഹൃദഃ
ശത്രുസ്സിതാർക്കീവിധോഃ
സൂര്യ്യജ്ഞൌസുഹൃദൌനശത്രുരവനീ
പുത്രസ്യമിത്രാണിതേ 23
അർക്കാര്യ്യേന്ദവഇന്ദുജോപ്യഹിതകൃൽ
ജ്ഞാസ്യാർക്കശ്ശുക്രൌഹിതൌ
ചന്ദ്രോരിസ്സുഹൃദൌഗുരോഃകുജശശീ
ബ്രദ്ധ്നാസ്സിതജ്ഞൌരിപു. 24
സൌമ്യാർക്കീസുഹൃദൌഭൃഗൌശശിരവീ
ശത്രുർഭൃഗുജ്ഞൌഹിതൌ
മന്ദസ്യാരരവീന്ദവശ്ചരിപവോ
സക്താഃക്രമാന്മദ്ധ്യമാഃ

ദാമ്പത്യോൎദ്വിജന്മരാശ്യധിപയോ-
രേകാധിപത്യേശ്ശുഭോ
മൈത്രേവാ സമയോ സമസ്തഹിതയോ
വൎഗ്ഗാസ്തയോ മൃത്യുകൃൽ. 25
ദ്വിദ്വാദശം വാ നവപഞ്ചമം വാ
ഷഷ്ഠാഷ്ടമം മാനുഷരാക്ഷസം വാ
ഏകാധിപത്യം ഭവനേ ച കാൎയ്യം
ഗൃഹേ പൊരുത്തസ്യതുമംഗലാനാം. 26

ഗുരു, കുജൻ, ചന്ദ്രൻ ഇവർ ആദിത്യനു ബന്ധുഗ്രഹങ്ങളാകുന്നു. ശുക്രൻ, ശനി ഇവർ ശത്രുക്കളും, ബുധൻ നിരുപദ്രവിയും ആകുന്നു. സൂൎയ്യൻ, ബുധൻ ഇവർ ചന്ദ്രനു ബന്ധുക്കളും മററുള്ളവരിൽ മന്ദൻ, ഗുരു, ശുക്രൻ, ഭൗമൻ ഇവർ സമന്മാരും ആകുന്നു. ചന്ദ്രൻ, ആദിത്യൻ, ഗുരു ഇവർ കുജനു് ബന്ധുക്കളും ബുധൻ ശത്രുവും ശുക്രൻ, ശനി തുല്യവാന്മാരും ആകുന്നു. ശുക്രൻ, രവി ബുധനു് ബന്ധുക്കളും ചന്ദ്രൻ ശത്രുവും കുജൻ, ഗുരു, ശനി ഇവർ തുല്യവാന്മാരും ആകുന്നു. ചന്ദ്രനും, ആദിത്യനും, കുജനും വ്യാഴത്തിനു് ബന്ധുക്കളും ശുക്രൻ, ബുധൻ ഇവർ ശത്രുക്കളും ശനി സമനും ആകുന്നു. ബുധനും, ശനിയും ശുക്രനു് ബന്ധുക്കളും ചന്ദ്രൻ, രവി ശത്രുക്കളും ഗുരു, കുജൻ തുല്യവാന്മാരും ആകുന്നു; ശുക്രൻ, ബുധൻ ശനിക്കു് ബന്ധുക്കളും കുജൻ, രവി, ചന്ദ്രൻ ഗുരു ഇവർ ശത്രുക്കളും ശനി സമനും ആകുന്നു.

സ്ത്രീപുരുഷന്മാരുടെ നക്ഷത്രാൽ സിദ്ധമാകുന്ന രാശ്യാധിപന്മാർ തമ്മിൽ ബന്ധുക്കളോ, സമന്മാരോ ആയിരുന്നാൽ മററതെല്ലാം പൊരുത്തങ്ങൾ അനിഷ്ടമായാലും ഈ ഗ്രഹമിത്രപ്പൊരുത്തം ഒന്നുമാത്രം ഉണ്ടായിരുന്നാൽ മതിയെന്നാണു് സകലാചാൎയ്യന്മാരുടെയും സിദ്ധാന്തം. ശത്രുഭാവമായാൽ കലഹം, ധനനാശം, പുത്രനാശം കുടുംബദരിദ്രം എന്നിവ ഫലങ്ങളാകുന്നു.

വർഗ്ഗാണാമപിവിംശതിഃപരിണയേ
ജ്ഞേയം തഥാ ഭൂസുരൈഃ
വിപ്രാണാം ഗൃഹമിത്രമവനിയതം
രാജ്ഞാം പ്രധാനം ഗണം
സ്ത്രീദീർഘന്തുവൃശഃ പ്രധാനമപരോ
യോന്യാഖ്യവർഗ്ഗോ മഹ-
ദ്ദ്രന്യേഷാം ശുഭദോഭവേൽ ദൃഢമിദം
ശാസ്ത്രം വിചിന്ത്യം ബുധൈഃ 27

ദാമ്പത്യജീവിതം ഐശ്വര്യാഭിവൃദ്ധിയിൽദീർഘകാലംകഴിക്കുന്നതിനും സുസ്ഥിരമായഭാവിയിൽ ഗൃഹംനിലനില്ക്കുന്നതിനും സ്ത്രീപുരുഷന്മാരുടെ നക്ഷത്രവശാൽ പൊരുത്തങ്ങൾ നോക്കേണ്ടതു് അവശ്യംകർത്തവ്യമാകുന്നു.

ബ്രാഹ്മണ്യം ഉള്ളവർക്കും കിഴക്കേ ഗൃഹത്തിനും ഗൃഹമിത്രപ്പൊരുത്തവും ക്ഷത്രിയഗുണം ഉള്ളവർക്കും തെക്കേ ഗൃഹത്തിനും ഗണപ്പൊരുത്തവും വൈശ്യഗുണമുള്ളവർക്കും വടക്കേ ഗൃഹത്തിനും സ്ത്രീദീർഘപ്പൊരുത്തവും ശൂദ്രഗുണമുള്ളവർക്കും പടിഞ്ഞാറേ ഗൃഹത്തിനും യോനിപ്പൊരുത്തവും പ്രത്യേകാൽ നോക്കണമെന്നുള്ള അഭിപ്രായം സ്വീകാര്യംതന്നെ. എങ്കിലും എല്ലാ ഗൃഹങ്ങൾക്കും എല്ലാവർക്കും രാശിപ്പൊരുത്തം, ഗണപ്പൊരുത്തം, യോനിപ്പൊരുത്തം, മദ്ധ്യമരജ്ജുദോഷം, വേധം, ജാതിപ്പൊരുത്തം, ഗൃഹമിത്രപ്പൊരുത്തം ഈ ഏഴു പൊരുത്തങ്ങൾ നോക്കേണ്ടതു് പ്രഥമവും പ്രധാനവുമായ തത്വമാണെന്നുള്ളതിൽ സംശയമില്ല.

വധൂവരന്മാർ തമ്മിലുള്ള മനഃപ്രീതി എല്ലാ പൊരുത്തങ്ങളിലുംവച്ചു് ശ്രേഷ്ഠമെന്നു പ്രശ്നമാർഗ്ഗം പതിമൂന്നാമദ്ധ്യായത്തിൽവിധിച്ചിട്ടുള്ളതിനാലും മനഃപ്രീതി എല്ലാററിനും പ്രധാന കാരണമായിരിക്കുന്നതിനാലും വധൂവര

ന്മാർ തമ്മിൽ കണ്ടു തൃപ്തിപ്പെട്ടാൽ അതു് പ്രസ്തുത ഇരുപതു പൊരുത്തങ്ങളിൽ ഉൽകൃഷ്ടപൊരുത്തങ്ങൾ യോജിക്കുന്നതും തദ്വാരാ ഗൃഹവും ഭൂമിയുമായി പൊരുത്തപ്പെട്ടിരിക്കുന്നതും ആകുന്നു.

## ഗ്രാമഫലം.

ഏകദേസപ്തമേഗ്രാമേ വൈരംഹാനിത്രിഷഷ്ഠകേ 28
തുര്യ്യാഷ്ടദ്വാദശേ രോഗം ശേഷം സ്ഥാനേ ശുഭംഭവേൽ.

സ്ഥപതിയാചാരിയെ ഗൃഹകാര്യനിർണ്ണയാർത്ഥം ക്ഷണിക്കുവാൻ വരുന്ന അവസരത്തിൽ ദൂതനിൽനിന്നു സിദ്ധമാകുന്ന രാശിയും പുരവയ്ക്കുന്ന ഭൂമിയുടെ നക്ഷത്രാൽ ഉള്ള രാശിയും ആരാഞ്ഞു് ഭൂമിയുടെ നക്ഷത്രരാശിയിൽനിന്നു് എണ്ണിയാൽ ഒന്നോ, ഏഴോവന്നാൽ ഗൃഹോല്പാദനാനന്തരം തമ്മിൽ വൈരവും മൂന്നോ, ആറോ ആയാൽ പ്രവൃത്തികൾക്കു ഹാനിയും നാലോ, എട്ടോ പന്ത്രണ്ടോ വന്നാൽ രോഗവും ഫലമാകുന്നു. അന്യമായ 2-5-9-10 11 ഈ രാശികൾ വന്നാൽ അത്യുത്തമവും ആകുന്നു.

## ഗൃഹസ്ഥാന നിർണ്ണയം.

പൂർവ്വേ ബ്രാഹ്മണരാശീനാം വൈശ്യാനാം ദക്ഷിണേശുഭം
ശൂദ്രാണാം പശ്ചിമേ ദ്വാരം നൃപാണാമുത്തരേമതം. 29
(ജ്യോതിസ്സാഗരം)

ദൂതനിൽനിന്നു സിദ്ധമാകുന്ന രാശി ബ്രാഹ്മണരാശിയെങ്കിൽ കിഴക്കേ ഗൃഹവും ക്ഷത്രിയരാശിയെങ്കിൽ തെക്കേ ഗൃഹവും ശൂദ്രരാശിയെങ്കിൽ പടിഞ്ഞാറേ ഗൃഹവും വൈശ്യരാശിയെങ്കിൽ വടക്കേ ഗൃഹവും നിർമ്മിക്കേണമെന്നു സിദ്ധമാകും. തദ്വാരാ നിശ്ചയിക്കുന്ന ഗൃഹം ഐശ്വര്യത്തിൽ ദീർഘകാലം നിലനില്ക്കുമെന്നുള്ളതിൽ സംശയമില്ല.

## രാശികളും ജാതിയും.

മീനാളീകക്കിടാവിപ്രാഃ ക്ഷത്രിമേഷോ ഹരിർധനുഃ
വൃഷകന്യാമൃഗാവൈശ്യാഃ ശേഷാവൈശ്ശൂദ്രരാശയഃ 30

കക്കിടകം, വൃശ്ചികം, മീനം ഇവ ബ്രാഹ്മണരാശിയും, മേടം, ചിങ്ങം, ധനു ഇവ ക്ഷത്രിയരാശിയും ഇടവം, കന്നി, മകരം ഇവ വൈശ്യരാശിയും മിഥുനം, തുലാം, കുംഭം ഇവ ശൂദ്രരാശിയും ആകുന്നു.

## ദണ്ഡും ഫലവും.

ചരണാൽ കർണ്ണപര്യന്തം ദണ്ഡം സരലവംശജം
പൂർവ്വതഃ പശ്ചിമോ യാവദുത്തരാദക്ഷിണംതഥാ. 31
തയോശ്ച ദണ്ഡയോപ്യൈാഗ്ഗാ കൃതപാ ഭ്രമൌവിലിഖ്യതഃ
അഷ്ടദിശ്ച ഹരേൽഭാഗം ശേഷാംകേന ശുഭാശുഭം. 32
പ്രഥമം രജകസ്ഥാനം ചന്ദ്രവൽഫലമാദിശേൽ
ദ്വിതീയേ ചർമ്മകാരന്യക്ഷുൽപിപാസകുലോഗ്ഗഹോ 33
തൃതീയേ ബ്രാഹ്മണസ്ഥാനം ജനോദ്വംശകരം മഹൽ
ചതുൎത്ഥേ ശൂദ്രകസ്ഥാനം ധനധാന്യപ്രദായകം. 34
പഞ്ചമേ യോഗിനസ്ഥാനം മഹദൈൗദസ്യകാരകം
ഷഷ്ഠേതു ഗോപകസ്ഥാനം സർവ്വസിദ്ധിപ്രദായകം. 35
സപ്തമേ ക്ഷത്രിയസ്ഥാനം സദാ യുദ്ധകം നൃണാം
അഷ്ടമേ ചക്രിണസ്ഥാനം മരണം രോഗകാരകം. 36

ഗൃഹകർത്താവിൻെറ ദക്ഷിണപാദാംഗുഷ്ഠം മുതൽ ദക്ഷിണകർണ്ണപര്യന്തമുള്ള അളവെടുത്തു അതു ദണ്ഡാക്കി പുരവയ്ക്കുന്ന പുരയിടത്തിൻെറ ചുററളവു പ്രസ്തുത ദണ്ഡു കൊണ്ടളന്നു ഭാഗിച്ച്, ഒരു ഭാഗം എത്രവരുന്നുവോ അതിനെ എട്ടിൽ ഹരിച്ചു ശിഷ്ടമുള്ള സംഖ്യകൾക്ക് ഓരോ ഫലങ്ങളാകുന്നു.

ഒന്നുമുതൽ ശേഷിക്കുന്ന സംഖ്യകൾക്ക് ക്രമേണരജകസ്ഥാനം ചർമ്മകസ്ഥാനം ബ്രാഹ്മണസ്ഥാനം ശൂദ്രസ്ഥാനം യോഗിസ്ഥാനം ഗോപസ്ഥാനം ക്ഷത്രിയസ്ഥാനം ചക്രിസ്ഥാനം ഇങ്ങനെ എട്ടു സ്ഥാനങ്ങളാകുന്നു· അതിൽ രജകസ്ഥാനമായാൽ അവിടെ വൃക്ഷദ്ധിയവും ചർമ്മകസ്ഥാനമായാൽ ക്ഷുൽപീഡയുംബ്രാഹ്മണസ്ഥാനമായാൽ വംശശ്രേഷ്ഠതയും ശൂദ്രസ്ഥാനമായാൽ ധനധാന്യപ്രദവും യോഗിസ്ഥാനമായാൽ ദാസ്യതയും ഗോപകസ്ഥാനമായാൽ സർവ്വസിദ്ധിയും ക്ഷത്രിയസ്ഥാനമായാൽ പ്രയത്നവും ചക്രിസ്ഥാനമായാൽമരണവും ഫലമാകുന്നു. ഇപ്രകാരവും പുരവയ്ക്കുന്ന ഭൂമിയെ പരിശോധിച്ചു അശുഭഫലമെന്നു കണ്ടാൽ ഭേദഗതികൾ ചെയ്തു വിസ്തീർണ്ണത്താൽ പരിവൃത്തംവരുത്തി ഗൃഹസ്ഥാനം നിർണ്ണയിക്കണമെന്നാണ് വരാഹസംഹിതയിൽ പറയുന്നതു്

## ഗൃഹങ്ങളുടെ കാരകത്വം

താതാശ്ചാത്മപ്രഭാവോ ദ്യുമണിരപി മനോ
മാതരൌ ശീതരശ്മിർ
ദാതാസത്വഞ്ചഭൗമഃക്ഷിതിരപിവചനം
ജ്ഞാനമിന്ദോസ്തനൂജഃ
ധീമാൻപുത്രാംഗസൗഖ്യംസുരഗുരുരബലാ
ഭോഗയാനാനി ശുക്രോ.
മൃത്യുർവ്യാധിശ്ചദുഃഖംശനിരിഹഗദിതോ
ദാസഭൃത്യാദികോപി. 37

അച്ഛൻ, ആത്മാവു്, പ്രാഭവം ഇവയ്ക്കു സൂര്യനും മനസ്സ്, മാതാവു് ഇവയ്ക്കു ചന്ദ്രനും സഹോദരൻ, പരാക്രമം, ഭൂമി ഇവയ്ക്കു കുജനും വാക്ക്, വിദ്യഇവയ്ക്കുബുധനും ബുദ്ധി, ആത്മബോധം, പുത്രലാഭം, ശരീരസുഖം ഇവയ്ക്കു വ്യാഴവും ഭാര്യാസുഖം, വാഹനസുഖംഇവയ്ക്കുശുക്രനുംമര

ണം രോഗം, ദുഃഖം, ദാസ്യം, ഭൃത്യത്വം ഇവയ്ക്കു ശനിയും കാരക കർത്തൃത്വം വഹിക്കുന്നു.

**ഭാവഫലം.**

ദേഹസ്യ സൗഷ്ഠവം സ്വാസ്ഥ്യം
സ്ഥിതിഃ ശ്രേയോ യശസ്സുഖം
ജയോ വപുശ്ച തൽസർവ്വം
ചിന്തനീയംഹി ലഗ്നതഃ 38

ആരൂഢിച്ച ലഗ്നംകൊണ്ടു ദേഹത്തിൻെറ സർവ്വപ്രകാരേണയുള്ള നന്മതിന്മകൾ, സ്വസ്ഥത, അപ്പോഴത്തെ സ്ഥിതി, ശ്രേയസ്സ്, സുഖം, ജയം, സൗന്ദര്യം ഇത്യാദി ഭാവഫലങ്ങൾ ചിന്തിച്ചുകൊള്ളണം.

ദ്രവ്യമഖിലം വിത്തം വാണി ചക്ഷുശ്ച ദക്ഷിണം
വിദ്യാചവിവിധാപ്യേതൽസർവ്വം ചിന്ത്യംദ്വിതീയത 39

രണ്ടാംഭാവംകൊണ്ടു കുടുംബം, ധനം, വാക്ക്, വലത്തേക്കണ്ണ്, പലവിധമുള്ള വിദ്യ ഇവ ചിന്തിക്കേണ്ടതാണ്.

ധൈര്യം, വീര്യഞ്ച ദുർബ്ബുദ്ധിസ്സഹോദരപരാക്രമൌ
ദക്ഷകർണ്ണസഹായൌ ച ചിന്തനീയാഃ തൃതീയതഃ 40

ധൈര്യം, വീര്യം, ദുർബ്ബുദ്ധി, സഹോദരൻ, പരാക്രമം, വലത്തെച്ചെവി, സഹായഗുണം ഇവ മൂന്നാംഭാവം കൊണ്ടു ചിന്തിക്കേണ്ടതാണ്.

മാതാ സുഹൃന്മാതുല ഭാഗിനേയൌ
ക്ഷേത്രം സുഖം വാഹനമാസനഞ്ച
ലാളിത്യമംഭാശ്ശയനഞ്ച വൃദ്ധി
പശ്വാദികം വേശ്മഗൃഹം ചതുർത്ഥാൽ. 41

അമ്മ, ബന്ധുക്കൾ, അമ്മാവൻ, മരുമക്കൾ, കൃഷി, ഭൂമി, സുഖം, വാഹനം, ലാളന, വെള്ളം, കിടപ്പ്, അഭിവൃ

ധി, പശുക്കൾ ഇവ നാലാംഭാവംകൊണ്ടു ചിന്തിക്കേണ്ടതാണു്.

പ്രാജ്ഞാമേധാപ്രതിഭാ
വിവേകശക്തിപുരാതനംപുണ്യം
മന്ത്രാമർത്ത്യതന്തുജഃ
പഞ്ചമതഃസൗമനസ്യമപിചിന്ത്യം. 42

വിവിധ ഗുണങ്ങളോടുകൂടിയ ബുദ്ധിശക്തിപൂർവ്വപുണ്യം ആലോചന മന്ത്രി പുത്രൻ മനോഗുണം ഇവ അഞ്ചാംഭാവംകൊണ്ടു ചിന്തിക്കേണ്ടതാണു്.

തസ്കരാരാതി വിഘ്നായിവ്യാധിയശ്ചതനക്ഷതിഃ
മരണംവാരിശസ്ത്രേണചിന്തനീയംഹി ഷഷ്ഠതഃ 43

ആറാംഭാവംകൊണ്ടു കള്ളൻ, ശത്രു, വിഘ്നം, ആധി, രോഗം, വ്രണം, ശത്രുക്കളിൽനിന്നുള്ള മരണകാരണം ഇവ ചിന്തിക്കേണ്ടതാണു്.

വിവാഹമദനാലോകഭാര്യ്യാഭർത്തൃസമാഗമഃ
ശയ്യാസ്ത്രീസത്മനഷ്ടാർത്ഥംമൈഥുനാന്യപി-
പ്രസപ്തമാൽ. 44

വിവാഹം കാമദൃഷ്ടി ഭാര്യ്യാഭർത്താക്കന്മാർ ഗതാഗതം കിടക്ക ഭാര്യ്യയുടെ വീടു് നഷ്ടദ്രവ്യം മൈഥുനം ഇവ ഏഴാംഭാവംകൊണ്ടു ചിന്തിക്കേണ്ടതാണു്.

സർവ്വപ്രണാശോവിവദോപവാദോ
ഹേതുഃപ്രദേശോമരണസ്യദാസം
മഠാദികംവേശ്മഗദാശ്ചവിഘ്നാ
വിചിന്തനീയാഃപുനരഷ്ടമേന. 45

നാശം ആപത്തു്, അപവാദം, മരണകാരണം, മരണപ്രദേശം, ഭൃത്യന്മാർ, മഠം, രോഗം, വിഘ്നം, ഇവ എട്ടാം ഭാവംകൊണ്ടു ചിന്തിക്കേണ്ടതാണു്.

ഭാഗ്യം, ധൎമ്മം, ദയ, പുണ്യം, തപസ്സ്, അച്ഛൻ മകന്റെ മകൻ, ദാനം, ഭജനം, സൗശീല്യം, ഗുരുക്കന്മാർ ഇവഎല്ലാം ഒൻപതാംഭാവകൊണ്ടു ചിന്തിക്കേണ്ടതാണ്.

ദേവാലയനഗരസഭാമാൎഗ്ഗാലയദാസസൎവ്വകൎമ്മാണി
ആജ്ഞാലംബനമേതൽസൎവ്വംചിന്ത്യംഹിദശമേന. 46

ക്ഷേത്രം, നഗരം, സഭ, വഴിയമ്പലം, ഭൃത്യന്മാർ,സകലവിധകൎമ്മങ്ങൾ, ആജ്ഞ, ആശ്രയം, ഇവ പത്താംഭാവംകൊണ്ടു ചിന്തിക്കേണ്ടതാണ്.

സൎവ്വാഭീഷ്ടാംഗമോജ്യേഷ്ഠഭ്രാതാജാതാനിജാത്മജഃ
വാമകൎണ്ണോൎത്ഥലഭഞ്ച ചിന്ത്യാഹ്യേകാദശാസ്മൃതാഃ 47

ഇഷ്ടലാഭം,ജ്യേഷ്ഠസഹോദരങ്ങൾ,ജനിച്ചിട്ടുള്ള പുത്രന്മാർ, ഇടത്തെ ചെവി, അൎത്ഥലാഭം ഇവ പതിനൊന്നാംഭാവം കൊണ്ടു ചിന്തിക്കേണ്ടതാണ്.

പാപംവ്യയഞ്ചപതനം നിരയം വാമമംബകം
സ്ഥാനഭ്രംശഞ്ചവൈകല്യംദ്വാദശേനവിചിന്തയേൽ 48

സകലവിധങ്ങളായ ഐശ്വൎയ്യനാശത്തേയും വൃദ്ധിക്ഷയങ്ങളേയും ദുഃഖത്തേയും പന്ത്രണ്ടാംഭാവംകൊണ്ടുചിന്തിക്കേണ്ടതാണ്.

## ഭാവാധിപസ്ഥിതി.

യോ യോ ഭവസ്വാമിദൃഷ്ടോ യുതോ വാ
സൗമ്യൈൎവ്വാസ്യാത്തസ്യ തസ്യാഭിവൃദ്ധി
പാപൈരേവംതസ്യഭാവസ്യഹാനി
നിൎദ്ദിഷ്ടവ്യാപ്രശ്നതോജാതകോവാ. 49

ലഗ്നംമുതൽഓരോ രാശിയുടെ അധിപന്മാരുടെ ദൃഷ്ടികളോമററുഗ്രഹങ്ങളുമായുള്ള ചേൎച്ചകളോ അതാതു ഭാവത്തിൽഉണ്ടായിരുന്നാൽ പാപന്മാരെങ്കിൽ ആഭാവ

ത്തിന്റ ഹാനിയേയും ശുഭന്മാരെങ്കിൽ ശുഭത്തേയും പ്രശ്ന ത്തിങ്കലും ജാതകത്തിലും പറയേണ്ടതാണ്.

പാപേ ശുഭർക്ഷേ ശുഭനാഥമിത്രൈ-
ര്യുസ്ഥേ ബാലാദ്യൈരവലോകിതേ വാ
ഭാവാധിപേ കാരക ഖേചരേ വാ
ബലാന്വിതേ സിദ്ധിമുപൈതിഭാവഃ 50

ശുഭന്മാരോ, ഭാവാധിപന്മാരോ, ബന്ധുഗ്രഹങ്ങളോ അവരവരുടെ ലഗ്നംമുതൽ ഉള്ള ഓരോ ഭാവങ്ങളിൽ നോക്കുകയോ നില്ക്കുകയോ ചെയ്താലും, ഭാവാധിപന്മാർ കാരകഗ്രഹങ്ങൾ ബലാന്വിതന്മാരായി ഇഷ്ടസ്ഥിതന്മാ രായി നിൽക്കുകയോ നോക്കുകയോ ചെയ്താലും ആ ഭാവ ങ്ങൾക്കൊക്കെ പരിപൂർണ്ണമായ ഫലങ്ങൾ പറയേണ്ട താണ്.

പാപാരി രന്ധ്റേശ സമേതദൃഷ്ടേ-
ഷ്വേതേഷു വിദ്യാദിഹ ഭാവനാശഃ
ബലാന്വിതേഷ്വേഷു ശുഭേശമിത്രൈ-
രയുക്തദൃഷ്ടേഷു ന ഭാവലാഭഃ 51

ഭാവത്തെയോ ഭാവാധിപനെയോ കാരകഗ്രഹത്തെ യോ അഷ്ടമാധിപനോ പാപനോ ശത്രുവോ നോക്കുക യോ യോജിച്ചു നില്ക്കുകയോ ചെയ്താൽ ആ ഭാവനാശം പറയേണ്ടതാണ്. ഭാവം, ഭാവാധിപൻ, കാരകഗ്രഹം ഇവർ ബലമില്ലാത്തവരായി ശുഭന്മാരുടെയോ ബന്ധുക്ക ളുടെയോ ദൃഷ്ടികളോ ചേർച്ചകളോ ഇല്ലാത്തവരായിരു ന്നാൽ ആ ഭാവത്തിന്ന ലാഭം ഉണ്ടാകുന്നതല്ല.

ഷഷ്ഠാഷ്ടമരിഃഫേശാ
മവപരിപവശ്ശുഭാശ്ചഭാവഹനഃ
ഭാവ തദീശപരകാരക
ദുർബലതാചാസ്തിചേത്തഥാപ്പുവചഃ. 52

ആറാംഭാവത്തിന്റേയും എട്ടാംഭാവത്തിന്റേയും പ ന്ത്രണ്ടാംഭാവത്തിന്റേയും അധിപന്മാർ ശുഭന്മാരായാലും

പാപന്മാരായാലുംനോക്കുകയോനില്ക്കുകയോ ചെയ്യുന്നഭാവം നശിക്കുന്നതാണു്. ഭാവത്തിനും ഭാവാധിപനും കാരകഗ്രഹത്തിനും ബലമില്ലെങ്കിലും ഭാവനാശം പറയണം.

## ഗ്രഹദൃഷ്ടികൾ

ത്രിദശത്രികോണചതുരശ്രസപ്തമാ-
ന്യവലോകയന്തി ചരണാഭിവൃദ്ധിതഃ
രവിജാമരേഡ്യ രുധിരാഃ പരേ ചയേ
ക്രമശോ ഭവന്തി കില വീക്ഷണേധികാഃ. 53

സൂര്യാദി സകല ഗ്രഹങ്ങൾക്കും മൂന്നുപത്തിൽ കാൽ ദൃഷ്ടിയും അഞ്ചൊൻപതിൽ അരദൃഷ്ടിയും നാലെട്ടിൽ മുക്കാൽ ദൃഷ്ടിയും ഏഴിൽ പൂർണ്ണദൃഷ്ടിയുമാകുന്നു.

## വിശേഷദൃഷ്ടി

മൂന്നുപത്തിൽ ശനിക്കും അഞ്ചൊൻപതിൽ ഗുരുവിനും നാലെട്ടിൽ കുജനും വിശേഷദൃഷ്ടികൾ ഉള്ളതാണു്.

പന്ത്രണ്ടുരാശികൾ ക്രമേണ ലഭിച്ചിട്ടുന്നു
താരങ്ങൾ തുല്യതയിലശ്വതിയാദിയായി
മേടംതുടങ്ങിയൊരുക്കൂറിനു പാദസംഖ്യ
എട്ടൊന്നുകാണുകിലതിൽ സമമായിരിക്കും. 54

അശ്വതിയും ഭരണിയും കാർത്തികക്കാലും മേടക്കൂറു്, കാർത്തികമുക്കാലും രോഹിണിയും മകയിരത്തരയും ഇടവക്കൂറു് ഇപ്രകാരം രണ്ടേകാൽ നക്ഷത്രങ്ങൾക്കു് ഓരോ കൂറുകളായി അറിഞ്ഞുകൊള്ളുക.

## കാലഹോര

സൂര്യാദിയായ ദിവസങ്ങളിലേഴിലായി-
ട്ടോരോദിനങ്ങളുദയംമുതൽ രണ്ടരയ്ക്കായ്
ആറാറുതൊട്ടധിപരെ ദിനനാഥരാക്കി
പന്ത്രണ്ടുസ്ഥാനമറിയുന്നതു കാലഹോര. 55

അതാതുദിവസത്തെ ആഴ്ചകളെ അറിഞ്ഞു് ആ ദിവസത്തെ ദിവസാധിപൻ മുതൽ ആറാറാംദിവസങ്ങളിലെ ദിവസാധിപന്മാരെ അറിഞ്ഞു രണ്ടരനാഴികവീതം പന്ത്രണ്ടുപേർ പകലും പന്ത്രണ്ടുപേർ രാത്രിയിലും ഭരിക്കുന്നു. ആകയാൽ പാപകാലഹോരയിൽ ഗൃഹാരംഭം മുതലായ യാതൊരു ശുഭപ്രവൃത്തികളും ചെയ്തുകൂടാ.

## ഉദാഹരണം

ഞായറാഴ്ച രണ്ടര നാഴിക പുലച്ച്വരെ സൂര്യകാലഹോര, രണ്ടരമുതൽ അഞ്ചുവരെ ശുക്രകാലഹോര, അഞ്ചുമുതൽഏഴരവരെ ബുധകാലഹോര, ഏഴരമുതൽ പത്തുവരെ ചന്ദ്രകാലഹോര, പത്തുമുതൽ പന്ത്രണ്ടരവരെ മന്ദകാലഹോര, പന്ത്രണ്ടര മുതൽ പതിനഞ്ചുവരെ ഗുരുകാലഹോര, പതിനഞ്ചുമുതൽ പതിനേഴരവരെ കുജകാലഹോര, പതിനേഴര മുതൽ ഇരുപതുവരെ സൂര്യകാലഹോര, ഇരുപതു മുതൽ ഇരുപത്തിരണ്ടരവരെ ശുക്രകാലഹോര, ഇരുപത്തിരണ്ടരമുതൽ ഇരുപത്തഞ്ചുവരെ ബുധകാലഹോര, ഇരുപത്തഞ്ചുമുതൽ ഇരുപത്തേഴരവരെ ചന്ദ്രകാലഹോര, ഇരുപത്തേഴരമുതൽ മുപ്പതുവരെ മന്ദകാലഹോര ഇങ്ങനെ ക്രമേണ കാലഹോരകൾ അറിഞ്ഞുകൊള്ളണം.

## സ്ത്രീപുരുഷനപുംസകത്വം

രവിഗുരുഭൂമിജനായിട്ടുന്നു പുംഗ്രഹം
കമനികളായഹിയോടു ശുക്രനും ശശി
രവിസുതനും ബുധനും നപുംസകഗ്രഹം
കേതുവുമായിവർ രക്ഷശിക്ഷ ചെയ്തിട്ടുന്നു. 56

ആദിത്യൻ, വ്യാഴം, കുജൻ ഇവർ പുരുഷഗ്രഹങ്ങളും രാഹു, ശുക്രൻ, ചന്ദ്രൻ ഇവർ സ്ത്രീഗ്രഹങ്ങളും ശനി, ബുധൻ, കേതു ഇവർ നപുംസകഗ്രഹങ്ങളും ആകുന്നു.

## ഗ്രഹങ്ങളുടെ ഉച്ചനീചത്വം

അജ വൃഷഭ മൃഗാംഗനാ കുളീരാ
ഝഷവണിജൌ ച ദിവാകരാദി തുംഗാഃ
ദശശിഖിമനുയുക്ക് തിഥീന്ദ്രിയാംശൈ-
സ്ത്രിനവകവിംശതിഭിശ്ചതേസ്ത നീചാഃ 57

മേടം ആദിത്യന് ഉച്ചം, ഇടവം ചന്ദ്രന് ഉച്ചം, മകരം കുജന്നുച്ചം, കന്നി ബുധന്നുച്ചം, മീനം ശുക്രന്നുച്ചം, തുലാം ശനിക്കുച്ചം. ഉച്ചരാശികളുടെ ഏഴാംരാശികളൊക്കെ നീചരാശികളുമാകുന്നു.

## രാഹുകാലവും ഗുളികകാലവും

മൂന്നേമുക്കാലിൽ നിന്നപ്പുനരപിയധികം
യാമമോരോന്നു വീതം
ചേരും ചന്ദ്രാദിവാരാൽ ശനി ഭൃഗു ബുധജീ-
വൻകുജാക്കന്നുമായി
രാഹുകാലം വരുന്നു ഗുളിക നിലവരും
സൂര്യവാരാദിയഞ്ചാ-
മാഴ്ചയ്ക്കും രാത്രികാലം കുറയുകയിരുപ-
ത്താറിൽ നന്നാലുവീതം. 58

തിങ്കളാഴ്ച മൂന്നേമുക്കാൽ നാഴിക പുലച്ചയ്ക്കുശേഷവും ശനിയാഴ്ച ഏഴരനാഴിക പുലച്ചയ്ക്കുശേഷവും വെള്ളിയാഴ്ച പതിനൊന്നേകാൽ നാഴിക പുലച്ചയ്ക്കുശേഷവും ബുധനാഴ്ച പതിനഞ്ചുനാഴിക പുലച്ചയ്ക്കുശേഷവും വ്യാഴാഴ്ച പതിനെട്ടേമുക്കാൽനാഴിക പുലച്ചയ്ക്കുശേഷവും ചൊവ്വാഴ്ച ഇരുപത്തിരണ്ടരനാഴിക പുലച്ചയ്ക്കുശേഷവും ഞായറാഴ്ച ഇരുപത്താറേകാൽ നാഴിക പുലച്ചയ്ക്കുശേഷവും മൂന്നേമുക്കാൽ നാഴികവീതം രാഹുകാലമാകുന്നു. രാഹുകാലസമയം മററു ഗ്രഹസ്ഥിതികൾ എത്ര ശ്രേഷ്ടമായാലും ഗൃഹാരംഭാദി സകല പ്രവൃത്തികൾക്കും അശുഭമാകുന്നു.

ഞായറാഴ്ച ഇരുപത്താറാം നാഴികയ്ക്കും തിങ്കളാഴ്ച ഇരുപത്തിരണ്ടാം നാഴികയ്ക്കും ചൊവ്വാഴ്ച പതിനെട്ടാം നാഴികയ്ക്കും ബുധനാഴ്ച പതിന്നാലാം നാഴികയ്ക്കും വ്യാഴാഴ്ച പത്താംനാഴികയ്ക്കും വെള്ളിയാഴ്ച ആറാംനാഴികയ്ക്കും ശനിയാഴ്ച രണ്ടാംനാഴികയ്ക്കും ഗുളികകാലമാകുന്നു. രാത്രിയിൽ അഞ്ചാം ആഴ്ചകളിലേയും എല്ലാരാത്രിയുമെന്നു മനസ്സിലാക്കി ഗുളികകാലമറിഞ്ഞുകൊള്ളണം. ഗുളികകാലം ഗൃഹാരംഭാദി സകല ശുഭകർമ്മങ്ങൾക്കും വർജ്ജ്യമാകുന്നു.

ഇതി വാസ്തുകൗമുദി ഭാഷാവ്യാഖ്യാനം
ഒന്നാംഭാഗം പഞ്ചമോദ്ധ്യായഃ
സമാപ്തഃ.

★

ഓം

# വാസ്തുകൌമുദി.

## രണ്ടാംഭാഗം.

★

### ഭാഷാവ്യാഖ്യാനം.

## പ്രഥമോദ്ധ്യായഃ പ്രാരംഭഃ

മംഗളം.

ശ്രീദംസദാഹം ഹൃദയാരവിന്ദേ
പാദാരവിന്ദം വരദസ്യവന്ദേ
മന്ദോപി യസ്യ സ്മരണേന സദ്യോ
ഗീർവ്വാണവന്ദ്യോപമതാംസമേതി·

### ഗൃഹനിർമ്മാണരീതി.

ലക്ഷണഹീനേധാമനിവസതാ-
മശുഭാനി സംഭവന്ത്യേവ
ജന്മാദ്യ പിധാനന്തം മനസാ
നിശ്ചിത്യ കാരയേത്തസ്മാൽ. 1

ശില്പശാസ്ത്രസിദ്ധാന്തം വിഗണിച്ചു ചെയ്യുന്ന ഗൃഹങ്ങളിൽ വിപത്തുകൾ തുടരേ ഉണ്ടാകുമെന്നു എല്ലാവരും സമ്മതിക്കുന്നു,

അതിനാൽ സൎവ്വശാസ്ത്രനിപുണനായ സ്ഥപതിശ്രേഷ്ഠ ചാരിയെക്കൊണ്ടു് അസ്ഥിവാരംമുതൽ സൂച്യഗ്രംവരെ (അവസാനം) ലക്ഷണവൈകല്യം നേരിടാതെ ഓരോ അവയവങ്ങൾക്കു് പ്രത്യേകമായും സമ്പൂൎണ്ണമായും കണക്കുകൾ നിൎണ്ണയിപ്പിച്ചു് ഉറപ്പായും ഭംഗിയായും ഗൃഹം പണിചെയ്യേണ്ടതാകുന്നു.

## സ്ഥപത്യാദിലക്ഷണം.

അപാരമഹോരാഗമപാരഗാമീ
പാഠ്യാം ച ബീജേ സുതരാം പ്രഗത്ഭഃ
സദ്ഗോളവിദ്യാകുശലഃ സ ഏവ
ഭാവേൽഫലാദേശവിധൌ സമൎത്ഥഃ 2

സൎവ്വശാസ്ത്രവിഹിതക്രിയാപടുഃ
സൎവ്വദാവഹിതമാനസഃ ശുചിഃ
ധാൎമ്മികോ വിഗതമത്സരാദികോ
യഃ സ ച സ്ഥപതിരസ്തുസത്യവാക്. 3

വേദാഗമാദി ശാസ്ത്രപുരാണങ്ങളിലും ജ്യോതിശ്ശാസ്ത്രത്തിലും ശില്പശാസ്ത്രത്തിലും അത്ഭുതപൂൎവ്വമായ പാണ്ഡിത്യവും ശുചിത്വവും സത്യവും മനഃസംസ്കാരവും ധൎമ്മശീലവും നിത്യകൎമ്മാനുഷ്ഠാനവും വിമത്സരത്വവും സിദ്ധമായിട്ടുള്ളവർ ഏവരോ അവർസ്ഥപതികളാകുന്നു.

ജാനീയാൽ സ്ഥാപനാർഹം സ്ഥപതിമഥഗുണൈഃ
പ്രായശസ്തേനതുല്യഃ
സൂത്രഗ്രാഹീസുതോവാ സ്ഥപതിമതിഗതി
പ്രേക്ഷകശ്ശിഷ്യകോ വാ

സ്ഥൂലാനാം തക്ഷണാത്തക്ഷക ഇതികഥിത-
സ്സന്തതം ഹൃഷ്ടചിത്തോ
ദാർവ്വാദ്യന്യോന്യസമ്മേളനപട്ടരുദിതോ
വദ്ധ്കിഃ സാവധാനഃ 4

ലക്ഷണപരിശോധനാനന്തരം സ്ഥാനനിർണ്ണയാദി ഗൃഹനിർമ്മാണപ്രമാണകല്പനാപൂർവ്വം കല്ലിടുക, ഉത്തരംവെയ്ക്കുക മുതലായതുകളുടെ നായകത്വം സ്ഥപതിക്കുള്ളതാകുന്നു.

സ്ഥപതിയുടെ മനോഗതികൾ ശരിയായറിയുന്ന ശിഷ്യന്മാരൊ തുല്യഗുണങ്ങൾ സിദ്ധമായ പുത്രന്മാരൊ സൂത്രഗ്രാഹികളാകുന്നു. അവർ സ്ഥപതിയുടെ ആജ്ഞയനുസരിച്ചു ഗൃഹനിർമ്മിതികൾക്കു വേണ്ട സകല കൈകാര്യകർതൃത്വവും വഹിക്കേണ്ടതാകുന്നു.

മരം കല്ലു മുതലായവ സമുചിതമാംവണ്ണം ലഘൂകരിച്ച് ആവശ്യാനുസരണം കൊടുക്കേണ്ടതു തക്ഷകന്മാരാകുന്നു.

കണക്കനുസരിച്ചു പണിചെയ്യുന്ന മരം കല്ല് മുതലായവ യഥോചിതം സംഘടിപ്പിച്ചു ഭംഗിയായി ഗൃഹരൂപമാക്കിത്തീർക്കേണ്ടതു വദ്ധ്കിയാകുന്നു. വദ്ധ്കി സമാധാനചിത്തനും ഔചിത്യധീയും ആയിരിക്കണം.

ആയുരാരോഗ്യസമ്പൽപുഷ്ടിയോടുകൂടി പുത്രമിത്രകളത്രസമേതം ദീർഘകാലം ജീവിതം നയിക്കണമെന്നുദ്ദേശിക്കുന്നവർ, ഗൃഹനിർമ്മിതികൾ പ്രസ്തുത ഗുണങ്ങൾ അടങ്ങിയ സ്ഥപതി, സൂത്രഗ്രാഹി, തക്ഷകൻ, വദ്ധ്കി എന്നിവരെക്കൊണ്ടുതന്നെ ചെയ്യിക്കേണ്ടതാകുന്നു.

## ഭൂമിലക്ഷണവും നിമ്നോച്ചസ്ഥിതിയും.

മനസാ ചക്ഷുഷാ യത്ര
സന്തോഷോ ജായതെ ഭുവിഃ

തസ്യ കുക്ഷ്യാൽ ഗൃഹം സവൈ-
രിതി ഗർഗ്ഗാദിസമ്മതം. 5

(വാസ്തുരത്നപ്രദീപം)

കാഴ്ചയ്ക്കു ഭംഗിയും മനസ്സിന്നു തുഷ്ടിയുംതോന്നുന്ന ഭൂമിയിൽ പ്രധാനഗൃഹങ്ങളും ഉപഗൃഹങ്ങളും ഉണ്ടാക്കുന്നതു ശോഭനമായിരിക്കുമെന്നു ഗർഗ്ഗൻതുടങ്ങിയുള്ളവർ പറയുന്നു.

മനസ്സിന്നും കാഴ്ചകൾക്കും തുഷ്ടികരമായിരിക്കേണമെങ്കിൽ ഒന്നാംഭാഗത്തിൽ വിവരിച്ചപ്രകാരമുള്ള ശുഭലക്ഷണങ്ങളും താഴ്ചപൊക്കക്രമങ്ങളും ഉണ്ടായിരിക്കതന്നെ വേണം.

ഇന്ദ്രാശാദിനതാവനിസ്ത്വദിതരാ-
ശാദ്യുന്നതാഷ്ടൗ ക്രമാൽ
ഗോവഹ്ന്യാന്തകഭൂതവാരിഫണഭൃ-
ന്മാതംഗധാന്യാഹ്വയാഃ
വിഖ്യാതക്രമശോഭിവൃദ്ധിധനഹാ-
ന്യാത്മാർത്ഥഹാനിപ്രദാഃ
ദാരിദ്ര്യാത്മജഹാനിവിത്തശുഭദാ
സ്താദൃക്ക്ക്ഷിതൌതസ്ഥുഷാം. 9

(മഹാചന്ദ്രിക)

ശ്രിയം ദാഹം തഥാ മൃത്യു
ധനഹാനി സുതക്ഷയം
പ്രവാസം ധനലാഭഞ്ച
വിദ്യാലാഭം ക്രമേണ ച. 7

(വാസ്തുരത്നാവലി)

വിദധാതപാ ചിരേണൈവ
പൂർവ്വാദിപ്ലവതോ മഹി

മദ്ധ്യപ്ലവാ മഹീനേഷ്ടാ-
നശ്ശുഭഃ പ്ലവതഃ പുരാ. 8

ശംഭുകോണപ്ലവാഭൂമി
കത്തുഃ ശ്രീസുഖദായിനി
പൂൎവ്വപ്ലവാ വൃദ്ധികരീ
ധനദാദ്ദുത്തരപ്ലവാ. 9

മൃത്യുശോകപ്രദാനിത്യം
സവ്ധാ ദക്ഷിണപ്ലവാ
ഗൃഹക്ഷയകരി സാ ച
ഭൂമിർയാ നൈരൃതിപ്ലവാ. 10

ധനഹാനികരീ ചൈവ
കീൎത്തിദാ വരുണപ്ലവാ
വായുപ്ലവാ തഥാ ഭൂമി
നിത്യമുദ്യോഗകാരിണി. 11

(വിശ്വകർമ്മപ്രകാശിക)

## വത്സരനിർണ്ണയം.

മദ്ധ്യോച്ഛ്രായാം ധരിത്ര്യാം പ്രഥമമഥഗൃഹേ
കല്പിതേ സ്യാദ്ദശാബ്ദം
വൃദ്ധിഃ പ്രാഗുന്നതായാമപി ഹുതവഹയാ-
മോന്നതായാം ശതാബ്ദം
സാഹസ്രാബ്ദം നിരൃത്യുന്നതധരണിതലേ
വാരുണോസ്യാത്തദദ്ധം
ശേഷാസ്വക്ഷ്വാഷ്ടൎക്കാശരദഋഹതതഃ
സോക്തരൂപം ഫലംസ്യാൽ. 12

(മഹാചന്ദ്രിക)

## നിമ്നോച്ചസ്ഥിതികൾ.

കിഴക്കു താണു പടിഞ്ഞാറുയൎന്ന പുരയിടങ്ങൾക്കു ഗോവീഥി എന്നുപേർ. അതു പുര വച്ചതിന്നുശേഷം 500 വൎഷം ഐശ്വൎയ്യാഭിവൃദ്ധിയെ ദാനം ചെയ്യും.

കിഴക്കുയൎന്നു പടിഞ്ഞാറു താഴ്‌ന്നാൽ ജലവീഥിയെന്നു പേർ. പുരവച്ചാൽ പുത്രനാശം ദാരിദ്ര്യം മുതലായ വിപത്തുകൾ അനുഭവിക്കുമെങ്കിലും 10 വർഷം സുഖാനുഭവങ്ങളായേക്കാമെന്നു് വികല്പപക്ഷം.

കിഴക്കു്

ഈശ കോൺ

അഗ്നി കോൺ

അഗ്നികോണു താഴ്‌ന്നു വായുകോണുയൎന്ന ഭൂമികൾക്കു് അഗ്നിവീഥിയെന്നു പേർ. അഗ്നിബാധ, ദാരിദ്ര്യം മുതലായവ അനുഭവിക്കുമെങ്കിലും 12 വൎഷം സുഖാനുഭവങ്ങളായേക്കും.

അഗ്നികോണുയൎന്നു് വായുകോണുതാഴ്‌ന്നിരിക്കുന്നു എങ്കിൽ സൎപ്പവീഥിയെന്നു് പേർ. ധനഹാനി നിമിത്തം യാത്രയിൽ അഭിരുചിയുണ്ടാകുമെങ്കിലും 100 വൎഷം സുഖാനുഭവങ്ങളായേക്കാം.

വായു കോൺ

നിരൃതി കോൺ

കിഴക്ക്

തെക്കുതാഴ്ന്നു് വടക്കുയന്ന പുരയിട
ങ്ങൾക്ക് അന്തകവീഥിയെന്നു പേർ.
അധിവാസ കർത്താക്കൾ തുടങ്ങിയുള്ള
വർ അപമൃത്യുവേയും ധനഹീനത
യേയും അനുഭവിക്കുമെങ്കിലും 8 വർഷ
ത്തേയ്ക്കു സുഖാനുഭവങ്ങളായേക്കാം.

തെക്കുയന്നു വടക്കുതാഴ്ന്ന ഭൂമി
കൾക്കു ഗജവീഥിയെന്നു പേർ. 100
വർഷം ആ ഭൂമി ധനധാന്യാഭിവൃദ്ധി
കളെ ദാനം ചെയ്യുന്നതാണു്.

കിഴക്ക് ഇന്ദ്രൻ

79992

ഈശൻ — വഹ്നി

നിരൃതികോണു താഴ്ന്നു് ഈശ
കോണുയന്ന പുരയിടങ്ങൾക്കു ഭൂതവീ
ഥിയെന്നു പേർ. അധിവാസകർത്താ
ക്കൾ തുടങ്ങിയുള്ളവർ ദാരിദ്ര്യംനിമി
ത്തം വിവിധരീതിയിൽ അസുഖങ്ങൾ
അനുഭവിക്കുമെങ്കിലും 6 വർഷക്കാലം
സുഖാനുഭവങ്ങളായേക്കാം.

കുബേരൻ — യമൻ

നിരൃതികോണുയന്നു് ഈശകോണു
താഴ്ന്ന പുരയിടങ്ങൾക്കു് ധാന്യവീ
ഥിയെന്നു പേർ. 1000 വർഷം വി
ദ്യാഭ്യാസാദി സൽഗുണങ്ങളാൽ സു
ഖം അനുഭവിക്കപ്പെടുന്നതാണു്.

വായു — വരുണൻ — നിരൃതി

പ്രവാസദാ മദ്ധ്യനതാ ധരിത്രീ
മദ്ധ്യോന്നതാ വിത്തശുഭാദിഹന്ത്രീ
വഹ്ന്യാദിവായ്വന്തനതാധരിത്രീ
പ്രായേണദാരിദ്ര്യഫലപ്രദാ സ്യാൽ. 13

(മഹാചന്ദ്രിക)

മദ്ധ്യോച്ചം വജ്ജയേദവാസേ
പീഡാ ച വധബന്ധനം
പൂർവ്വോത്തരേ ഭവേല്ലക്ഷ്മി-
യീശാനേ ച ശുഭം ഭവേൽ. 14

(വിശ്വകമ്മപ്രകാശിക)

മദ്ധ്യഭാഗം താഴ്ന്നിരിക്കുന്ന ഭൂമികളിൽ പുരവച്ചു താമസിച്ചാൽ അവിചാരിതമായി അന്യദേശഗമനത്തിനിടയാകുന്നതും ധനനാശം മുതലായ വിപത്തുകൾ അധിവാസകർത്താക്കൾ തുടങ്ങിയുള്ളവർ അനുഭവിക്കുന്നതും ആകുന്നു.

മദ്ധ്യഭാഗം ഉയന്നിരിക്കുന്ന പുരയിടങ്ങളിൽ താമസിക്കുന്നവക്ക് ബന്ധനം, പീഡ, ധനഹാനി എന്നീ ഫലങ്ങൾ അനുഭവിക്കുമെങ്കിലും 10 വഷക്കാലം സുഖാനുഭവങ്ങളായേക്കാം.


"ഇന്ദ്രാശാദിനതാ" "ദാരിദ്ര്യഫലപ്രദാസ്യ" "വിത്തസുഖാദിഹന്ത്രി" എന്നുള്ള വിധിപ്രകാരം കാണുന്ന സുഖാസുഖങ്ങൾ അനുഭവിക്കുന്നതു പ്രസ്തുത വർഷസംഖ്യാനന്തരമെന്നു ചിലർ പറയുന്നു. അതും ചിലേടത്തു് അനുഭവങ്ങളായി കാണപ്പെടുന്നുണ്ടു്.

## നാഗപൃഷ്ഠലക്ഷണം.

പൂർവ്വപശ്ചിമയോ ദീർഘോ
ദക്ഷിണോത്തരമുച്ഛ്രിതാ
നാഗപൃഷ്ഠം വിജാനീയാൽ
കർത്തുരുച്ചാടനം ഭവേൽ. 15
നാഗപൃഷ്ഠോ യദാവാസോ
മൃത്യുരേവ ന സംശയഃ
പതിഹാനിഃ പുത്രഹാനിഃ
ശത്രുവൃദ്ധിഃ പദേപദേ.

(വാസ്തുരത്നാവലി)

കിഴക്കു്




കിഴക്കുപടിഞ്ഞാറു ദീർഘമായി തെക്കുവടക്കു കുറഞ്ഞിരിക്കുന്ന ഭൂമികൾക്കു് നാഗപൃഷ്ഠം എന്നു പേരാകുന്നു. തെക്കുവടക്കുള്ള അളവു തുല്യമാക്കി ഏതു ഭാഗമെങ്കിലും ഉപേക്ഷിച്ചു ചതുരശ്രപ്പെടുത്തി അതിൽ ഗൃഹസ്ഥാനം നിർണ്ണയിക്കണം. അല്ലെങ്കിൽ ഗൃഹകർത്താക്കൾ തുടങ്ങിയുള്ളവർക്കു വിപത്തുകൾ ഉണ്ടാകുന്നതാണു്. "ചതുരശ്രസംസ്ഥ" എന്നു കാണുന്നതുകൊണ്ടു് സൌകര്യാനുസരണം ചതുരശ്രം കല്പിച്ചാൽ മതിയാകുന്നതാണു്.

## ഗജപൃഷ്ഠലക്ഷണം.

ദക്ഷിണേ പശ്ചിമേ ചൈത്ര
നൈരൃതേ വായുകോണകേ
ഏഭിരുച്ചോർഭവേൽ ഭൂമിർ
ഗജപൃഷ്ഠാ വിധീയതേ. 17
ഗജപൃഷ്ടേ ഭവേദ്വാസഃ
സലക്ഷ്മീധനപൂരിതഃ
ആയുർവൃദ്ധികരോ നിത്യ-
ഞ്ചായതേ നാത്രസംശയഃ 18

(വാസ്തുരത്നപ്രദീപം)

തെക്കേദിക്കുതുടങ്ങി വായുകോണുവരെ ഉയൎന്നും വടക്കേദിക്കുതുടങ്ങി കിഴക്കേദിക്കുവരെ താഴ്ന്നുമിരിക്കുന്ന ഭൂമികൾക്കു ഗജപൃഷ്ഠമെന്നു പേരാകുന്നു.

ഇങ്ങനെയുള്ള ഭൂമികളിൽ പുരവച്ചു താമസിക്കുന്നവൎക്ക് ഐശ്വൎയ്യാദിസമൃദ്ധിയും ദീർഘായുസ്സും സിദ്ധിക്കുന്നതാണ്. ആകയാൽ ഗജപൃഷ്ഠലക്ഷണത്വം ഉള്ള ഭൂമികളിൽതന്നെ ഗൃഹനിർമ്മിതികളെ ചെയ്യുന്നതിനു ശ്രമിക്കണം.

## കൂർമ്മപൃഷ്ഠലക്ഷണം.

മദ്ധ്യോത്തൃച്ചം ഭവേദ്യത്ര
നീചം ചൈവ ചതുർദ്ദശിം
കൂർമ്മപൃഷ്ഠാഭവേൽഭൂമി-
സ്തത്രവാസോ വിധീയതേ. 19
കൂർമ്മപൃഷ്ഠേ ഭവേദ്വാസോ
നിത്യോത്സാഹസുഖപ്രദഃ
ധനധാന്യം ഭവേത്തസ്യ
നിശ്ചിതം വിപുലം ധനം. 20

(വാസ്തുരത്നാവലി)

ഭൂമികളുടെ മദ്ധ്യഭാഗമുയൎന്നും ബാഹ്യഭാഗത്തുനിന്നും കുറഞ്ഞൊന്നു് ഉൾഭാഗം നാലുദിക്കുകളിലും താഴ്ന്നും ഇരിക്കുന്ന ഭൂമികൾക്കു് കൂൎമ്മപൃഷ്ഠമെന്നു പേരാകുന്നു. “കൂൎമ്മപൃഷ്ഠകപിലാവക്ത്രോപമാമേദിനി” എന്നു നിന്ദ്യമായി കാണുന്നു എങ്കിലും കൂൎമ്മപൃഷ്ഠലക്ഷണത്വം പൂൎണ്ണമായുള്ള ഭൂമികളിൽ പുരവച്ചു താമസിച്ചാൽ താമസകൎത്താക്കൾ തുടങ്ങിയുള്ളവർ ഉത്സാഹശാലികളായും സുഖികളായും തീരുന്നതാണെന്നു് കാണുന്നു.

## ദൈത്യപൃഷ്ഠലക്ഷണം.

പൂൎവ്വാഗ്നിശംഭുകോണേഷു-
രുന്നതിശ്ച യദാ ഭവേൽ
പശ്ചിമേ ച യദാ നീചം
ദൈത്യപൃഷ്ഠോവിധീയതേ. 21

ദൈത്യപൃഷ്ഠോ യദാവാസോ
ലക്ഷ്മിൎന്നായാതിമന്ദിരേ
ധനപുത്രപശോൎന്നാശം
ഹാനിരേവ ന സംശയഃ 22

(വിശ്വകൎമ്മപ്രകാശിക)

ഈശകോണുതുടങ്ങി അഗ്നികോണുവരെ ഉയൎന്നും പടിഞ്ഞാറുതാഴ്ന്നും ഇരിക്കുന്ന ഭൂമികൾക്കു ദൈത്യപൃഷ്ഠമെന്നു പേരാകുന്നു. അങ്ങനെയുള്ള ഭൂമിയിൽ ഗൃഹം വച്ചു താമസിച്ചാൽ ധനനാശം പുത്രനാശം ഗോക്കൾക്കു നാശം ഇവ സംഭവിക്കുന്നതാണു്. ആകയാൽ ദൈത്യപൃഷ്ഠലക്ഷണമുള്ള ഭൂമികൾ ഉപേക്ഷിക്കേണ്ടതാകുന്നു.

## മിശ്രഭൂമികളും ഫലവും.

വൃത്താൎദ്ധേന്ദുനിഭാത്രിപഞ്ചരസകോ-
ണാശ്ശൂലശ്ശൂൎപ്പാകൃതി-
ൎമ്മത്സ്യാനേകപക്രൂൎമ്മപൃഷ്ഠകപിലാ
വക്ത്രോപമാമേദിനീ

ഭസ്മാംഗാരതുഷാസ്ഥികേശക്രിമിവാ
ത്മീകാദിഭിഃ സംയുതാ
വർജ്ജ്യാമദ്ധ്യനതാസഗർഭകുഹരാ
വിസ്രാവിദിക്സ്ഥാപിച. 23

(മഹാചന്ദ്രിക)

വൃത്തമായോ, അർദ്ധചന്ദ്രാകൃതിയായോ, മൂന്നോ അഞ്ചോ ആറോ കോണുകളായോ, ശൂലം മുറം ഇതുകളുടെ ആകൃതികൾപോലെയുള്ള ആകൃതികളായോ മത്സ്യം, ആന, ആമ ഇതുകളുടെ പൃഷ്ഠംപോലെയോ, പശുവിന്റെ മുഖംപോലെയോ ഇരിക്കുന്ന ഭൂമികളും ചാരം, കരിക്കട്ട, ഉമി, അസ്ഥി, മുടി ഇതുകളോടുകൂടിയ ഭൂമികളും കോൺ തിരിഞ്ഞതും ക്ഷുദ്രജന്തുക്കളോടുകൂടിയതും നടുഭാഗം താഴ്ന്നതുമായ ഭൂമികൾ ഗൃഹസ്ഥാപനങ്ങൾക്ക് അതിവർജ്ജ്യമാകുന്നു.

കാഷ്ഠേഷ്ടികാ തുഷാംഗാര
പാഷാണാസ്ഥി സരീസൃപാൻ
ഫലാഗ്രേണോദ്ധൃതാൻ ദൃഷ്ട്വാ
തത്രവിദ്യാദിദംഫലം. 23
കാഷ്ഠേഷ്വഗ്നിഭയം വിദ്യാൽ
ഇഷ്ടികാസു ധനാഗമം
അംഗാരേഷു തഥാരോഗം
തുഷേഷ്വവ ധനക്ഷയം. 25
പാഷാണേഷ്വപി കല്യാണം
കലനാശം തഥാസ്ഥിഷു
സരീസൃപേഷു സർവ്വേഷു
താദൃശ്യാ ഫലമാദിശേൽ. 26

ഗൃഹസ്ഥാപനങ്ങൾക്കു ഭൂമികൾ പരിശോധിക്കുന്ന അവസരങ്ങളിലൊ, ശിലാസ്ഥാപനകൾക്കായി താഴ്ത്തുന്ന

അവസരങ്ങളിലൊ ആദ്യമായി കാണുന്നതുകൊണ്ടു ഭാവി ഫലം അറിയാവുന്നതാണു്. വിറകിന്നു് (മരക്കഷണം) അഗ്നിഭയവും ഇഷ്ടികക്കു് ധനാഗമവും കരിക്കട്ടയ്ക്കു രോഗവും ഉമിക്കു ധനനാശവും കല്ലിനു് അഭിവൃദ്ധിയും അസ്ഥിക്കു് കുലനാശവും ഇതരങ്ങളായ മറേറാരോന്നിനു് താദൃശഫലങ്ങളും പറയേണ്ടതാകുന്നു.

നിമ്നോച്ചസ്ഥിതികളാലും മററും ശുഭപ്രദമായ ഭൂമികളിൽ പ്രസ്തുത നിയമപ്രകാരം അനിഷ്ടങ്ങൾ കണ്ടാൽ തദനുസാരണമുള്ള ഫലം തല്ക്കാലം അനുഭവിക്കുമെങ്കിലും അസ്ഥി, കരിക്കട്ട, ഉമി ഇതുകളെ നിശ്ശേഷം കളഞ്ഞുമാത്രമേ ഗൃഹസ്ഥാപനകൾ ചെയ്യാവു. ഇങ്ങനെ ചെയ്താൽ "ഇന്ദ്രാശാദിനതാ" എന്നുള്ള മഹാചന്ദ്രികാവചനപ്രകാരമുള്ള ഫലാഫലങ്ങൾതന്നെ ഗൃഹകർത്താക്കൾ തുടങ്ങിയുള്ളവർ അനുഭവിക്കുന്നതാകുന്നു.

ആയാതേ സിദ്ധയസ്സ്വാ-
ശ്ചതുരായേ ധനാഗമഃ
തുല്യേതുബുദ്ധിവൃദ്ധിസ്യാൽ
ഭദ്രം ഭദ്രാസനേ ഭവേൽ. 27

ചക്രേ ദാരിദ്ര്യമിത്യാഹു-
ർവ്വിഷമേ ശോകലക്ഷണം
രാജഭീതി ത്രികോണേ സ്യാൽ
ചകടേതു ധനക്ഷയം. 28

ദണ്ഡേ പശുക്ഷയം പ്രാഹുഃ
ശ്ശൂല്പ്പേവാതോംഗവാംക്ഷയം
ക്രമ്മേതു ബന്ധനം പീഡാ
ധനുക്ഷേത്രേ ഭയംമഹൽ 29

കുംഭാകാരേ കുഷ്ഠരോഗം
ഭവത്യേവന സംശയഃ 30

(വാസ്തുരത്നാവലി)

ഭൂമി തെക്കുവടക്കു ദീർഘമായാൽ സർവ്വസിദ്ധികളേയും സമചതുരമായാൽ ധനവൃദ്ധിയേയും വൃത്തമായാൽ ദാരിദ്ര്യത്തേയും മൂന്നുകോണായാൽ രാജഭീതിയേയും വളഞ്ഞതായാൽധനനാശത്തേയുംവടിയുടെആകൃതിയായാൽ (ഒരററം കൂടി ഒരററം കുറഞ്ഞു്) ഗോക്കൾക്കു നാശത്തേയും മുറംപോലെ നടുഭാഗം താഴ്ന്നതായാൽ വാതരോഗത്തേയും വില്ലിൻെറ ആകൃതിയായാൽ മഹത്തായ ഭീതിയേയും കുടത്തിൻെറ ആകൃതിയായാൽ കുഷ്ഠരോഗത്തേയും ആമയുടെ ആകൃതിയായാൽ ബന്ധനത്തേയും പറയേണ്ടതാകുന്നു.

### അംഗഹീനത്വം.

ദക്ഷിണഭുജേന ഹീനേ
വാസ്തുന്യർത്ഥക്ഷയോംഗനാദോഷാ
വാമേർത്ഥധാന്യഹാനിഃ
ശിരസി ഗുണൈർഹീനതേ സർവ്വൈഃ 31

സ്ത്രീദോഷാസ്സുതമരണം
പ്രേഷ്യത്വം ചാപിചരണവൈകല്ല്യേ
അവികലപുരുഷേ വസതാം
മാനാർത്ഥയുതാനി സൗഖ്യാനി. 32

(വിശ്വകർമ്മവിദ്യാപ്രകാശിക)

ഗൃഹനിർമ്മിതികൾക്കായി ഭൂമികൾ നിർണ്ണയിച്ചാൽ അതു വാസ്തുപുരുഷൻെറ ഓരോ അവയവങ്ങളായി നിർണ്ണയിക്കണമെന്നാണല്ലൊ ശാസ്ത്രസിദ്ധാന്തം.

വാസ്തുപുരുഷൻെറ വലത്തെ കൈയാകുന്നു, ഭൂമികളുടെ വായുകോണു്. ഇടത്തെ കൈയാകുന്നു അഗ്നികോണു്. ശിരസ്സാകുന്നു ഈശകോണു്. പാദങ്ങളാകുന്നു നിരൃതികോണു്.

അതുഹേതുവായിട്ടുഭൂമികൾക്കുവായുകോണില്ലാത്ത ഭൂമിയിൽഗൃഹംവച്ചാൽസ്ത്രീകൾക്കുനാശവും അഗ്നികോ

ണില്ലാതെയിരുന്നാൽ ധനനാശവും ഈശകോണില്ലാതെയിരുന്നാൽസൎവ്വപ്രകാരേണ നാശവും നിരൃതികോണില്ലാതെയിരുന്നാൽ പല പ്രകാരേണ നാശവും ഉണ്ടാകുന്നതാണ്. അതിനാൽ യാതൊരു വൈകല്യങ്ങളും കൂടാതെ സമചതുരമായോതാഴെവിവരിക്കും പ്രകാരം തെക്കുവടക്കു ദീർഘം കൂടിയോ ഭൂമികൾ ഇരിക്കേണ്ടതാകുന്നു. "ഗൃഹഭൂതത്തുല്യേപീഡാമംഗേപ്രയശ്ചന്തി"എന്നുള്ള ശിഷ്ടാചാരവാക്യത്തെഅനുസരിച്ചുവാസ്തുപുരുഷൻെറ അംഗമില്ലാതെവരികയൊ സ്തംഭകുഡ്യാദികൾ ബാധിക്കയോചെയ്താൽ ഗൃഹകൎത്താക്കൾതുടങ്ങിയുള്ളവൎക്കു വാസ്തുപുരുഷൻ തത്തുല്യമായഅംഗങ്ങളിൽരോഗങ്ങൾഉണ്ടാക്കിക്കൊണ്ടിരിക്കതന്നെ ചെയ്യും.

ഈ കാരണങ്ങൾ കൊണ്ടായിരിക്കാം ചില കുടുംബങ്ങളിൽ പാരമ്പൎയ്യമായി രോഗങ്ങൾ ഒഴിയാതെ നിലനില്ക്കുന്നതു്.

വിപ്രന്നുത്തരദിക്കുതാണതുശുഭം
പൂൎവ്വാനതംക്ഷത്രിയ-
നൊല്ലാൎക്കുംശുഭമാകയുണ്ടിതുയമേ
നീചം തുലോം നിന്ദിതം
മദ്ധ്യം വാരുണദിക്കു താണതു പുമാന്തൃ-
ഹിക്ക കന്യാനതം
ഭൂമിക്കിങ്ങനെ നാലുവൎണ്ണനിലയം
വെപ്പാനുളാം ലക്ഷണം. 33

(മനുഷ്യാലയവിധി.)

വടക്കു താഴ്ചയുള്ള ഭൂമികൾ ബ്രാഹ്മണത്വമുള്ളതും കിഴക്കു താഴ്ചയുള്ള ഭൂമികൾക്ഷത്രിയത്വമുള്ളതുംആകുന്നു. "ഈഷൽപശ്ചിമദക്ഷിണോന്നതനതാ" എന്നും "സൎവേഷാംശുഭദാപ്രോക്താ പ്രാച്യോദീചിനതാവനി" എന്നും കാണുന്നതുകൊണ്ടുവടക്കുംകിഴക്കുംഅല്പമായിതാഴ്ന്നിരി

ക്കന്ന ഭൂമികൾതന്നെ ഏവക്കും ശുഭമെന്നു സ്പഷ്ടമാകുന്നു.

ദക്ഷിണപ്ലവനാപൃത്ഥ്വീ
നരാണാം മൃതിദാ ഭവേൽ
ഈശോച്ചം നിരൃതീനീചം
ഭൂതലം ഭൂതവീഥികാ 34

മൃത്യുദം സർവ്വവർണ്ണാനാം
വിശേഷണ വിനിന്ദിതാ
ഭ്രമപ്ലവായുധോൽ കൃഷ്ടം
യമേ നിമ്നാപി നിന്ദിതാ. 35

തെക്ക താഴ്ന്നതും വടക്ക ഉയൎന്നതും ഈശകോണു താഴ്ന്നതും നിരൃതികോണു ഉയൎന്നതും ആയ ഭൂമികളിൽ ഗൃഹസ്ഥാപനകൾ ചെയ്താൽ അപമൃത്യുവും പലപ്രകാരേണ അനൎത്ഥങ്ങളും തുടരെ ഉണ്ടാകുന്നതാണു്.

ഇതി വാസ്തുകൗമുദി പ്രഥമോദ്ധ്യായഃ

സമാപ്തഃ

*

# ദ്വിതീയോദ്ധ്യായഃ പ്രാരംഭഃ

### ഭൂമിയുടെ ചാതുൎവ്വർണ്ണ്യം.

വിപ്രാദിക്രമശഃ കുശേഷൂവനദൂ-
വാകാശയുക്താളവി-
സ്തല്പാതാനവിതാനസിന്ധുരരസാ-
ബ്ധിംശാതിദീർഘാ അപി
ശ്വേതാ പാടല പീത മേചകരുച-
ശ്ചാജ്യാസൃഗന്നാസവാ
മോദസ്സ്വാദു കഷായ തിക്ത കടുകാ
സ്വാദാന്വിതാശ്ചസ്മൃതാഃ 1

(തന്ത്രസമുച്ചയം)

ബ്രാഹ്മണി ഭൂകുശോപേതാ
ക്ഷത്രിയോ സ്യാൽ ശരാകുല
കുശാകാശകുലാ വൈശ്യാ
ശൂദ്രാ സർവ്വതൃണാകുലാ. 2

മധുരം കടുകം തിക്തം
കഷായശ്ച രസാഃ ക്രമാൽ
ഘൃതാസൃഗന്നമദ്യാനാം
ഗന്ധാശ്ച ക്രമശോഭവേൽ. 3

(വാസ്തുരത്നാവലി)

ശ്വേതാ ശസ്താ ദ്വിജേന്ദ്രാണാം
രക്താ ഭൂമിർമ്മഹീഭുജാഃ
വിശാ പീതാ ച ശൂദ്രാണാം
കൃഷ്ണാന്യേഷാം വിമിശ്രിതാ. 4

നീളം വീതി തുല്യമായും കുശപ്പുല്ലോടുകൂടിയും വെളുത്ത നിറമായും നെയ്യുടെ ഗന്ധമായും മധുരരസമായും ഇരിക്കുന്ന ഭൂമികൾ ബ്രാഹ്മണ്യത്വമുള്ളതും ആറുദർഭയോടുകൂടിയും വീതിയിൽ എട്ടൊന്നു ദീർഘംകൂടിയും രക്തവർണ്ണമായും രക്തത്തിന്റെ ഗന്ധമായും ചവർപ്പുരസമായും ഇരിക്കുന്ന ഭൂമികൾ ക്ഷത്രിയത്വമുള്ളതും കറുകയോടുകൂടിയും വീതിയിൽ ആറൊന്നു ദീർഘംകൂടിയും മഞ്ഞനിറമായും ചോറിന്റെ ഗന്ധമായും കൈപ്പുരസമായും ഇരിക്കുന്ന ഭൂമികൾ വൈശ്യത്വമുള്ളതും അമപ്പുല്ലോടുകൂടിയും വിസ്താരത്തിൽ നാലിലൊന്നു നീളമായും കറുപ്പുനിറമായും മദ്യത്തിന്റെ ഗന്ധമായും എരിവുരസമായും ഇരിക്കുന്ന ഭൂമികൾ ശൂദ്രത്വമുള്ളതും ആകുന്നു.

ബ്രാഹ്മണീ സർവ്വസുഖദാ
ക്ഷത്രിയാ രാജ്യദാ ഭവേൽ
ധനധാന്യകരീ വൈശ്യാ
ശൂദ്രാ സവ്ത്തുണാകുലാ. 5

(വാസ്തുപ്രദീപിക)

ബ്രാഹ്മണ്യത്വമുള്ളതായ ഭൂമികൾ വിവിധവർഗ്ഗക്കാക്കും എല്ലായ്പോഴും സുഖത്തേയും ക്ഷത്രിയത്വമുള്ളതായ ഭൂമികൾ രാജ്യാദിലബ്ധിയേയും വൈശ്യത്വമുള്ളതായ ഭൂമികൾ ധനധാന്യാഭിവൃദ്ധിയേയും ദാനംചെയ്യുന്നതാണ്. ശൂദ്രത്വമുള്ളതായ ഭൂമികൾ എല്ലാവക്കും നിന്ദ്യവുമാകുന്നു.

വിപ്രാണാം ഭൂരവാഗുന്നതധനദനതോ-
ദുംബരാഢ്യം ശുഭാ സ്യാൽ
പ്രാങ്നിമ്നാവാരുണോച്ചാചലദലസഹിതാ
ഭൂശ്ശുഭാ ബാഹുജാനാം

പ്രാഗുച്ചാബ്ധീശനിമ്നാ വടതരുസഹിതാ
ഭൂവിശാം പാദജാനാം
സാസപ്ലക്ഷാ തഥാചേദ്യമനതധരണീ
ചാന്യഥാ സവ്വവർജ്ജ്യാ. 6

വടക്കു താഴ്ന്നും തെക്കുയൎന്നും ഉള്ള ഭൂമികൾ ശ്രേഷ്ഠമെങ്കിലും അത്തിമരംകൂടെ ഉണ്ടായിരുന്നാൽ ആ ഭൂമികൾ ബ്രാഹ്മണ്യത്വമുള്ളവൎക്ക് അതിശോഭനവും അഭിവൃദ്ധിപ്രദവും ആകുന്നു.

കിഴക്കു താണും പടിഞ്ഞാറുയൎന്നും കാണുന്നതു മനോഹരമെന്നു വിധിച്ചു എങ്കിലും അരയാലുകൂടി ഉണ്ടായിരിക്കുന്നതു ക്ഷത്രിയത്വമുള്ളവൎക്കു ധനാഗമനത്തിനു പ്രധാനകാരണംതന്നെ.

കിഴക്കുയൎന്നും പടിഞ്ഞാറു താഴ്ന്നും കിടക്കുന്ന ഭൂമികൾ അതിനിന്ദ്യങ്ങളായി പറയപ്പെട്ടുന്നു. എന്നാൽ ആ ഭൂമിയിൽ പേരാലുണ്ടെങ്കിൽ വൈശ്യത്വമുള്ളവൎക്കു മാത്രം വസതിയെ ചെയ്യുവാൻ കൊള്ളാമെന്നു കാണുന്നു. കിഴക്കും വടക്കും ഉയൎന്നു നീചഭൂമികൾ ആകുന്നു എങ്കിലും പേരാലോ ഇത്തിയോ ഉണ്ടായിരുന്നാൽ ദോഷങ്ങൾ പരിഹരിക്കുമെന്നുള്ള സിദ്ധാന്തം നിന്ദ്യങ്ങളെന്നു വിചാരിക്കുവാനെ ഗത്യന്തരമുള്ളു.

### ഭൂപരീക്ഷ.

സങ്കീൎണ്ണരൂപാ വസുധാത്രവൎണ്ണൈ-
ൎഗ്ഗന്ധൈരസൈശ്ചാഖിലവൎജ്ജനീയാ
ഏനാമനാലക്ഷിതവൎണ്ണചിഹ്നാ
നക്തം പരീക്ഷേത നിമിത്തിതശ്ച. 7

വൎണ്ണം രസം ഗന്ധം ഇവകളെക്കൊണ്ടു മിശ്രലക്ഷണമുള്ളതായോ ശുദ്ധത്വമുള്ളതായോ കണ്ടാൽ ആ ഭൂമികൾ

രാത്രിയിൽ നിമിത്തംകൊണ്ടു പരിശോധിച്ചു മാത്രമേ ഗൃഹസ്ഥാപനകൾ ചെയ്യാവൂ.

ക്ഷ്മാംഖാതചമഘടംനിധായഭൃതധാ-
ന്യം വദ്ധമാനംമുഖേ
കൃതചാസിച്ചൃഘൃതം ദിശാസ്വസിതര-
ക്താപീതകൃഷ്ണാദശാഃ
വിപ്രാദിക്രമതഃ പ്രദീപ്യവിധിവ-
ന്നീതേമുഹൂത്തേജ്വലേ-
ദ്വത്തിയ്യസ്യധരാസ്യ താസ്വസകലാ-
സ്വിദ്ധാസ്വസവ്വോചിതാ. 8

ഒരുമുഴം താഴ്ത്തി ഭൂമി കുഴിച്ചു ധാന്യങ്ങളാൽ നിറയ്ക്കപ്പെട്ട് ഒരു മൺകുടം അതിൽ വച്ചു മറെറാരു മൺപാത്രംകൊണ്ടടച്ച് അതിൽ നെയ്യൊഴിച്ചു നാലുദിക്കുകളിലായി വെളുപ്പ്, ചുവപ്പ്, മഞ്ഞ, കറുപ്പ് ഈ നിറങ്ങളിൽ തിരികൾ മന്ത്രാനുഷ്ഠാനസമേതം ഉജ്ജ്വലിപ്പിച്ച് അൽപസമയം കഴിയുമ്പോൾ ഏതൊരു തിരി ഉജ്വലിക്കുന്നുവോ പ്രസ്തുതന്യായപ്രകാരം ആവക ഗുണത്വം അടങ്ങിയ ഭൂമികളെന്നു ധരിച്ചും എല്ലാ തിരികളും ജ്വലിക്കുന്നു എങ്കിൽ സവ്വഗുണങ്ങളും അടങ്ങിയതെന്നും അറിയേണ്ടതാകുന്നു.

ഭൂഗത്തേ ജലപൂരിതേത്രവിധിവ-
ദ്രോണാദിപുഷ്പംക്ഷിപേൽ
പ്രാദിക്ഷിണ്യഗതിഃ ശുഭാസുമനസാം
യദ്യന്യഥാനിന്ദിതാ
പുഷ്പേദിക്ഷ്വഥസംസ്ഥിതേസതിശുഭം
കോണേഷുചേന്നിന്ദിതം
ജ്ഞാതേത്യാദി ശുഭാശുഭാന്യഥസമീ-
കയ്യാൽ ക്ഷമാം സൂക്ഷ്മധീഃ 9

ഒരുമുഴം താഴ്ത്തി ഒരു കുഴിതുരന്നു് അതിൽ വെള്ളം നിറച്ചു വെളുപ്പു്, ചുവപ്പു്, മഞ്ഞ കറുപ്പു് ഈ നിറമുള്ള പുഷ്പങ്ങൾ മന്ത്രസമേതം ധ്യാനവാനായിട്ടു് അതിൽ ഇട്ടു യാതൊരു പുഷ്പം വലതുവശമായി ഗമിക്കുന്നുവോ നിറഭേദമനുസരിച്ചു ബ്രാഹ്മണ്യാദി ഗുണത്വം പറയേണ്ടതാകുന്നു.

ദിക്കുകളിൽ അടുത്താൽ ശ്രേഷ്ഠവും കോണുകളിൽ അടുത്താൽ നിന്ദ്യവും അപ്രദക്ഷിണമായാൽ അതിനിന്ദ്യവും ഫലമാകുന്നു.

"ഗണേശഹവനംകൃത്വാ പരീക്ഷേത നിമിത്തകൈഃ" എന്നു സാരാവലിയിൽ കാണുന്നതിനാൽ എല്ലാ ശുഭകർമ്മങ്ങൾക്കും ഗണേശപൂജാനന്തരം ലക്ഷണങ്ങൾ പരിശോധിക്കേണ്ടതാകുന്നു.

ഗോമർത്ത്യൈഃ ഫലപുഷ്പദുഗ്ദ്ധതരുഭി-
ശ്ഛാഢ്യാസമാപ്രാക്പ്ലവാ
സ്നിഗ്ദ്ധാധീരരവാ പ്രദക്ഷിണജലോ-
പേതാശു ബീജോൽഗമാ
സംപ്രോക്താ ബഹുപാംസുരക്ഷയജലാ
തുല്ല്യാച ശീതോഷ്ണയോഃ
ശ്രേഷ്ഠാഭ്രരധമാസമുക്തവിപരീ
താമിശ്രിതാമദ്ധ്യമാ. 10

പശുക്കളുടേയും മനുഷ്യരുടേയും കൂട്ടതലായി അധിവാസമുള്ളതും കാകളാലും പുഷ്പങ്ങളാലും പാലുള്ള വൃക്ഷങ്ങളാലും സ്ഥിതിചെയ്യപ്പെടുന്നതും സമനിരപ്പും കിഴക്കോട്ടു കുറഞ്ഞൊന്നു ചരിഞ്ഞും പ്രദക്ഷിണവശമായി വെള്ളമൊഴുക്കുള്ളതും മിനുമിനുപ്പുള്ളതും നടക്കുമ്പോൾ ഗംഭീരശബ്ദങ്ങൾ കേൾക്കുന്നതും വേഗത്തിൽ വിത്തുമുളയ്ക്കുന്നതും കുഴിതുരന്ന ആ മണ്ണുകൊണ്ടുതന്നെ നികത്തിയാൽ അധികം മണ്ണുവരുന്നതും വെള്ളം വററാത്തതും ശീതകാ

ലത്തും ഉഷ്ണകാലത്തും സാമ്യമുള്ളതുമായ ഭൂമികൾ ഉത്തമമെന്നു വിധിക്കേണ്ടതാകുന്നു. ഇതരങ്ങളായ ഭൂമികൾ അധമമാകുന്നു.

തത്രക്രമേണ ബഹുധാ ധരണീപരീക്ഷാ
ദിങ്നിർണ്ണയാദി ശുഭവീഥിപരിഗ്രഹാശ്ച
ധാമ്നാം പ്രമാണവിധിരംകണകുട്ടിമാദീ
ന്യംഗാനിബാഹ്യവിധയശ്ചതഥാ വിധേയാഃ 11

ഗൃഹനിർമ്മിതികളിൽ പലപ്രകാരേണയുള്ള ഭൂപരീക്ഷയും ദിങ്നിർണ്ണയങ്ങളും ശുഭവീഥികളുടെ നിശ്ചയങ്ങളും ഗൃഹങ്ങളുടെ കണക്കുകളും അസ്ഥിവാരം, തറ, അങ്കണംമുതലായഅവയവനിശ്ചയങ്ങളുംഉപാലയനിർണ്ണയങ്ങളുംയഥാക്രമംആദ്യമായി നിശ്ചയിക്കേണ്ടതാകുന്നു:

## വൃക്ഷസ്ഥിതികൾ.

അന്തസ്സാരാസ്തു വൃക്ഷാഃ പനസതരുമുഖാ.
സ്സർവ്വസാരാശ്ച ചിഞ്ചാ-
ശാകാദ്യസ്താലകേരക്രമുകയവഫലാ
ദ്യാബഹിസ്സാരവൃക്ഷാഃ
നിസ്സാരശിഗ്രുസപ്തച്ഛദശുകതരവഃ
കിംശുകാദ്യശ്ചകാര്യ്യാഃ
തേഷ്വാദ്യാമദ്ധ്യഭാഗേ ബഹിരപിചതതഃ
സർവ്വസാരാസ്തതോന്യേ. 12

പ്ലാവാദിയായ വൃക്ഷങ്ങളിൽ ഉള്ളിൽ കാതലുള്ളവ അന്തസ്സാരവൃക്ഷങ്ങളും വെള്ളക്കൂടാതെ എല്ലാ ഭാഗവും കാതലായുള്ള വൃക്ഷങ്ങൾ സർവ്വസാരവും പന, തെങ്ങ്, കമുക് തുടങ്ങിയുള്ളവ പുറത്തുഭാഗം കാതലാകയാൽ ബഹിസ്സാരവൃക്ഷങ്ങളും മുരിങ്ങ, പാല, കിളിമരം മുതലായവ നിസ്സാര വൃക്ഷങ്ങളും ആകുന്നു. അന്തസ്സാരം സർവ്വസാരം ബഹിസ്സാരം നിസ്സാരം ഇങ്ങനെ നാലുവിധം വൃക്ഷങ്ങളാകുന്നു.

ഇതിൽ അന്തസ്സാരവൃക്ഷങ്ങൾ ഗൃഹത്തിൻെറയും യഥാസ്ഥിതമായ സീമയുടെയും മദ്ധ്യഭാഗത്തിലും, സർവ്വ സാരവൃക്ഷങ്ങൾ അതിന്നു ബഹിർഭാഗത്തിലും, ബഹിസ്സാരവൃക്ഷങ്ങൾ അതിലും ബാഹ്യഭാഗത്തിലും നിസ്സാരവൃക്ഷങ്ങൾ ദണ്ഡുസീമയ്ക്കു പുറത്തും യഥാസ്ഥാനങ്ങളിൽ നില്ക്കേണ്ടതാകുന്നു.

പൂൎവ്വസ്യാം ബകുളോ വടശ്ച ശുഭദോ
വാച്യാംതഥോദുംബര-
ശ്ചിഞ്ചാ ചാംബുപതൌതു പിപ്പലതരുഃ
സപ്തച്ഛദോ വിസ്തൃതഃ
കൗബേര്യാംദിശി നാഗസംജ്ഞിതതരുഃ
പ്ലക്ഷശ്ച സംശോഭനാഃ
പ്രാച്യാ ദൗതു വിശേഷതഃ പനസപൂ-
ഗൌകേരചൂതൌ ക്രമാൽ.

കിഴക്കുഭാഗം ഇലഞ്ഞിയും പേരാലും നില്ക്കുന്ന ഭൂമികൾ ധനാഭിവൃദ്ധിയെ ദാനംചെയ്യുന്നതാണു്.

തെക്കുഭാഗം അത്തിയും പുളിയും ശ്രേഷ്ഠമാകുന്നു. പടിഞ്ഞാറുഭാഗം അരയാലും ഏഴിലംപാലയും അതിശോഭനംതന്നെ.

വടക്കുഭാഗം ഇത്തിയും നാഗമരവും ശ്രേയസ്സിനെ ദാനംചെയ്യും. കിഴക്കു പ്ലാവും, തെക്കു കമുകും, പടിഞ്ഞാറു തെങ്ങും, വടക്കു മാവും അതിശോഭനമാകുന്നു.

"പ്രാച്യാദൌപനസസ്തഥാക്രമുകകേരാമ്രാശ്ചസൎവ്വത്ര ച" എന്നു കാണുന്നതുകൊണ്ടു് പ്ലാവു്, തെങ്ങു്, കമുകു്, മാവു് ഇവ എല്ലാ ദിക്കുകളിലും ശ്രേഷ്ഠംതന്നെ.

അശ്വത്ഥോഗ്നിഭയം കരോതി ബഹുധാ
പ്ലക്ഷഃ പ്രമാദപ്രദോ
ന്യഗ്രോധഃ പരശസ്ത്രപാതമുദര
വ്യാധിം തഥോദുംബരഃ
സംപ്രോക്തപ്രതിദിക്സ്ഥിതസ്ത്വപി ച തേ
ചാന്യേ സുവർണ്ണാത്മകാം
ശ്ചേദ്യാമന്ദിരതസ്തരുച്ച സമസീ
മാഭ്യന്തരസ്ഥായദി. 14

അരയാൽ പടിഞ്ഞാറെദിക്കിലല്ലാതെ മറ്റേത്തു ദിക്കുകളിൽ നിന്നാലും അഗ്നിഭയത്തേയും ഇത്തി വടക്കല്ലാതെ മറ്റേത്തു ദിക്കുകളിൽ നിന്നാലും പല പ്രകാരേണ ചിത്തഭ്രമത്തേയും പേരാൽ കിഴക്കേ ദിക്കിലല്ലാതെ അന്യസ്ഥമായി നിന്നാൽ ശത്രുക്കളുടെ ആയുധത്തിനു കാരണമായിത്തീരുകയും അത്തി തെക്കല്ലാതെ ഇതരസ്ഥാനങ്ങളിൽ നിന്നാൽ ഉദരരോഗത്തേയും ഉണ്ടാക്കും. വിധിക്കു നിഷേധമായി നില്ക്കുന്ന എല്ലാ വൃക്ഷങ്ങളും ഗൃഹത്തിൽ നിന്നു വൃക്ഷങ്ങളുടെ ഉയരത്തിൽ കവിയാത്ത ദൂരത്തിൽ നില്ക്കുന്നു എങ്കിൽ എത്രതന്നെ അനുഭവത്തിൽ നില്ക്കുന്നതാണെങ്കിലും മുറിച്ചു കളകതന്നെ ചെയ്യണം.

ശസ്താമന്ദിരപാർശ്വപൃഷ്ഠദിശിതു
ശ്രീവൃക്ഷവില്വാഭയാ-
വ്യാധീഘ്നാമലകീ സുരദ്രുമ പലാ-
ശാശോകമാലേയകാഃ
പുന്നാഗാസന ചമ്പകാശ്ച ഖദിര-
സ്തദ്വൽകദഖ്യാദയോ
യൂഥീ നാഗലതാദയോപി സകലാഃ
സർവ്വത്രസംശോഭനാഃ 15

ഗൃഹങ്ങളുടെ രണ്ടുവശങ്ങളിലും പുറകിലും കുമിഴ്, കൂവളം, കടുക്കാമരം, കൊന്ന, നെല്ലി, ദേവതാരം, പ്ലാശ്,

അശോകം, ചന്ദനം, പുന്ന, വേങ്ങ, ചമ്പകം, കരിങ്ങാലി ഇവ നില്ക്കുന്നതു് അഭിവൃദ്ധിക്കു കാരണമാകുന്നു.

വാഴ, കുരുക്കുത്തിമുല്ല, വെററിലക്കൊടി മുതലായവ ഗൃഹങ്ങളുടെ നാലുവശങ്ങളിലും ശുഭങ്ങളാകുന്നു.

കാരസ്കരാരുഷ്കര കണ്ടകിദ്രു
ശ്ലേഷ്മാതകാക്ഷദ്രുമ പീലുനിംബാഃ
സ്നുഹഃ പിശാചദ്രുമ ഹേമദുശ്ധാ-
സ്സുവ്വൃത്ര നേഷ്ടാ അപി ശിഗ്രുരന്തഃ 16

കാഞ്ഞിരം, ചേരു്, വെയ്യങ്കത, നറുവരി, താന്നി, ഊകമരം, വേപ്പു്, കള്ളിപ്പാല, കറുമുസ്സു്, സ്വൎണ്ണക്ഷീരി ഇവ ഗൃഹങ്ങൾ വച്ചു താമസിക്കുന്ന പുരയിടങ്ങളിൽ നില്ക്കുന്നതു് അതി നിന്ദ്യങ്ങളാകുന്നു.

മുരിങ്ങ ദണ്ഡുസീമയുടെ ഉള്ളിൽ നില്ക്കുന്നതു നീചവും ദണ്ഡുസീമയിൽ നിന്നു ബഹിർഭാഗത്തു നില്ക്കുന്നതു ശുഭവും ആകുന്നു.

ആസന്നകണ്ടകിനോ-
രിപുഭയദാക്ഷീരണോത്ഥനാശായ
ഫലിനഃപ്രജാക്ഷയകരാ
ദാരുണ്യാപി വർജ്ജയേ ദോഷാ. 17

(വാസ്തുരത്നാവലി)

ഗൃഹത്തിനോടടുത്തു മുള്ളുള്ള വൃക്ഷങ്ങൾ നിന്നാൽ ശത്രുഭയത്തേയും പാലുള്ള വൃക്ഷങ്ങൾ ധനനാശത്തേയും അധികം ഫലമുള്ള വൃക്ഷങ്ങൾ സന്താനനാശത്തേയും ഉളവാക്കുന്നതാണു്.

**ക്ഷേത്രപരിസരങ്ങളിലുള്ള് അധിവാസസ്ഥാനം.**

വിഷ്ണോ പൃഷ്ഠേ ച വാമേ നരഭവനമന-
ത്ഥപ്രദം ദക്ഷിണേചാ-
പ്യഗ്രേഭാഗേ ചകാളീ നരഹരിശിവത-
ത്ഭിന്നസർവോഗ്രമൂർത്തേഃ
ആദ്യോ നിമ്നസ്ഥലസ്ഥോ യദിമനജഗൃഹം
ദക്ഷിണേഗ്രേ ച തസ്മാ-
ദുച്ചത്വം നേഷ്ടമിഷ്ടം നികടമപി തതോ-
ന്യത്രതൽപാദഭാജാം. 18
ഉണ്ടാക്രമാനുഷാണാം ഗൃഹമവിടെയിട
ത്തുംതഥാ പൃഷ്ഠദേശേ-
ഷ്വത്യന്തോഗ്രേശ്വരാണാംമതിസരസസുരാ-
ണാം വലത്തുംപുരോവാ
എന്നെല്ലാംവ്യവസ്ഥവേണ്ടാ മതിലിനരികവേ-
സേവചെയ്യും ജനാനാം
നിത്യം തൽ ക്ഷേത്രമുഖ്യേ പരിചരണകൃതാം
ദേവതാനാം ഗുരൂണാം. 19

വിഷ്ണുക്ഷേത്രത്തിന്റെ ഇടത്തുവശത്തും പുറകിലും നരസിംഹം ശിവൻ മുതലായ ഉഗ്രമൂർത്തികളുടെ വലത്തു വശത്തും മുൻഭാഗത്തും ഗൃഹനിർമ്മിതികൾ അനത്ഥങ്ങളാകുന്നു. ഇതരദിക്കുകൾ ശുഭപ്രദങ്ങളാകുന്നു. താഴ്ന്ന സ്ഥലത്തു ദേവാലയം ഇരിക്കുന്നു എങ്കിൽ വലത്തുവശത്തും മുൻഭാഗത്തും അതിനീചമാകുന്നു. ദേവാലയത്തേക്കാൾ മനുഷ്യാലയത്തിന് ഉയരംകൂട്ടുന്നതും നിന്ദ്യമാകുന്നു.

തന്ത്രി, അമ്പലവാസികൾ, പാദഭക്തന്മാർ ഇവക്കും വിപരീതദിക്കുകളിൽഅതിസാമീപ്യമായിവീടുവച്ചുതാമസിക്കുന്നതു ശുഭപ്രദമല്ലെന്നുകാണുന്നെങ്കിലും "എന്നെല്ലാംവ്യവസ്ഥവേണ്ടാ" എന്നുമനുഷ്യാലയവിധിയിൽകാണു

ന്നതുകൊണ്ടു പ്രസ്തുത തന്ത്രിവൎയ്യന്മാർ തുടങ്ങിയുള്ളവൎ പരിസരങ്ങളിൽ താമസിക്കാവുന്നതാണു്.

വ്രീഹിക്ഷേത്രാദ്രിദേവാലയജലധിനദീ
താപസാഗാരഗോഷ്ട-
ഗ്രാമാളീനാമതിവാന്തികമപകുരുതേ-
നൈകധാ മന്ദിരേഷു
ദേവാഗാമാന്നരാണാമതിശുഭദമിദം
കിഞ്ചിദൂനം സമംവാ
തസ്മാദഭ്യുന്നതം ച ദ്വിതലവിധിരലം
നേഷ്യതേതൽസമീപം. 20

നെൽകൃഷിസ്ഥലം, പൎവ്വതം, ക്ഷേത്രം, സമുദ്രം, നദി, പൎണ്ണശാല, തൊഴുത്തു് ഇതുകളുടെ ഏററവും അടുത്തുള്ള മനുഷ്യാലയം ആപൽക്കരമാകുന്നു.

ദേവാലയത്തിന്റെ അടുത്തുള്ള ഗൃഹങ്ങൾ തുല്യമായോ, അല്പംകുറഞ്ഞോ ഉയരം ഉണ്ടാകുന്നതു് ഏററവും ശുഭമാകുന്നു. മാളികകളൊ ഉയരംകൂടിയ ഗൃഹങ്ങളൊ ദേവാലയങ്ങളുടെ സമീപങ്ങളിൽ നില്ക്കുന്നതു ശുഭപ്രദമാകുന്നതല്ല എന്നു കാണുന്നുണ്ടെങ്കിലും ഇഷ്ടസ്ഥാനങ്ങളിൽ ഉയൎത്തിച്ചെയ്യുന്നതു നന്നായിരിക്കും.

## കൂപസ്ഥാനങ്ങൾ.

കൂപേവാസ്തോർമ്മദ്ധ്യദേശോത്ഥനാശാ
ഈശാന്യാദൗപുഷ്ടിരൈശ്വൎയ്യവൃദ്ധിഃ
സൂനോന്നാശം സ്ത്രീവിനാശോ മൃതിശ്ച
സമ്പൽപീഡാശത്രുതാസ്യാച്ച സൗഖ്യം. 21

(വിശ്വകൎമ്മവിദ്യാപ്രകാശിക)

ഭൂമികളുടെ ഓരോരാശികളിൽ നിന്നന്യമായമദ്ധ്യഭാഗങ്ങളിൽ കിണറു്, കുളം മുതലായവ അൎത്ഥനാശത്തെയും, ഈശകോണിൽപുഷ്ടിയേയും, കിഴക്കു് ഐശ്വൎയ്യവൃ

ദ്ധിയേയും, അഗ്നികോണിൽ പുത്രനാശത്തേയും, തെക്കു് സ്ത്രീനാശത്തേയും, നിരൃതികോണിൽ മൃത്യുവേയും, പടിഞ്ഞാറു് സമ്പത്തിനേയും, വായുകോണിൽ ശത്രുവൎദ്ധനവിനേയും, വടക്കു സുഖത്തേയും ചെയ്യുന്നതാണു്.

മീനേ കൂപമതീവമുഖ്യമുദിതം
സൎവ്വാൎത്ഥപുഷ്ടിപ്രദം
മേഷേചാപിഘടേ ച ഭൂതികൃദിദം
നക്രേവൃഷേൎത്ഥപ്രദം
ആപേചൈവമഥാപവത്സകപദേ
മുഖ്യം തഥൈവേന്ദ്രജി-
ല്ലോഷ്ടേദ്രഷ്ടമപാംപതൗതുശുഭദം
നാരീക്ഷയം മാരുതേ. 22

കിണറു് കുളം മുതലായവ മീനത്തിൽ മുഖ്യവും ധനധാന്യപ്രദവും, മേടം കുംഭം ഈ രാശികളിൽ ഐശ്വൎയ്യവും, മകരം ഇടവം ഈ രാശികളിൽ ധനലാഭവും, ആപപാദത്തിലും, ആപവത്സപദത്തിലും, ഇന്ദ്രപദത്തിലും, ശുഭപ്രദവും മാരുതപദത്തിൽ നാരീക്ഷയവും ആകുന്നു.

ഐശ്വൎയ്യം പുത്രഹാനിശ്ച
സ്ത്രീനാശോ നിധനം ഭവേൽ
സമ്പൽ ശത്രുഭയം സൗഖ്യം
പുഷ്ടിപൂൎവ്വാദിശിക്രമാൽ. 23

(വാസ്തുരത്നാവലി)

സോമൻെറപദവുംനേരേ
പടിഞ്ഞാറഥ മീനവും
മേടവും ഖനനം ചെയ്യാം
തടാകങ്ങൾക്കുമുത്തമം. 24

നൈരൃത്യാം കൂപമെന്നാകിൽ
ബാലക്ഷയമകപ്പെട്ടും

പൂരവയ്ക്കുന്നതിൻമുൻപേ-
യുണ്ടെങ്കിൽ ദോഷമില്ലതിൽ. 25
അഗ്നികോണിൽകുഴികൊല്ലാ
കൂപമങ്ങൊരുകാലവും
തത്ര കൂപം പുരാഭ്രത-
മെന്നാലും കളയേണമെ. 26
തത്രൈവ കുളവും നിന്ദ്യ-
മവവഹ്നിഭയപ്രദം
ദക്ഷിണേപി തഥാ കൂപം
തടാകഫലവുംതഥാ. 27
(മനുഷ്യാലയരത്നം)

## ദിങ്ങ്നിർണ്ണയം

യന്ത്രേണാവനിതാദിനാ ച നിപുണോ
യഥാംബുസംപൂരണേ-
നോർവിം ചാരുസമീകരോത്വഥദൃഢം
ശംകുംകരാർദ്ധായതം
മൂലേദ്വ്യംഗുലവിസ്തൃതിം ക്രമവശാ-
ദഗ്രേതദർദ്ധോന്മിത-
വ്യാസംവൃത്തതരം സരോജമുകുളാ-
കാരാഗ്രമാകല്പയേൽ. 28

തമനം മുതലായ യന്ത്രങ്ങൾകൊണ്ടോ വെള്ളം നിറച്ചോ ഗൃഹനിർമ്മാണപ്രവൃത്തികളിൽ നൈപുണ്യമുള്ളവർ ഭൂമിയെ യഥാക്രമം നിരപ്പുവരുത്തണം.

തദനന്തരം പന്ത്രണ്ടുവിരൽ നീളവും ചുവട്ടിൽ രണ്ടുവിരൽ വണ്ണവുമായി ക്രമേണ മേല്പോട്ടു കുറഞ്ഞു് ഒരംഗുലം വരുത്തി അഗ്രം താമരമൊട്ടിന്റെ ആകൃതിപോലെ പണിചെയ്തു വൃത്തമായി ഒരു കുററിയെ ഘനമുള്ള മരംകൊണ്ടോ ആനക്കൊമ്പുകൊണ്ടോ ഉണ്ടാക്കണം.

ശംകുദീർഘയുതസമ്മിതസൂത്രേ-
ണാകലയ്യ പരിവൃത്യ സുവൃത്തം
വൃത്തമദ്ധ്യമവധാര്യസുസൂക്ഷ്മം
ശംകമത്രസുദൃഢശ്ച നിഖന്യാൽ. 29

കുററിയുടെ നീളം രണ്ടു കൂടിയതുകൊണ്ടു് (ഒരുകോൽ) വ്യാസാർദ്ധമായൊരു വൃത്തത്തെ വീശിയുണ്ടാക്കണം. അപ്പോഠം ആ വൃത്തത്തിന്നു് രണ്ടുകോൽ വ്യാസമുണ്ടായിരിക്കുന്നതാണു്.

ആ വൃത്തത്തിൻെറ മദ്ധ്യം ശരിയായി സൂക്ഷ്മപ്പെടുത്തി അവിടെ ഏററവും ഉറപ്പായി ലേശംപോലും മറിവുവരാതെ ആ കുററിയെ ഉറപ്പിക്കണം.

ശംകുച്ഛായാഗ്രഭാഗേതദവഹിതഹൃദയോ
വൃത്തലഗ്നേംകയിത്വാ
പ്രാഹ്ണാന്തേ പശ്ചിമസ്യാംദിശിതദിതരദി-
ശ്യേവമേവാപരാഹ്ണേ
പാശ്ചാത്യേ ന്യേദ്യൂരപ്യംകനമപിച വിധാ
യാംകയോരേതയോര-
പ്യന്തർഭാഗത്രിഭാഗംനയതുഗതദിനാംകാൽ
,തദേവേഹസൂക്ഷ്മം. 30

വൃത്തംവീശുക രണ്ടുകോലുതതമൊ-
ന്നാംമാറതിൻേറ നടു-
ബ്ഭാഗേനാട്ടുക പന്തിരണ്ടുവിരലാം
ശംകങ്ങതിൻേറനിഴൽ
റ്റംത്തേ തട്ടിയതത്രപൂർവ്വപരമാം
ദിക്കെങ്കിലും പിറെറനാഠം
പ്രാതച്ഛായത്തൊട്ടുന്നതിൻെറയിടയിൽ
മൂന്നൊന്നുനിക്കാദിജം.

പൂർവ്വാപരേദ്യുപ്രഭവാങ്കയുഗ്മ-
മേവം സുസൂക്ഷ്മം പരികല്പിതം യൽ
തദങ്കയുഗ്മാങ്കിതസൂത്രമേവ
പൂർവ്വാപരാശാപ്രഭവം സുസൂക്ഷ്മം. 32

കുററിയെ സ്ഥാപിച്ചതിനുശേഷം വളരെ ജാഗ്രതയോടുകൂടി സൂക്ഷിച്ചു നില്ക്കണം.

കാലത്തു് ഏതൊരു സമയം കുറഞ്ഞു കുറഞ്ഞു് ആദ്യവൃത്തരേഖയിൽ പടിഞ്ഞാറു സ്പർശിക്കുന്നുവോ അപ്പോൾ അവിടെ അടയാളപ്പെടുത്തണം.

തദനുസരണം വളരുന്ന സമയം ആ വൃത്തരേഖയിൽ കിഴക്കു സ്പർശിക്കുന്നുവോ അപ്പോൾ അവിടെയും അടയാളപ്പെടുത്തണം.

പിറേറദിവസം കാലത്തു് വീണ്ടും പ്രസ്തുത ന്യായപ്രകാരം വൃത്തരേഖയിൽ പടിഞ്ഞാറു് ഒരടയാളംകൂടി കൊടുക്കണം.

ആദിത്യൻെറ ദൈനംദിനമുള്ള ഗതിഭേദങ്ങൾകൊണ്ടു് കുറഞ്ഞൊന്നു് അന്തരമുണ്ടായിരിക്കുന്നതാണു്.

ആ അന്തരത്തെ മൂന്നായി ഭാഗിച്ചു് പ്രാരംഭ ദിവസത്തെ അടയാളത്തിൽനിന്നു് ഒരുഭാഗം മാററി കിഴക്കു ഭാഗത്തെ അടയാളത്തിലേയ്ക്കു സൂത്രംപിടിച്ചാൽ കിഴക്കു പടിഞ്ഞാറു തുല്യമായിരിക്കുന്നതാണു്.

ഏവം ക്ഷേത്രസ്യമദ്ധ്യേ സുവിഹിതമിഹയദ്
ബ്രഹ്മസൂത്രം തദാഹു-
സ്തന്മദ്ധ്യോന്യോന്യമന്തർഗ്ഗതമപിരചയേ-
ദ്വൃത്തയുഗ്മമഞ്ചധീമാൻ
തദ്യോഗാത്തിര്യ്യഗുദ്യദ്ധ്വഷജരരസുഷു-
മ്നാഭാനാസൂത്രമേകം
യാമ്യോദഗ്ഗാമിസൂക്ഷ്മംരചയതുയമസൂ-
ത്രം തദിത്യാമനന്തി. 33

ഭൂമിയുടെ മദ്ധ്യഭാഗമായി കിഴക്കുപടിഞ്ഞാറു കിടക്കുന്ന സൂത്രത്തിന്നു ബ്രഹ്മസൂത്രമെന്നു പേരാകുന്നു. കിഴക്കു പടിഞ്ഞാറുള്ള സൂത്രത്തിൻെറ മദ്ധ്യഭാഗം രേഖപ്പെടുത്തി അതുങ്കൽനിന്നു കിഴക്കോട്ടും പടിഞ്ഞാറോട്ടും പന്ത്രണ്ടു വിരൽവീതം മാററി ബ്രഹ്മസൂത്രത്തിൽ അടയാളം ചെയ്യണം. ആ അടയാളം മദ്ധ്യമാക്കി ഒരുകോൽ വ്യാസാദ്ധ്മായി രണ്ടു വൃത്തം വരയ്ക്കണം.

അപ്പോൾ ഭൂമിയുടെ മദ്ധ്യഭാഗത്തു് ഒരു മത്സ്യാകൃതി ഉണ്ടാകുന്നതാണു്. ആ മത്സ്യാകൃതിയിലുള്ള രേഖയുടെ ഉദരശിരോമദ്ധ്യമാൎഗ്ഗമായിട്ടു് ഒരു സൂത്രത്തെ ശരിയാകുംവണ്ണം വരയ്ക്കണം. ആ സൂത്രത്തിനു് യമസൂത്രമെന്നു പേരാകുന്നു.

ഇതി വാസ്തുകൗമുദി ദ്വിതീയോദ്ധ്യായഃ

സമാപ്തം.

## തൃതീയോദ്ധ്യായഃ പ്രാരംഭഃ

ഖണ്ഡനിൎണ്ണയം.

സൂത്രേ പ്രാഗുദഗഗ്രഗേക്ഷിതിതലേ
കൃതേച്ചതുഃഖണ്ഡിതേ
ഖണ്ഡേ കല്പയതുദ്വിജാദിവസതിം
ശാൎവ്വേഫവാനൈരൃതേ
ക്ഷേത്രേവിസ്തൃതിരസ്തിചേൽ പുനരപി
ശ്രുത്യംശിതേ ഗൃഹ്യതേ
ശൈവേ നൈരൃതഖണ്ഡമേവനിരൃതൌ
ശൈവം ശുഭഞ്ചോഭയോഃ 1

(മഹാചന്ദ്രിക)

### ഭൂമികളുടെ ദീർഘവിസ്താരക്രമം.

നീളം വീതിയിലേറെയുള്ള–
തിരുപാട്ടം സമം സന്ത്യജേൽ
തൻമദ്ധ്യേ യമസൂത്രമുത്തരമുഖം
പൂർവ്വാഗ്രമായ് ബ്രഹ്മവും
കൃതപാവായുദിഗഗ്രമായ് മരണവും
ഈശാഗ്രമായ് കണ്ണവും
പിന്നെത്ത്രൂണാംവിധിക്കവെസിതം
സ്ഥാനംശ്ശുഭം കേവലം. 2

(മനുഷ്യാലയവിധി)

അഥവാ സമചതുരശ്രം ഷോഡ–
ശപദമേവകല്പയേൽ ക്ഷേത്രം
തത്ര ച നൈരൃതിനിരൃതൈശമന്ദിര–
മുദിതം ചദൈവികേഖണ്ഡേ
നിരൃതാദൈവശേകുയ്യാദീശേ–
ശാനാന്തമുത്തമം സ്ഥാനം
മാനുഷ്യേപിച ഖണ്ഡേനിരൃതി
പദംവേശ്മയോഗ്യമേവഭവേൽ. 3

(വാസ്തുവിദ്യ)

ഗൃഹനിർമ്മിതികൾക്കായി ഭൂമികൾ ചതുരം വരുത്തി മദ്ധ്യഭാഗത്തുക്കൂടി കിഴക്കുപടിഞ്ഞാറും തെക്കും വടക്കും ഓരോ സൂത്രങ്ങൾ ഉണ്ടാക്കണം.

അപ്പോൾ നാലു ഖണ്ഡങ്ങളായി തീരുന്നതാണ്. അതിൽ വടക്കുകിഴക്കേ ഖണ്ഡത്തിന് ഈശഖണ്ഡമെന്നും വടക്കുപടിഞ്ഞാറേ ഖണ്ഡത്തിന് വായുഖണ്ഡമെന്നും തെക്കുകിഴക്കേ ഖണ്ഡത്തിന് അഗ്നിഖണ്ഡമെന്നും തെക്കുപടിഞ്ഞാറേ ഖണ്ഡത്തിന് നിരൃതിഖണ്ഡമെന്നും പേരുകളാകുന്നു.

ഓരോ ഖണ്ഡങ്ങൾക്കു വിസ്താരം കൂട്ടതലുണ്ടെങ്കിൽ പൂർവ്വോക്തപ്രകാരം ഖണ്ഡനിരൂപണം ചെയ്തു്, ഈശഖണ്ഡമെങ്കിൽ അതിൻെറ നിരൃതിഖണ്ഡത്തിലും നിരൃതിഖണ്ഡമെങ്കിൽ ഈശഖണ്ഡത്തിലും ഗൃഹങ്ങൾ ഉണ്ടാക്കാവുന്നതാകുന്നു.

ധാത്രീതലേപ്യൈശനിമാനുഷ്യാഖ്യം
ഗൃഹാഭിവൃത്തിപ്രദമൈശഖണ്ഡം
ദേവാഹ്വയംനൈരൃതമിഷ്ടദംസ്യാ-
ദ്ശുഭേ ശുഭേഗേഹവിധൌനരാണാം. 4
അഗ്നേയഖണ്ഡംയമസംജ്ഞിതംസ്യാ
ന്മൃതിപ്രദംചാഖിലവർജ്ജ്യമേതൽ
വായവ്യമപ്യാസുരസംജ്ഞിതംസ്യാ-
ന്നിന്ദ്യംവിശാംചാപിചഗൃഹ്യതേതൽ. 5

(മഹാചന്ദ്രിക)

തദീശഖണ്ഡംമനുജാഭിധാനം
ദൈവാഭിധംനൈരൃതമേവഖണ്ഡം
ഏകദാ്വയേമാനുഷവീടുമുഖ്യം
കൊൾവില്ലമറേറവയമാസുരാഖ്യൌ. 6

(മനുഷ്യാലയവിധി)

പറമ്പു നാലുഖണ്ഡമാക്കിയാൽ അതിൽ ഈശഖണ്ഡത്തിനു മനുഷ്യഖണ്ഡമെന്നും നിരൃതിഖണ്ഡത്തിനു ദൈവഖണ്ഡമെന്നും അഗ്നിഖണ്ഡത്തിനുയമഖണ്ഡമെന്നും വായുഖണ്ഡത്തിനു അസുരഖണ്ഡമെന്നുംപേരുകളാകുന്നു.

അതിൽവച്ചുഗൃഹനിർമ്മിതികൾക്കുശ്രേഷ്ഠവും അഭിവൃദ്ധിപ്രദവും മാനുഷഖണ്ഡമാകുന്നു. ദൈവഖണ്ഡവും ഗൃഹനിർമ്മാണവിഷയത്തിൽ ഇഷ്ടഫലങ്ങളെതരുന്നതാണ്. അഗ്നിഖണ്ഡത്തിനു യമഖണ്ഡമെന്നു പേരുള്ളതിനാൽ പ്രധാന ഗൃഹങ്ങൾഉണ്ടാക്കിയാൽ അപമൃത്യുവേയും അനൈ

ശൈര്യത്തേയും ഉളവാക്കപ്പെടുന്നതാണ്. വായുഖണ്ഡത്തിനു അസുരഖണ്ഡമെന്നു പേരുള്ളതിനാൽ ഏവക്കും വർജ്യങ്ങളാകുന്നു എങ്കിലും ഗുണസംപൂർണ്ണമെങ്കിൽ വായുഖണ്ഡവും ഗൃഹനിർമ്മിതികൾക്കു ഉപയോഗിക്കാവുന്നതാകുന്നു എന്നുകാണുന്നു.

'മദ്ധ്യേഗണേശകമലാസനയോശ്ചവീഥിയേകീകരോതു'
"ക്ഷേത്രേല്പേ കപാപിമദ്ധ്യാങ്കണമപിച"

എന്നിങ്ങനെയുള്ള ചന്ദ്രികാസിദ്ധാന്തം അനുസരിച്ചും 'അമ്മുററത്തിൽമദ്ധ്യേയുംരണ്ടുസൂത്രംവരേണം'എന്നുള്ള മനുഷ്യാലയവിധി അനുസരിച്ചും ചെറിയ പുരയിടങ്ങളിൽ കുറഞ്ഞൊന്നു ഗതിഭേദത്തിൽ മദ്ധ്യസ്ഥാനം അങ്കണമാക്കി ഈശഖണ്ഡത്തിലോ നിരൃതിഖണ്ഡത്തിലോ കിഴക്കുതുടങ്ങി ക്രമേണ 3—9—9—2 ഈ അംഗുലങ്ങളെക്കൊണ്ടു ഗമിപ്പിച്ചോ "സ്വയോനിജനകൈഃ" എന്ന സിദ്ധാന്തമനുസരിച്ചു ഇഷ്ടയോനികൾ വരത്തക്കവിധം അംഗുലഭേദങ്ങൾകൊണ്ടു പ്രദക്ഷിണമായി ഗമിപ്പിച്ചോ മഹാമർമ്മസ്ഥാനം അങ്കണമാക്കി പൂർവ്വസൂത്രം യമസൂത്രം ജീവസൂത്രമാക്കി കിഴക്കാദിയായ ഗൃഹങ്ങൾക്കു് മർമ്മപീഡ സന്ധികളിൽ ബാധിക്കാതെ സ്ഥാനനിർണ്ണയം ചെയ്യാവുന്നതാണ്.

ഈശഖണ്ഡത്തിലുംനിരൃതിഖണ്ഡത്തിലും അഷ്ടവർഗ്ഗമായും അങ്കവർഗ്ഗമായും ദശവർഗ്ഗമായും [64-പദം 81-പദം 100 പദം] പദനിരൂപണങ്ങൾചെയ്തു യഥാസ്ഥാനങ്ങളിൽ ഗൃഹസ്ഥാപനങ്ങൾ ചെയ്യുവാനും ചെറിയ പുരയിടത്തിൽ മദ്ധ്യഭാഗത്തു പ്രസ്തുത ന്യായപ്രകാരം ഗൃഹങ്ങൾ ചെയ്യുവാനുമായി നാലുപ്രകാരേണ ഏഴു സ്ഥാനങ്ങൾ ഒരു പുരയിടത്തിൽ കല്പിച്ചു.

അതിൽ ഏതു സ്വീകാര്യമെന്നു ചിലർ ശങ്കിച്ചേക്കാം. ഏതൽക്കാര്യനിർവ്വഹണാർത്ഥം ഒന്നാം ഭാഗത്തിൽ

പല പ്രകാരേണ ശുഭാശുഭങ്ങൾ അറിയുന്നതിനു വിധിച്ചിട്ടുണ്ട്. തദനുസരണംലക്ഷണപ്രകാരംയാതൊരു സ്ഥാനത്തുകാണുന്നുവോ അവിടെയാകുന്നു ഗൃഹങ്ങൾ ചെയ്യേണ്ടതു്.

അങ്ങനെ ചെയ്യുന്നതിനു വൃക്ഷങ്ങളാലോ മററോ വല്ല അസൗകൎയ്യങ്ങളും ഉണ്ടെങ്കിൽ അതിനെ ഛേദിച്ചോ മററൊ തൽസ്ഥാനത്തുതന്നെ ഗൃഹങ്ങൾ ചെയ്യുന്നതു് അഭിവൃദ്ധിപ്രദമായിരിക്കുന്നതാണു്.

ഭൂപാദിവൎണ്ണനിയമേനയമോദഗായാ-
മാപേതമദ്ധ്യചതുരശ്രമഹീതലേതു
കൎണ്ണാദ്ധ്വനാനിരൃതിമാരുതകോണമൂല-
ശൈവാനലാഗ്രഭവസൂത്രയുഗംഹിരജ്ജുഃ 7

ക്ഷത്രിയത്വമുള്ളവൎക്കു് എട്ടിലൊന്നുകൂടിയും വൈശ്യത്വമുള്ളവൎക്കു് ആറിലൊന്നുകൂടിയും ശൂദ്രത്വമുള്ളവൎക്കു നാലിലൊന്നുകൂടിയും പുരയിടങ്ങൾക്കു ദീൎഘങ്ങൾ കല്പിച്ചിട്ടുള്ളതിനെ രണ്ടു വശങ്ങളിലും ഒരുപോലെ ഉപേക്ഷിച്ചു തെക്കുപടിഞ്ഞാറെ മൂലയിൽ ചുവട്ടും വടക്കുകിഴക്കെ മൂലയിൽ അഗ്രവുമായി കല്പിക്കുന്ന സൂത്രത്തിനു കൎണ്ണസൂത്രമെന്നും വടക്കുപടിഞ്ഞാറെ മൂലയിൽ ചുവട്ടും തെക്കുകിഴക്കെ മൂലയിൽ അഗ്രവുമായി കല്പിക്കുന്ന സൂത്രത്തിനു മൃത്യുസൂത്രമെന്നും രജ്ജുസൂത്രമെന്നും പേരുകളുള്ളതാകുന്നു.

## സൂത്രരജ്ജുക്കളുടെ വേധം.

സൂത്രസ്യരജ്ജ്വാരപിചാഗ്രമൂലൈ-
ൎവ്വിദ്ധേഗൃഹാദിസ്ഥിതമദ്ധ്യസൂത്രേ
ഹീനായതിപ്രാങ്കണതശ്ചതുശ്ശാ-
ലാഗാരതോന്യത്രഭവന്തിദോഷാഃ 8

ഗൃഹം, ഗോശാല, കിണറു് മുതലായവയുടെ മദ്ധ്യസൂത്രം മഹാസൂത്രങ്ങളുടെയൊ രജ്ജുസൂത്രങ്ങളുടെയൊ അഗ്രത്തിലൊ മൂലത്തിലൊ വേധിക്കപ്പെടുന്നു എങ്കിൽ അതു്

ആപല്ക്കരമാകുന്നു. ഇതു ചതുശ്ശാലാഗൃഹത്തിനു ബാധകമാകുന്നതല്ല. സൂത്രവർണ്ണത്തിനുള്ളിൽക്കൂടി അനുകൂലമായൊ പ്രതികൂലമായൊ കിടക്കുന്ന സൂത്രങ്ങൾക്കും വേധമെന്നു പറയുന്നു. പരിസരങ്ങളിൽനിന്നുള്ള എല്ലാ സൂത്രങ്ങളും ബ്രഹ്മസ്ഥാനത്തു വന്നുചേരുന്നതിനാൽ തൽസ്ഥാനം കേന്ദ്രമായി സങ്കല്പിച്ചു സൂത്രരജ്ജുക്കളുടെ മൂലാഗ്രങ്ങൾ നിർണ്ണയിക്കേണ്ടതാകുന്നു.

പ്രാഗാദിക്രമശസ്സ്യാദ്വേധഫലം
പതിവിയോഗകുഷ്ഠരുജൗ
രിപുപീഡാത്മജധനഹാന്യ-
നിലരുജസ്സ്വകുലധാന്യഹാന്യാദ്യാഃ 9

കിഴക്കാദിയായി സ്ഥിതിചെയ്യുന്ന ഓരോ സൂത്രങ്ങൾ ഗൃഹസന്ധികളിൽ ബാധിച്ചാൽ ഭർത്തൃവിരഹം, കുഷ്ഠരോഗം, ശത്രുപീഡ, പുത്രനാശം, ധനനാശം, വാതരോഗം, കുലനാശം, ധാന്യനാശം ഇങ്ങനെയുള്ള എട്ട് അനിഷ്ടഫലങ്ങൾ ഗൃഹകർത്താക്കൾ തുടങ്ങിയുള്ളവർ അനുഭവിക്കുന്നതാകുന്നു.

ക്ഷേത്രസ്യൈശാദിഖണ്ഡേനവകൃതിപദസം
ഭിന്നവാസ്തുപ്രസംഗകോഷ്ഠേ-
ഷ്വേകസ്യാക്കാംശതസ്സ്യാദ്വിതതിരിഹമഹാ
സൂത്രരജ്ജ്വോഃ പ്രസിദ്ധാ
തദ്വദ്വിഗ്വക്ഗ്കോഷ്ഠൈർവിഹിതശതപദേ-
ഷ്വേകകോഷ്ഠഭാഗോ
വിസ്താരഃ സൂത്രരാജ്യോരഹികൃതിപദഭി-
ന്നേഷ്വൈകാഷ്ടിഭാഗഃ 10

## പദനിരൂപണം.

അഷ്ടാങ്കദിഗ്വക്ഗ്വപദൈഃ ക്രമേണ
ക്ഷേത്രേകൃതേത്രൈകപദസ്യഭാഗൈഃ

ന്റപാക്കനാഗപ്രമിതൈസ്തുവിദ്യാൽ
സൂത്രസ്യരജ്ജുശ്ചതതിപ്രമാണം. 11

"ചതുരശ്രസംസ്ഥാ" എന്നുള്ള പൂർവ്വശാസ്ത്രാനുമതി പ്രകാരം പുരയിടങ്ങളുടെ വിസ്താരംകൊണ്ടുള്ള ചതുരശ്രമൊ ഈശഖണ്ഡമൊ നിരൃതിഖണ്ഡമൊ എൺപത്തൊന്നായൊ, അറുപത്തിനാലായൊ, നൂറായൊ ചതുരശ്രഖണ്ഡം വരത്തക്കവിധം ഭാഗിക്കണം. അതിൽ ഒൻപതൊൻപതായി ഭാഗിച്ചു വരുന്ന 81 പദങ്ങളിൽ ഒരു പദവിസ്താരത്തിൻെറ പന്ത്രണ്ടിൽ ഒരു ഭാഗവും എട്ടെട്ടായി ഭാഗിച്ചുവരുന്ന പദവിസ്താരത്തിൻെറ 16-ൽ ഒരു ഭാഗവും പത്തുപ്പത്തായി ഭാഗിച്ചുവരുന്ന പദവിസ്താരത്തിൻെറ 8-ൽ ഒരു ഭാഗവും സൂത്രങ്ങളുടെയും രജ്ജുക്കളുടെയും വണ്ണമാകുന്നു.

സമസ്തഗേഹാങ്കണകൂപവാപീ-
ദ്വാരാദിമധ്യസ്ഥിതസൂത്രവേധഃ.
മിഥഃ സമസ്തേഷ്വപിവർജ്ജനീയോ
രജ്വാശ്ചകോണാലയകർണ്ണയോശ്ച. 12

"വേധസ്തുഗൃഹമദ്ധ്യാനാം ഗോത്രനാശകരാത്യജേൽ" എന്നുള്ള വാസ്തുവിദ്യാവചനമനുസരിച്ചും ഗൃഹങ്ങൾതമ്മിലുള്ള കോൺസൂത്രങ്ങളാലും കർണ്ണസൂത്രങ്ങളാലും രജ്ജുസൂത്രങ്ങളാലും ഉപാലയം, ഗോശാല, അങ്കണം, കിണറ്, കുളം, വാതിൽ തുടങ്ങിയുള്ളവയെല്ലാററിൻേറയും, മദ്ധ്യസൂത്രങ്ങളാലും പരസ്പരം വേധിക്കാതെ ചതുശ്ശാല തുടങ്ങിയുള്ള എല്ലാ ഗൃഹങ്ങളും ചെയ്യേണ്ടതാകുന്നു.

**ദണ്ഡുകല്പനാക്രമം.**

വീഥീവിസ്തൃതികല്പനാസ്വബഹുധാ
ദണ്ഡോത്രവേന്മേദിനീ
വിസ്താരാൽഗൃഹകർത്തൃപൂരുഷസമുൻ-
സേധോത്രതാലോമതഃ

താലസ്സൈർദശനന്ദവാരുണമിതൈർ
ദണ്ഡുസ്ത്രിധാതേഷ്വുത-
ദ്വിഥീവിസ്ത്രുതിമേകതോവിതനയഃ
ദദ്യസ്ത്രിഭൂവിസ്ത്രുതിഃ 13

പറമ്പിൻെറ വലിപ്പച്ചെറുപ്പമനുസരിച്ചു വീഥികളുടെ അളവു നിശ്ചയിക്കുവാനുള്ള ദണ്ഡുകൾ പലപ്രകാരേണ വിധിച്ചിട്ടുണ്ടു്.

"കാരണാൽ ചരണപൎയ്യന്തം" എന്നു വാസ്തുരത്നാവലിയിൽ കാണുന്നതുകൊണ്ടും ഗൃഹകൎത്താവിൻെറ ഉയരത്തിനു തലമെന്നു പേരുള്ളതുകൊണ്ടും ഉയരംകൊണ്ടുതന്നെ ദണ്ഡുക്കളെ കല്പിക്കേണ്ടതാകുന്നു. ആ തലം ഒൻപതു കൂടിയതും പത്തു കൂടിയതും എട്ടു കൂടിയതും പുരയിടങ്ങൾ അളക്കേണ്ട ഓരോ ദണ്ഡുകളാകുന്നു. ഭൂമിക്കു വിസ്താരമുണ്ടെങ്കിൽ മൂന്നിൽ ഏതെങ്കിലും ഒരു ദണ്ഡുകൊണ്ടു വീഥികളുടെ അളവു നിശ്ചയിച്ചുകൊള്ളണം.

## വീഥിനിൎണ്ണയം.

നന്ദവ്രന്ദപുടേനവാവൃതിതയാ
ബാഹ്യാദിമദ്ധ്യാന്തിമാഃ
വിഥ്യസ്യുഃ പരിതഃപിശാചമുദിവിഷ-
ദ്വിത്താധിഭൃദ്ദണ്ഡിനാ
നാഗാംബപഗ്നിവിനായകദ്രുഹിണനാ-
മ്നാഞ്ചാത്രനിന്ദ്യാസ്തതാഃ
പൈശാചാഗ്ന്യഹിദണ്ഡിനഗൃഹവിധൌ
വീഥ്യശ്ചതുട്ടിക്ഷപി. 14

പുരയിടങ്ങളുടെ വിസ്താരത്തിനു തുല്യം നീളം വരുത്തി കിഴക്കുപടിഞ്ഞാറും തെക്കുവടക്കും പതിനെട്ടുപതിനെട്ടായി ഭാഗിച്ചാൽ പുറത്തുഭാഗം തുടങ്ങി ഒൻപതു വീഥികൾ ചുററുമായി കിടക്കുന്നതാണു്.

പുറത്തുഭാഗം തുടങ്ങി ഓരോ വീഥികൾക്ക പിശാചുവീഥിയെന്നും, ദേവവീഥിയെന്നും, കുബേരവീഥിയെന്നും, കാലവീഥിയെന്നും, സർപ്പവീഥിയെന്നും, ജലവീഥിയെന്നും, അഗ്നിവീഥിയെന്നും, ഗണനാഥവീഥിയെന്നും, ബ്രഹ്മവീഥിയെന്നും പേരുകളാകുന്നു.

ഇങ്ങനെയുള്ള ഒൻപതു വീഥികളിൽ ദുഷ്ടവീഥികളായ പിശാചിൻെറയും, യമൻെറയും, സർപ്പത്തിൻെറയും വീഥികളിൽ ഗൃഹങ്ങൾ അവസാനിപ്പിക്കുന്നതു് അതിനിന്ദ്യങ്ങളാകുന്നു. "അഷ്ടാദശാദിദണ്ഡാദധ്യതാരേ വീഥിവികല്പന" എന്നു കാണുന്നതുകൊണ്ടു പതിനെട്ടു ദണ്ഡിൽ കുറഞ്ഞ പുരയിടങ്ങളിൽ വീഥിവിഭാഗം ആവശ്യമില്ലെന്നു കാണുന്നു. എങ്കിലും നോക്കുന്നതു് അഭിവൃദ്ധിക്കു കാരണമായിരിക്കുന്നതാണു്.

നാല്ക്കോൽ നാലരയഞ്ചുകോലതിനുണ്ടാ
ദണ്ഡങ്ങളതേഷേചാന്നിനാൽ
വിസ്താരം പതിനഞ്ചൊടമ്പതിനിട-
യ്ക്കെല്ലാക്കുമാം വാസ്തുഷം
നീളം തെക്കുവടക്കുതീർത്തതി സമം
നന്നേവനും ക്ഷത്രിയാ-
ദെട്ടൊന്നേറിയുമാറിലൊന്നധികവും
നാലൊന്നു കൂടികുമാൽ. 15

(മനുഷ്യാലയവിധി)

പതിനഞ്ചുദണ്ഡുമുതൽ അൻപതു ദണ്ഡുവരെയുള്ള പുരയിടങ്ങൾ അളക്കുന്നതിനുള്ള ദണ്ഡുകൾ മൂന്നു പ്രകാരമാകുന്നു.

"ദണ്ഡസ്തു വിവിധാപ്രോക്താസാമാന്യേന ചതുഷ്കരഃ" എന്നും "മാനുഷ്യേഷു ചതുഷ്കര" എന്നും ശില്പശാസ്ത്രവചനങ്ങൾ കാണുന്നു. അഞ്ചുകോൽ, നാലരക്കോൽ, നാലുകോൽ ഇങ്ങനെയുള്ള അളവുകൾകൊണ്ടു ദണ്ഡുദീർഘംക

ല്പിക്കാമെങ്കിലും മനുഷ്യാലയങ്ങൾക്ക് ഉത്തമമായിട്ടുള്ള തു നാലുകോൽ ദീർഘംവരുത്തി സമീകരിക്കുന്നതാണ്. നാലര മദ്ധ്യമവും അഞ്ച് അധമവും ആയിട്ടുള്ളതാകുന്നു.

യാവൽകല്പിതമങ്കണം ഗൃഹവിധൌ
സാർദ്ധാന്വിതാതാവതീ
വീഥീവിസ്തൃതിരുത്തമാങ്കണസമാ
മദ്ധ്യാതദല്പാധമാ
ക്ഷേത്രേല്പേ പുനരങ്കണാർദ്ധവിതതാം
വീഥിം പ്രകുർവ്വീതതദാ
പ്രാചോദീച്യഗൃഹം ഭവേൽ സലിലവീ-
ഥ്യാരൂഢമേവഞ്ചവാ. 16

അങ്കണദീർഘത്തിന്റെ ഒന്നരഭാഗം വീഥിവിസ്താരം വരുത്തുന്നതു് ഉത്തമവും വീഥിവിസ്താരത്തോടു തുല്യമായി അങ്കണദീർഘം വരുത്തുന്നതു് മദ്ധ്യമവും അങ്കണദീർഘത്തേക്കാൾ കുറഞ്ഞു വീഥിവിസ്താരം വരുത്തുന്നതു് അധമവും ആകുന്നു.

ചെറിയ പുരയിടങ്ങളിൽ അങ്കണദീർഘത്തിൽ പകുതി വീഥിവിസ്താരമായി വരുത്തുമ്പോൾ കിഴക്കാദിയായ ഗൃഹങ്ങൾ ജലവീഥിയിൽ അവസാനിക്കുന്നതാണ്. എങ്കിലും ശുഭവീഥികളിൽ തന്നെ ഗൃഹങ്ങൾ അവസാനിപ്പിക്കുവാൻ കഴിയുന്നതല്ല.

കൃതാദിങ്നവനാഗവർഗ്ഗപദഭി-
ന്നേ ക്ഷേത്രഖണ്ഡേപദൈ-
രഷ്ടൃങ്കാബ്ധിമിതൈർവിധാതൃപദയു-
ക്തം പ്രാങ്കണം മദ്ധ്യതഃ
ശാലാഃ പങ്ക്തിയുജാര്യ്യകാദികജ്ജുഷാ
തൽ ബാഹ്യതസ്തൽ ബഹി-
ർഗ്ഗോഷ്ഠോലൂഖലവേശ്മകാദിവിലസത്
പങ്ക്ത്യാവൃതം കല്പയേൽ. 17

ഈശഖണ്ഡമൊ നിരൃതിഖണ്ഡമൊ "പുരവയ്യക്കുന്ന പദത്തിൽവാസ്തുപദംമൂന്നിലൊന്നുവിരചൈക" എന്നുള്ള മനുഷ്യാലയവിധിയെയനുസരിച്ച് ഒരു ഖണ്ഡവിസ്ഥാരം മൂന്നായി പകുത്ത് ഒരു ഭാഗം പൂൎവ്വസൂത്രത്തിൽനിന്നും യമസൂത്രത്തിൽനിന്നും മാററം വരുന്ന സന്ധി മഹാമൎമ്മസ്ഥാനമായി എൺപത്തൊന്നു പദവിഭാഗത്തിനു വരുന്നതാണ്. ക്രടാതെപുരയിടങ്ങൾക്കു കിട്ടുന്ന ചതുരശ്രം നൂറു പദങ്ങളായൊ അറുപത്തിനാലു പദങ്ങളായൊ ഭാഗിക്കണം. നൂറിന് രണ്ടുഭാഗവും അറുപത്തിനാലിന് ഒരു ഭാഗവും മാറുന്നതു മഹാമർമ്മമാകുന്നു.

"സ്ഥാനംസ്യൂണാംതുമാനുഷ്യേദൈവേചാപ്രീതികേചനഃ" എന്നസിദ്ധാന്തമനുസരിച്ച് മനുഷ്യാലയനിൎമ്മാണത്തിന് ഈശഖണ്ഡവും നിരൃതിഖണ്ഡവും ശ്രേഷ്ഠമാകുന്നു.

ആകെയുള്ള ചതുരശ്രംകൊണ്ടു പദനിരൂപണംചെയ്താൽ 'ഒന്നുമൊന്നരരണ്ടുമാം' എന്നുള്ള ശില്പവാക്യമനുസരിച്ച് 64-ന് 1-ം, 81-ന് 1½-യും, 100-ന് 2-ം, ഇങ്ങനെ പദവിസ്താരങ്ങൾ മദ്ധ്യത്തിൽനിന്നു ഖണ്ഡങ്ങളിലേയ്ക്കുമാററി പ്രാങ്കണമാക്കിയും ഖണ്ഡങ്ങൾകൊണ്ടു പദനിരൂപണം ചെയ്താൽ 64-ന് 40-ം, 82-ന് 30-ം, 100-ന് 16-ംപദങ്ങളുടെ സമുദായം പ്രാങ്കണമാക്കിയും ആൎയ്യൻ മുതലായവരുടെ രണ്ടുവരികളിലായി ശാലകളുംഅതിൻെറ വെളിയിൽതൊഴുത്ത് ഉരപ്പുരമുതലായഉപാലയങ്ങളുംകിണറ്,കുളംമുതലായവയുംയഥായോഗ്യംചെയ്യേണ്ടതാകുന്നു.

"ഏകാശീതിപദൈഃസമസ്തഭവനേ" എന്നുവാസ്തുരത്നാവലിയും "നാഡ്യപ്രാഗുദഗഗ്രാഗ" എന്നുചന്ദ്രികയിലും "സൎവ്വവാസ്തുവിഭാഗേഷുവിജ്ഞേയാനവക" എന്നു രാജവല്ലഭത്തിലും കാണുന്നതുകൊണ്ടു് എൺപത്തൊന്നു പദനിരൂപണങ്ങൾതന്നെ ദേവതാസ്ഥിതികൾക്കും ഗൃഹസ്ഥാനനിൎണ്ണയങ്ങൾക്കും ശ്രേഷ്ഠങ്ങളാകുന്നു.

**അല്പക്ഷേത്രവും ഗൃഹസ്ഥാനവും.**

ക്ഷേത്രേല്പേ കപാപി മദ്ധ്യാങ്കണമപിചകൃതാ-
ന്താത്മഭ്രൂസൂത്രയോഗാൽ
കിഞ്ചിന്നീതപാ സപഗത്യാപിച ഭവനചതു-
ഷ്ക്കംകൃതം ദൃശ്യതേ ച
അത്യല്പാഏവവീഥ്യോഹ്യശുഭശുഭഫലാ-
ന്യേവമേവാല്പരൂപാ-
ന്യസ്മാദീശാദിഖണ്ഡാദ്യധിഗതനവവീ-
ഥീവിധിന്നേഷ്യതേത്ര. 18

അമ്മുററത്തിന്മദ്ധ്യേരണ്ടുസൂത്രങ്ങൾ
വേണംമുന്നേപ്പോലെതാൻമുററ സൂത്രം
പ്രാദക്ഷിണ്യാൽഗേഹമയ്യങ്ങൾനാലും
നീങ്ങീടേണം മുററസൂത്രത്തിൽനിന്നും. 19

(മനുഷ്യാലയവിധി)

ഭയഭക്തിക്കവേണ്ടിഗൃഹങ്ങൾ തമ്മിൽ അന്യോന്യം ഗമിച്ചിരിക്കേണ്ടതു ബ്രഹ്മസൂത്രത്തിൽനിന്നും കിഴക്കേഗൃഹം തെക്കോട്ടും പടിഞ്ഞാറേഗൃഹം വടക്കോട്ടും യമസൂത്രത്തിൽനിന്നും തെക്കേഗൃഹം പടിഞ്ഞാറോട്ടും വടക്കേഗൃഹം-കിഴക്കോട്ടുമാണ്. ഖണ്ഡനിരൂപണംചെയ്ത ഗൃഹങ്ങൾ വയ്ക്കുന്നതിനും തമ്മിലുള്ള ഗമനവശങ്ങൾ പ്രസ്തുത ന്യായപ്രകാരംതന്നെ. ഇഷ്ടയോനികൾ വരുന്ന അംഗുലങ്ങൾകൊണ്ട് ഗതിഭേദങ്ങൾ പലപ്രകാരേണ പറഞ്ഞിട്ടുള്ളതിൽ കുറഞ്ഞ ഗതികളെക്കൊണ്ടും യമസൂത്രത്തിൽനിന്നും ബ്രഹ്മസൂത്രത്തിൽനിന്നും വ്യതിചലിപ്പിച്ച ബ്രഹ്മസ്ഥാനം അങ്കണമാക്കി നാലുഗൃഹങ്ങളും ചെയ്യണം. വീഥികൾ ചെറുതാകയാൽ വീഥിദോഷങ്ങൾ അവഗണിക്കാമെങ്കിലും സൂത്രരജ്ജുക്കൾ ഗൃഹസന്ധികളിൽ ബാധിക്കാതെ ഇരിക്കണം. ഈശഖണ്ഡത്തിലോ നിരൃതി ഖണ്ഡത്തിലോ ചെയ്യുന്നതിനു ലക്ഷണവൈപരീത്യങ്ങൾ സംഭവിച്ചെങ്കിൽ

മാത്രമെ ഖണ്ഡനിരൂപണങ്ങൾ ചെയ്യാതെ ബ്രഹ്മസ്ഥാനം അങ്കണമാക്കി ഗൃഹങ്ങൾ ചെയ്യാവൂ എന്നു സ്പഷ്ടമാകുന്നു.

**കർണ്ണസൂത്രം.**

പശ്ചിമഗേഹാൽ തെക്കും പൂർവ്വഗൃ
ഹേതദുത്തരാ ച മരുവുന്ന
തദന്തരാളദ്വന്ദ്വത്തൂടെപോൽ
കർണ്ണസൂത്രപദ്ധതിയും. 20
അക്കർണ്ണസൂത്രം തട്ടൊല്ലാ
ദിഗ്ഗതേഷുഗൃഹങ്ങളിൽ
മറ്റേമൂന്നുമേതട്ടുകയില്ല-
ല്ലോഗൃഹമൊന്നിനും. 21

പടിഞ്ഞാറെ ഗൃഹത്തിൻെറ തെക്കും കിഴക്കെ ഗൃഹത്തിൻെറ വടക്കും തെക്കെ ഗൃഹത്തിൻെറ പടിഞ്ഞാറും വടക്കേ ഗൃഹത്തിൻെറ കിഴക്കുമായി കർണ്ണസൂത്രം സ്ഥിതി ചെയ്യുന്നു. ഖണ്ഡനിരൂപണം ചെയ്ത ഗൃഹങ്ങൾ വയ്ക്കുമ്പോൾ യമസൂത്രവും ബ്രഹ്മസൂത്രവും മൃത്യുസൂത്രവും ഒരു ഗൃഹങ്ങൾക്കും ബാധിക്കുന്നതല്ല.

മററുള്ള ബാഹ്യാവൃതികളിൽ കർണ്ണസൂത്രം ആദിയായ രജ്ജുസൂത്രങ്ങൾ ബാധകമാകയാലാണു് ആരൂഢത്തിനു ശുഭാംശം, ആയം ആദിയായ ഗുണഗണങ്ങൾ ഉള്ള കണക്കുകളായിരിക്കണമെന്നു് എല്ലാ ശാസ്ത്രങ്ങളും പ്രബലമായി അഭിപ്രായപ്പെടുന്നതു്.

ഏകീകൃത്യഗണേശപങ്കജഭവോർവ്വീഥീമഥൈശേഥവാ
ഖണ്ഡേനൈരൃതകേത്ര വാസ്തുപദമേകാശീതിഖണ്ഡാത്മകം
യദ്വാനാഗകൃതിപ്രഭിന്നമഥവാ
ദിഗ്വർഗ്ഗഖണ്ഡോദിതം
കാര്യ്യാദേകമിഹാംഗമർമ്മരചനാം
വാസ്തോശ്ച തദ്ദേവതാഃ 22

ഈശഖണ്ഡത്തിലോ നിരൃതിഖണ്ഡത്തിലോ ഗണേശൻേറയും ബ്രഹ്മാവിൻേറയും വീഥികൾ ഒന്നാക്കി എൺപത്തിയൊന്നോ അറുപത്തിനാലോ നൂറോ പദങ്ങളായി വാസ്തുവിഭാഗത്തെ ചെയ്യണം.

തദനന്തരം ഓരോ പദങ്ങളിൽ ദേവതകളേയും മൎമ്മങ്ങളേയും കല്പിക്കണം. അപ്പോൾ വാസ്തുപുരുഷൻെറ ഓരോ അവയവങ്ങളിൽ ദേവതകൾ സ്ഥിതിചെയ്യുന്നു.

പുരയിടം നാലായി ഖണ്ഡിച്ച് ഒരു ഭാഗത്തിൽ പദനിരൂപണംചെയ്തു യഥാസ്ഥാനങ്ങളിൽ ഗൃഹങ്ങൾ വയ്ക്കുവാൻ പ്രബലമായി പറഞ്ഞു എങ്കിലും ഇപ്പോൾ മിക്ക സ്ഥലങ്ങളിലും ദീർഘവിസ്താരങ്ങൾക്കു മദ്ധ്യം നിൎണ്ണയിച്ചു ചതുരശ്രം വരുത്തി വാസ്തുപദം കല്പിച്ചു പ്രസ്തുത ന്യായപ്രകാരം ഗൃഹങ്ങൾ ഉണ്ടാക്കുക എന്നുള്ളതാണു നടപ്പിൽ ഇരിക്കുന്നതു്.

ഇതിൽ ഏതു സ്വീകാൎയ്യമെന്നു ചിലർ ശങ്കിച്ചേയ്ക്കാം. എന്നാൽ "ചതുരശ്രസംസ്ഥാഃ", എന്നും "സൎവ്വവ്യക്തേതഥമുഷ്മിൻ" എന്നും ഉള്ള ശാസ്ത്രസിദ്ധാന്തത്തേയും ഇതഃപൎയ്യന്തമുള്ള നടപടികളേയും യുക്തിയുക്തമായി പരിചിന്തനംചെയ്തു നോക്കിയാൽ ഒരു പുരയിടത്തിൽ ഏക വാസ്തുസ്ഥാപനതന്നെ ശ്രേഷ്ഠമെന്നു വിചാരിക്കുവാനേ ന്യായമുള്ളു. ഖണ്ഡനിരൂപണംചെയ്തു വാസ്തുപദം കല്പിക്കുമ്പോൾ ഒരു പുരയിടത്തിൽ നാലു വാസ്തുസ്ഥിതിയുണ്ടാകുന്നതാണു്. അപ്പോൾ പുരയിടത്തിൻെറ മദ്ധ്യസ്ഥാനത്തിനു ബ്രഹ്മസ്ഥാനമെന്നു പേരു കല്പിക്കുന്നതിൽ ചില യുക്തിവിരുദ്ധങ്ങൾ ഉണ്ടായേക്കാം. ആകയാൽ ഒന്നാക്കിത്തന്നെ നിശ്ചയിച്ചു വാസ്തുപദം കല്പിച്ചു ദണ്ഡുസീമയിൽ അതിരുകൾ ഉറപ്പിച്ചു ഗൃഹസ്ഥാപനകൾ ചെയ്യുന്നതുതന്നെ ഉത്തമമാകുന്നു.

### മമ്മാദിരജ്ജുദോഷം.

നാഡ്യഃപ്രാഗുദഗാഗ്രഗാദശദശൈ-
കാശീതികോഷ്ഠേശിവാ-
ന്യഗ്രാഃ പഞ്ചപ്രഥങ്നവോമ്മിഗുണാകോ-
ഷ്ഠസ്ഥാസ്തഥാരജ്ജവഃ
മമ്മണ്യഷ്ടരസാശ്രുഗാബ്ധിഗുണസം-
ഖ്യാനൈരകോഷ്ഠസ്ഥിതൈ-
സ്സൂത്രൈര്യോഗസമുദ്ഭവാദിതിശതം
വജ്ജ്യാനികുഡ്യാദിഷു. 23

തെക്കുവടക്കും കിഴക്കുപടിഞ്ഞാറും പത്തുപ്പത്തുരേഖകൾ വരയ്ക്കുമ്പോൾ എൺപത്തിയൊന്നു പദങ്ങൾ ഉണ്ടായിരിക്കുന്നതാണ്. കിഴക്കുപടിഞ്ഞാറുള്ള പത്തുരേഖകൾക്കും തെക്കുവടക്കുള്ള പത്തുരേഖകൾക്കും നാഡികളെന്നു പേരാകുന്നു.

ഈശകോണിലും അഗ്നികോണിലും അഗ്രങ്ങളും നിരൃതികോണിലും വായുകോണിലും മൂലവും ആയി കിഴക്കവടക്കേ മൂലയിൽ നിന്നും കിഴക്കുതെക്കെ മൂലയിൽനിന്നും മുമ്മൂന്നു പദങ്ങൾ അടക്കി ഈരണ്ടുരേഖകളും തദനുസരണം തെക്കുഭാഗത്തുനിന്നും ഈരണ്ടുരേഖകളും കോൺരേഖകളും വരച്ചാൽ ആ രേഖകൾക്കു രജ്ജുക്കൾ എന്നു പേരുള്ളതാകുന്നു.

പദമദ്ധ്യത്തെ ഒഴിച്ച് എട്ട്, ആറ്, അഞ്ച്, നാല്, മൂന്ന് ഈ യോഗങ്ങൾ ചേൎന്ന സ്ഥാനങ്ങൾക്കു മമ്മങ്ങൾ എന്നു പേരുള്ളതും അപ്പോൾ നൂറു മമ്മങ്ങൾ ഉണ്ടായിരിക്കുന്നതും ആകുന്നു.

### പഞ്ചശിരഃസ്ഥാപനം.

പ്രാഗേപാദകപാദഭാസ്സരാംശദളമാത്രം മമ്മസൂത്രസ്ഥിതേ-
ന്നീതപാവിന്യസനേന മർമ്മപരിപീഡാസ്സംഭകുഡ്യാദിഷു
വാസ്തുന്യത്രനിപീഡിതേമഹിഷസിം-
ഹാനേകപാധാംശിരോ

ഹൈമം ക്രൂർമ്മവരാഹയോശ്ച നിഖനേ-
ത്തച്ശാന്തയേശാന്തികൃൽ. 24

ഒരു പദവിസ്താരത്തെ ഇരുപത്തിനാലായി ഭാഗിച്ച് ഒരുഭാഗം മററുസൂത്രത്തിൽനിന്നു കിഴക്കോട്ടോ വടക്കോട്ടോമാററി ഗൃഹമദ്ധ്യംവരുത്തിയാൽ ഭിത്തികൾ തൂണുകൾ ഇവ മർമ്മസന്ധികളിൽ ബാധിക്കുന്നതല്ല.

പ്രവർത്തകന്മാരുടെ ദോഷദൃഷ്ട്യത്താൽ ബാധിച്ചു എങ്കിൽ തൽപരിഹാരാർത്ഥം പോത്തിന്റെയും, സിംഹത്തിന്റെയും, ആനയുടെയും, ആമയുടെയും, പന്നിയുടെയും ശിരസ്സുകളുണ്ടാക്കി വാസ്തുപൂജ മുതലായ ശുഭകർമ്മങ്ങളെ ചെയ്തു മന്ത്രസമേതം "ഗർഭഗൃഹേ വലത്തുള്ള കട്ടിളയ്ക്കൊട്ടു താഴവേ" എന്നുള്ള ശില്പിശാസ്ത്രവചനത്തെയും പഴമാചാരങ്ങളെയും ലാക്കാക്കി പ്രധാന കട്ടിളയുടെ വലത്തെ കാലിൻെറ കീഴ്ഭാഗത്തു സ്ഥാപിക്കണം.

സ്നാനസ്യപാകശയനാസ്ത്രഭുജേശ്ചധാന്യ-
ഭണ്ഡാരദേവതഗൃഹാണി ച പൂർവ്വതാദ്ധ്യ
തന്മദ്ധ്യതാസ്യമഥനാജ്യപുരീഷവിദ്യാ-
ഭ്യാസാഖ്യരോദനരതൌഷധസർവ്വധാമാ. 25
(വാസ്തുരത്നാവലി)

സ്നാനഗൃഹം, വയ്പുപുര, ശയനഗൃഹം, ആയുധഗൃഹം, ഭുജഗൃഹം, ധാന്യഗൃഹം, ഭണ്ഡാരഗൃഹം, ദേവതാഗൃഹം എന്നിവ കിഴക്കുതുടങ്ങിയുള്ള എട്ടു ദിക്കുവിദിക്കുകളിലും മഥനഗൃഹം, നെയ്യുസൂക്ഷിപ്പുഗൃഹം, കക്കൂസ്, പള്ളിക്കൂടം, സങ്കടഗൃഹം, രതിഗൃഹം, ഔഷധഗൃഹം മുതലായ എല്ലാഗൃഹങ്ങളുംകിഴക്കേദിക്കിൻെറയും അഗ്നികോണിന്റെയും മദ്ധ്യഭാഗം തുടങ്ങി തദനുസരണം ക്രമേണ എട്ടു് ഉപാലയങ്ങളും ഉണ്ടാകേണ്ടതാണു്. ഇങ്ങനെ 16 ഉപഗൃഹങ്ങൾ ഗൃഹസ്ഥാശ്രമികൾക്കു് ആവശ്യമാകുന്നു.

ഇതി വാസ്തുകൌമുദി തൃതീയാദ്ധ്യായഃ സമാപ്തം.

# ചതുർത്ഥോദ്ധ്യായഃ പ്രാരംഭഃ

★

## ദേവതാസ്ഥിതി.

ഈശോമൂർദ്ധ്നിസമാശ്രിതഃ ശ്രവണയോഃ
പർജ്ജന്യനാമാദിതി
ര്യ്യാവത്സസ്യഗളേതദംശയുഗളേ പ്രോ-
ക്തോജയസ്സ്യാദിതി
ഉക്താവാര്യ്യമഭൂധരൌസ്തനയുഗേ
സ്യാദായവത്സോഹൃദി
പഞ്ചേന്ദ്രാദിസുരാശ്ചദക്ഷിണഭുജേ
വാമേ ച നാഗാദയഃ 1
സാവിത്രസ്സവിതാ ച ദക്ഷിണകരേ
വാമേദ്വനം തദ്രതോ
മൃത്യുമ്മൈത്രഗണസ്തഥോരുവിഷയേ
സ്യാന്നാഭിപൃഷ്ഠേവിധിഃ
മേഢ്റേ ചക്രജയൌ ച ജാനുയുഗളേ തൌ
വാഹ്നിരോഗൌസ്മൃതൌ
പൃശ്ച്നോനന്ദിഗണാശ്ചസപ്തവിബുധാ
നല്യോപദഃപൈത്രിക. 2
(വാസ്തുരാജവല്ലഭം.)

ശിരസ്സിൽ ഈശനും, കണ്ണങ്ങളിൽ പർജ്ജന്യനും ദിതിയും, വദനത്തുങ്കൽ ആപനും, കണ്ഠത്തുങ്കൽ ആപവത്സനും, ഇടത്തേ ചെവിയിൽ ജയന്തനും, വലത്തേ ചെവിയിൽ അദിതിയും, ഇടത്തേ ചുമലിൽ അമർത്ത്യപതിയും, വലത്തെ ചുമലിൽ അർഗ്ഗളനും, കചങ്ങളിൽ മഹീധരാര്യ്യന്മാരും, കക്ഷിയിൽ വിവസ്വാനും മിത്രനും, നാഭിയിൽ ബ്രഹ്മാവും,

ലിംഗത്തിൽ ഇന്ദ്രനും, അണ്ഡയുഗത്തിൽ ഇന്ദ്രജിത്തും, പാദദ്വയങ്ങളിൽ അന്യന്മാരും സ്ഥിതിചെയ്യുന്നു.

ഈശദ്വാദ്യാബഹിരാവൃതിസ്ഥപദകേ-
ശ്വീശാനപർജ്ജന്യകാ
വൈന്ദ്രീന്ദ്രൌരവിസത്യകൌഭൃഗഖ
ഹവ്യാദാംസ്തഥാപൂഷണം
ഭൂയോ വൈ വിതഥം ഗൃഹാക്ഷതയമൌ
ഗന്ധർവ്വഭൃംഗൌ മൃഗം
പൈത്രാഖ്യം പ്രതിഹാരപാലമപി
സുഗ്രീവം ക്രമാൽ കല്പയേൽ. 3
ഭൂയഃ പുഷ്പാദിദന്തം വരുണമസുര
ശോഷാഖ്യരോഗാശുഗാഹീൻ
മുഖ്യം ഭല്ലാടമിന്ദ്വർഗ്ഗളമദിതിദിതീ
ചേതിബാഹ്യാവൃതൌ ച
ഈശാദ്യാപാപവത്സാര്യ്യക സവിതൃസവി-
ത്രേതിസംജ്ഞാവിവസ്വാ-
നിന്ദ്രാഖ്യാശ്ചേന്ദ്രജിന്മിത്ര ശിവശിവജിൽ
ഭൃദ്ധരോന്തർവൃതൌസ്യുഃ 4
ബ്രഹ്മാമദ്ധ്യപദേഥശർവ്വസഹിതഃ
സ്കന്ദോര്യ്യമാ ജൃംഭകഃ
പ്രാഗാദൌ പിലിപിഞ്ജകശ്ചരകീ-
ശാദൌവിദാര്യ്യാഹ്വയഃ
ഭൂയഃ പൂതനികാചപാപപദപൂർവ്വാ
രാക്ഷസീബാഹ്യത-
ശ്ചൈതേഷ്ടാവപദസ്ഥിതാശ്ചപരിതോ
ദേവഗ്രഹാസ്തൽബഹിഃ 5

(മഹാചന്ദ്രിക)

| ഈശകോണു മുതൽ കിഴക്കേ ദിക്കിൽ | | |
|---|---|---|
| നമ്പർ | ദേവതകൾ | വർണ്ണങ്ങൾ |
| 1 | ഈശാനൻ | പീതം |
| 2 | പർജ്ജന്യൻ | ചുവപ്പ് |
| 3 | ജയന്തൻ | കറുപ്പ് |
| 4 | ഇന്ദ്രൻ | ധവളം |
| 5 | ആദിത്യൻ | ചുവപ്പ് |
| 6 | സത്യകൻ | പീതം |
| 7 | ഭൃഗൻ | ധവ്ം |
| 8 | അന്തരീക്ഷൻ | ധൂമ്രം |
| | തെക്കേദിക്കിൽ | |
| 9 | അഗ്നി | ചുവപ്പ് |
| 10 | പൂഷാവ് | ധവളം |
| 11 | വിതഥൻ | കറുപ്പ് |
| 12 | ഗൃഹാക്ഷൻ | പീതം |
| 13 | യമൻ | കറുപ്പ് |
| 14 | ഗന്ധർവ്വൻ | വെളുപ്പ് |
| 15 | ഭൃംഗൻ | പീതം |
| 16 | മൃഗൻ | ധവ്ം |
| | പടിഞ്ഞാറ് | |
| 17 | നിരൃതി | ചുവപ്പ് |
| 18 | സർവ്വാരിജൻ | വെളുപ്പ് |

| നമ്പർ | ദേവതകൾ | വർണ്ണങ്ങൾ |
|---|---|---|
| 19 | സുഗ്രീവൻ | രക്തം |
| 20 | പുഷ്പദന്തൻ | വെളുപ്പ് |
| 21 | വരുണൻ | ,, |
| 22 | അസുരൻ | കറുപ്പ് |
| 23 | ശോഷൻ | രക്തം |
| 24 | രോഗൻ | പീതം |
| | വടക്കേദിക്ക് | |
| 25 | വായു | ധൂമ്രം |
| 26 | നാഗൻ | പീതം |
| 27 | മൃഗൻ | ധൂമ്രം |
| 28 | ഭല്ലാടകൻ | ചുവപ്പ് |
| 29 | ഇന്ദു | ധവളം |
| 30 | അർഗ്ഗളൻ | പീതം |
| 31 | അദിതി | കറുപ്പ് |
| 32 | ഉദിതി | ചുവപ്പ് |
| ഇങ്ങനെ ബാഹ്യപദങ്ങളിൽ മുപ്പത്തിരണ്ടു ദേവതകൾ സ്ഥിതിചെയ്യുന്നു. | | |
| അകത്തു മദ്ധ്യഭാഗത്തു് | | |
| 1 | ബ്രഹ്മാവു് | പീതം |
| | ഈശകോണു തുടങ്ങി | |
| 2 | ആപൻ | പീതം |
| 3 | ആപവത്സൻ | കറുപ്പ് |
| 4 | ആര്യൻ | ശ്യാമം |

| | | |
|---|---|---|
| 5 | സവിതാവ് | വെളുപ്പ് |
| 6 | സാവിത്രൻ | ചുവപ്പ് |
| 7 | വിവസ്വാൻ | കറുപ്പ് |
| 8 | ഇന്ദ്രൻ | ധവ്വം |
| 9 | ഇന്ദ്രജിത്ത് | ചുവപ്പ് |
| 10 | മിത്രൻ | ശ്വേതം |
| 11 | ശിവൻ | ധൂമ്രം |
| 12 | ശിവജിത്ത് | ചുവപ്പ് |
| 13 | മഹീധരൻ | രക്തം |
| | പരിസരങ്ങളിൽ കിഴക്ക് | |
| 14 | ശവ്വസ്കന്ദൻ | വെളുപ്പ് |
| 15 | തെക്ക്<br>അര്യമാവ് | ചുവപ്പ് |
| 16 | പടിഞ്ഞാറ്<br>ജൃംഭകൻ | പീതം |
| 17 | വടക്ക്<br>പിലിപിഞ്ഛരകൻ | ശ്യാമം |
| 18 | ഈശകോണിൽ<br>ചരകി | ധർവ്വം |
| 19 | അഗ്നികോണിൽ<br>വിദാര്യൻ | ശ്യാമം |
| 20 | നിരൃതികോണിൽ<br>പൂതനിക | വെളുപ്പ് |
| 21 | വായുകോണിൽ<br>പാപരാക്ഷസി | ധൂമ്രം |

ഇങ്ങനെ 53 ദേവതകൾ വാസ്തുപുരുഷൻെറ അംഗങ്ങളിൽ സ്ഥിതിചെയ്യുന്നു.

## വാസ്തുപുരുഷോല്പത്തി.

അസീദ്ദൈത്യഃപ്രവൃദ്ധസ്തോനിജഭുജബലവീ-
    ര്യ്യാദിനാക്രാന്തകാഷ്ഠാ-
നിഷ്ഠോദേഷ്ടാസുരാണാം സതുയുധിപതിതോ
    വിദ്ധഗാത്രോ ധരിത്ര്യാം
വ്യാപ്തേസ്സർവത്രപശ്ചാൽ ബഹുതരപരിവൃ-
    ത്ത്യൈവപൃത്ഥ്വിം വിമന്ഥൻ
മർത്ത്യാദ്യസ്ഥാമുനീന്ദ്രാസ്ത്വപിച മഖഭുജ-
    സ്താവദേവം ബഭൂവുഃ 6

കരബലാധിക്യവാനായും, വീൎയ്യാതിശയം മുതലായ മഹൽകൃത്യങ്ങളോടുകൂടിയവനായും, ദേവന്മാരെ ദേഷിക്കുന്നവനായും, അഹങ്കാരിയായും വാസ്തുപുരുഷൻ ഉത്ഭവിച്ചു. അവൻ യുദ്ധത്തിൽ ക്ഷീണവാനായിട്ടു ഭൂമിയിൽ പതിക്കപ്പെട്ടു. തദനന്തരം ഭൂമിയുടെ സകല ഭാഗങ്ങളും വളരെ പ്രാവശ്യം ചുററി ഭൂമിയെ മർദ്ദിക്കതന്നെ ചെയ്തു. അപ്പോൾ മനുഷ്യരും ഋഷികളും ദേവന്മാരും ദുഃഖിതന്മാരായിത്തീൎന്നു.

പുരാത്രേതായുഗേഹ്യാസീന്മഹാഭൂതംവ്യവസ്ഥിതം
സ്വാപ്യമാനം ശരീരേണ സകലം ഭുവനം തഥാ
തംദൃഷ്ട്വാ വിസ്മയം ദേവാഗതാസ്സേന്ദ്രാഭയാവൃതാഃ
തതസ്തേഭയമാപന്നാ ബ്രഹ്മാണം ശരണം യയുഃ 7

(വിശ്വകൎമ്മപ്രകാശിക)

"നക്ഷത്രേ കൃത്തികാസുച" എന്നുള്ള രാജവല്ലഭവചനം അനുസരിച്ച് വ്യതീപാതകരണം സിദ്ധമായ കാൎത്തിക നക്ഷത്രത്തിൽ ത്രേതായുഗത്തിൽ ഒരു മഹാഭൂതം ഉത്ഭവിച്ചു. ആ ഭൂതത്തിൻെറ ശരീരം സകലലോകങ്ങളും വ്യാപിച്ചതും ആയിരുന്നു. അവൻെറ ഉപദ്രവം നിമിത്തം ദേവാദികൾ ബ്രഹ്മാവിനെ ശരണം പ്രാപി

ച്ചു. തദനന്തരം ബ്രഹ്മകല്പനപ്രകാരം യുദ്ധംചെയ്തു ഭൂമിയിൽ പതിച്ച് ഓരോ അവയവങ്ങളിൽ അൻപത്തിമൂന്നു ദേവതകൾ സ്ഥിതിചെയ്തു. അപ്പോൾ അവൻ ശാന്തനായി ബ്രഹ്മാവിനെ പ്രാർത്ഥിക്കയും ചെയ്തു.

ചരാചരമിദം സർവ്വം ത്വയാ സൃഷ്ടം ജഗൽപ്രഭോ
വിനാപരാധേന ച മാം പീഡയന്തിസുരാഭൃശം. 8

അല്ലയോ സൃഷ്ടിതാവായ ബ്രഹ്മാവെ, ജഗൽപ്രഭോ! അങ്ങയാൽ സർവ്വചരാചരങ്ങളും സൃഷ്ടിക്കപ്പെട്ടു. ഞാൻ ഒരു ഉപദ്രവവും ചെയ്യാത്തവനായിട്ടും എന്നെ ദേവന്മാർ പീഡിപ്പിക്കുന്നു, ഞാൻ എന്തുചെയ്യും എന്നിങ്ങനെ പ്രാർത്ഥിച്ചു.

ഗ്രാമേ വാ നഗരേവാപി ദുർഗ്ഗേവാ പത്തനേപിവാ
പ്രസാദേച പ്രപായാംച ജലോദ്യാനേതഥൈവച.
യസ്ത്വാം ന പൂജയേന്മർത്ത്യോ മോഹാദ്വാസ്തു നരപ്രഭോ
അശ്രിയം മൃത്യുമാപ്നോതി വിഘ്നസ്തസ്യ പദേപദേ. 10
വാസ്തുപൂജാമകുർവ്വാണാസ്തവാഹാരോ ഭവിഷ്യതി
വാസ്തുപൂജാം പ്രകുർവ്വീതഗൃഹാരംഭപ്രവേശനേ. 11

പ്രാസാദേ ഭവനേ തടാകഖനനേ
കൂപേ ച വാപീ വനേ
ജീർണ്ണോദ്ധാരപുരേ ച യാഗഭവനേ
പ്രാരംഭനിർവ്വർത്തനേ
വാസ്തോഃ പൂജനകം സുഖായ കഥിതം
പൂജാവിനാ ഹാനികൃൽ
തസ്മാദ്യൽ ന പരേണതൽ കരണതഃ
സംപൂജനീയസ്സദാ. 12

(വാസ്തുരാജവല്ലഭം)

താദേവതാ വാസ്തുശരീരസംസ്ഥാഃ
സന്തർപ്പിതാസ്ത്വഷ്ടഫലപ്രദാസ്സ്യുഃ

താശ്ചേദനിഷ്ടാവിപരീതദാശ്ച
തസ്മാദധിദധ്യാദിഹ വാസ്തുപൂജാം. 13

പ്രാസാദത്തുങ്കലും, ഭവനത്തുങ്കലും, തടാകഖനനത്തുങ്കലും, കൂപഖനനത്തുങ്കലും, വാനത്തുങ്കലും, ജീൎണ്ണോദ്ധാരണയിങ്കലും, യാഗഭവനത്തുങ്കലും വാസ്തുപൂജയെ ചെയ്തു് യഥാക്രമംവാസ്തുവിനെയും ദേവന്മാരെയും തൃപ്തിപ്പെടുത്തണം. വാസ്തുപൂജ ചെയ്യാതെയിരുന്നാൽ അലക്ഷ്മിയേയും പലപ്രകാരേണയുള്ള വിപത്തുകളേയും തുടരെ അവൻ ഉണ്ടാക്കുന്നതാണു്.

ഗൃഹങ്ങളുടെയും മററും ആരംഭത്തിങ്കലും അവസാനത്തിങ്കലും വാസ്തുപൂജകൾ ചെയ്യേണ്ടതാണു്. അതുകൊണ്ടു "നീ" ഭുക്തിയണഞ്ഞു തൃപ്തനായി സ്ഥിതിചെയ്യുകയെന്നാണു ബ്രഹ്മകല്പന.

ഗൃഹപ്രവേശനത്തിനുശേഷവും അനൎത്ഥങ്ങൾ എന്നു തോന്നുന്ന അവസരങ്ങളിൽ സുഖത്തെയിച്ഛിക്കുന്നവർ വാസ്തുപൂജകളെച്ചെയ്തു പരിഹാരം വരുത്തേണ്ടതാണു്. വാസ്തുപുരുഷൻ തൃപ്തനായാൽ ഗൃഹകൎത്താക്കൾ തുടങ്ങിയുള്ളവൎക്കു് ഇഷ്ടഫലങ്ങൾ പ്രദാനംചെയ്യപ്പെടും.

**ധ്വജാദിയോനിക്രമം.**

ധ്വജം ധൂമം തഥാ സിംഹം
കുക്കുരം വൃഷഭം ഖരം
ഗജം വായസമെന്നെട്ടു യോനി
പൂൎവ്വദിശിക്രമാൽ. 14

(ശില്പിരത്നം)

ധ്വജധൂമസിംഹകുക്കുരവൃഷഖരഗജ-
വായസാഃ ക്രമേണാസ്യുഃ
പ്രാഗാദിയോനനോഷ്ടൌതേഷ്വയുജസ്സ-
ബദേയുജോവിപദേ.

കിഴക്കു് ധ്വജയോനിയും, അഗ്നികോണിൽ ധൂമയോനിയും, തെക്കു് സിംഹയോനിയും, നിരൃതികോണിൽ കുക്കരയോനിയും, പടിഞ്ഞാറു് വൃഷഭയോനിയും വായുകോണിൽ ഖരയോനിയും, വടക്കു് ഗജയോനിയും, ഈശകോണിൽ വായസയോനിയും ആയി ക്രമേണ സ്ഥിതിചെയ്യുന്നു.

അതിൽ കോൺയോനികളായ ധൂമം, കുക്കരം, ഖരം, വായസം ഈ യോനികൾ വിപത്തിനേയും ദിക്‌യോനികളായ ധ്വജം, സിംഹം, വൃഷഭം, ഗജം ഈ യോനികൾ സമ്പത്തിനെയും അതാതു സ്ഥാനങ്ങളിൽ ദാനംചെയ്യുന്നതാണു്.

ധ്വജാദിയോനികളുടെ സത്വരജാദിഗുണഭേദങ്ങൾ.

കേതുയോനിരഭിവാഞ്ഛിതാൎത്ഥദ-
സ്സാത്വികോമരഗുരുദ്വിജോഭവൽ
പൂൎവ്വദിക്ഷ്വഭിഹിതോപിസൎവ്വദ-
സ്സൎവ്വദിക്ഷ്വഭിഹിതോവിശേഷതഃ 15

കേതുയോനി (ധ്വജയോനി) ഇഷ്ടഫലത്തെ ദാനം ചെയ്യുന്നതും സാത്വികഗുണത്തോടുകൂടിയതും ദേവഗുരുവും വ്യാഴം ബ്രാഹ്മണ്യഗുണവാനം ആകുന്നു. കിഴക്കേദിക്കിൽ (സ്വസ്ഥാനത്തു്) അഭീഷ്ടഫലങ്ങളേയും വിശേഷാൽ എല്ലാ ദിക്കുവിദിക്കുകളിലും ശുഭഫലങ്ങളെയും ദാനം ചെയ്യുന്നതാണു്.

**യോനികളുടെ സ്വീകരണം.**

സിംഹോ ദക്ഷിണസംസ്ഥിതഃ ക്ഷിതിസുരോ
. ലക്ഷ്മീപ്രദസ്താമസോ
ഭ്രുവോഥോ വണിഗുത്തരേ ശുഭകരോ
ദന്തീബുധോ രാജസഃ

ശൂദ്രഃ പശ്ചിമദിക് സ്ഥിതോക്തനയോ
ധാന്യപ്രദസ്താമസോ
ഗൗഃപ്രോക്തോഥ വിട്ടക്ഷുയോനിഗതിദാ
സ്തത്രാഭിതേനിന്ദിതഃ 16

ഭൂമിപാലകനും കുജനും തമോഗുണപ്രിയനും ശ്രീയെ തരുന്നതും ആയ സിംഹയോനി തെക്കേദിക്കിലും വ്യാപാര ഗുണവാനും രജോഗുണപ്രിയനും ബുധനും ആയ ഗജയോനി വടക്കേദിക്കിലും ധാന്യപ്രദനും തമോഗുണത്തോടുകൂടിയതും ശനിയും ശൂദ്രനുമായ വൃഷഭയോനി പടിഞ്ഞാറെദിക്കിലും അത്യുത്തമമാകുന്നു. കോൺയോനികൾ എവിടെയും നിന്ദ്യങ്ങൾതന്നെയാകുന്നു.

ഉദ്വേഗസ്സ്യാദ്ധൂമേ ശുനി കലഹ-
ശ്ചപലതാഖരേഭവതി
ധ്വാംക്ഷേകുലഹാനിസ്യാൽ
സർവ്വവിദഗ് യോനയസ്തതോനിന്ദ്യാ 17

ഭയത്തെ ധൂമയോനിയും, കലഹത്തെ കുക്കുരയോനിയും, ചാപല്യത്തെ ഖരയോനിയും, വംശനാശത്തെ കാകയോനിയും ഉളവാക്കുന്നതാണ്. ആകയാൽ കോൺരാശികളിലുള്ള ഉപാലയങ്ങൾക്കും കോൺഗൃഹങ്ങൾക്കും ധൂമാദികൾ അതിവർജ്ജ്യങ്ങളാകുന്നു.

പ്രാച്യം കേതുർവ്വിധേയസ്സതുഭവനവിധാ-
നേഷുസർവ്വത്രശസ്ത-
ശ്ശാലായാം ദക്ഷിണായാം മൃഗപതിരുദിതഃ
കേതുയോനിശ്ചയോജ്യഃ

മാതംഗഃകേതുസിംഹാവപിച ധനപതൌ
പശ്ചിമേ സ്യാദ്വൃഷോന്യേ
കേതുസ്സിംഹോഗജാശ്ചാപിമനിജനിജ
കോണാലയേഷ്വേവമേവ. 18

പടിഞ്ഞാറു മുഖമായ കിഴക്കെ ഗൃഹങ്ങൾക്കു ധ്വജ യോനിയും. വടക്കു മുഖമായ തെക്കെ ഗൃഹങ്ങൾക്കുസിംഹ യോനിയും ധ്വജയോനിയും, കിഴക്കുമുഖമായ പടിഞ്ഞാറെ ഗൃഹങ്ങൾക്കു വൃഷഭയോനിയുംധ്വജയോനിയുംസിംഹ യോനിയും ഗജയോനിയും, തെക്കുമുഖമായ വടക്കെ ഗൃഹ ങ്ങൾക്കു ഗജയോനിയും ധ്വജയോനിയും സിംഹയോനി യും സ്വീകാര്യമാകുന്നു. "സിംഹമാംപതി വടക്കുകൊൾ കിലോ സിംഹമസ്തികൾ തഥൈവ പശ്ചിമേ" എന്നു ള്ള മനുഷ്യാലയവിധിയെ അനുസരിച്ചു യുക്തായുക്തമാ യി വിചിന്തനം ചെയ്യുന്നപക്ഷം വടക്കെ ഗൃഹങ്ങൾ ക്കൊ പടിഞ്ഞാറെ ഗൃഹങ്ങൾക്കൊ, ഗജയോനിയെടുക്കു ന്നുവെങ്കിൽ സിംഹയോനിയും സിംഹയോനിയെടുക്കുന്നു എങ്കിൽ ഗജയോനിയും സ്വീകരിക്കത്തക്കതല്ല. ഗജ യോനിയും, സിംഹയോനിയും യോജിപ്പിച്ചു ഒററഗൃഹം ഉണ്ടാക്കുന്നു എങ്കിൽ അവിടെ അനത്ഥങ്ങളും കലഹങ്ങ ളും പിന്മാറുന്നതല്ല. കൂടാതെ ഇഷ്ടയോനിയിൽ കിഴ ക്കാദിയായ ഓരോ ഗൃഹങ്ങൾക്കും ആശ്രുദ്ധിക്കേണ്ട താണ്.

യാനാംഗാദിഷുകേതുരേവവിഹിത-
സ്സർവത്ര ശസ്തോഹ്യയം
പര്യംകാദിഷുകുഞ്ജരോ മൃഗപതിഃ
പീഠാസനാദൌഹിതഃ

ദ്ധാണ്ഡേ ക്രൂപതടാകപഞ്ജരവിധൌ
യോനിർവ്വഷോവാധ്വജോ
ഢാശ്വസ്ഥാദിസമസ്തകുട്ടിമവിധൌ
കേതുർവിധേയസ്സദാ. 19

മൃഗേന്ദ്രമാസനേ ദദ്യാൽ ശയനേഷു ഗജം പുനഃ
വൃഷേ ഭോജനപാത്രേഷു ഛത്രാദിഷുപുനഃധ്വജം. 20
(വാസ്തുരത്നാവലി)

ധ്വജയോനി, വണ്ടി, പല്ലക്ക് മുതലായ വാഹന സാധനങ്ങൾക്കും, ഗജയോനി മുതലായ ശയനസാധനങ്ങൾക്കും, സിംഹയോനി കസേര, പീഠം മുതലായ ഇരിപ്പുസാധനങ്ങൾക്കും, വൃഷഭയോനി പത്തായം പെട്ടി, കിണറ്, കുളം മുതലായവകൾക്കും ശ്രേഷ്ഠങ്ങളാകുന്നു.

"ധ്വജഃസർവ്വത്രപൂജിതഃ" എന്നുള്ള വിശ്വകർമ്മപ്രകാശികാ സിദ്ധാന്തമനുസരിച്ചും മററും ധ്വജയോനി എല്ലാററിനും എല്ലാ സ്ഥലത്തും ശ്രേഷ്ഠംതന്നെ. എന്നിരുന്നാലും ആരൂഢം ഇഷ്ടയോനിയിലായിരിക്കണം.

ഖരോ വേശ്യഗൃഹേ ശസ്തോ
ധ്വാംക്ഷശ്ചാപി കുടീഷു ച
വൃഷസിംഹധ്യമകശ്ചാപി
പ്രാസാദപുരവേശ്മസു. 21

ഗജായൈവാ ധ്വജായേവാ
ഗജാനാം സദനം ശുഭം
അശ്വാലയം ധ്വജായേ ച
ഖരായൈവൃഷഭേപിച.

അശ്വാലയം ധ്വജായേ ച
ഖരായേ വൃഷഭേപിവാ
ചാമരഛത്രവസ്ത്രാണാം
വൃഷായേവാദ്ധ്വജോപിവാ. 23

(വാസ്തുരത്നാവലി)

കുതിരപ്പുരയ്ക്കു ധ്വജയോനിയും, വൃഷഭയോനിയും ചിലരുടെ അഭിപ്രായപ്രകാരം ഖരയോനിയും, വെഞ്ചാമര കുട വസ്ത്രങ്ങൾ ഇവകൾക്കു വൃഷഭയോനിയും ധ്വജയോനിയും സ്വീകാര്യമാകുന്നു.

ഔലൂഖലേ വായസയോനിരിഷ്ടാ
വിഷ്ഠാഗൃഹേചാപി തഥാംഗുലാന്താ
ഖരഃ ഖരാണാം വസതൗ ശുനാംശ്ചാ
ചുല്ല്യാം ച ധൂമഃ ഖലു കല്പനീയഃ 24

(മഹാ്ചന്ദ്രിക)

വായസയോനി ഉരപ്പുരയ്ക്കും കക്കൂസിനും, ഖരയോനി കഴുതക്കൂട്ടിനും, കുക്കുരയോനി ശ്വാക്കളുടെ കൂട്ടിനും, ധൂമയോനി അടുപ്പിനും സ്വീകരിക്കാമെന്നു ചിലരുടെ പക്ഷം.

**ബാല്യാദിയോഗങ്ങൾ:**

ബാല്യം കൗമാരകം പിന്നെ
യൌവനം വാദ്ധകം മൃതി
വയോയോഗമതഞ്ചൊള്ളു
മരണം കൊള്ളുകില്ലതിൽ. 25

(ശില്പിരത്നം)

ബാല്യത്വം കൗമാരം യൗവന-
മഥ വാർദ്ധകഞ്ച നിധനഞ്ച
പഞ്ചവയാം തേഷ്വന്ത്യം
നേഷ്ടശിഷ്ടാനിവാസ്തുനിഷ്ടാനി. 26

(മഹാചന്ദ്രിക)

| കോൽ | വിരൽ | മുതൽ | ബാല്യാദിയോഗാരംഭം |
|---|---|---|---|
| 3 | 9 | ” | ബാല്യയോഗാരംഭം |
| 6 | 18 | ” | കൗമാരയോഗാരംഭം |
| 10 | 3 | ” | യൗവനാരംഭം |
| 13 | 12 | ” | വാർദ്ധക്യാരംഭം |
| 16 | 21 | ” | മൃത്യുയോഗാരംഭം |
| 20 | 6 | ” | ബാല്യയോഗാരംഭം |
| 23 | 15 | ” | കൗമാരയോഗാരംഭം |
| 27 | 0 | ” | യൗവനാരംഭം |
| 30 | 9 | ” | വാർദ്ധക്യാരംഭം |
| 33 | 18 | ” | മൃത്യുയോഗാരംഭം |
| 37 | 3 | ” | ബാല്യയോഗാരംഭം |
| 40 | 12 | ” | കൗമാരയോഗാരംഭം |
| 43 | 21 | ” | യൗവനാരംഭം |
| 47 | 6 | ” | വാദ്ധ്ക്യയോഗാരംഭം |
| 50 | 15 | ” | മൃത്യുയോഗാരംഭം |
| 54 | 0 | ” | ബാല്യയോഗാരംഭം |
| 57 | 9 | ” | കൗമാരയോഗാരംഭം |
| 60 | 18 | ” | യൗവനാരംഭം |
| 64 | 3 | ” | വാദ്ധ്ക്യയോഗാരംഭം |
| 67 | 12 | ” | മൃത്യുയോഗാരംഭം |
| 70 | 21 | ” | ബാല്യയോഗാരംഭം |
| 74 | 6 | ” | കൗമാരയോഗാരംഭം |
| 77 | 15 | ” | യൗവനാരംഭം |

| കോൽ | വിരൽ | മുതൽ | ബാല്യാദിയോഗാരംഭം |
| --- | --- | --- | --- |
| 81 | 0 | ,, | വാർദ്ധക്യയോഗാരംഭം |
| 84 | 9 | ,, | മൃത്യുയോഗാരംഭം |
| 87 | 18 | ,, | ബാല്യയോഗാരംഭം |
| 91 | 3 | ,, | കൗമാരയോഗാരംഭം |
| 94 | 12 | ,, | യൗവനാരംഭം |
| 97 | 21 | ,, | വാർദ്ധക്യാരംഭം |
| 101 | 6 | ,, | മൃത്യുയോഗാരംഭം |

"മുക്കോലോട്ടുനവാംഗുലത്തിലുളവായി" എന്നുള്ള പൂർവ്വശാസ്ത്രാനുസാരേണ മൂന്നുകോൽ ഒൻപതു മുതൽ മൂന്നുകോൽ ഒൻപതുവീതം ഓരോ യോഗവർണ്ണങ്ങൾ വർദ്ധിപ്പിച്ചു ബാല്യം, കൗമാരം, യൗവ്വനം, വാർദ്ധക്യം, മൃതി ഇങ്ങനെ അയ്യഞ്ചവസ്ഥകൾ ക്രമേണ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇതിൽ മൃത്യുയോഗസന്ധികളിൽ വരുന്ന അളവുകൾ യാതൊരു ഗൃഹനിർമ്മിതികൾക്കും എടുക്കുവാൻ പാടില്ല.

അവിചാരിതമായി ചിലെടുത്തു സ്വീകരിച്ചിട്ടുള്ളത അനർത്ഥപ്രദമായിട്ടാണു കണ്ടുവരുന്നതു്. ആകയാൽ 17 കോൽ 21 മുതൽ 20 കോൽ 6 വരെയും 33 കോൽ 18 മുതൽ 37 കോൽ 3 വരേയും 50 കോൽ 15 മുതൽ 54 കോൽവരെയും 67 കോൽ 12 വിരൽ മുതൽ 70 കോൽ 21 വിരൽ വരെയും 84 കോൽ 9 മുതൽ 87 കോൽ 18 വിരൽ വരെയും 111 കോൽ 6 അംഗുലം മുതൽ 104 കോൽ 15 അംഗുലം വരെയും ഉള്ള അളവുകൾ ഗൃഹപരിവൃത്തങ്ങൾക്കു സ്വീകരിക്കുവാൻ പാടുള്ളതല്ല. മേല്പോട്ടും പ്രസ്തുത ന്യായപ്രകാരം വർദ്ധിപ്പിച്ചു മൃത്യുയോഗസന്ധികൾ അറിഞ്ഞുകൊള്ളണം.

ഇതി വാസ്തുകൗമുദി ചതുർത്ഥാദ്ധ്യായഃ

സമാപ്തഃ

## പഞ്ചമോദ്ധ്യായഃ പ്രാരംഭഃ

### ഉപാലയസ്ഥാനനിർണ്ണയം.

പർജ്ജന്യേ പചനാലയം ശിഖിനിവാ
മേഷേ വൃഷേവാനിലെ
തത്രൈവാപിച ഭുക്തിസത്മമകരേ
ചാപാംപതൌ ചേഷ്യതേ
കുംഭേ സൌഖ്യഗൃഹം തഥൈവ മകരേ
വായൌ തഥാ വശ്യകേ
കർത്തവ്യം വൃഷമേഷയോരിദമഥോ
വായൌ തഥോലൂഖലം. 1

ഒൻപതായി ഭാഗിച്ചു കിഴക്കു വടക്കേമൂലയിൽനിന്നു രണ്ടാമത്തെ ഭാഗം പർജ്ജന്യപദമാകുന്നു. ആ പർജ്ജന്യപദത്തിലോ അഗ്നികോണിലോ അഗ്നിഖണ്ഡത്തിലോ വയ്പുപുരയും ദീർഘത്തെ നാലായി ഭാഗിച്ച് ഒന്നാംഭാഗം വരുന്ന മേടം രാശിയിലോ രണ്ടാമത്തെ ഭാഗംവരുന്ന ഇടവം രാശിയിലൊ ഭോജനശാലയും ഉണ്ടാക്കുന്നതു് ഉത്തമമാകുന്നു. അഗ്നികോണിലും പടിഞ്ഞാറും മകരത്തിലും സൗഖ്യഗൃഹവും, കുംഭത്തിലും മകരത്തിലും വായുകോണിലും മേടത്തിലും ഇടവത്തിലും ഉരപ്പുരയും ഉണ്ടാക്കേണ്ടതാകുന്നു. "നെൽകുത്തുവാനുള്ളതു വായുകോണിലാം" എന്നുള്ള മനുഷ്യാലയവിധിയനുസരിച്ചു വായുകോണിൽതന്നെ ഉരപ്പുര ഉത്തമമാകുന്നു. മററു ഉപഗൃഹങ്ങളുടെ സ്ഥാനങ്ങൾ മൂന്നാം അദ്ധ്യായം ഇരുപത്തിനാലാം ശ്ലോകംകൊണ്ടു സ്പഷ്ടമാകുന്നതാണു്.

ഗോശാലേന്ദ്രജലേശയോർവ്വിതഥപൃ-
ഷാഭ്യന്തരാളേ തഥാ
പർജ്ജന്യേന്ദ്രിപദേ തഥാകുസുമദ-
ന്തദ്വാരപാലാന്തരേ

ഭൃംഗേ ശോഷപദദഥവാത്ര മഹിഷാ
ഗാരം യമേപ്യക്ഷശാ-
ലാസ്ത്വിൻകചാപപൃഥവാസ്തുമമ്മവിലനാൽ
ശൂലം സമസ്തം ത്യജേൽ. 2

പുരയിടം ഒൻപതായി ഭാഗിച്ച് കിഴക്കും പടിഞ്ഞാറും, കിഴക്കും, വടക്കും, അഗ്നിമൂലകളിൽനിന്നു തെക്കേ പംക്തികളിൽ രണ്ടാമത്തെ പദത്തിലും മൂന്നാമത്തെ പദത്തിലും, നിരൃതികോണിൽനിന്നു പടിഞ്ഞാറെ പംക്തികളിൽ രണ്ടാമത്തെ പദത്തിലും, വായുകോണിൽനിന്നു വടക്കെ പംക്തികളിൽ അഞ്ചാമത്തെ പദത്തിലും (പജ്ജന്യൻ, ഐന്ദ്രി, കുസുമദന്തൻ, ദ്വാരപാലൻ, വിതഥൻ, പൂഷാവ്) ഗോശാല ഉണ്ടാക്കേണ്ടതാകുന്നു. നിരൃതികോണിൽനിന്നു തെക്കെ പംക്തികളിൽ മൂന്നാമത്തെ പദത്തിലും വായുകോണിൽ നിന്നു പടിഞ്ഞാറെ പംക്തികളിൽ മൂന്നാമത്തെ പദത്തിലും (ഭൃംഗൻ, ശോഷൻ) മഹിഷശാലയും, തെക്കുവശം കാളയ്ക്കുള്ള ശാലയും ഉണ്ടാക്കുന്നതും ഉത്തമമാകുന്നു.

വിശാചുവീഥി മുതലായ ദുഷ്ടവീഥികളും വാസ്തുമമ്മങ്ങളും ബാധിക്കാതെ പ്രത്യേകാൽ സൂക്ഷിച്ച് സ്ഥാനം നിർണ്ണയിക്കേണ്ടതാകുന്നു.

**സൂതികാഗൃഹസ്ഥാനനിർണ്ണയം.**

രാശേർമൃത്യുഭയം മേഷേ
അത്ഥനാശംവരും വൃഷേ
മിഥുനേ സൂതികാനാശം
കക്കടേതചായുഷം ശുഭം. 3

സിംഹകന്യാതുലാഖ്യായോ-
മായുഃ ശ്രീപുത്രവദ്ധനം
വൃശ്ചികേ ചാപമകരേ
പിതാവിന്നിഹനാശമാം. 4

കുംഭാന്ത്യയോ ശുഭപ്രാപ്തീ-
യീററില്ലം കെട്ടിയാൽ ഫലം
ഷഷ്ഠാഷ്ടമവ്യയേ ചന്ദ്രൻ
ഗർഭിണ്യാം പരിവർജ്ജയേൽ. 5

## ധ്വജാദിയോനികളുടെ പക്ഷാന്തരസംഖ്യകൾ.

ദ്വേധായോനിശ്ചതുർദ്ധാവ്യയവിധിരുദിത-
ശ്ചദ്വിധായോവയശ്ചാ
പൃൎക്ഷാ വിപ്രാദിവർണ്ണാസ്തിഥിരപിച തഥാ
രാശയോദ്വിപ്രകാരാഃ
ത്രേധാവാരോധ്രുവാദിസ്ത്രിവിധഇതിവിക-
ല്പേന യോന്യാദയഃ സ്യുഃ
പ്രോക്തേമേ-തേഷു പൂർവ്വോദിതമഖിലമതം
കാര്യമാവശ്യകേന്യൽ. 6

ചുററളവുകൾകൊണ്ടും, ദീർഘവിസ്താരങ്ങൾകൊണ്ടും യോനി രണ്ടുപ്രകാരവും വ്യയം നാലുപ്രകാരവും ആയവും, വയസ്സും, വിപ്രാദിവർണ്ണത്വവും, നക്ഷത്രങ്ങളും, രാശികളും, പക്കങ്ങളും ഈരണ്ടു പ്രകാരവും ആഴ്ചകളും ധ്രുവാദികളും, മൂന്നുപ്രകാരവും ആയി വൈകല്പികപക്ഷം ഉണ്ടു്. ഇവയിൽവച്ചു സർവ്വപ്രധാനമായി എല്ലാസുധികളും സമ്മതിച്ചിട്ടുള്ളതു്, "മൂന്നിൽ ചുററുപെരുക്കി" എന്നുള്ള ശില്പശാസ്ത്രസിദ്ധാന്തമാകുന്നു. എല്ലാപ്രകാരേണയും ആയാധിക്യം ഉണ്ടായിരിക്കുന്നതു് ശ്രേഷ്ഠവും വൈകല്പികവിധി പൂർവ്വശാസ്ത്രവിധികൾക്കു ദുർഘടം നേരിടുന്ന അവസരങ്ങളിൽ ഉപയോഗിക്കേണ്ടതുമാകുന്നു.

ധ്വജാദിയോനിക്രമം.

മുന്നിൽചുററുപെരുക്കിയെട്ടിലുടനേ
പിന്നെപ്പതിന്നാലിലും
പോക്കിശ്ശേഷമതെത്രയോനിയഴിവും
ചുറെറട്ടിൽ വിദ്വേല്ല പുനഃ
പന്ത്രണ്ടേഴൊട്ടുമുപ്പതോട്ടമിരുപ-
ത്തേഴിൽ കഴിച്ചാൽവരും
ശേഷംനാൾവരവാഴ്ചപക്കമുടനെ
നാളുംവയസ്സാൽഫലം. 7

(ശില്പിരത്നം)

ഇഷ്ടാതാനവിതാനമാനനിചയ
ത്രിഘ്നേഷ്ടഭിർഭാജിതേ
ശേഷോയോനിരിഹവ്യയോമുനിയുജാ-
ഛായോഷ്ടനിഘ്നേരുണൈഃ
ളൈക്ഷ്യർക്ഷമവാപ്നുതത്ര തു വായോ
ജ്ഞേയം തിഥിസ്ത്രിംശതാ-
വാരോ ഭൂമിധരൈരന്ധിപ്രഗുണിതേ
ധർമ്മാഹൃതേവാവ്യയം. 8

(ചന്ദ്രിക)

ചുററളവിനെ 3-ൽ ഗുണിച്ചു 8-ൽ ഹരിച്ചാൽ ശിഷ്ടംവരുന്നതുധ്വജാദിയോനികളുംഗുണസംഖ്യയെ 14-ൽ ഹരിച്ചാൽശിഷ്ടംവരുന്നതുവ്യയവും(ചെലവ്)ചുററളവിനെ 8-ൽ ഗുണിച്ചു 12-ൽ ഹരിച്ചു ശിഷ്ടം ആയവും (വരവ്) 27-ൽ ഹരിച്ചു ശിഷ്ടം അശ്വിന്യാദിനക്ഷത്രങ്ങളും 30-ൽ ഹരിച്ചു ശിഷ്ടം വെളുത്ത പ്രദിപാദാദിപക്കങ്ങളും

7-ൽ ഹരിച്ചു ശിഷ്ടം രവിവാരാദി ആഴ്ചകളും എത്ര ഇരുവേത്തഴപോയൊ ആ സംഖ്യ വയസ്സും പക്ഷാന്തരത്തേന 9-ൽ ഗുണിച്ചു 10-ൽ ഹരിച്ചു ശിഷ്ടം വ്യയവും ആകുന്നു. ശിഷ്ടാംഗുലങ്ങൾ കൂടാതെ വരുന്ന അളവുകൾക്കു നക്ഷത്രാദി ആഴ്ചപക്കങ്ങൾ പൂൎണ്ണവും ശിഷ്ടാംഗുലം എട്ടു വിരൽ വരുന്ന കണക്കുകൾക്കു നക്ഷത്രാദി ആഴ്ചപക്കങ്ങൾ 40 നാഴികയും 16 അംഗുലം ശിഷ്ടാംഗുലംവരുന്ന കണക്കുകൾക്കു് നക്ഷത്രാദി ആഴ്ചപക്കങ്ങൾ 20 നാഴികയും അതാതിൽചേൎന്നു നില്ക്കുന്നു എന്നും മനസ്സിലാക്കേണ്ടതാകുന്നു.

പിണ്ഡേനവാങ്കാങ്കഗജാഗ്നിനാഗ-
നാഗാബ്ധിനാഗൈൎഗ്ഗുണിതേ ക്രമേണ
വിഭാജിതേഷ്ടൂമുനിയങ്കസൂര്യ-
നാഗാൎക്ഷതിഥ്യൎക്ഷഖടാന്നഭിശ്ച. 9
ആയോവാരാംശകോദ്രവ്യ-
മൃണമൃക്ഷംതിഥിൎയതിഃ
ആയുശ്ചാഥഗൃഹേശൎക്ഷം
ഗൃഹഭവ്യം മൃതിപ്രദം. 10
(വിശ്വകൎമ്മപ്രകാശിക)

ചുററിനെ 9-ൽ ഗുണിച്ചു 8-ൽ ഹരിച്ചുശിഷ്ടം വരുന്ന സംഖ്യകൾക്കു ധ്വജാദിയോനികളും 9-ൽ ഗുണിച്ചു 7-ൽ ഹരിച്ചു ശിഷ്ടം ആഴ്ചയും 6-ൽ ഗുണിച്ചു 9-ൽ ഹരിച്ചു ശിഷ്ടം അംശകവും 8-ൽ ഗുണിച്ചു 12-ൽ ഹരിച്ചു ശിഷ്ടം ധനവും 3-ൽ ഗുണിച്ചു 8-ൽ ഹരിച്ചു ശിഷ്ടം വ്യയവും 8-ൽ ഗുണിച്ചു 27-ൽ ഹരിച്ചു ശിഷ്ടം നക്ഷത്രവും 8-ൽ ഗുണിച്ചു 15-ൽ ഹരിച്ചു ശിഷ്ടം പക്കങ്ങളും 4-ൽ ഗുണിച്ചു 27-ൽ ഹരിച്ചു ശിഷ്ടം യോഗവും 8-ൽ ഗുണിച്ചു 120-ൽ ഹരിച്ചു ശിഷ്ടം ആയുസ്സും ആകുന്നു.

പക്ഷാന്തരം.

പൂർവ്വംത്രിഘ്നചതുർദ്ദശാപ്തപരിധേ-
സ്സാമാനമുക്തോവ്യയോ
നന്ദഘ്നേഷ്ടഹൃതേഥപംക്തിവിഹൃതേ
ശിഷ്ടേവ്യയോവാഭവേൽ
സിദ്ധർഷേവസുഭാജതേപിചചതു-
ർത്ഥേതിവ്യയസ്സർവ്വഥാ
സ്യാല്പത്വംപരികല്പ്യമാത്മജധനാ-
ദീനാംവിനാശോന്യഥാ. 11

ചുററിനെമുമ്പിൽ ഗുണിച്ചു പതിന്നാലിൽഹരിച്ചി ശേഷവുംഒൻപതിൽഗുണിച്ച് എട്ടിൽ ഹരിച്ചശേഷവും ആ ഗുണനസംഖ്യയെ പത്തിൽഹരിച്ചശേഷവുചുററിനെ എട്ടിൽ ഗുണിച്ച് ഇരുപത്തിഏഴിൽ ഹരിച്ച് എത്ര പ്രാവശ്യംഇരുപത്തിഏഴപോയെന്ന തും വ്യയമാകുന്നു. ഇങ്ങനെ നാലുപ്രകാരം വ്യയങ്ങളാകുന്നു. ഇതിൽ പൂർവോക്തം സർവ്വസമ്മതവും അനുഭവവും ആകുന്നു.

സർവ്വപ്രകാരവുംവ്യയത്തിന് അല്പത്വംഉണ്ടാകാത്ത പക്ഷംആത്മഹാനിയും, ധനഹാനിയുംഉണ്ടാകുന്നതാണ്.

ദീർഘേതുവിസ്താരഹതേഷ്ടഭക്തേ
യദ്ഗേഷ്ടയോനിഃ പരിശിഷ്യതേത്ര
തഥാപ്രകല്പ്യൌശിതധീഭിരുച്ചൈ-
ർവ്വിചാര്യപൂർവ്വംഗൃഹതാരദീർഘൌ. 12

ദീർഘത്തെവിസ്താരംകൊണ്ടുഗുണിച്ചു8-ൽഹരിച്ചു ശിഷ്ടംവരുന്നതു ധ്വജാദിയോനികളാകുന്നു. ചുററളവിനു സിദ്ധമായ യോനിതന്നെ വിസ്താര ദീർഘങ്ങൾകൊണ്ടു വരുത്തുന്നതു് അത്യുത്തമമാകുന്നു. ഇങ്ങനെ അതാതിനു ചിതമായ യോനികൾ തന്നെ വരുത്തി ഇഷ്ടദീർഘവിസ്താരങ്ങളെ ഔചിത്യമുള്ള ശില്പവര്യൻ സ്വീകരിക്കണം.

ത്ര്യഷ്ടാങ്കാങ്കനവാഷ്ടചക്രയുഗവേ
ദാങ്കാഹതേഷ്ടക്ഷ്ദി–
ഗേഹാദ്ത്രിംശതിസപ്തവിംശതിശതാ–
ക്ഷാങ്കാദിഭിഃ ഭാജിതേ
പര്യന്തേഭവനസ്യയാനിഹിഫലാ
ന്യപ്താനിതാനിക്രമാൽ
യോന്യായംവ്യയവംശതാത്യദ്ധ്വവയോ
രാശ്യാംശവാരാസ്തതഃ. 13

ചുററളവിനെ 3-ൽ ഗുണിച്ചു് 8-ൽ ഹരിച്ചശേഷം ധ്വജാദിയോനിയും, 8-ൽ ഗുണിച്ചു 12-ൽ ഹരിച്ച ശേഷം ആയവും, 9-ൽ ഗുണിച്ചു 10-ൽ ഹരിച്ചശേഷം വ്യയവും, 4-ൽ ഹരിച്ചശേഷം ബ്രാഹ്മണ്യാദി ഗുണത്വവും, 30-ൽ ഹരിച്ചശേഷം പൂർവ്വപക്ഷ പ്രതിപദാദീയായ പക്കവും, 8-ൽ ഗുണിച്ചു് 27-ൽ ഹരിച്ചശേഷം അശ്വത്യാദിനക്ഷത്രവും, 4-ൽ ഗുണിച്ചു 100-ൽ ഹരിച്ചശേഷം വയസ്സും, 4-ൽ ഗുണിച്ചു 12-ൽ ഹരിച്ച ശേഷാദിരാശിയും, 9-ൽ ഹരിച്ചശേഷം ഭാസ്കരാദി അംശകവും, 9-ൽ ഗുണിച്ചു് 7-ൽ ഹരിച്ചശേഷം ആഴ്ചകളും് ആകുന്നു.

സ്വത്ര്യംശേനയുതേ തഥാക്ഷണഹതേ
നാഹേഷ്ടഭക്തേഭവേ
ദായോവാപുനരക്ഷനിഘ്നപരിധൌ
ദിശ്വന്ദ്വഭക്തേവയഃ
ബാല്യത്വാദിവിശേഷമാത്രമവഗ–
ന്തവ്യം ഫലൈശ്ശേഷത–
സ്തേഷാമേവഗതാബ്ദമാനമിഹതാ
രുണ്യം വയഃശോഭനം. 14

ചുററളവിന്റെ മൂന്നിൽ ഒരുഭാഗം ചുററളവോടുകൂട്ടിച്ചേർത്തു 2-ൽ ഗുണിച്ചു് 8-ൽ ഹരിച്ച ശിഷ്ടം വരവാകുന്നു.

ചുററിനെ 27-ൽ ഗുണിച്ച് 20-ൽ ഹരിച്ചശേഷം വയസ്സാകുന്നു. ശേഷിക്കുന്ന സംഖ്യ ഒന്നാണെങ്കിൽ ബാല്യമെന്നും, എട്ടാണെങ്കിൽ കൗമാരമെന്നും, പന്ത്രണ്ടെങ്കിൽ യൗവ്വനമെന്നും, പതിന്നാലെങ്കിൽ മരണമെന്നും ധരിക്കണം. 1-2-3 ഈ സംഖ്യ ശേഷിക്കുന്നു എങ്കിൽ ആ സംഖ്യയോടൊപ്പം വത്സരം ബാല്യത്തിൽ ചെന്നു എന്നു ധരിക്കണം. 5-6-7 ഈ സംഖ്യകൾ ശേഷിക്കുമ്പോൾ വയസ്സിൽ ചെന്നിട്ടുള്ള വത്സരസംഖ്യ ഗ്രാഹ്യമാകുന്നു. ഇങ്ങനെ അഞ്ചുവിധമുള്ള വയസ്സുകളിൽവച്ചു യൗവ്വനവയസ്സ് അതിശ്രേഷ്ഠമാകുന്നു.

അംഗുല്യന്തമിതം തു യോനിരുദിതാ
ത്രിഘ്നാംഗുലാഷ്ടാഹൃതാ
ശിഷ്ടാചാഷ്ടഹതാംഗുലീരവിഹൃതാ
ചായോവശിഷ്ടോമതഃ 14

പശ്ചായേനകരാംഗുലംപ്രതിതിഥേ
ഭാനപഷ്ടകൈസ്സൃഷ്ടകൈ-
സ്താരാവാരകയേവയന്ത്യയുഗവ-
ഹ്നിഭാംവ്രതസംഗുണ്യച. 15

സംയോജ്യാഥമിഥസ്ത്രിഥീഭഗിരിലോ-
കൈർഭക്തശ്ഷ്ടാതിഥീ
ത്താരാവാരഗുണംവയോദപിഗുണിദോ-
ർമ്മാത്രം സദാരാപ്തികം. 16

അന്ത്യംശിഷ്ടാംഗുലംവരുന്നകണക്കുകൾക്കു(ഒൻപതുകോൽ പതിനാറ്, പത്തുകോൽ എട്ട് ഇങ്ങിനെയുള്ളതു്) അംഗുലത്തെമാത്രം 3 ൽ ഗുണിച്ച് 8-ൽ ഹരിച്ചു ശിഷ്ടംവരുന്നതിനു ധ്വജാദിയോനിയും, അംഗുലത്തെ 8-ൽ ഗുണിച്ചു 12-ൽ ഹരിച്ച് ശിഷ്ടമുള്ളതു് ആയവും, (വരവ്) കോലിനെ 12 കൊണ്ടും അംഗുലത്തെ 8 കൊണ്ടും ഗുണിച്ചു സംയുതമായസംഖ്യ 30-ൽ ഹരിച്ചു ശിഷ്ടം

ശുക്ലപക്ഷാദിപക്കവും തദനന്തരം കോലിനെ 3 കൊണ്ടും അംഗുലത്തെ 8 കൊണ്ടും ഗുണിച്ചു സംയുതമായി 27-ൽ ഹരിച്ചു ശിഷ്ടം അശ്വന്യാദിനക്ഷത്രവും, ഗുണനസംഖ്യയെ 7-ൽ ഹരിച്ചു ശിഷ്ടാംരവിവാരാദി ആഴ്ചയും കോലിനെ 2 കൊണ്ടും അംഗുലത്തെ മൂന്നുകൊണ്ടും ഗുണിച്ചു സംയുതമായി 14-ൽ ഹരിച്ചു ശിഷ്ടം വ്യയവും (ചെലവ്) കോലിനെ 2 കൊണ്ടു ഗുണിച്ചു അതിൽ നക്ഷത്രാപ്തിയും ചേൎത്തു വരുന്നതു വയസ്സും ആകുന്നു.

ഹസ്താന്തേത്തുകരസ്യമാനമുദിതം
യോനിത്രയം സ്യാദ്വയ-
സ്തദ്വശ്ചായഭവാരതിഥ്യുദിതാ-
ശ്ചാഷ്ടൌ സമാഹത്യ ച
പശ്ചാന്നാഗമനപ്രഭാകരഭവാ-
രത്രിംശദാപ്താധികാ
ദൃക്ഷാപ്തിസ്ത്രതഭാജിതാ ഖലുവയഃ
പ്രോക്തന്തുബാല്യാദികം. 17

അംഗുലാന്ത്യമായ കണക്കുകൾക്കു മൂന്നുയോനിയും (8—16—24) തദനുസരണം 3 വ്യയവും എട്ടെട്ടു വീതം ആയവും, നക്ഷത്രവും, വാരവും, തിഥിയും ആകുന്നു.

8—14—12—27—7—30 ഈ സംഖ്യകളെ കൊണ്ടു ക്രമത്താലെ ഹരിച്ചാൽ കിട്ടുന്നതു യോന്യാദികളായിരിക്കുന്നതാണ്. ഋക്ഷാപ്തിയെ 100 കൊണ്ടു ഹരിച്ചാൽ ശേഷിക്കുന്നതു ബാല്യാദിവയസ്സായിട്ടും ഭവിക്കും.

ഹസ്താംഗുലയവാനാന്തു-
ത്യാദീനാം തദ്വിചിന്തനം
അന്യഥാവ്യാപ്തിനാമ്നാതു
ദോഷേണപരിഭൂഷിതം. 18

എട്ടംഗുലം തുടങ്ങിയുള്ള സംഖ്യകൾക്കേ യോനികൾ ചിന്തിക്കുവാൻ പാടുള്ളു. കീഴ്പോട്ടുള്ള സംഖ്യകൾക്കു യോനികൾ ചിന്തിച്ചാൽ അവ്യാപ്തിദോഷം സംഭവിക്കുന്നതിനാൽ എട്ടിൽ കുറഞ്ഞ സംഖ്യകൾ നിന്ദ്യങ്ങളെന്നു പറയപ്പെടുന്നു. "ഹസ്തൈര്യേവഗൃഹാദ്യമുക്തമുദിതം കത്രാപിമാത്രാംഗുലൈഃ" എന്നും "നരഗൃഹപരിണാഹം ഹസ്തനിർമ്മാണകൃതപാ" എന്നും "ആവശ്യകേവായവൈഃ" എന്നും കാണുന്നതുകൊണ്ടു് അംഗുലാന്ത്യമല്ലാതെ കോലുകൾ പൂർണ്ണമായിവരുന്ന കണക്കുകൾ തന്നെ ഗൃഹനിർമ്മിതികൾക്കു ശ്രേഷ്ഠമാകുന്നു. ആവശ്യത്തിൽ അംഗുലാന്ത്യമായോ, യവാന്ത്യമായോ വരുന്നതു സ്വീകരിക്കാമെന്നു ചിലരുടെ പക്ഷം.

അംഗുലാന്ത്യമായിവരുന്ന കണക്കുകൾ ഒക്കെ പതിനാറു്, എട്ടു്, ഈ സംഖ്യകളായിട്ടാണല്ലോ വരുന്നതു്. എട്ടംഗുലത്തെ മൂന്നിൽ ഗുണിച്ചാൽ ഇരുപത്തിനാലും പതിനാറംഗുലത്തെ മൂന്നിൽ ഗുണിച്ചാൽ നാല്പത്തിയെട്ടും വരുന്നതിനെ എട്ടിൽ ഹരിച്ചാൽ എട്ടുവീതം ശിഷ്ടം വരുന്നതുകൊണ്ടു് അനിഷ്ടമായ വായസയോനിയെന്നു പറയുവാനേ നിവൃത്തിയുള്ളു. അപ്പോൾ അംഗുലാന്ത്യമായ കണക്കുകൾ സ്വീകാര്യമല്ലാതെ വരുന്നു.

"ഇഷ്ടാതാനവിതാനമാനനിചയെ"യെന്നു തന്ത്രസമുച്ചയവും "മുന്നിൽ ചുററുപെരുക്കിയെട്ടിലുടനെ" എന്നു ശില്പിരത്നവും "ത്രഷ്ടാങ്കാങ്കനവാഷ്ട ചക്രം" എന്നു ചന്ദ്രികയും 'ചുററെട്ടേററിയഴിക്കുമെപ്പതിലുടൻ' എന്നു മണിപ്രവാളവും 'മൂന്നംഗുലത്തിൽനാളൊന്നു' എന്നു മററു ഗ്രന്ഥങ്ങളും സിദ്ധാന്തിക്കുന്നതുകൊണ്ടും ഇതഃപര്യന്തമുള്ള പ്രവൃത്തികളാൽ അനുഭവപ്പെടുന്നതുകൊണ്ടും അംഗുലാന്ത്യമായ കണക്കുകൾക്കു വായസയോനിയെന്നു വിചാരിക്കാൻ ന്യായമില്ല.

ഉദാഹരണം.

ഒരു കോലിനെ മൂന്നിൽ ഗുണിച്ചാൽ മൂന്നു സംഖ്യ വരുന്നതുകൊണ്ടു് എട്ടംഗുലത്തിനു ഒന്നും, പതിനാറംഗുലത്തിനു രണ്ടും, ഗുണസംഖ്യ വരുന്നതാണല്ലോ. തദനുസരണം എട്ടുകോൽ എട്ടുവിരലിനെ മൂന്നിൽ ഗുണിച്ചാൽ ഇരുപത്തിഅഞ്ചു ഗുണനസംഖ്യ വരുന്നതും, അതിനെ എട്ടിൽ ഹരിച്ചാൽ ഒന്നു ശിഷ്ടം വരുന്നതും, അപ്പോൾ ധ്വജയോനി വരുന്നതും ആകുന്നു.

ചില ദേശങ്ങളിൽ ഇഷ്ടയോനി വരുന്നവിധം 9-11-13-15-17-19 ഇങ്ങനെയുള്ള അംഗുലസംഖ്യകൾ അന്ത്യം വരത്തക്കവിധം കോലുകളെ വർദ്ധിപ്പിച്ചു യോന്യാദി ആയവ്യയങ്ങൾ ചിന്തിച്ചു കണക്കുകൾ സ്വീകരിക്കുന്നുണ്ടെങ്കിലും "ദൃഷ്ട്വാ തന്ത്രസമുച്ചായാനുസരസാമാർഗ്ഗേണ" എന്നു കാണുകയാൽ തന്ത്രസാരേണ "ഇഷ്ടാതാനവിതാന" എന്നുള്ള പ്രബലശ്രുതിയെ അനുസരിച്ചു് 8-16 അംഗുലങ്ങൾ വർദ്ധിപ്പിച്ചുവരുന്ന കണക്കുകളും പൂർണ്ണമായ കണക്കുകളും ശ്രേഷ്ഠമെന്നു വ്യക്തമാകുന്നു.

ധ്വജയോനിയിൽ പടിഞ്ഞാറു ദർശനമായ കിഴക്കെ ഗൃഹങ്ങൾക്കു സ്വീകാര്യമായ കണക്കുകളും അടിക്കണക്കും.

| ഉത്തമാദിക്രമം | കോൽ | വിരൽ | അടി | ഇഞ്ച് |
|---|---|---|---|---|
| മദ്ധ്യമം | 3 | 6 | = 7 | 2൪ |
| മദ്ധ്യമം | 5 | 10 | = 13 | 7൳ |

## ധ്വജയോനിയിൽ ഉള്ള കണക്കുകളുടെ
## ഉത്തമ മദ്ധ്യമ അധമത്വവും അടിക്കണക്കും

| ഉത്തമാദിക്രമം | കോൽ | വിരൽ | | അടി | ഇഞ്ച് |
|---|---|---|---|---|---|
| അധമം | 8 | 8 | = | 20 | 0 |
| അധമം | 11 | 0 | = | 26 | 5 |
| അധമം | 13 | 16 | = | 32 | 9¾ |
| മദ്ധ്യമം | 16 | 8 | = | 39 | 2½ |
| അധമം | 21 | 16 | = | 52 | 0 |
| അധമം | 24 | 8 | = | 58 | 5 |
| അധമം | 27 | 0 | = | 64 | 9¾ |
| ഉത്തമം | 29 | 16 | = | 71 | 2½ |
| അധമം | 32 | 8 | = | 77 | 7¼ |
| മദ്ധ്യമം | 37 | 16 | = | 90 | 5 |
| ഉത്തമം | 40 | 8 | = | 96 | 9¾ |
| മദ്ധ്യമം | 43 | 0 | = | 103 | 2½ |
| അധമം | 45 | 16 | = | 109 | 7½ |
| അധമം | 48 | 8 | = | 116 | 0 |
| മദ്ധ്യമം | 56 | 8 | = | 135 | 2½ |
| അധമം | 59 | 0 | = | 141 | 7¼ |
| അധമം | 61 | 16 | = | 148 | 0 |
| അധമം | 64 | 8 | = | 154 | 5 |
| അധമം | 67 | 0 | = | 160 | 9¾ |
| അധമം | 72 | 8 | = | 173 | 7¼ |
| അധമം | 75 | 0 | = | 180 | 0 |
| അധമം | 77 | 16 | = | 186 | 5 |
| ഉത്തമം | 80 | 8 | = | 192 | 9¾ |
| അധമം | 83 | 0 | = | 199 | 2½ |
| അധമം | 88 | 8 | = | 212 | 0 |
| ഉത്തമം | 91 | 0 | = | 218 | 5 |
| അധമം | 93 | 16 | = | 224 | 9¾ |
| അധമം | 96 | 8 | = | 231 | 2½ |
| അധമം | 99 | 0 | = | 237 | 7½ |

സിംഹയോനിയിൽ ഉള്ള കണക്കുകളുടെ

ഉത്തമ മദ്ധ്യമ അധമങ്ങളും അടി കണക്കും.

വടക്കു ദർശനമായ തെക്കേ ഗൃഹങ്ങൾക്കു സിംഹയോനി.

| ഉത്തമാദിക്രമം | കോൽ | വിരൽ | | അടി | ഇഞ്ച്. |
|---|---|---|---|---|---|
| അധമം | 3 | 16 | = | 8 | 9¾ |
| അധമം | 6 | 8 | = | 15 | 2½ |
| മദ്ധ്യമം | 9 | 0 | = | 21 | 7¼ |
| ഉത്തമം | 11 | 16 | = | 28 | 0 |
| മദ്ധ്യമം | 14 | 8 | = | 34 | 5 |
| അധമം | 22 | 8 | = | 53 | 7½ |
| ഉത്തമം | 25 | 0 | = | 60 | 0 |
| അധമം | 27 | 16 | = | 66 | 5 |
| മദ്ധ്യമം | 30 | 8 | = | 72 | 9¾ |
| മദ്ധ്യമം | 33 | 0 | = | 79 | 2½ |
| ഉത്തമം | 38 | 8 | = | 92 | 0 |
| അധമം | 41 | 0 | = | 98 | 5 |
| അധമം | 43 | 16 | = | 104 | 9¾ |
| അധമം | 46 | 8 | = | 111 | 2½ |
| ഉത്തമം | 49 | 0 | = | 117 | 7½ |
| മദ്ധ്യമം | 57 | 0 | = | 136 | 9¾ |
| അധമം | 59 | 16 | = | 143 | 2½ |
| മദ്ധ്യമം | 62 | 8 | = | 149 | 7½ |
| അധമം | 65 | 0 | = | 156 | 0 |
| അധമം | 67 | 16 | = | 162 | 5 |
| അധമം | 70 | 8 | = | 168 | 9¾ |
| അധമം | 73 | 0 | = | 175 | 2½ |
| ഉത്തമം | 75 | 16 | = | 181 | 7½ |
| അധമം | 78 | 8 | = | 188 | 0 |

## സിംഹയോനിയിൽ ഉള്ള കണക്കുകളുടെ ഉത്തമ മദ്ധ്യമ അധമതാവും അടി കണക്കും.

| ഉത്തമാദിക്രമം | കോൽ | വിരൽ | | അടി | ഇഞ്ച് |
|---|---|---|---|---|---|
| അധമം | 81 | 0 | = | 194 | 5 |
| അധമം | 83 | 16 | = | 200 | 9¾ |
| അധമം | 86 | 8 | = | 207 | 2½ |
| ഉത്തമം | 89 | 0 | = | 213 | 7¼ |
| അധമം | 91 | 16 | = | 220 | 0 |
| ഉത്തമം | 94 | 8 | = | 226 | 5 |
| അധമം | 97 | 0 | = | 232 | 9¾ |
| ഉത്തമം | 99 | 16 | = | 239 | 2½ |

## കിഴക്കുദർശനമായ പടിഞ്ഞാറെ ഗൃഹങ്ങൾക്കു വൃഷഭയോനി.

| | | | | | |
|---|---|---|---|---|---|
| അധമം | 4 | 8 | = | 10 | 5 |
| ഉത്തമം | 7 | 0 | = | 16 | 9¾ |
| ഉത്തമം | 9 | 16 | = | 23 | 2½ |
| അധമം | 12 | 8 | = | 29 | 7¼ |
| അധമം | 15 | 0 | = | 36 | 0 |
| ഉത്തമം | 20 | 8 | = | 48 | 9¾ |
| അധമം | 23 | 0 | = | 55 | 2½ |
| അധമം | 25 | 16 | = | 61 | 7¼ |
| ഉത്തമം | 28 | 8 | = | 68 | 0 |
| അധമം | 31 | 0 | = | 74 | 5 |
| മദ്ധ്യമം | 33 | 16 | = | 80 | 9¾ |
| ഉത്തമം | 39 | 0 | = | 93 | 7½ |
| അധമം | 41 | 16 | = | 100 | 0 |
| അധമം | 44 | 8 | = | 106 | 5 |
| ഉത്തമം | 47 | 0 | = | 112 | 9¾ |
| അധമം | 49 | 16 | = | 119 | 2½ |
| അധമം | 55 | 0 | = | 132 | 0 |

വൃഷഭയോനിയിൽ ഉള്ള കണക്കുകളുടെ

ഉത്തമ മദ്ധ്യമ അധമത്വവും അടി കണക്കും.

| ഉത്തമാദിക്രമം | കോൽ | വിരൽ | | അടി | ഇഞ്ച് |
|---|---|---|---|---|---|
| ഉത്തമം | 57 | 16 | = | 138 | 5 |
| ഉത്തമം | 60 | 8 | = | 144 | 9¾ |
| അധമം | 63 | 0 | = | 151 | 2½ |
| ഉത്തമം | 65 | 16 | = | 157 | 7¼ |
| അധമം | 68 | 8 | = | 164 | 0 |
| ഉത്തമം | 71 | 0 | = | 170 | 5 |
| അധമം | 73 | 16 | = | 176 | 9¾ |
| മദ്ധ്യമം | 76 | 8 | = | 183 | 2½ |
| അധമം | 79 | 0 | = | 189 | 7¼ |
| അധമം | 81 | 16 | = | 196 | 0 |
| ഉത്തമം | 84 | 8 | = | 202 | 5 |
| ഉത്തമം | 89 | 16 | = | 215 | 2½ |
| അധമം | 92 | 8 | = | 221 | 7¼ |
| അധമം | 95 | 0 | = | 228 | 0 |
| അധമം | 97 | 16 | = | 234 | 5 |
| ഉത്തമം | 100 | 8 | = | 240 | 9¾ |

തെക്കു ദർശനമായ വടക്കേ ഗൃഹങ്ങൾക്കു ഗജയോനി.

| | | | | | |
|---|---|---|---|---|---|
| ഉത്തമം | 5 | 0 | = | 12 | 0 |
| അധമം | 7 | 16 | = | 18 | 5 |
| ഉത്തമം | 10 | 8 | = | 24 | 9¾ |
| അധമം | 13 | 0 | = | 31 | 2½ |
| ഉത്തമം | 15 | 16 | = | 37 | 7 |
| മദ്ധ്യമം | 21 | 0 | = | 50 | 5 |
| ഉത്തമം | 23 | 16 | = | 56 | 9¾ |
| അധമം | 26 | 8 | = | 63 | 2½ |

വൃഷഭയോനിയിൽ ഉള്ള കണക്കുകളും

ഉത്തമ മദ്ധ്യമ അധമത്വവും അടിക്കണക്കും.

| ഉത്തമാദിക്രമം | കോൽ | വിരൽ | | അടി | ഇഞ്ച് |
|---|---|---|---|---|---|
| ഉത്തമം | 29 | 0 | = | 69 | 7½ |
| അധമം | 31 | 16 | = | 76 | 0 |
| അധമം | 39 | 16 | = | 95 | 2½ |
| മദ്ധ്യമം | 42 | 8 | = | 101 | 7½ |
| അധമം | 45 | 0 | = | 108 | 0 |
| മദ്ധ്യമം | 47 | 16 | = | 114 | 5 |
| അധമം | 50 | 8 | = | 120 | 9¾ |
| അധമം | 55 | 16 | = | 133 | 7½ |
| ഉത്തമം | 58 | 8 | = | 140 | 0 |
| ഉത്തമം | 61 | 0 | = | 146 | 5 |
| അധമം | 63 | 16 | = | 152 | 9¾ |
| അധമം | 66 | 8 | = | 159 | 2½ |
| മദ്ധ്യമം | | 8 | = | 178 | 5 |
| അധമം | 77 | 0 | = | 184 | 9¾ |
| മദ്ധ്യമം | 79 | 16 | = | 191 | 2½ |
| മദ്ധ്യമം | 82 | 8 | = | 197 | 7½ |
| അധമം | 90 | 8 | = | 216 | 9¾ |
| അധമം | 93 | 0 | = | 223 | 2½ |
| മദ്ധ്യമം | 95 | 16 | = | 229 | 7½ |
| ഉത്തമം | 98 | 8 | = | 236 | 0 |
| അധമം | 101 | 8 | = | 242 | 5 |

കിഴക്കെ ഗൃഹം തുടങ്ങിയുള്ള നാലുഗൃഹങ്ങൾക്കും ഉപഗൃഹങ്ങൾക്കുംസിദ്ധമായരീതിയിലുംവ്യത്യാസരീതിയിലുംധ്വജാദിയോനികൾസ്വീകരിക്കേണ്ടവിധം2-ാംഭാഗം ചതുർത്ഥാദ്ധ്യായം16-ാംശ്ലോകംമുതൽവിവരിച്ചിട്ടുണ്ട്.

അമ്പലപ്പുഴതാലൂക്കിൽ 10 അംഗുലം അടി പ്രമാണമാക്കിയാണ ക്ഷേത്രനിർമ്മിതികൾ ചെയ്തിരിക്കുന്നതു്. തദ്വാരാ ചിന്തിച്ചതിൽ അതു അതിപ്രാധാന്യമെന്നു കരുതി 10 അംഗുലം അടി പ്രമാണമാക്കിയാണു് ഇതിൽ അടിക്കണക്കു വിവരിക്കുന്നതു്.

"മൃത്യുവ്വർജ്ജ്യസ്സർവ്വഗേഹേഷ്വവശം" എന്നും "മരണം കൊള്ളുകയില്ലതിൽ" എന്നും "പഞ്ചവയാംതേഷ്വന്ത്യം നേഷ്ടം ശിഷ്ടാനിവാസ്തുനിഷ്ഠാനി" എന്നും ശില്പിശാസ്ത്രം പ്രബലമായി ശാസിക്കുന്നതുകൊണ്ടു 40-6 മുതൽ 48-7¼ വരെയും 81 മുതൽ 89-1¼ വരെയും 121-6 മുതൽ 129-7¼ വരെയും 162 മുതൽ 170-1¼ വരെയും 202-6 മുതൽ 210-7¼ വരെയും 243 മുതൽ 251-1¼ വരെയും ഉള്ള കണക്കുകളുടെ അന്തരങ്ങളിൽ നില്ക്കുന്ന അടിപ്രമാണങ്ങൾക്കു മൃത്യുയോഗമുള്ളതിനാൽ എല്ലാ സ്ഥാനങ്ങളിലും അതിവർജ്ജ്യങ്ങളാകുന്നു.

ഗൃഹവും പ്രാണനും.

യോനിഃ പ്രാണാ ഏവധാമ്നാംയദസ്മാൽ
ഗ്രാഹ്യസ്തത്തദ്യോഗ്യയോനിപ്രഭേദഃ
മൃത്യുർവ്വർജ്ജ്യസ്സർവ്വഗേഹേഷ്വവശ്യം
സർവ്വം വ്യാപൽ പ്രാപ്യതേസ്മിൽ ഗൃഹീതേ. 18

ഓരോജീവജാലങ്ങളിൽ അതാതിന്നനുസരണങ്ങളായിട്ടു "പ്രാണൻ" സ്ഥിതിചെയ്യുന്നതുപോലെ ഓരോ ഗൃഹങ്ങൾക്കു പ്രാണനായിട്ടു ധ്വജാദിയോനികൾ നിലനില്ക്കുന്നു. തദ്വാരാ കിഴക്കാദിയായി ഓരോ ഗൃഹങ്ങൾക്കു പ്രാണപ്രതിഷ്ഠകളെ ചെയ്യേണ്ടതു ഇഷ്ടയോനികൾ കൊണ്ടുതന്നെയായിരിക്കണം.

ആരൂഢാദിബാഹ്യപരിവൃതംവരെ എല്ലാ കണക്കുകൾക്കും ഇഷ്ടയോനികളും ഗുണാംശങ്ങളും വരുത്തുന്നതിൽ അസൌകര്യങ്ങൾ ഉണ്ടായാൽ ആരൂഢത്തിനെങ്കിലും

ഇഷ്ടയോനിയും ഗുണാംശങ്ങളും കൊണ്ടിരിക്കേണ്ടതു് അത്യാവശ്യമാകുന്നു.

അന്തര്യ്യോനിർമ്മാനപാത്രാദിവാപീ-
കൂപാദീനാമങ്കണേ ഗർഭഗേഹേ
തുര്യ്യശ്രാഗാരോത്തരവ്യാസമദ്ധ്യേ
കുത്രാപ്യുക്തോന്യത്ര സർവ്വത്രബാഹ്യേ. 19

അളവുപാത്രങ്ങൾ, കുളം, കിണറു്, അങ്കണം, ഗർഭഗൃഹം ഇവകൾക്കു് ഉൾഭാഗം കണക്കുകൾ കൊണ്ടിരിക്കേണ്ടതും "മയ്യമെന്നങ്ങതിൽ ചിലർ" എന്നു ശില്പിയിൽ കാണുന്നതുകൊണ്ടു ചതുശ്ശാല മുതലായവയുടെ ഉത്തരമദ്ധ്യം കണക്കുകൾ കൊണ്ടിരിക്കേണ്ടതും മററെല്ലാ സാധനങ്ങൾക്കും ഉള്ളും പുറവും കണക്കുകൾ കൊണ്ടിരിക്കേണ്ടതും അതു് ഉത്തമമായിരിക്കുന്നതുമാണു്.

വിസ്താരദീർഘങ്ങൾ അറിയുന്നതിനുള്ള അംശങ്ങൾ.

## വിസ്താർദീർഘം.

പാദാധികോ മനുജസത്മനിഗൃഹ്യതേത-
ത്രാവിശ്യകേ സമതതായതികോപി കശ്ചിൽ
അർദ്ധാധികോത്ര നഹിതോമുനിഭിസ്സമസ്ത-
പാദോനതാപികഥിതാഖിലനാശനീതി. 20

മനുഷ്യാലയങ്ങൾക്കു് 9—13—17—21—25—29 ഈ പാദാധികാംശങ്ങൾ ശ്രേഷ്ഠമാകുന്നു.

8—12—16—20—24—28—32 ഈ സമതതായതാംശങ്ങൾ ആവശ്യത്തുങ്കൽ ഉപയോഗിക്കാവുന്നതാണു്.

എന്നാൽ സമതതത്തിലും അർദ്ധാധികത്തിലും ഭാഗിച്ചുവരുന്ന കൃത്യാംശത്തിൽനിന്നു സമതതമെങ്കിൽ വിസ്താരം കുറച്ചും അർദ്ധാധികമെങ്കിൽ കൂട്ടിയും ദീർഘവിസ്താരം വരുത്തിയാൽ പാദാധികവിസ്താരത്തിൽ വരുന്നതാണു് അതു് അത്യുത്തമമായ വിസ്താരദീർഘമാണു്.

10—14—18—22—26—30 ഈ അൎദ്ധാധി കാംശങ്ങൾ ഒരേടത്തും ഇഷ്ടമല്ല.

11—15—19—23—27--31 ഈ പാദൂനാംശങ്ങൾ സമസ്തമുനികളാലും നിഷേധിക്കപ്പെട്ടിരിക്കുന്നു.

നാഹേഹേദ്ദ്വാദശാദ്യൈസ്ത്രിഭിരപിചവിഭ-
ക്തേഥവാ ഷോഡശാദ്യൈ-
ൎവിംശത്യാദ്യൈശ്ച തത്വാദിഭിരപിമനയു-
ഗാദിഭിർ ദന്തസംഖ്യൈഃ
തത്തൽതുൎയ്യപ്രഹീണൈരഥവിതതിരുദ-
ധ്യംശതശ്ശേഷഭാഗൈർ
ദീർഘോ വാസ്വാനുപങ്ക്ത്യാദിഭിരിതിഗുണാവി
സ്താരമാഹുൎമ്മുനീന്ദ്രാഃ 21

ഉദ്ദേശിക്കുന്ന കണക്കുകളുടെ പകുതിയെക്കൊണ്ടു 8 മുതൽ 32 വരെയുള്ള സംഖ്യകളിൽ ഇഷ്ടാനുസരണമുള്ള ഒന്നിനെക്കൊണ്ടു ഭാഗിച്ചതിൽ നാലുഭാഗം വിസ്താരവും ശിഷ്ടംദീർഘവുമായിസ്വീകരിക്കണം. 12-16-20-24 28-32 ഈ സമതതാംശങ്ങൾക്ക് നാലംശത്തിൽ (ദീർഘത്തിൽ പകുതി) വിസ്താരംക്രുടുതലാക്കിയാൽ പാദൂനാംശങ്ങളിൽ വരുന്നതുകൊണ്ടു കുറയ്ക്കുകയല്ലാതെ കൂട്ടുവാൻ പാടില്ലെന്നു മുനീന്ദ്രന്മാർ പറയുന്നു. "കോൾവില്ല പതിനൊന്നിനോടു പതിനഞ്ച്" എന്നു മനുഷ്യാലയവിധിയെന്ന ഗ്രന്ഥത്തിൽ പാദൂനാംശങ്ങളെ മാത്രം എടുത്തു പറഞ്ഞിട്ടുള്ളതിനാൽ പന്ത്രണ്ടു മുതൽ ഉള്ള പദാധികവും അൎദ്ധാധികവും സമതതവും ആയ അംശങ്ങളെക്കൊണ്ടു വിസ്താരദീർഘകല്പനകൾ ഗൃഹനിൎമ്മിതികൾക്കു സ്വീകരിക്കാവുന്നതാണെന്നു സിദ്ധമാകുന്നു.

ഉദ്ദേശിക്കുന്ന ചുററളവിനെ 2-കൊണ്ടു ഗുണിച്ചു ഏതോ ആശിക്കുന്ന അംശങ്ങളെക്കൊണ്ടുഭാഗിച്ച് ഒരംശം വിസ്താരമെടുക്കുന്നതു പ്രസ്തുത ന്യായപ്രകാരം തുല്യമായിരിക്കുന്നതാണ്.

പര്യന്തതോഽർദ്ധേഽപി ചതുർത്ഥഹീനേ
വസ്വാദി ദന്താവധികോ വിഭക്തേ
അഷ്ടാംശകസ്തേന ചതുർഗ്ഗുണേന
വിസ്താരമാനം വിദധീത ധീമാൻ. 22
(തന്ത്രസമുച്ചയം)

നിശ്ചയിക്കുന്ന പരിവൃതത്തെ നാലായി ഭാഗിച്ച് ഒരംശം അതിൽ കുറച്ചു ശിഷ്ടമുള്ളതിനെ 8 മുതൽ 32 വരെയുള്ള അംശപ്രകാരം അംശിച്ചു നാലംശം വിസ്താരമുണ്ടാക്കി ബുദ്ധിമാന്മാർ സ്വീകരിക്കണം

ദീർഘാർദ്ധം വ്യാസമംഘ്ര്യംശകമപിസകലാം-
ഘ്ര്യംശകം ചാഹുരേകേ
ദീർഘാർദ്ധംനാഭിവാഞ്ഛന്ത്യധികതരതതം
ഗർഗ്ഗദക്ഷാദയോഽപി
ദീർഘോ ഉദ്ദിഷ്ടഹസ്താദധികയിഹഭവേ-
ദർത്ഥനാശായമൃത്യുഃ
ഹീനസ്തത്രാംഗുലീഭിര്യദി നഖലുഭവേ
ദോഷമിത്യാഹുരന്യേ. 23

വിസ്താരം ദീർഘത്തിൻെറ പകുതിയോ നാലിലൊന്നോ ദീർഘത്തിൻെറ കാലേയരയ്ക്കാലോ (12-20-14 ഈ അംശങ്ങൾ) കൊള്ളാമെന്നു ചിലരുടെ പക്ഷം. ദീർഘത്തിൽ പകുതിയിൽ വിസ്താരംകൂട്ടുവാൻ പാടില്ലെന്നു ഗർഗ്ഗാദികൾ പറയുന്നു. അംഗുലഭേദങ്ങൾ കൊണ്ടല്ലാതെ ഇഷ്ടമായ ദീർഘവിസ്താരങ്ങൾ കൂട്ടുവാനും കുറയ്ക്കുവാനും പാടില്ലെന്നു ചിലരുടെപക്ഷം. അംഗുലഭേദം കൊണ്ടല്ലാതെദീർഘത്തിൽകൂട്ടിയാൽ അത്ഥനാശവും കുറച്ചാൽ മൃത്യുദോഷവും സംഭവിക്കുമെന്നു ചിലരുടെ പക്ഷം.

“നാഹാർദ്ധേശിവഭക്തേവിതതിസ്സ്രുഭിരഷ്ടഭിശ്ചദീർഘോവാ”എന്നുള്ള വാസ്തുവിദ്യാവചനമനുസരിച്ചു ചുററളവിന്റെ പകുതി പതിനൊന്നിൽ ഭാഗിച്ചുമൂന്നുഅംശംവി

സ്താരവും എട്ടു് അംശം ദീർഘവും സ്വീകരിക്കാമെന്നും കാണുന്നു.

ഇങ്ങനെ പലപ്രകാരേണ വിസ്താരദീർഘങ്ങൾ എടുക്കുവാൻ പറഞ്ഞു എങ്കിലും പാദ്ദനാംശങ്ങളെ ഒഴിച്ചു വിസ്താര ദീർഘങ്ങൾ കൊണ്ടു് ഇഷ്ടയോനികൾ വരുത്തി ചെയ്യുന്നതു് അത്യുത്തമമായിരിക്കും. ബാഹ്യവിസ്താരം ദീർഘാദ്ധ്ത്തിൽ കൂടുതൽ വരുത്താതെ നിവൃത്തിയില്ലാതെ വന്നാൽ ആരൂഢാദികൾക്കെങ്കിലും പ്രസ്തുത ന്യായപ്രകാരം യോജിച്ചിരിക്കേണ്ടതു് ആവശ്യവും അതു് അഭിവൃദ്ധിപ്രദവും ആകുന്നു.

ആയാധിക്യം വ്യയതഃ സംപാദം
സർവ്വധാന്യഥാപത്തിഃ
നക്ഷത്രാദിശുഭത്വം ജ്യൌതിശാ
സ്ത്രാദിഭിസ്സുവിജ്ഞേയം. 24

എല്ലാ സ്ഥാനങ്ങളിലും സ്വീകരിക്കുന്ന കണക്കുകൾക്കു ചിലവിനേക്കാൾ വരവു് അധികരിച്ചിരിക്കണം. “സർവ്വധാസ്വല്പത്വം പരികല്പ്യമാത്മജധനാദീനാം വിനാശാന്യഥ” എന്നും മററും കാണുന്നതുകൊണ്ടു വ്യയത്തിനു് (ചിലവിനു്) അല്പത്വം ഉണ്ടായിരുന്നെങ്കിൽ ആത്മനാശം, ധനനാശം മുതലായ വിപത്തുകൾ ഉണ്ടാകുന്നതാണു്. ആകയാൽ ആയാധിക്യമുള്ള കണക്കുകൾതന്നെ ആരൂഢാദികൾക്കെങ്കിലും ഉപയോഗിക്കേണ്ടതാകുന്നു.

സ്വാഭീഷ്ടദീർഘഹസ്തേദ്വിഘ്നേസതി
തൽത്രിഭാഗസംയുക്തേ
സ്വാഭീഷ്ടയോനിസംഖ്യാത്ര്യാംശയുതേനാഹ
ഇതി ച സംഭവന്തി. 25

ഇഛിക്കുന്നദീർഘത്തെ ഇരട്ടിച്ചു് അതിന്റെ മൂന്നിൽ ഒരുഭാഗം കൂട്ടിച്ചേർത്തു് അതിൽ കിഴക്കു തുടങ്ങിയ ഏതു

ഗൃഹം വേണമോ ആ യോനിസംഖ്യയുടെ മൂന്നിൽ ഒരു ഭാഗം കൂട്ടിച്ചേർത്താൽ ചുററളവും സിദ്ധിക്കുന്നതാണു്.

ഉദാഹരണം.

8 കോൽ ദീർഘമെന്നിരിക്കട്ടെ. അതിനെ ഇരട്ടിച്ചാൽ 16 കോൽ. അതിൻെറ മൂന്നിലൊന്നു് 5 കോൽ 8 വിരൽ, കിഴക്കേ ഗൃഹത്തിൻെറ ഇഷ്ടയോനിസംഖ്യ 1 അതിൻെറ മൂന്നിലൊന്നു് 8 വിരൽ.

| | |
|---|---|
| | 16 |
| | 5—8 |
| | 8 |
| ആകെ | 21-16 |

## ഷഷ്ഠോദ്ധ്യായഃ പ്രാരംഭഃ

### ശാലാവിധി.

പ്രാക്‌ശാലാരഹിതം ഗൃഹത്രികമഥോ
സ്വക്ഷേത്രവൃദ്ധിപ്രദം
ചുല്ലീദക്ഷിണമന്ദിരേണരഹിതം
ത്വദ്വിത്തഹാനിപ്രദം
ധ്വംസഃപശ്ചിമശാലയാവിരഹിതഃ
പുത്രക്ഷയാരിപ്രദം
സൌമ്യാന്നാഖ്യ ഹിരണ്യനാഭിരിതിത-
ദ്വിത്തപ്രദം സര്വ്വദാ. 1

(മഹാചന്ദ്രിക)

സ്വസ്തികരുചകേമദ്ധ്യേശേഷം
ശുഭദം നൃപാദീനാം
ഉത്തരശാലാഹീനം ഹിരണ്യ
നാഭിത്രിശാലകം ധന്യം. 2

പ്രാക്ശാലയ വിയുക്തംസ്വ-
ക്ഷേത്രം വൃദ്ധിദം വാസ്തു
യാമ്യാഹീനാചുല്ലിത്രീശാലകം വിത്ത-
നാശകരമേതൽ. 3

സിദ്ധാൎത്ഥമപരയാമ്യേ യമസൂൎയ്യം
പശ്ചിമോത്തരേ ശാലെ
ദണ്ഡാഖ്യാമുദകപൂർവ്വേവ-
താഖ്യംപ്രാഗുത്തരായാമ്യാ. 4

പൂൎവ്വാപരേതുശാലെ ഗൃഹചുല്ലീ
ദക്ഷിണോത്തരേകാൎയ്യം
സിദ്ധാൎത്ഥേൎത്ഥാവാപ്തിൎയ്യമസൂൎയ്യേ
ഗൃഹപതേമൃത്യു. 5


ദണ്ഡവധൌദണ്ഡാഖ്യേ കലഹോദ്യോഗഃ
സദൈവതാതാഖ്യേ
വിത്തവിനാശശ്ചുല്ല്യാജ്ഞാതിവി-
രോധഃ സ്മൃതഃകാചേ. 6


കിഴക്കെ ഗൃഹമില്ലാതെ തെക്കേതും, വടക്കേതും പടിഞ്ഞാറേതുമായി മൂന്ന ഗൃഹങ്ങൾ ഉണ്ടാക്കിയാൽ "സ്വക്ഷേത്ര"മെന്നപേരും അതു് ധനസമ്പൽസമൃദ്ധിയെ പ്രദാനം ചെയ്യുന്നതുമാകുന്നു. 1 .N.

തെക്കെ ഗൃഹമില്ലാതെ മററു മൂന്ന ഗൃഹങ്ങൾക്ക് "ചുല്ലി" എന്ന പേരും അതു് ധനഹാന്യാദ്യാനൎത്ഥങ്ങളെ ചെയ്യുന്നതുമാകുന്നു. 3. N.

പടിഞ്ഞാറെ ഗൃഹമില്ലാതെ മൂന്ന ഗൃഹങ്ങൾക്ക് "ധ്വംസം" എന്ന പേരും അതു് പുത്രനാശത്തേയും ശത്രുവൎദ്ധനവിനേയും ഉണ്ടാക്കുന്നതുമാണ്. 4. N.

വടക്കേ ഗൃഹമില്ലാതെ മററു മൂന്നു ഗൃഹങ്ങൾക്കു് "ഹിരണ്യനാഭി"യെന്നു പേരും അതു് ധനാഗമനത്തെയും ഐശ്വര്യത്തേയും ഉണ്ടാക്കുന്നതാണു്. 2 N.




ഈ ഗൃഹങ്ങൾ ചേർത്തു ചെയ്താലും വേർപെടുത്തി ചെയ്താലും പ്രസ്തുത സംജ്ഞകളും ഫലങ്ങളും ആകുന്നു.

പ്രാക്പാശ്ചാത്യവിഹീനകേ കലഹമു-
ദ്വേഗഞ്ചകാചാഭിധേ
യാമ്യോദഗ്ഗൃഹിതേർത്ഥസിദ്ധിരുദിതാ
സിദ്ധാർത്ഥകാഖ്യേദ്വികേ
പ്രാഗാദിദ്വിതയോനിതേക്രമവശാൽ
മൃത്യുംഭയംവിഗ്രഹ-
ഞ്ചാർത്ഥപ്തിംപ്രവദന്ത്യതഃ ക്രമവശാ-
ദ്യാമ്യാദികം കൽപയേൽ. 7

കിഴക്കും പടിഞ്ഞാറും ഗൃഹങ്ങളില്ലാതെ തെക്കും, വടക്കുമായി രണ്ടു ഗൃഹങ്ങളുണ്ടാക്കിയാൽ "കാച"മെന്നു പേരും, അതു് സ്ഥാനഭ്രംശത്തേയും കലഹത്തേയും ഉണ്ടാക്കുന്നതുമാണു്. 5. N.

തെക്കും, വടക്കും ഗൃഹങ്ങളില്ലാതെ കിഴക്കും പടിഞ്ഞാറുമായി രണ്ടു ഗൃഹങ്ങളുണ്ടാക്കിയാൽ സിദ്ധാർത്ഥമെന്നു പേരും അതു് ധനലാഭത്തേയും സുഖത്തേയും തരുന്നതുമാണു്. 6. N.


കിഴക്കും, തെക്കും കൂടാതെ പടിഞ്ഞാറേതും വടക്കേതുമായി രണ്ടു ഗൃഹങ്ങൾ ഉണ്ടാക്കിയാൽ ദുർമൃതികൾ ഉണ്ടാകുന്നതാണു്. 7. N.

തെക്കേതും പടിഞ്ഞാറേതും കൂടാതെ കിഴക്കേതും, വടക്കേതുമായി രണ്ടു ഗൃഹങ്ങൾ ചെയ്താൽ ഭയത്തെ ഉണ്ടാക്കുന്നതാണു്. 8. N.

പടിഞ്ഞാറേതും വടക്കേതും കൂടാതെ കിഴക്കേതും തെക്കേതുമായി രണ്ടു ഗൃഹങ്ങൾ ഉണ്ടാക്കിയാൽ കലഹം ഫലമാകുന്നു. 9. N.

വടക്കേതും കിഴക്കേതും ഉപേക്ഷിച്ചു തെക്കേതും പടിഞ്ഞാറേതുമായി രണ്ടു ഗൃഹങ്ങൾ ഉണ്ടാക്കിയാൽ ധനലാഭം ഉണ്ടാകുന്നതാണു്. 10. N.

## പ്രധാന ഗൃഹവും ഉപഗൃഹവും ചേരും ഫലങ്ങളും.



ഇങ്ങനെ പത്തു ചിത്രങ്ങൾ കാണിച്ചതിൽ അനിഷ്ടങ്ങളല്ലാത്തതിനെ സ്വീകരിച്ചു കാലോചിതം പരിഷ്കരിച്ചു പ്രസ്തുത ന്യായേന ഏതു പ്രകാരമെങ്കിലും ശുഭമായവിധം ചുററളവുകൾ കൊള്ളിച്ചു ഗൃഹങ്ങൾ ഉണ്ടാക്കുന്നതും ഉണ്ടാക്കിക്കുന്നതും ഭാവിശ്രേയസ്സിനു വളരെ ശ്രേഷ്ഠമായിരിക്കുന്നതാണു്.

ഏകംസ്യാദ്യദി ദക്ഷിണംഗൃഹമുഭേ-
ചേത്തച്ച പശ്ചാത്യകം
തേസൌമ്യഞ്ചഗൃഹത്രികേ ഗൃഹചതു-
ഷ്കേപ്രാച്യമേതാനിച
വാഞ്ഛന്തികചചിദേകമേവഭവനം-
യദ്യത്രപാശ്ചാത്യകം
ചേഷ്ടംഗേഹയുഗാദിനിർമ്മിതിവിധൌ
പ്രാഗുക്തവൽകല്പ്യതാം 8

നാലു ഗൃഹങ്ങളിൽ തെക്കേതു ഒന്നാമത്തേതും പടിഞ്ഞാറേതു രണ്ടാമത്തേതും വടക്കേതു മൂന്നാമത്തേതും കിഴക്കേതു നാലാമത്തേതുമാകുന്നു.

ഒററ ഗൃഹം ഉണ്ടാക്കുന്നു എങ്കിൽ തെക്കേതു വേണമെന്നും, രണ്ടുണ്ടാക്കുന്നു എങ്കിൽ തെക്കേതും പടിഞ്ഞാറേതും വേണമെന്നും മൂന്നുണ്ടാക്കുന്നു എങ്കിൽ തെക്കേതും വടക്കേതും പടിഞ്ഞാറേതും വേണമെന്നും കാണുന്നു. "ലക്ഷണഹീനേവാസ്തുനി വസതാമശുഭാനി സംഭവന്ത്യേവ തസ്മാൽപരീക്ഷ്യശുഭദേവാസ്തുനിഗേഹാനികാരയേദചിദാൻ" എന്നു കാണുന്ന പ്രബലശ്രുതിക്കനുസരണമായി മററു ഗ്രന്ഥങ്ങൾ അഭിപ്രായപ്പെട്ടുന്നതിനാലും പ്രവൃത്തികൾ കൊണ്ടും അനുഭവങ്ങൾകൊണ്ടും ഏവർക്കും സാക്ഷ്യം വഹിക്കുന്നതിനാലും ഒന്നാംഭാഗം അഞ്ചാം അദ്ധ്യായത്തിൽ മുപ്പതാമത്തുശ്ലോകത്തിൽവിവരിച്ചിരിക്കുന്നപ്രകാരത്തിലും ശുഭമെന്നുലക്ഷണപ്രകാരേണതോന്നുന്നമററുപ്രകാരത്തി

ലും സിദ്ധമാകുന്ന ഗൃഹങ്ങളെ ഒന്നാമതായി ചെയ്യേണ്ട താകുന്നു.

ചതുാരോത്രു ദിഗ്ഗൃഹാഃ പൃഥഗഥോ-
കോണാലയശ്ചൈവമി-
ത്യഷ്ടാവേവഹ്യണാം ഗൃഹാമുനിമതാ-
സ്സംസ്ഥാനഭിന്നാസ്തതഃ
ഭിദ്യന്തേനവധോത്തരസ്യഗതിഭി-
ർമ്മാനേനനാമാദിഭി-
ശ്ചൈതേഷാംദചിതലാദിലക്ഷണവിധൌ
മാനാനി താന്യേവച.

"ശാലാസ്തു നവധാജ്ഞേയാഃ" എന്നുള്ള സിദ്ധാന്ത മനുസരിച്ചു് ചതുശ്ശാല,വിശുദ്ധഭിന്നശാല, ശിഷ്ടഭിന്ന ശാല, സംശ്ലിഷ്ടഭിന്നശാല,മിശ്രചതുശ്ശാല, മദ്ധ്യപ്രരു ഢശാലഇങ്ങനെയുള്ള 9ശാലകളിൽഓരോന്നും,ഉത്തരങ്ങ ളുടെ മദ്ധ്യം കണക്കുകൾകൊള്ളിച്ചും 4 ദിഗ്ഗൃഹങ്ങൾ ക്കുംകോൺഗൃഹങ്ങൾക്കുംഉത്തരവീതികൾകൊണ്ടുഉള്ളും പുറവുംകണക്കുകൾകൊള്ളിച്ചുംഉത്തരങ്ങളുടെചേർച്ചക്ര മങ്ങളുടെവ്യതിചലിപ്പിച്ചുംഅന്തരാളങ്ങൾകൊണ്ടു ചില വ്യത്യാസങ്ങൾ വരുത്തിയും ആണു ചെയ്യേണ്ടതു്.

രണ്ടുനിലയായൊ മൂന്നുനിലയായൊ ചെയ്യുന്ന മാളി കകളും തദ്വാരാ തന്നെ ചെയ്യേണ്ടതാകുന്നു.

## ചതുശ്ശാലാവിധി.

തുല്യാതാനവിതാനതാങ്കണവിധൌ
ഗത്യാവിനാന്തർബഹി-
ർയ്യോഗേത്തുത്തരപത്രമാനപരിണാ-
ഹോപ്യസ്യ കേതുത്ഭവഃ

കേതുത്ഥാണ്ടപിദിഗ്വിദിങ്നിലയനാ-
ന്തർബാഹ്യനാഹഃസ്വമ-
ദ്ധ്യോദ്യദ്ദ്വാരപദാഭവന്ത്വിതിചതു-
ശ്ശാലാംഗൃഹാ ഭൂഭുജാം. 10

ദീർഘവിസ്താരഭേദം കൂടാതെ സമചതുരശ്രമായി അങ്കണവും ബാഹ്യോത്തരങ്ങളും അകത്തും പുറത്തും ഉള്ള പത്രമാനങ്ങളും ദിഗ്ഗൃഹങ്ങളുടേയും കോൺഗൃഹങ്ങളുടെയും ചുററളവുകളും മദ്ധ്യഭാഗത്തുള്ള ദ്വാരങ്ങളും ധ്വജയോനിയായിരിക്കണം.

ഈ ചതുശ്ശാല ക്ഷത്രിയത്വമുള്ളവക്ക് വിധിക്കപ്പെട്ടിട്ടുള്ളതാകുന്നു.

## വിശുദ്ധഭിന്നശാലാവിധി.

ശാലസ്ത്വന്യോന്യഭിന്നാനിജവിഹിതഗതി
വ്യാസയോന്യാദിയുക്താഃ
പഴ്യുദ്യൽപത്രമാനാവിധിവിഹിതലസൽ
പാദുകാഭിന്നശാലാഃ
സവ്വാഹാസ്ത്വാവിശേഷാദവനിസുരഹിതാഃ
കോണവേശ്മപ്രഹീണാ-
സ്തത്രാപിപ്രാങ്കണംകേതുജമിതിവിദിതാ
ഭിന്നശാലാവിശുദ്ധാഃ 11

തെക്കേതും, പടിഞ്ഞാറേതും, വടക്കേതും, കിഴക്കേതും തമ്മിൽ സ്പശിക്കാതെ ഗുണവിസ്താരങ്ങൾ അതാതിന്റെ ഗമനങ്ങൾ, ഇഷ്ടയോനികൾ എന്നിവകളെക്കൊണ്ട് എല്ലാററിന്റേയും ചുററളവുകൾ വരുത്തി തദ്വാരാ അങ്കണവും നിശ്ചയിച്ചു പ്രധാനഗൃഹം മുതൽ ക്രമേണ ഓരോ ഗൃഹങ്ങൾക്കു വിസ്താരം കുറച്ചു ശുഭമായവിധം ചെ

യ്യുന്നതു വിശുദ്ധഭിന്നശാലയാകുന്നു. ഇതിന്ന് കോൺഗൃഹങ്ങൾ ഇല്ലാഴികയാൽ ബ്രാഹ്മണ്യത്വമുള്ളവൎക്കു ശ്രേഷ്ഠമാകുന്നു.

## ശിഷ്ടഭിന്നശാലാവിധി.

മിത്രേദക്ഷിണപശ്ചിമേ പുനരുദക്-
പ്രാച്യേ ച ഗേഹേമിഥ-
സ്തസ്മാൽതദ്യുഗളോത്ഥകോണനിലയ
ശ്ലേഷാവിധേയോപിച
അന്യാൽകോണയുഗം തഥൈകമഥവാ-
നശ്ലേഷയേൽസൂതികാ-
ശൂദ്രാദ്യാഗമനിഷ്ക്രമാൎത്ഥമുദിതോ-
മാൎഗ്ഗോയമേവാത്രതു. 12

ഗൃഹങ്ങളുടെ ബന്ധുത്വത്തെ ആരായുന്നപക്ഷം ക്ഷത്രിയത്വമുള്ള തെക്കേതും, ശൂദ്രത്വമുള്ള പടിഞ്ഞാറേതും തമ്മിലും വൈശ്യത്വമുള്ള വടക്കേതും, ബ്രാഹ്മണ്യത്വമുള്ള കിഴക്കേതും തമ്മിലും ബന്ധുക്കളാകുന്നു. ഈ ബന്ധുത്വമുള്ള ഗൃഹങ്ങൾ പരസ്പരം സ്പൎശിക്കാതെ ഇരിക്കുന്നതിന്നു തെക്കുകിഴക്കെ കോൺഗൃഹവും, പടിഞ്ഞാറു വടക്കെ കോൺഗൃഹവും ഉപേക്ഷിച്ചു ചെയ്യുന്നതു ശിഷ്ടഭിന്നശാലയാകുന്നു. ഈ കോൺഗൃഹം സൂതികാലയമായും ഉപയോഗിക്കാവുന്നതാണ്. ഇങ്ങനെ രണ്ടു കോൺഗൃഹങ്ങളും ഉപേക്ഷിക്കുന്നതിന്നു വല്ല അസൌകൎയ്യങ്ങളും ഉണ്ടായാൽ ഒന്നെങ്കിലും ഉപേക്ഷിക്കേണ്ടതു് ആവശ്യമാകുന്നു. ഈ ശാല ബ്രാഹ്മണ്യത്വമുള്ളവൎക്കു ശ്രേഷ്ഠമായി വിധിച്ചു എങ്കിലും മിശ്രലക്ഷണമുള്ളതിനാൽ എല്ലാവൎക്കും ഉപയോഗിക്കാവുന്നതാണ്.

## സംശ്ലിഷ്ടഭിന്നശാലാവിധി.

ദിഗ്ഗേഹോത്തരപൃഷ്ഠസമ്മിതവിദി-
ഗ്ഗേഹോത്തരാണിക്രമാ
നന്ദ്യാവൎത്തവദപ്രദക്ഷിണഗതി
ന്യാതത്യസംയോജയേൽ
അന്തസ്ഥോത്തരയോഗനാഹമിഹസ
ൎവ്വത്രാപികേത്തുത്തഭവം
ബാഹ്യസ്ഥഞ്ചതഥൈവചേദതിശ്ശുഭം
സംശ്ലിഷ്ടഭിന്നാനചിതം. 13

തെക്കേ ഗൃഹത്തിൻെറ കിഴക്കേ കോൺഗൃഹവും, കിഴക്കേ ഗൃഹത്തിൻെറവടക്കേകോൺഗൃഹവും, വടക്കേ ഗൃഹത്തിൻെറ പടിഞ്ഞാറെ കോൺഗൃഹവും, പടിഞ്ഞാറെ ഗൃഹത്തിൻെറ തെക്കേ കോൺഗൃഹവും കൂട്ടിച്ചേൎത്തു വലിയ അങ്കണത്തിൻെറ കിഴക്കേഉത്തരംതെക്കേഉത്തരത്തിൽ നിന്നു വടക്കേ ബാഹ്യോത്തരം വരേയുംപടിഞ്ഞാറെ അങ്കണ ഉത്തരം തെക്കേബാഹ്യോത്തരംവരേയുംതദനുസരണം വടക്കേ അങ്കണ ഉത്തരം പടിഞ്ഞാറെ ബാഹ്യോത്തരം വരേയും തെക്കേ അങ്കണ ഉത്തരം കിഴക്കേ ബാഹ്യോത്തരം വരേയും എത്തിച്ചു സന്ധികൾ ചെയ്തു പന്തിയുത്തരങ്ങൾഇട്ട്അതാതിൻെറ ഇഷ്ടയോനികൾ വരുത്തി ചെയ്യുന്നതു സംശ്ലിഷ്ടഭിന്നശാലയാകുന്നു. എല്ലാസ്ഥാനങ്ങളിലും കൊള്ളിക്കുന്ന കണക്കുകൾ ധ്വജയോനിപ്പെട്ടിരിക്കുകയും വേണം.

## വിശിഷ്ടഭിന്നാലയവിധി.

ഏവം സംശ്ലിഷ്ടഭിന്നാലയവിധിവദഥാ
കല്പ്യസൎവ്വോത്തരാണി
സ്വേചൈതദിഗ്ഗ്യോനിഭിശ്ചൈവച പരിമുപാ
ദായകോണാലയാനാം 14

ദിഗ്ഗേഹാന്താന്തരാളേ പൃഥഗപിചമഹാ
ദ്വാരമദ്ധ്യംവിനാന്യ-
ത്രാദദ്ധ്യാകോണഗേഹോത്തരമപരമിയം
ശിഷ്ടഭിന്നാഷ്ടശാലാ. 14

ദിഗ്ഗൃഹങ്ങൾക്കും, കോൺഗൃഹങ്ങൾക്കും, അതാതു ദിഗ്യോനികൾകൊണ്ടു ചുററളവു വരുത്തുമ്പോൾ എട്ടന്തരാളങ്ങൾ ശാലകൾക്കു് ഉണ്ടാകുന്നതാണു്.

ബാഹ്യോത്തരങ്ങൾ ഒന്നാക്കയോ ശാസ്ത്രപ്രകാരം സന്ധിപ്പിക്കയൊ ചെയ്യുവാൻ പാടില്ല. കിഴക്കെ ഗൃഹത്തിൻെറ വടക്കും, വടക്കേതിൻെറ പടിഞ്ഞാറും, പടിഞ്ഞാറേതിൻെറ തെക്കും, തെക്കേതിൻെറ കിഴക്കുമുള്ള അന്തരാളങ്ങളിലാണു നടവാതിൽ വയ്ക്കേണ്ടതു്. ഉത്തര സന്ധികൾ ചെയ്യേണ്ടതു നടവാതിലിൻെറ സ്ഥാനങ്ങളൊഴിച്ചുള്ള അന്തരാളങ്ങളിലായിരിക്കണം. കോൺഗൃഹത്തിൻെറയും ദിഗ്ഗൃഹത്തിൻേറയും ഉത്തരങ്ങൾ പരസ്പരം സന്ധിചെയ്യണം.

'കോണഗൃഹോത്തരയോഗസ്സസന്ധിമൂതേദിഗ് ഗൃഹോത്തരാന്തേഷു യത്രസ്യാത്തത്രഭവേൽ ഭിന്നത്വം തൽ ഗൃഹശ്ചതുൎത്ഥേതി' എന്നു കാണുന്നതുകൊണ്ടു കോൺ ഗൃഹങ്ങളുടെ ഉത്തരസന്ധികൾ എവിടെ ഉണ്ടാകുന്നുവൊ അവിടെ ഭിന്നത്വം വരും. ആകയാൽ ഭിന്നശാലകളായിത്തീരുന്നു.

## മിശ്രഭിന്നശാലാവിധി.

നാഹംകേതുജമേവമത്ര ബഹിരപ്യന്തശ്ചകൃത്വാവിദി-
ഗ്ഗേഹാന്തവിഹിതോത്തരൈർവ്വിരഹിതത്വന്തസ്ഥകോ-
ണേഷ്വപി. സാംദദ്ധ്യാൽബഹിരുത്തരോക്തവദിയം
സ്യാന്മിശ്രഭിന്നാചതു ശ്ശാലാദിങ്നിലയാസ്വയോനിഗ
തിഭിരുക്താസമസ്താ അപി.

ബാഹ്യോത്തരപരിവൃതവും, അങ്കണോത്തരപരിവൃതവും ധ്വജയോനിയായിരിക്കണം. ബാഹ്യോത്തരങ്ങൾ നാലും സന്ധി ചെയ്യുന്നതുപോലെ അങ്കണഉത്തരവും സന്ധി ചെയ്യണം. ദിഗ്ഗൃഹങ്ങൾക്കും, കോൺഗൃഹങ്ങൾക്കും അതാതിൻെറ ഇഷ്ടയോനികളും ഗതികളും ഉണ്ടായിരിക്കണം. ഇങ്ങനെ ചെയ്യുന്ന ഗൃഹങ്ങൾക്കു മിശ്രഭിന്നശാലയെന്നു പേരാകുന്നു.

## സമ്മിശ്രഭിന്നശാലാവിധി.

പര്യന്തം ധ്വജമാദധീതബഹിര
പ്യന്തശ്ചതൽപത്രമാ-
നാന്തം ചാങ്കണനാഹമപ്യഥ ബഹി-
ന്നാഹാച ദിഗ്ധാമസു
കോണാഗാരഗതോത്തരാന്തരുദിതം
നാഹംച കേതൂത്ഭവം
യുക്ത്യാത്തുത്തരവിസ്തൃതിം ച ജനയേ-
ത്സമ്മിശ്രഭിന്നാലയേ. 16

കോൺഗൃഹത്തിൻേറയും, ദിഗ്ഗൃഹത്തിൻേറയും ബാഹ്യോത്തരത്തിൻേറയും, പത്രമാനചുററിൻേറയും ഉള്ളും പുറവും ഉള്ള ചുററളവുകൾ ധ്വജയോനിയായിരിക്കണം. ഈ സംമിശ്രഭിന്നശാലയുടെ ഉത്തരവിസ്താരങ്ങൾ നിശ്ചയിക്കേണ്ടതു ബുദ്ധിപൂർവ്വമായിരിക്കണം.

## മിശ്രചതുശ്ശാലാവിധി.

പ്രാഗപ്രൽ പ്രാങ്കണപത്രമാനബഹിര-
ന്തന്നാഹ കോണാലയാഃ
കേതുത്ഥാശ്ചദിഗാലയാസ്സ്തു നിജയോ-
ന്യാഢ്യാസ്സ്വഗത്യാനപിതാംഃ

രാജാർഹം തദപീഹ മിശ്രകചതു-
ശ്ശാലംനൃഗേഹം വിദ്വർ-
ദിക്ശാലാ നിജയോനിജായദഖിലാർ-
ഹാസ്സ്വാദപിജ്യേഷ്ഠാനവാ. 17

പുറത്തെ പത്രമാനവും, അകത്തെ പത്രമാനവും, കോൺഗൃഹങ്ങളുടെ അകത്തെ ചുററും ധ്വജയോനിയായിരിക്കണം. ദിഗ്ഗൃഹങ്ങൾക്കു് അതാതിനു വിധിച്ചിട്ടുള്ള ഇഷ്ടയോനികളും ഉണ്ടായിരിക്കണം. ഇങ്ങനെ ഉണ്ടാകുന്ന ഗൃഹങ്ങൾക്കു മിശ്രചതുശ്ശാലയെന്നു പേരും ഇതു തൻെറ ഇഷ്ടയോനികൾകൊണ്ടു പ്രാണപ്രതിഷ്ഠയെ ചെയ്യുന്നതിനാൽ എല്ലാവക്കും ശുഭമാകുന്നു. എങ്കിലും ബ്രാഹ്മണ്യമുള്ളവക്കു അതിശോഭനമാകുന്നു.

## മദ്ധ്യപ്രത്യൂഢശാലാവിധി.

കോപിച്ചതുശ്ശാലഗൃഹേ സമസ്തേ
സർവ്വോത്തരാണാമപി മദ്ധ്യസൂത്രേ
നാഹോ വിധേയോ യദിതത്തുമദ്ധ്യ-
പ്രാത്യൂഢമാനം ഭവനം ഭവന്തി. 18

എല്ലാ ചതുശ്ശാലകൾക്കും എല്ലാ ഉത്തരങ്ങളുടേയും മദ്ധ്യഭാഗം പ്രസ്തുത ന്യായപ്രകാരം കണക്കുകൾ കൊള്ളിച്ചു ചെയ്യുന്നു എങ്കിൽ അതിനു മദ്ധ്യപ്രത്യൂഢശാലയെന്നു ചിലർ പറയുന്നു.

ഈ കാലങ്ങളിൽ പുരാതനാചാരപ്രകാരം ചതുശ്ശാല തുടങ്ങിയുള്ള ശാലകൾ ചെയ്യിക്കയെന്നുള്ളതു പരിഷ്കൃതജനങ്ങൾക്കു യോജിക്കുന്നതല്ലെന്നു വന്നേക്കാം.

എങ്കിലും പരിഷ്കാരോൻമുഖങ്ങളായി ഉയരങ്ങളും മററു പണികളും ഭേദപ്പെട്ടുത്തേണ്ടിവന്നാൽ അതിനെവ്യത്യാസംചെയ്തു കോൺഗൃഹങ്ങളും ദിഗ്ഗൃഹങ്ങളും അതാതിന്റെ ഇഷ്ടയോനികൾ വരുത്തി ചെയ്യുന്നതും പ്രസ്തുത

സംജ്ഞയിൽ തന്നെ അടങ്ങുന്നതാകുന്നു. ഇന്നും എന്നും ഏതിന്റേയും ആകൃതികൾക്കു് ഭേദങ്ങൾ കൂടാതെ കാലോചിതം പരിഷ്കരിച്ചു് ചെയ്യുകയെന്നതല്ലാതെ ഇല്ലാത്തതിനെ ആരാലും പുതിയതായി നിൎമ്മിക്കുക എന്നുള്ളതു് സുസാദ്ധ്യമെന്നു തോന്നുന്നില്ല. ആകയാൽ വിധിക്കു വിപരീതം കൂടാതെ കാഴ്ചയ്ക്കുമനോഹരമായി ചെയ്യുന്ന ഗൃഹങ്ങൾ തന്നെ സുസ്ഥിരമായിരിക്കുന്നതാണു്.

### ഗമനംവയ്ക്കേണ്ടവിധം.

സൂത്രൈഃപ്രാങ്കണഗേഹമദ്ധ്യവിഹിതൈ-
രന്യോന്യവിദ്ധൈൎഭവേ-
ത്തൽഗേഹസ്ഥിത പുത്രപൌത്രവലയ-
സ്ത്വസ്മാൽ ഗൃഹാണാം ക്രമാൽ
കൎത്തവ്യംഗമനംപ്രദക്ഷിണതയാ
പ്രാഗാദിതോവഹ്നിര-
ന്ധ്രാദ്രീഷ്വംഗുലകൈസ്സ്വയോനിജനകൈ-
രാവശ്യകേവായവൈഃ. 19

ഗൃഹങ്ങളുടെയും അങ്കണങ്ങളുടെയുംമദ്ധ്യേയുള്ള സൂത്രങ്ങൾപരസ്പരംവേധിച്ചു എങ്കിൽ പുത്രമിത്രാദികൾക്കു തുടരെത്തുടരെവിപത്തുകൾ സംഭവിക്കുന്നതാണു്. ആകയാൽ സൂത്രവേധം ബാധിക്കാതെ കിഴക്കെഗൃഹംതുടങ്ങി ഓരോ ഗൃഹങ്ങൾ ക്രമേണ 3—9—7—5—ഈ അംഗുലങ്ങളെക്കൊണ്ടോ, യവങ്ങളെക്കൊണ്ടോ വലത്തുവശമായി ഗമിപ്പിച്ചു നാലുഗൃഹങ്ങളും ചെയ്യേണ്ടതാകുന്നു.

### അങ്കവിധി.

പ്രാഹുൎഗ്ഗേഹചതുഷ്ക പാദുകബഹിർ-
ഭാഗാംബുധാഃ പ്രാങ്കണം
യാമ്യോദഗ്മഹിതായതം ച ചതുര-
ശ്രം കേതുയോന്യന്വിതം

ഭ്രമ്യംശ്യാംബുധിനാഗരന്ധ്രദിനനാ-
ഗാഷ്ട ദ്വിസംഖ്യാംഗുലൈ-
രേകദ്വിത്രികരൈരെസ്തഥൈവഗുണവി
സ്താരാദിഭിർവ്വാ യതിഃ 20

പ്രാങ്കണമെന്നുള്ള പേർ പാദ്ദകത്തിൻെറ വെളി
ക്കുള്ള ഭാഗങ്ങൾക്കാണെന്നു വിദ്വാന്മാർ പറയുന്നു. ഒ
ന്നോ, രണ്ടോ, നാലോ, എട്ടോ, ഒൻപതോ, പന്ത്രണ്ടോ, പതിനാറോ അംഗുലങ്ങളെക്കൊണ്ടോ ഒന്നോ, രണ്ടോ, മൂന്നോ കോലുകളെക്കൊണ്ടോ വിസ്താരത്തേക്കാൾ ദീർഘം കൂട്ടിയും (മുഖായാമം) ഗുണാംശങ്ങളെക്കൊണ്ടു വിസ്താരദീർഘങ്ങൾ നിശ്ചയിച്ചും മദ്ധ്യഭാഗത്തു ചെയ്യുന്നതിന് പ്രാങ്കണമെന്നു പറയുന്നു.

### അന്തരാളവിധി.

ദിക്കോണാലയഭേദകൃന്തി ച ഭവ-
ന്ത്യഷ്ടാന്തരളാനിതത്
ബാഹുല്ല്യന്തുധനക്ഷയാഹി ച ഭവേ-
ദത്യല്പതാ വ്യാധയേ
മൃത്യുഭിത്തിവിരോധനേന്തരവിഹീ
നത്വാദതഃ പ്രായശോ-
നേഷ്ടം ഗേഹരസാംശതോധികതര
ദ്വിത്ര്യംഗുലാച്ഛാനിതം. 21

ദീർഘവിസ്താരങ്ങൾകൊണ്ടു ബാഹ്യോത്തരപരിവൃതവും അങ്കണോത്തരപരിവൃതവും നിശ്ചയിച്ചു ദിഗ്ഗൃഹങ്ങളുടേയും കോൺഗൃഹങ്ങളുടെയും ചുററളവുകളും നിർണ്ണയിക്കുമ്പോൾ നാലുകോൺഗൃഹങ്ങളിൽനിന്നൊ തുടങ്ങി കിഴക്കേതിൻെറയും തെക്കേതിൻെറയും പടിഞ്ഞാറേതിൻേറയും വടക്കേതിൻെറയും ഇരുപാർശ്വങ്ങളിലായി എട്ടു ഭാഗങ്ങൾ വരുന്നതും അതിന് അന്തരാളമെന്ന പേരുള്ളതുമാകുന്നു.

ആരൂഢദീർഘത്തിൻെറ ആറിൽ ഒരു ഭാഗത്തിൽ അന്തരാളയാമം കൂടുന്നു എങ്കിൽ ധനനാശവും, ആറിലൊന്നിൽ രണ്ടോ മൂന്നോ അംഗുലത്തിൽ കുറയുന്നു എങ്കിൽ മൃത്യുവും ഫലമാകുന്നു. "ഊനംവാ സൂത്രവർണ്ണം മൃതിയതിനു ഫലം" എന്നു മനുഷ്യാലയവിധിയിലും "ഊനം വാസൂത്രവിസ്താരനിയമേന മൃതിപദം" എന്നു സാരാവലിയിലും കാണുന്നതുകൊണ്ടു സൂത്രവിസ്താരം അടങ്ങത്തക്കവിധം അന്തരാളദീർഘം നിശ്ചയിക്കേണ്ടതും "തദന്തരാളദണ്ഡപത്തുടേപോൽകർണ്ണസൂത്രപദ്ധതിയും" എന്നുള്ളതിനെ അനുസരിച്ചു കർണ്ണസൂത്രവിസ്താരങ്ങൾ കൊണ്ടുപോലും പടിഞ്ഞാറെ ഗൃഹത്തിൻെറ തെക്കുകിഴക്കും, കിഴക്കേതിൻെറ വടക്കുപടിഞ്ഞാറും, തെക്കേതിൻെറ പടിഞ്ഞാറുവടക്കും, വടക്കേതിന്റെ തെക്കുകിഴക്കും ഉള്ള മൂലകളിൽ ബാധിക്കാതെ അന്തരാളദീർഘങ്ങൾ നിശ്ചയിക്കേണ്ടതാകുന്നു.

ഏതു ഗൃഹങ്ങളുടെ എങ്കിലും ആരൂഢസന്ധികളിൽ കർണ്ണസൂത്രാദികൾ ബാധിച്ചാൽ ഗൃഹകർത്താക്കൾ തുടങ്ങിയുള്ളവൎക്ക് അനർത്ഥവും മൃത്യുദോഷവും സംഭവിക്കുന്നതാണ്.

**മുല്ലത്തറകൾ ചെയ്യേണ്ട ക്രമം.**

ഗത്വപ്രാങ്കണതാരാതധേകകൃതാ
യാമാൎദ്ധമപ്യുത്തരേ
നിക്ഷിപ്യാൎദ്ധമവാക് ച മദ്ധ്യചതുര
ശ്രേഷ്ഠാഷ്ടകോഷ്ഠാത്മകേ
മല്ലീകുട്ടിമമാപസംജ്ഞപദയോഃ
കുൎയ്യാല്പദേ ദക്ഷിണേ
യദ്വാതൽ പുനരാപവത്സപദയോ-
ശ്ചോദക്ക്പദേന്തർവൃതൌ.

വിസ്താരത്തിൽ അധികമുള്ള കുഴിയങ്കണദീർഘം രണ്ടു വശങ്ങളിലും ഒരുപോലെ ഉപേക്ഷിച്ചു മദ്ധ്യത്തിലുള്ള ചതുര

ശ്രം അറുപത്തിനാലായി പദനിരൂപണംചെയ്തു വടക്കു നിന്നും മൂന്നാമത്തേതും കിഴക്കുനിന്നു രണ്ടാമത്തേതും ആയ ആപന്റെ പദത്തിലോ അല്ലെങ്കിൽ വടക്കുനിന്നു നാലാമത്തേതും കിഴക്കുനിന്നും രണ്ടാമത്തേതും ആയ ആപവത്സന്റെ പദത്തിലോ മുല്ലത്തറയുണ്ടാക്കണം. കർണ്ണസൂത്രത്തിന്റെ രണ്ടുവശങ്ങളിലായി ആപന്റെയും ആപവത്സന്റെയും പദങ്ങൾ വരുന്നതുകൊണ്ടു കർണ്ണസൂത്രം ബാധിക്കുന്നതല്ല.

കേത്വഷ്ടം തുല്യതാരാതതിജലനിധികോ-
ണം ചവസ്വഷ്ടികോണം
വൃത്തം വാസോപപീഠാദ്യവയവസഹിതം
കൈരവാദ്യന്വിതം വാ
ഗേഹാധിഷ്ഠാനതുംഗ കുഹചിദപിതദൂ-
മ്മ്യാദിരുദ്ഭ്രാന്തഭാഗൈ-
ർഹീനം വാ രജ്ജുവേധാദ്യപഗതമുദിതം
മല്ലികാ കുട്ടിമം തൽ. 23

ചതുരശ്രപരിവൃതം ധ്വജയോനിയായിട്ട് എട്ടുപട്ടമായോ, പതിനാറുപട്ടമായോ, വൃത്തമായോ, ഉപപീഠം മുതലായ പണിയട്ടുക്കുകളോടുകൂടിയൊ, കുമുദപ്പട്ടം മുതലായ അലങ്കാരപ്പണികളോടുകൂടിയോ മുല്ലത്തറയുണ്ടാക്കണം. ഇതിന്റെ പൊക്കം മൂലഗൃഹത്തിന്റെ തറ പൊക്കത്തെ ആറുമുതൽ പതിനൊന്നുവരെയുള്ള ഏതൊരു അംശംകൊണ്ടെങ്കിലും ഭാഗിച്ച് ഒരുഭാഗം കുറച്ചു രജ്ജുവേധാദിദോഷങ്ങൾ സംഭവിക്കാതെ ഉണ്ടാക്കണം.

## പത്രമാനനിർണ്ണയം.

സർവ്വത്രോത്തര ബാഹ്യ പാർശ്വവിഹിതാ-
ല്ലംബാൽ ബഹിഃ കുട്ടിമ-
സ്യാഷ്ടാഷ്ടാംഗുലനിഷ്ക്രമായരുദിതം
തൽപത്രമാനം വിദുഃ

യദ്വാ തള്ളിഗ്ഗുണഞ്ചകത്രിഗുണിതം വാ
താദ്വിധേയം തഥൈ
വാവാച്യുത്തരയോഃ ഷഡാംഗുലമതോ
ദണ്ഡാ പ്രതീച്യാം കചചിൽ. 24

എല്ലാ ഗൃഹങ്ങളുടെയും ഉത്തരങ്ങളുടെ പുറഭാഗത്തുള്ള തള്ളുകൾക്ക പത്രമാനമാനം എന്നു പേർപറയുന്നു. അതു് എട്ടോ, പതിനാറൊ അംഗുലങ്ങൾ തള്ളവരുത്തിയോ തെക്കും വടക്കും, അറാറംഗുലം തള്ളവരുത്തിയോ ചെയ്യാവുന്നതാണു്. ഇപ്രകാരം തള്ളവരുത്തുവാൻ നിശ്ചയിച്ചതു് ഉത്തരപരിവൃതത്തിനു സിദ്ധമായ യോനിതന്നെ പത്രമാനപരിവൃതത്തിനും വരുത്തുന്നതിനാണു്. തദനുസരണം ചെയ്യുന്നതിനു സാദ്ധ്യമല്ലാത്തതുകൊണ്ടു പത്രമാനപ്പുറത്തു ദിഗ്യോനികൾ ഉത്ഭവിക്കത്തക്ക രീതിയിൽ തള്ളുകൾ വരുത്തിയുണ്ടാക്കേണ്ടതാകുന്നു.

## സന്ധിവിധി

ന്യസ്യേച്ഛേതേ ദാരു കല്ലെന്നിതെല്ലാം
പൂർവ്വാഗ്രം വാഥോത്തരാഗ്രം മലത്തി
അന്തർഭാഗത്തുള്ള ബാഹ്യം പുറത്തും
നില്ക്കുന്നാകിൽ കൊൾകതുദഗ്ഗ്രമായി. 25

കല്ലു്, മരം എന്നിവ സമുചിതമാംവണ്ണം കൂട്ടിച്ചേക്കാതെ ഗൃഹരൂപമാക്കിത്തീക്കുന്നതിനു സാധിക്കുന്നതല്ലല്ലൊ. ആകയാൽ അവകൂട്ടിയോജിപ്പിക്കേണ്ട രീതികളെ പറയുന്നു.

മരം, കല്ലു് എന്നീ ദ്രവ്യങ്ങളുടെ ഉൾഭാഗം മേലും ഉള്ളിലും ചുവട്ടുഭാഗം പടിഞ്ഞാറും തെക്കും, അഗ്രഭാഗം കിഴക്കും വടക്കും. ചുവട്ടുഭാഗം കീഴും, അഗ്രഭാഗം മേലുമായി സന്ധിചെയ്യണം.

ഉത്തരവും വാമടയെന്നിവ-
യോരോപുറമെന്തുപേരുസന്ധ്യേന്നാൽ

അതുതന്നന്യപുറത്തും സ്തംഭാ-
നാമേകപംക്തിയിൽ തദ്വൽ. 26

ഉത്തരം, വാമട തുടങ്ങിയുള്ള ഉരുപ്പടികൾ നിശ്ചിതനീളം കിട്ടാതെ വന്നാൽ എത്രകഷണങ്ങൾ കൂട്ടിച്ചേൎക്കുന്നുവോ തദനുസരണം എതിരുവശത്തും കൂട്ടിച്ചേൎക്കേണ്ടതാണു്.

## ഉദാഹരണം.

കിഴക്കെ ഉത്തരം രണ്ടുകഷണം കൂട്ടിച്ചേൎത്തും പടിഞ്ഞാറെ ഉത്തരം മൂന്നുകഷണം കൂട്ടിച്ചേൎത്തും വയ്ക്കുന്നതായാൽ നാമഭേദം വരുന്നതുകൊണ്ടു് അനൎത്ഥങ്ങൾ അവ ഉണ്ടാക്കുന്നു. അതിനാൽ കിഴക്കെ ഉത്തരം എത്ര കഷണംകൊണ്ടു ചേൎക്കുന്നുവോ അത്രയും കഷണങ്ങൾകൊണ്ടു പടിഞ്ഞാറെ ഉത്തരവും വടക്കെ ഉത്തരം എത്ര കഷണംകൊണ്ടു ചേൎക്കുന്നുവോ അത്രയും കഷണങ്ങൾ കൊണ്ടുതന്നെ തെക്കെ ഉത്തരവും ചേൎന്നതിൽ ഓരോ പേരുകൾതന്നെ സിദ്ധിക്കുന്നതിനാൽ അതു് ഉത്തമമാകുന്നു.

മൂലം മൂലേനനിരൃതൌ മൂലമഗ്രേണ മാരുതേ
ഈശാനേചാഗ്രമഗ്രേണ മൂലാഗ്രം വഹ്നിദൃശ്യതേ 27
ദ്രവ്യത്രയേണസന്ധിശ്ചേന്നീളമുള്ളതു മദ്ധ്യതഃ
മറേറവദീൎഘഹ്രസ്വങ്ങൾക്കുകത്തമാൎഗ്ഗേണസന്ധയേൽ 28

ദ്രവ്യാണാമായാമഹേതോൎബലാൎത്ഥ
തത്തദ്യോഗ്യം ചെയ്യുതിൽ സന്ധികാൎയ്യം
മൂലം താഴെ തത്രതുൎദ്ധേ തദാഗ്രം
പാൎശ്വദ്രവ്യേപ്പുള്ളിൽ മൂലംവരേണം. 29
നീളം തുല്യങ്ങളായുള്ള സാധുനേരേപ്പമംഗലം
ഹ്രസ്വദീൎഘങ്ങളായുള്ള ദ്രവ്യഭേദസ്സശോഭനം. 30
ദീൎഘദ്രവ്യം വലംഭാഗേ ഹ്രസ്വമായതിടത്തവി
പിന്നെയും പിന്നെയും തദ്വൽ കണ്ടുകൊൾക
യഥോചിതം. 31

ഒണ്ടാമാറില്ലഗ്രമഗ്രേണസന്ധി
മൂലം മൂലേനാപിയേല്പില്ലയെങ്ങും
ഈശേ കോണേ നൈരൃതേ ഭിന്നസന്ധി-
ക്കന്യേമൃലേയഗ്രയോഗപ്രസിദ്ധം. 32

ഉത്തരമൊ പടിയൊ മറേറതൊരു ദ്രവ്യങ്ങളൊ അഗ്രത്തോടഗ്രവും ചുവടോട്ടു ചുവടും തമ്മിൽ സന്ധിചെയ്ക യെന്നുള്ളതു് അനൎത്ഥപ്രദവുംവിധിവിപരീതവും ആകുന്നു

തെക്കുപടിഞ്ഞാറെമൂലയിൽമൂലത്തോട്ടു മൂലവുംകിഴക്കുവടക്കെ മൂലയിൽഅഗ്രത്തോടഗ്രവും തമ്മിൽ സന്ധി ചെയ്യുന്നതു ഭിന്നസന്ധിയെന്നുള്ളതിനാൽ അതു യോഗ്യ മാകുന്നു. പടിഞ്ഞാറു വടക്കു മൂലയിലും തെക്കുകിഴക്കെ മൂലയിലും മൂലാഗ്രങ്ങളായിട്ടെ വരികയുള്ളു. അതു ശ്രേഷ്ഠ മാകുന്നു.

മൂന്നു കഷണങ്ങൾ കൂട്ടിച്ചേൎത്തു് ഒന്നാക്കണമെങ്കിൽ കൂടിയ നീളമുള്ളതു മദ്ധ്യത്തിലാക്കിയും അതിൽ കുറഞ്ഞതു് അതിൻെറ വലത്തുഭാഗത്തും അതിൽ കുറഞ്ഞതു് അതിൻെറ ഇടത്തുഭാഗത്തുമായിരിക്കണം.

രണ്ടു ദ്രവ്യങ്ങൾ കൂട്ടിച്ചേൎക്കണമെങ്കിൽ നീളം കൂടിയതു വലത്തുഭാഗത്തും കുറഞ്ഞതു് ഇടത്തുഭാഗത്തും ആക്കി ചെയ്യണം. തുല്യങ്ങളായ രണ്ടു കഷണങ്ങളെക്കൊണ്ടുള്ള സന്ധികൾ നിന്ദ്യങ്ങളാകുന്നു.

**ഉദാഹരണം.**

കിഴക്കെ ഉത്തരത്തിൻെറ നീളമുള്ളതു തെക്കുകുറഞ്ഞതുവടക്കും,തെക്കെ ഉത്തരത്തിൻെറ നിളമുള്ളതു് പടിഞ്ഞാറും കുറഞ്ഞതു കിഴക്കും, പടിഞ്ഞാറെഉത്തരത്തിൻെറനീളമുള്ളതു വടക്കും കുറഞ്ഞതു തെക്കും, വടക്കെ ഉത്തരത്തിൻെറ നീളമുള്ളതു കിഴക്കും കുറഞ്ഞതുപടിഞ്ഞാറും ആയിരിക്കണം. എല്ലാ കഷണങ്ങളുടെയും ചുവട്ടുഭാഗ

ത്തെ കൈത്തലകൾ ഉൾഭാഗത്തോ താഴെയോ അഗ്രഭാഗത്തെ കൈത്തലകൾ പുറത്തോ മേൽഭാഗത്തോ നിൽക്കേണ്ടതാകുന്നു. വിപരീതമായി ചെയ്താൽ സ്ത്രീകലഹം ഫലമാകുന്നു.

ഒല്ലാ മദ്ധ്യേ വേശ്മനസ്തംഭമദ്ധ്യേ
ദ്വാരത്തിന്റെ മദ്ധ്യതോ ബിംബമദ്ധ്യേ
നേർസന്ധൌവാരന്യയോ കണ്ണസന്ധി
സന്ധൌ വർജ്ജിക്കാണിമയ്യം വിശേഷാൽ. 33

ഗൃഹത്തിന്റെ ദീർഘമദ്ധ്യത്തിലും വിസ്താരമദ്ധ്യത്തിലും കട്ടിളമദ്ധ്യത്തിലും ബിംബമദ്ധ്യത്തിലും കണ്ണസന്ധി, നേർസന്ധി എന്നിവകളിലും യാതൊന്നിന്റെയും ഏപ്പുകൾ വരുത്തുവാൻ പാടില്ല. നിവൃത്തിയില്ലെന്നു വന്നാൽ പ്രസ്തുത സന്ധികളിൽനിന്നു് ആണിമയ്യമെങ്കിലും മാറിയിരിക്കണം.

ഇതി വാസ്തുകൌമുദി ഷഷ്ഠോദ്ധ്യായഃ
സമാപ്തഃ.

★

## സപ്തമോദ്ധ്യായഃ പ്രാരംഭഃ

കയ്യാൽ ഗൃഹായ കൃതവാസ്തുപദം സമസ്തം
മാതംഗ ഭാസ്കരനൃപാംഗുലമാത്ര-തുംഗം
ബാഹ്യാന്തരാങ്കണഗതാ ഗമനായ മദ്ധ്യ-
നിമ്നതാദോഷവിരഹായ ച മൃത്ശിലാദ്യൈഃ 1

പൂർവ്വോക്തപ്രകാരം ഗ്രഹനിർമ്മിതികൾക്കായി നിശ്ചയിച്ച സ്ഥാനം മണ്ണു്, കല്ല് മുതലായവയെക്കൊണ്ടു എട്ടോ പന്ത്രണ്ടോ പതിനാറോ അംഗുലങ്ങളെ ഉയർത്തി

വേണം പണിയാരംഭിക്കേണ്ടതു്. ഇങ്ങനെ ചെയ്യാതെ ഇരുന്നാൽ അങ്കണത്തിൽ വീഴുന്ന വെള്ളം പുറത്തേയ്ക്കു പോകുന്നതിനു വൈഷമ്യമുണ്ടായിരിക്കുന്നതാണു്.

ഉപപീഠനിർണ്ണയം.

രക്ഷാ ശോഭോച്ഛ്രയാർത്ഥം സകലനിലയമാ-
സൂരതോധസ്സമന്താൽ
കുഡ്യാദേകദ്വിഹസ്തപ്രവിതതമുപപീ-
ഠം ഗജാദ്യംഗുലാഢ്യം
അന്തർഭാഗേതു ഗർത്താങ്കണമഥ വൃഷജം
കേതുജം വായതാഢ്യം
ദിശ്യൈശാന്യാമഥോദിങ്മുഖമപിരചയേൽ
പ്രാങ്മുഖം വാംബുമാർഗ്ഗം. 2

ബലത്തിനും, ഭംഗിക്കും, ഉറപ്പിനും വേണ്ടി എല്ലാ ഗൃഹങ്ങൾക്കും വൃഷഭയോനിയോ കേതുയോനിയോ പരിവൃതം വരത്തക്ക രീതിയിൽ എട്ടംഗുലം വർദ്ധിപ്പിച്ചു് ഒന്നോ, രണ്ടോ തല്ലവരെ തെക്കുവടക്കായാമമായി കുഴിയങ്കണവും തദ്വാരാ ബാഹ്യത്തിലും ഉപപീഠം ഉണ്ടാക്കണം. (മൺതിണ്ണ) "ഗേഹത്തിനിന്ദ്രദിശികിഞ്ചിതദീശകംവാ" എന്നുള്ള ശില്പിരത്നവചനത്തെ അനുസരിച്ചു ഗൃഹദീർഘമദ്ധ്യത്തിൽനിന്നു വടക്കോട്ടോ വിസ്താരമദ്ധ്യത്തിൽനിന്നു കിഴക്കോട്ടോ കുറഞ്ഞൊന്നു ഗമിച്ചു് വെള്ളംപോകുന്നതിനു കുഴിയങ്കണത്തിൽ ഓവു് ഉണ്ടാക്കണം.

ഗേഹാധിഷ്ഠാനോച്ചതുല്യോ രസാദ്യ
ഷ്ടങ്കാംശാംശൈഃ ന്യൂനിതോ വാ യഥേഷ്ടം
മർത്ത്യാഗാരസ്യോപപീഠൌച്ഛ്രയസ്സ്യാ-
ത്തത്തദ്ഭാഗൈഃ പാദുകാദ്യാ വിധേയാഃ 3

(മഹാചന്ദ്രിക)

ഗ്രഹനിമ്മിതിയിങ്കൽ ഉപപീഠപൊക്കം തറപ്പൊക്കത്തോടു സമമായോ തറപ്പൊക്കത്തെ ആറായോ, ഏഴായോ, എട്ടായോ, ഒൻപതായോ ഭാഗിച്ച് ഒരംശം കുറച്ചോ കൂട്ടിയോ ഇഷ്ടാനുസരണം ഉപപീഠപൊക്കം (മൺതിണ്ണ) ഉണ്ടാക്കേണ്ടതാകുന്നു. തറയുടെ പണിഭാഷയനുസരിച്ചു ഭാഗിച്ചു പാദുകയും മുതലായവയും ഉണ്ടാക്കണം.

### പാദമാനവിധി.

ഝണാംധാമനിപാദമാനമുദിതം
സപ്തസപ്താത്തരോപാനഹോ-
ർമ്മദ്ധ്യം സാംഘ്രിതികരത്രികോന്മിതമിദം
ചാല്പാലയേ ദൃശ്യതേ
ഗേഹവ്യാസസമം തദർദ്ധസഹിതം
വ്യാസാബ്ധിഷൾസപ്തവ-
സ്വംകാശാംശയുതം ച തൈർവ്വിരഹിതം
ചൈവം മുനീന്ദ്രാജഗുഃ 4

(മഹാചന്ദ്രിക)

ചെരിപ്പുത്തരത്തിനിടപാദമാനം
പടിക്കുത്തരത്തിനിടകാലുനീളം
അധിഷ്ഠാനമാമിപ്പടിയോളമാവു
പ്രപഞ്ചീകരിക്കുന്നു യഥാതഥാ ഞാൻ.

(ശില്പിരത്നം)

ചെരിപ്പുമുതൽ കൂട്ടുത്തരകീഴ്പ്പാടുവരെയുള്ള പൊക്കത്തിനു പാദമാനമെന്നും പടിമുതൽ കൂട്ടുത്തരകീഴ്പ്പാടുവരെയുള്ള പൊക്കത്തിനു കാൽനീളമെന്നും പറയുന്നു.

ഗൃഹവിസ്താരത്തെ നാലോ, ആറോ, ഏഴോ, എട്ടോ, ഒൻപതോ, പത്തോ ഈ അംശങ്ങളിൽ ഒന്നിനെക്കൊണ്ടു ഭാഗിച്ചു ഒരംശം കുറച്ചും കൂട്ടിയും ഗൃഹവിസ്താരത്തോടു സമമായും അല്പാലയത്തിൽ മൂന്നുകോലളവായും, പൊ

ക്കത്തെ നാലിൽ ഗുണിച്ചു കിട്ടുന്ന സംഖ്യകൾക്കു് ഇഷ്ട യോനി വരത്തക്ക രീതിയായും പാദമാനപൊക്കത്തെ കൊള്ളിക്കാവുന്നതാകുന്നു.

പാദമാനപൊക്കംകൊണ്ടുള്ള അധിഷ്ഠാനവിധി.

ഭക്തേസ്സിൻ പാദമാനേ ഗുണചതുരിഷുഷൾ
സപ്തനാഗാങ്കദിഗ്ഭി-
സ്ത്രേഷേകാംശോഭവേൽ കുട്ടിമമപിച തഥേ-
ദ്ധ്മാംശിതേവാരസാംശഃ
നന്ദദന്ദേശരാംശോ ദിനകരയുഗഭ-
ക്തേദ്രിഭാഗേ മുനീന്ദ്രൈഃ
ദംശസ്ത്രിഥ്യംശിതേസ്യാജ്ജലധിപരിമിതോ
വിശഭക്തേപി ചൈവം. 6

(മഹാചന്ദ്രിക)

ചെരിപ്പുമുതൽ കൂട്ടത്തരകീഴ്പ്പാട്ടുവരെയുള്ള പാദ മാനപൊക്കത്തെ മൂന്നു തുടങ്ങി പത്തുവരെയുള്ള സംഖ്യ കളിൽ ഒന്നിനെക്കൊണ്ടു ഭാഗിച്ചു് ഒരംശം തറപ്പൊക്ക മായും, പാദമാനപ്പൊക്കത്തെ ഇരുപത്തിയൊന്നായി ഭാഗിച്ചു് ആറംശവും പതിനെട്ടായി ഭാഗിച്ചു് അഞ്ചം ശവും ഇരുപത്തിനാലായി ഭാഗിച്ചു് ഏഴുഭാഗവും പതി നാലായും പതിനഞ്ചായും ഭാഗിച്ചു് നാലുഭാഗവും തറ പ്പൊക്കം സ്വീകരിക്കാവുന്നതാകുന്നു.

**അധിഷ്ഠാനവിധി.**

രസാംശിതേ വാഞ്ഛിതകുട്ടിമോച്ചേ-
പ്രകല്പയേൽ പാദുകമേകതോഥ
ത്രിഭിർജ്ജഗത്യാച്ഛ്രയമേകതസ്സൽ
ഗളംപ്രതിം തദ്വിദിഹൈകതോപി. 7

(മഹാചന്ദ്രിക)

അധിഷ്ഠാനപൊക്കത്തെ 6 ഭാഗംചെയ്തു 1 പാദുക വും 3 ജഗതിയും ഓരോന്നുവീതം ഗളവും പടിയുമായി ചെയ്യേണ്ടതാകുന്നു.

സായകാംശിനി കുട്ടിമോച്ഛ്റ്രയേ
പാദുകോച്ഛ്റ്രയമിഹൈകഭാഗതഃ
ദ്ധ്യംശതോഥ ജഗതിം ഗളംപ്രതി-
ണ്ണൈകതോ വിരചയേദഥേതിവാ. 8

(മഹാചന്ദ്രിക)

തറയുയരം 5 ഭാഗിച്ചു 1 പാദുകവും 2 ജഗതിയും ഓരോന്നുവീതം ഗളവും പടിയും ഉണ്ടാക്കാവുന്നതാണ്.

ദേവേന്ദ്രാംശിനി കുട്ടിമേദ്ധ്വിതയത-
സ്സമ്പാദയേൽ പാദുതം
ഷൾഭാഗേജ്ജഗതാം ഗളാംശമിളയാ
കുയ്യാദഥോ വാജനം
അശ്വിഭ്യാം ഗളമൂർദ്ധ്വവാജനമവ-
ന്യംശേന നേത്രാംശതഃ
പ്രത്യുച്ചം ഗളമഞ്ചകാഭിധമിദം
സ്ദ്വാജനം ഭ്രുതികൃൽ. 9

(മഹാചന്ദ്രിക)

ഉയരമതുപതിന്നാലിട്ടു രണ്ടാമുപാനാം
തദനു ജഗതി നാലാമാറുകോൽ കൈരവഞ്ച
ഗളപടികളിലീരണ്ടംശമാം തന്നിൽ നാലൊ-
ന്നവകളിലിഹ പട്ടം പാദബന്ധാഖ്യമേതൽ. 10

(ശിൽപിരത്നം)

തറപ്പൊക്കത്തെ 14 ആയി ഭാഗിച്ചു 2 അംശം പാദുകവും 6 അംശം കൈരവവും 2 അംശം ഗളവും 2 അംശം പടിയും ഗളത്തിന്റേയും പടിയുടേയും 4 അംശങ്ങളെ

8 ആയി ഭാഗിച്ച് ഒരംശംവീതം ഗളത്തിന്റെ കീഴ്ഭാഗത്തിലും മേൽഭാഗത്തിലും രണ്ടു വാജനങ്ങളുമായി പണിചെയ്യുന്ന തറയ്ക്കു പാദബന്ധമെന്നു പേരാകുന്നു.

14 അംശിച്ചു 2 പാദുകവും 6 ജഗതിയും 1 വാജനവും 2 ഗളവും 1 വാജനവും 2 പടിയുമായി ചെയ്യുന്നതു ഗളമഞ്ചകമാകുന്നു.

ഭിത്തിയുയരം.

## (കാലുനീളനിർണ്ണയം)

ഗേഹേത്രിദോവർഗ്ഗഭവേൽ ദപിതോമ്മിതം
സ്തംഭാസുവബ്ല്യാംഗുലവദ്ധിതാൻ ക്രമാൽ
ചതുഷ്കരാമുത്തരവർഗ്ഗശേഷതാൻ
കരോത്യധിഷ്ഠാനമതദ്ധസംയുതം. 11

(തന്ത്രസമുച്ചയം)

മൂക്കോൽക്കിരിക്കോലഥ കാലുനീളം
മേല്ലോട്ടു നന്നാൽ വിരലേറിയേറി
നാൽകോൽ തുടങ്ങ്യുള്ളതിനും ക്രമത്താൽ
കല്പിക്കധിഷ്ഠാനമതും തദദ്ധം. 12

തൻേറകാലുയരത്തെയാറുപതിനൊ-
ന്നോട്ടുള്ളവററാൽ പക-
ത്തൊന്നേററീട്ടകിലാം കുറക്കിലതുമാം കാൽ
നീളമിഷ്ടം ക്രമാൽ
കാലന്നിക്രിയ പാദമാനമതുകൊ-
ണ്ടും ചെയ്ക്കമാസൂരകം
തന്നാലൊമ്പതിലൊന്നുനീക്കുക തഥൈ-
വാറേഴൊടെട്ടൊന്നു താൻ. 13

(ശില്പിരത്നം)

കൃതപാധിഷ്ഠാനമേവം ദൃഢതരമഥത-
ച്ച്ളേഷിതം പാദമാനം
വിദ്യാദംഘ്ര്യച്ഛമസ്മിന്നുതുരംഗളജം-
ഗാങ്കപങ്ക്തീശഭക്തേ
ഏകാംശേനാനപിതംവാ വിരഹിതമഥവേ-
തീപ്സിതാത്താംഘ്രിദീർഘാ-
ദോമാസംജ്ഞാംഘ്രിപീഠോച്ഛ്ശ്രയമപനയതാം
പോതികായാഃ ഘനം ച. 14

(മഹാചന്ദ്രിക.)

ആദ്യൂഢപരിവൃതത്തേയൊ അല്പധാമത്തുങ്കൽ ബാഹ്യപരിവൃതത്തേയൊ 3-ൽ ഗുണിച്ചു 8-ൽ ഹരിച്ചു നോക്കിയതിൽ എത്ര 8 പോകുമൊ ആ സംഖ്യകൾ പരിഷകളാകുന്നു.

മൂന്നുകോൽ പരിഷയെങ്കിൽ 2 കോൽ കാലുനീളവും 4 കോൽ പരിഷയെങ്കിൽ 2 കോൽ 4 വിരൽ കാലുനീളവും തദനുസരണം നന്നാലംഗുലംവീതം ഓരോ പരിഷകൾക്കു വൎദ്ധിപ്പിച്ചു കാലുനീളമൊ (ഭിത്തിപ്പൊക്കമൊ) ഉണ്ടാക്കണം. കാലുനീളത്തിൻെറ പകുതി തറപ്പൊക്കവും കൊള്ളിക്കണം.

ഇപ്രകാരം നിശ്ചയിക്കുന്ന കാൽനീളം കൂടുതലെന്നോ കുറവെന്നോ തോന്നിയാൽ പരിഷപ്രകാരം നിൎണ്ണയിച്ചു കാൽ നീളത്തെ 6 തുടങ്ങി 11 വരെയുള്ള സംഖ്യകളിൽ ഏതെങ്കിലും ഒന്നിനെക്കൊണ്ടു ഭാഗിച്ച് ഒരംശം കൂട്ടിയൊ കുറച്ചൊ കാലോചിതം പരിഷ്കരിച്ചു വിധിവിരുദ്ധം കൂടാതെ ഭിത്തിപ്പൊക്കം നിശ്ചയിക്കാവുന്നതാണു്.

കാൽനീളത്തിൽപകുതിയായിനിശ്ചയിച്ചതറപൊക്കം കൂടുതൽ എന്നു തോന്നിയാൽ ആ ഉയരത്തെ ആറായോ ഏഴായോ എട്ടായോഒൻപതായോഭാഗിച്ച് ഏതോ

യുക്തമെന്നു തോന്നുന്നു. അതിൽ ഒരു ഭാഗം കുറച്ചു തറ ഉയരമാക്കാം യഥേഷ്ടം ശാസ്ത്രരീത്യാ കൊള്ളിക്കണം.

**മർമ്മസന്ധി.**

ദീർഘേഷ്വരസ്ത്രിത്രയവേദഭാഗ
വ്യാസോദ്ധമേതേ ഉപസന്ധിരത്രെ
നന്ദത്രയാഷ്ടദ്വയമംശമദ്ധ്യം
വർജ്ജ്യം സമസ്തം സകലേഷു മർമ്മം. 15

ഗൃഹദീർഘത്തെ 8-ം 9-ം ഭാഗിച്ച് ഓരോ അംശങ്ങൾ വരുന്ന 15 സ്ഥാനങ്ങളും എട്ടിന്റെ രണ്ടും ഒൻപതിന്റെ മൂന്നും വരുന്ന ഇടകളുടെ മദ്ധ്യസ്ഥാനം രണ്ടും വിസ്താരത്തിന്റെ പകുതിവരുന്ന സ്ഥാനങ്ങൾ രണ്ടും ഉൾപ്പെടെ ദീർഘത്തിൽ 19 മർമ്മസ്ഥാനങ്ങളും വിസ്താരം 4-ം 3-ം ഭാഗിച്ചോരോ ഭാഗം വരുന്ന 5 സ്ഥാനങ്ങളും മർമ്മങ്ങളാകുന്നു.

ഒരു ഗൃഹത്തിന്റെ ദീർഘവിസ്താരങ്ങളിൽ ആകെ 48 മർമ്മങ്ങൾ നിലനില്ക്കുന്നു. മനുഷ്യശരീരത്തിലുള്ള മർമ്മസ്ഥാനങ്ങളിൽ സംഘട്ടനാദികൾ അകപ്പെട്ടാൽ ആ അകപ്പെടുന്ന വ്യക്തി ദുരിതകൂപത്തിലാകുന്നതുപോലെ ഗൃഹങ്ങളുടെ മർമ്മസ്ഥാനങ്ങളിൽ തൂണുകളൊ ഭിത്തികളൊ വേധിച്ചാലും പടിയിലൊ, ഉത്തരങ്ങളിലൊ കിഴിച്ചു തറച്ചാലും നിദ്ധനത തുടങ്ങിയുള്ള ദുരിതഫലങ്ങൾ ആ ഗൃഹവും അനുഭവിക്കുന്നതാണ്.

പാദൻ ഗൃഹേഷ്വിഹഗതുർഗ്ഗുണവംശമാന
സംഖ്യാൻ പ്രകല്പയതുതുല്യമിദാന്തരാളൻ
പാദാന്തരാണിനഭവന്തുനിഗേഹനിഷ്ഠ
ഹസ്താധിമാനി ബഹുനാശഫലപ്രദാനി. 16
ദാർവ്വീവികാരകൃദഭിത്തിവശേന തത്ര
പാദാഭവന്തി കൃതവംശചതുർഗ്ഗുണാഢ്യ

താനാർപ്പയേതപരിതോനിജദീർഘതാര-
മാനോത്ഥമർമ്മമപനീയ യവപ്രമാണൈഃ 17

കൽകെട്ടുകളായി ചെയ്യുന്ന കെട്ടിടങ്ങൾക്കു ദീർഘവിസ്താരങ്ങളിൽ മർമ്മസന്ധികൾ നിശ്ചയിച്ച തൽസ്ഥാനങ്ങളിൽ കട്ടിളകളുടേയോ, ജന്നലുകളുടേയോ കാലുകൾ വരാതേയും മുറിക്കെട്ടു സന്ധികൾ വരാതേയും പ്രത്യേകാൽ സൂക്ഷിച്ചു നിശ്ചയിക്കേണ്ടതാകുന്നു. "ലുപാപാദസമാമത" ഇങ്ങനെ കാണുന്നുണ്ടെങ്കിലും "ലുപാപാദാദിയഷ്ടാഷ്ടം വർദ്ധിതം ഗൃഹയോഗ്യദം" എന്നുള്ള ശാസ്ത്രാദ്ദേശാനുസരണം കാലുകളുടേയും കഴക്കോലുകളുടേയും സംഖ്യകൾ എട്ടു തുടങ്ങി എട്ടെട്ടുകളെ വർദ്ധിപ്പിച്ചു് (8—16—24—32—40—48) സ്വീകരിച്ചുവരുന്നു. "ദേവാപാദാദിനിന്ദിതാഃ" എന്നു കാണുന്നതുകൊണ്ടു നാലു മുതൽ എട്ടെട്ടുകളെ വർദ്ധിപ്പിച്ചു് (12—20—28—36—44—52) ചെയ്യുന്നതു ദേവപാദമാകയാൽ അതു നിന്ദ്യവും ആകുന്നു.

ഗൃഹനിർമ്മിതികൾക്കു ദേവപാദമെന്നുള്ള സംഖ്യകൾ വരുത്തി കാലുകളൊ കഴക്കോലുകളൊ ഉണ്ടാക്കുന്നതു നീചവും അനർത്ഥവും ആകുന്നു.

### പ്രധാന കട്ടിളകളുടെ ഗമനം.

കൊള്ളാം ഗതി യവം കൊണ്ടു-
മീവണ്ണം നാലിനും പുനഃ
വാതി മയ്യം തയോർമദ്ധ്യേ
മുററഗേഹജസൂത്രയോഃ

(മനുഷ്യാലയവിധി)

ഇഷ്ടയോനികൾ സിദ്ധിക്കുന്ന അംഗുലങ്ങളെക്കൊണ്ടു ഗൃഹമദ്ധ്യത്തിൽനിന്നു ഗമിപ്പിച്ചുകട്ടിളകൾ വയ്ക്കുന്നതായാൽ അതു് അഭംഗിയെന്നുകരുതി ഇഷ്ടയോനികൾ

വരുന്ന യവങ്ങളെക്കൊണ്ടു ഗമിപ്പിച്ചാണ് സാധാരണ കട്ടിളകൾ വെച്ചുകാണുന്നത്.

ഗൃഹസൂത്രത്തിന്റേയും മററസൂത്രത്തിന്റേയും ഉൾഭാഗത്തു കട്ടിളകളുടേയോ ജന്നാലുകളുടേയോ മദ്ധ്യം വരണമെന്നു ശില്പിശാസ്ത്രം പ്രബലമായി അഭിപ്രായപ്പെടുന്നതുകൊണ്ടു ഗൃഹമദ്ധ്യങ്ങളിൽനിന്നു പടിഞ്ഞാറെ ഗൃഹത്തിനു തേക്കോട്ടും തെക്കേ ഗൃഹത്തിനു കിഴക്കോട്ടും കിഴക്കേ ഗൃഹത്തിനു വടക്കോട്ടും വടക്കേ ഗൃഹത്തിനു പടിഞ്ഞാട്ടും 6-ാം അദ്ധ്യായം 19-ാംശ്ലോകത്തിൽ വിധിച്ചിരിക്കുന്ന ക്രമം അനുസരിച്ച് അംഗുലങ്ങൾകൊണ്ടോ, യവങ്ങൾകൊണ്ടോ ഗമിപ്പിച്ച് ആ സ്ഥാനം കട്ടിളമദ്ധ്യമാക്കി വിസ്താരാർദ്ധം രണ്ടു വശങ്ങളിലായിട്ടു പ്രധാന കട്ടിളകളോ ജന്നാലുകളോ സ്ഥാപിക്കേണ്ടതാകുന്നു. പ്രസ്തുത ഗമനങ്ങളുടെ അർദ്ധം പൂർവ്വീകന്മാർ ഗമിപ്പിച്ചു ചെയ്തുകാണുന്നുണ്ട്.

**കട്ടിളകളുടെ ഉള്ളളവുകൾ നിശ്ചയിക്കേണ്ട ക്രമം.**

സ്തംഭോച്ഛേഷ്ടകൃതൈകമർദ്ധമുദിതം
ഷഷ്ഠാർദ്ധമന്തർഗ്ഗതം
രന്ധ്രാംശൈശ്ചരണോന്നതഞ്ചശരമ-
ഗ്രേയേവമഭ്യുച്ഛ്റയം
വേദൈരംശമധോവിനാനമുദിതം
കൃത്വാ സമസ്താപിവാ
ദ്വാരോച്ഛ്റം ചരണോച്ഛ്റയഞ്ച ഗദിതം
ധാമ്നാം ഭവേദിത്യപി. 19
(ശില്പിരത്നസമുച്ചയം)

ദ്വാരനീളം കഴിച്ചുള്ളം-
കാൽനീളാലഞ്ചുരണ്ടുമാം
ഈരാറിലൊൻപതിട്ടാലു-
മഞ്ചുകൊള്ളമ്മരപ്പടി. (ശില്പിരത്നം) 20

കാലുയരത്തെ എട്ടായി ഭാഗിച്ച് ആറര അംശങ്ങൾ കട്ടിളയുടെ ഉള്ളുനീളവും മമ്മസന്ധികളിൽ കാലുകൾ ബാധിക്കാതെ ഇഷ്ടയോനികൾ സിദ്ധിക്കത്തക്കവിധം വിസ്താരവുമായി കട്ടിളകൾ ഉണ്ടാക്കണം. ബാക്കിയുള്ള ഒന്നര അംശങ്ങൾ ഒൻപതായി ഭാഗിച്ച് അഞ്ചംശം മേലേ പടി ഘനവും നാലംശം കീഴേ പടി ഘനവും ആയി കട്ടിളപ്പടിയുടെ ഘനങ്ങളെ നിർണ്ണയിക്കേണ്ടതാകുന്നു.

അഥ സാധാരണദ്വാര
തുംഗം പാദോന്നതത്തിനാൽ
ഏഴെട്ടൊൻപതുക്രൂറിട്ടാ-
ലൊന്നൂനം വീതിതട്ടളം. 21

(ശില്പിരത്നം)

കാലുയരത്തെ ഏഴായി ഭാഗിച്ച് അതിൽ ആറു ഭാഗമൊ, എട്ടായി ഭാഗിച്ച് അതിൽ ഏഴുഭാഗമൊ, ഒൻപതായി ഭാഗിച്ച് അതിൽ എട്ടുഭാഗമൊ കട്ടിളകളുടെ ഉള്ളുനീളം വരുത്താവുന്നതാണ്.

നടയിടകത്തെവാതിൽ
കട്ടിളചെന്നുത്തരത്തിലെത്തേണം
ജന്മോപരി കീഴ്പടിയും
വരണം യോനിപ്രധാനമീവാതിൽ. 22

(മനുഷ്യാലയവിധി)

അന്തരാളങ്ങളിൽ വയ്ക്കുന്ന നടവാതിലുകളുടെ കാലുകൾ ഉത്തരം വരെ എത്തണമെന്നു നിർബന്ധമാകുന്നു. തെക്കിനിയുടെകിഴക്കും,പടിഞ്ഞാററിനിയുടെതെക്കും,വടക്കിനിയുടെ പടിഞ്ഞാറും, കിഴക്കിനിയുടെ വടക്കും ഉള്ള അന്തരാളങ്ങളിൽഅങ്കണങ്ങളിൽനിന്നുള്ള ഗതാഗതത്തിനുനടവാതിലുകൾ വയ്ക്കേണ്ടതാകുന്നു. നടവാതിലുകൾ വയ്ക്കുന്നതിനു തക്ക അന്തരാളായാമം ഇല്ലാതെ വന്നാൽ ക

ട്ടിള വയ്ക്കത്തക്കവിധം ഇഷ്ടയോനികൾ വരുന്ന അംഗുല ങ്ങളെക്കൊണ്ടു ഗമിപ്പിച്ച് അന്തരാളായാമം വരുത്തിയ ഥോചിതം കട്ടിളകൾ വയ്ക്കേണ്ടതാകുന്നു.

ഗേഹായാമം ഒൻപതിട്ടഞ്ചുനീക്ക
ദക്ഷഭാഗേതത്രമദ്ധ്യംവരുമാർ
പൃഷ്ഠദ്വാരം വയ്ക്കതേകാദശാംശൈ
ഷൾഭാഗംനീക്കീട്ടുമാം നാലിനും തൽ. 23

(മനുഷ്യാലയവിധി)

ഗൃഹദീർഘത്തെ ഒൻപതായി ഭാഗിച്ച് അഞ്ചുഭാഗം വലത്തുവശവും നാലുഭാഗം ഇടത്തുവശവും ആയി നിർണ്ണയിച്ച് അതു കട്ടിളമദ്ധ്യമാക്കി വിസ്താരം ഇരുപാർശ്വങ്ങളിലായി ഉള്ളിലെ കട്ടിളയും; പതിനൊന്നായി ഭാഗിച്ചു ആറുഭാഗം വലത്തുവശവും അഞ്ചുഭാഗം ഇടത്തുവശവും വരുന്നതു കട്ടിളമദ്ധ്യമായി പുറത്തെ കട്ടിളയും വയ്ക്കാവുന്നതാകുന്നു.

## സ്തംഭവിധി.

സ്തംഭോച്ചാബ്ധിഷു ഷൾഭൂധരനവദിഗ്രു
രുദ്രഭാഗൈകതസ്സ്യാൽ
സ്തംഭാധോവിസ്തൃതിസ്തദ്വസുനവദശല-
ദ്രാംശഹീനോഗ്രതാരഃ
ദണ്ഡാഖ്യശ്ഛായമേതേനചകഹചിദഥോ
മീയതേ ദാരുക്ലിപ്തൌ
കുഡ്യസ്തംഭാഗ്രതാരോപ്യഥ തദവയവാ-
കല്പനേദണ്ഡസംജ്ഞഃ 24

(മഹാചന്ദ്രിക)

കാലുയരത്തിനെ നാലുമുതൽ പതിനൊന്നുവരെയുള്ള സംഖ്യകളിൽ ഒന്നിനെകൊണ്ടു ഭാഗിച്ച് ഒരംശം തൂണുകളുടെ കീഴിലുള്ള വിസ്താരവും ആ വിസ്താരത്തെ എട്ടു

മുതൽ പതിനൊന്നുവരെയുള്ള സംഖ്യകളിൽ ഒന്നിനെ കൊണ്ടു ഭാഗിച്ചൊരംശം കുറച്ച് അഗ്രഭാഗത്തിലുള്ള വിസ്താരവും ആയി തുണുകൾ ചെയ്യേണ്ടതാകുന്നു. അ ഗ്രവിസ്താരത്തെക്കൊണ്ടു മററവയവങ്ങളുടെ അളവുകളും നിർണ്ണയിച്ചുകൊള്ളണം.

**ഉത്തരവിസ്താരം അറിയുന്നതിനു്.**

സ്തംഭാധസ്താരഭേദപ്രഥകനവിധിനൈ-
വോത്തരാണാഞ്ചതാരം
സ്വാഭീഷ്ടം കല്പയേദ്വാ വസുവസുയുഗളാ-
ക്കോമ്മിണാഖ്യാംഗുലൈർവ്വാ
ശ്രേഷ്ഠം ഖണ്ഡോത്തരം തദ്വിതതി സമഘനം
മദ്ധ്യമം പത്രസംജ്ഞം
പാദോനോച്ചം കനിഷ്ഠം വിതതി ദലക്ഷനം
തത്തുരുപോത്തരാഖ്യം. 25

(ചന്ദ്രിക)

എട്ട്, പതിനാറ്, പന്ത്രണ്ടു്, ആറ് ഈ അംഗുലങ്ങളാലൊ സ്തംഭത്തിൻെറ കീഴിലുള്ള വിസ്താരത്തിനു സമമായൊ ഉത്തരങ്ങളുടെ വീതിയും തത്തുല്യമായും മുക്കാൽ ഭാഗമായും അരഭാഗമായും ഘനവും നിശ്ചയിക്കാവുന്നതാണു്. അതു് ഘനഭേദം കൊണ്ടു ക്രമേണ ഉത്തമമായും മദ്ധ്യമമായും അധമമായും ഇരിക്കുന്നതാണു്.

**ഉത്തരങ്ങളുടെ വാജനം.**

ഏകമേവ യദി വാജനം ഭവ-
ത്യുത്തരസ്യ ശരഭാജിതേ ഘനേ
ഉച്ചമാംശയുഗളേന നിഷ്ക്രമോ-
പ്യസ്യപട്ടമവശിഷ്ടഭാഗതഃ 26

(ചന്ദ്രിക)

ഉത്തരഘനത്തെ അഞ്ചായി ഭാഗിച്ച് ഈരണ്ടും ശംവീതം കീഴ്ഭാഗത്തും മേൽഭാഗത്തും ഒരു ഭാഗം മദ്ധ്യഭാഗത്തു വാജനമായും പണിചെയ്യേണ്ടതാകുന്നു.

## ചുററുത്തരവിധി.

അധോത്തരമ്പ്രോച്യ തദദ്ധ്വാരം
ക്ഷുദ്രോത്തരാഖ്യോത്തരപട്ടികാഞ്ച
സംകീലയേദുത്തരബാഹ്യപാർശ്വാ-
ദൂർദ്ധ്വം ദൃഢൈഃ സ്വാചിതദാരുകീലൈഃ 27
(ചന്ദ്രിക)

ഉത്തരഘനം വീതിയായും വീതിയിൽ പകുതി ഘനമായും പണിതീർത്തു കഴുക്കോലുകൾ ചെല്ലുന്നതിന് ചുററുത്തരമെന്നപേരിൽ ഉത്തരത്തിൻെറ മേൽഭാഗത്തു് ഉറപ്പായി അഴിമേൽ ശരിയാംവണ്ണം ഉറപ്പിക്കണം.

കീലാസ്തേ കൂടസൂത്രേഷ്വഖിലനിലയമ-
ദ്ധ്യേപി ച ദ്വാരമദ്ധ്യേ
കർത്തവ്യാസ്തേ സമസ്താ യവമിതഗതിഭിഃ
സൂത്രതോതീതമദ്ധ്യാഃ
യുക്ത്യാ പംക്തിം ലുപാനാംസമമപിപരിക-
ല്പ്യാഥമദ്ധ്യേ ച താസാം
കാര്യാഃ കീലാസ്തുയുഗ്മാഃ ഖലുസകലലുപാ
യുഗ്മസംഖ്യാ വിധേയാ. 28

ദ്വാരമദ്ധ്യത്തിലും ഗൃഹമദ്ധ്യത്തിലും കണ്ണസന്ധികളിലും കൂടമർമ്മസന്ധികളിലും അഴികൾ വരാതെ കഴുക്കോലുകളോട്ടുചേർന്ന് ഓരോ വശങ്ങളിൽ ഒററപ്പെടുത്തി അഴികളും ഇരട്ടപ്പെടുത്തി കഴുക്കോലുകളും ആയി സ്ഥാപിക്കുന്നവയ്ക്കു ക്ഷുദ്രോത്തരമെന്നും ചുററുത്തരമെന്നും പേരുകളാകുന്നു.

ഉദാഹരണം.

ഒരു നെടിയവശത്തു പന്ത്രണ്ടു കഴുക്കോലുകൾ എന്നിരിക്കട്ടെ. അപ്പോൾ 13 പഴുത്തുകൾ ഉണ്ടാകുന്നതാണ്. ആ പഴുത്തുകളിൽ കഴുക്കോലുകളോടു ചേൎത്ത് ഓരോ അഴികൾ ഉണ്ടാക്കുമ്പോൾ ഓരോ വശങ്ങളിൽ അഴികൾ ഒററപ്പെട്ടു വരുന്നതാണ്.

## തുലാങ്ങൾ ചെയ്യേണ്ട വിധം.

യദാ കപോതവളഭീവലസത്തുലാപാ
ദോദ്യാൽപിധാനഫലകാദി തുലാവിശേഷൈഃ
യുക്താഞ്ച ഖണ്ഡഫലകാദി വിചിത്രചിത്ര
മൂൎത്തിപ്രഭേദസഹിതം മഹിതം വിദധ്യാൽ. 29

ഉത്തരങ്ങളുടെ മേൽഭാഗത്തു വളർ, കപോതകം, തടം, നേത്രം ഇങ്ങനെ അട്ടക്കസഹിതം ഉള്ള പണികളും മനോഹരങ്ങളായ ചിത്രങ്ങളും ആയി മച്ചിൻെറ പണികൾ യഥോചിതം ചെയ്യണം. മൎമ്മസന്ധികളിൽ വരുത്താതെ പഴുത്തുകൾ ഒററവരത്തക്കവിധം തുലാങ്ങളും ഗൃഹമദ്ധ്യങ്ങളിൽ കഴികൾ വരാതെ പഴുത്തുകൾ ഒററപ്പെടുത്തി കഴികളുടെ സംഖ്യകളും നിൎണ്ണയിക്കേണ്ടതാകുന്നു.

## കഴുക്കോലുകൾ ചെയ്യേണ്ട ക്രമം.

കാൎയ്യാലുപാശ്വോത്തരപട്ടികോൎദ്ധ്വം
കൂടാഹിതാഗ്രാ വികൃതാ സമസ്താഃ
പാർശേപഹിതാഗ്രാ ഖലു നിൎവ്വികാരാ
നിവേശിതാഗ്രാ പുനരഗ്രധാന്യം. 30

കൂടത്തിന്മേലൊമോന്തായത്തിന്മേലൊദേവാലയമെങ്കിൽ വിസ്താരത്തിൽ പകുതിപൊക്കമൊയും, മനുഷ്യാലയമെങ്കിൽ വിസ്താരാൎദ്ധത്തിൻെറ ആറിൽ അഞ്ചുഭാഗമൊ, നാലരഭാഗമൊ നാലുഭാഗമൊ ഉത്തരമേൽപാടിൽ നിന്നു

മോന്തായമേൽപ്പാട്ട പൊക്കം വരുത്തി കോടികളും ഉപ കോടികളുമായി കഴുക്കോലുകൾ യഥാക്രമം പണിചെയ്തു ഉറപ്പായും ഭംഗിയായും സംയോജിക്കപ്പെടണം.

ചെരുപ്പു മുതൽ സൂച്യഗ്രം വരെയുള്ള പൊക്കത്തെ നാലിൽ ഗുണിച്ചുകിട്ടുന്ന സംഖ്യകൾക്ക് ഇഷ്ടയോനി കൾ സിദ്ധിക്കയും വേണം.

**വളകൾ ചെയ്യേണ്ട ക്രമം.**

മനുയവചതുര്യാദ്യംക്രമാത്തത്തുദ്വി-
ദ്വയയവപരിവൃത്യാത്രിംഗുലാന്ത്യംക്രമേണ
വലയമിതിമുനീന്ദ്രൈഷഡ്വിധംദർശിതംതേ-
ഷ്വിംഹവിഹിതല്യപൌചിത്യേനതൽകല്പനീയം
(ചന്ദ്രിക.) 31

മൂന്നംഗുലംതുടങ്ങീട്ടു-
കാക്കാലംഗുലമൂനമായ്
വിരലൊന്നരയാവോളം
കൊള്ളൂവലയവിസ്തൃതി. 32

പതിന്നാലു നെല്ലിടമുതൽ ഈരണ്ടുനെല്ലിട വീതം വൎദ്ധിപ്പിച്ചും ഒന്നരവിരൽ മുതൽ മൂന്നു വിരൽ വരെയും വളവണ്ണം സ്വീകരിക്കാവുന്നതും ഫലനം തദനുസരണം യോജിപ്പിച്ചു ചെയ്യാവുന്നതും ആകുന്നു.

**തുമ്പുവാമടവിധി.**

വിസ്താരേപുനരുത്തരസ്യദശധാ
ഭക്തേരസാദ്ര്യഷ്ടദി-
ഗ്ഭാഗൈർവ്വോത്തരതാരതാംഘ്രിരഹിതം
വാദ്ര്യംശിതേശ്യംശകൈ
വിസ്താരംപ്രകരോതുനീവ്രഫലക-
സ്യൈതത്രിഭാഗംഫലനം
വിസ്താരേശരഭാജിതേപൃച-ഫലനം
ദ്വാഭ്യംപ്രകുര്യാൽകച്വചിൽ. 33

ഉത്തരവിസ്താരത്തോടു സമമൊ, ഉത്തരവീതി ഏഴായി ഭാഗിച്ച് അഞ്ചുഭാഗമൊ, പത്തായി ഭാഗിച്ച് ആറോ ഏഴോ എട്ടോ ഒൻപതോ അംശങ്ങൾ വാമടയുടെ വീതിയും വീതിയിൽ മൂന്നിലൊന്നു ഘനവും ആയിരുമ്പുവാമടയുണ്ടാക്കണം. വാമടവീതിയെ അഞ്ചോ, ഏഴോ, ഒൻപതോ ആയി ഭാഗിച്ചു മൂന്നംശം വിതാനനിരപ്പിൽനിന്നു മേല്പോട്ടു മറിച്ചു കഴുക്കോലിൽ വെട്ടിത്തീൎത്തു സുമുഹൂൎത്തത്തിൽ പഞ്ചഭൂതങ്ങളിൽനിന്ന് അപായങ്ങൾ യാതൊന്നും ഈ ഗൃഹത്തിൽ ബാധിക്കരുതെന്നും അനൈശ്വൎയ്യങ്ങൾ ഒരു കാലത്തും സംഭവിക്കരുതെന്നും ശിൽപിവൎയ്യൻ സങ്കൽപിച്ചു ഗണേശപൂജാനന്തരം വാമട സ്ഥാപിക്കണം.

**മതിലും പടിപ്പുരയും ഉണ്ടാക്കേണ്ട ക്രമം.**

നീളം വീതി പറമ്പിനുള്ളിൽ വരുമാ-
 റുണ്ടാക്കണം വേലിതാ-
നെന്യേ നല്ല കിടങ്ങുതാൻ മതിലുതാ-
 നായ്ക്കോലതിന്നുന്നതം
സുഗ്രീവേ പടിപുഷ്പദന്തപദകേ
 മുഖ്യേന്ദ്ര ഭല്ലാടകേ-
ഷ്വഗ്നേ തൽസുതകേ ഗൃഹക്ഷതപദേ
 ,ഗന്ധൎവ്വകേ വാ ശുഭ. 34

(മനുഷ്യാലയവിധി)

ഗൃഹസ്ഥാപനയ്ക്കായിനിശ്ചയിച്ചിട്ടുള്ള ദണ്ഡുസീമയ്ക്കു വെളിയിൽ ഒരു പദവണ്ണം കിടക്കേണ്ടതാകുന്നു. നിശ്ചിതസ്ഥാനത്തു മതിലുകളൊ, കിടങ്ങുകളൊ, വേലിയൊ ഉണ്ടാക്കുന്നതു് ഉത്തമവും ദണ്ഡുസീമയിൽതന്നെ ഉണ്ടാക്കുന്നതു മദ്ധ്യമവും ആകുന്നു. മതിലുകൾക്കു 5 കോൽപൊക്കം വരുത്തണമെന്നാണു സാമാന്യേന കാണുന്നതു്. 'താരേണാനല വേദബാണരസഭാഗാംശഞ്ചതസ്യോന്നതം' എന്നു ശില്പിവല്ലഭത്തിൽ കാണുന്നതുകൊണ്ടും 'പാദോന

ത്രികരാന്തമേകകരതസ്സാൽ ബാഹ്യലന്തപ്തതാ" എന്നും കാണുന്നതുകൊണ്ടു് ഒരു കോൽ തുടങ്ങി രണ്ടേമുക്കാൽ കോൽവരെയൊ, പന്ത്രണ്ടോ, പതിനെട്ടൊ അംഗുലമൊ വണ്ണവും, വണ്ണത്തിന്റെ മൂന്നോ, നാലോ, അഞ്ചൊ, ആറോ, ഏഴോ ഭാഗങ്ങൾ പൊക്കവുമായി നാലുദിക്കുകളിലും മതിലുകൾ ഉണ്ടാക്കേണ്ടതാകുന്നു.

വാസ്തുവിദ്യാവചനമനുസരിച്ചും മററും ഭൂമിവിസ്താരത്തെ ഒൻപതായി ഭാഗിച്ചു കിഴക്കെ പംക്തിയിൽ വടക്കുനിന്നും മൂന്നാമത്തെ പദത്തിലും നാലാമത്തെ പദത്തിലും തെക്കേപംക്തിയിൽ കിഴക്കുനിന്നു നാലാമത്തെ പദത്തിലും ആറാമത്തെ പദത്തിലും, പടിഞ്ഞാറെ പംക്തിയിൽ തെക്കുനിന്നു മൂന്നാമത്തെ പദത്തിലും നാലാമത്തെ പദത്തിലും, വടക്കേ പംക്തിയിൽ പടിഞ്ഞാറുനിന്നു മൂന്നാമത്തെ പദത്തിലും നാലാമത്തെ പദത്തിലും (സുഗ്രീവൻ, പുഷ്പദന്തൻ, മുഖ്യൻ, ഭല്ലാടകൻ, ഇന്ദ്രൻ, ജയന്തൻ, ഗ്രഹാക്ഷതൻ, ഗന്ധർവ്വൻ) പടിപ്പുരയുണ്ടാക്കണം.

ഭൂശഭൃഷഭൃംഗരാജദൌവ്വാരികാ
ശോഷനാഗപർജ്ജന്യാഃ
അദിതിശ്ചേതിശ്ശുഭാസ്യുചെറുപടിവയ്ക്കണ
മെങ്കിലതിന്നവയും. 35

കിഴക്കേ പദങ്ങളിൽ തെക്കുനിന്നു മൂന്നാമത്തേതിലും ഒൻപതാമത്തേതിലും തെക്കേ പദങ്ങളിൽ പടിഞ്ഞാറുനിന്നും മൂന്നാമത്തേതിലും എട്ടാമത്തേതിലും പടിഞ്ഞാറേ പദങ്ങളിൽ തെക്കുനിന്നു രണ്ടാമത്തേതിലും ഏഴാമത്തേതിലും വടക്കേ പദങ്ങളിൽ പടിഞ്ഞാറു നിന്നു രണ്ടാമത്തേതിലും ഏഴാമത്തേതിലും ഉപദ്വാരം (കുഴിപ്പടിപ്പുര) ഉണ്ടാക്കാവുന്നതാണു്.

## കൂപസ്ഥാനലക്ഷണം.

ഇലഞ്ഞിഞാവൽനീരാടിക്രുവളംവേപ്പുകൊന്നയും
വെട്ടിപൈനകുറുന്തോട്ടിക്കടിയിൽജലമുണ്ടുപോൽ.
പനസംപനപേരാലുമരയാലത്തിയാമ്രവും
ഇവനില്ക്കുന്നധോഭാഗേജലമില്ലെന്നുനിൎണ്ണയം. 37
ആഗമംകൊണ്ടുദൂതൻെറശുഭാശുഭമറിഞ്ഞിടാം
അതിൻവൎണ്ണംക്രമാലോരോരാശിപന്ത്രണ്ടിനുംഫലം
ഇരുന്നുനിന്നുചോദിക്കമേടത്തിന്നഥകുംഭമാം
രാശിയിൽഖനനംചെയ്കിൽജലംതാഴ്ന്നഥ-
[പൊങ്ങിയും. 39
ഇടവംരാശിയിൽനിന്നുപിൻമാറീട്ടുവലത്തതിൻ
കരംകൊണ്ടഥതൊട്ടീടിൽമീനത്തിൽജലമാദിശേൽ. 40
ഇടവംരാശിൽനിന്നുപാദങ്ങൾതൊട്ടുമെങ്കിലോ
ജലമില്ലാതെവന്നീടുമെന്നുതന്നെപറഞ്ഞിടാം. 41
മിഥുനേനിന്നുതാടിക്കുതൊട്ടാൽമേടത്തിലാദിശേൽ
ചിങ്ങത്തിനുധനുസ്സിങ്കൽകന്നിക്കുമകരത്തിലും. 42
ജലോദയംവിധിച്ചീടാമെങ്കിലുംസ്പൎശനങ്ങളും
അറിഞ്ഞുനിൎണ്ണയിച്ചീടിലില്ലസംശയമൊന്നുമേ. 43
വൃശ്ചികേപൃഷ്ഠകൻനിന്നുചോദിച്ചാൽകൎക്കിയിങ്കലും
ധനുസ്സിന്നിടവംപിന്നെമകരത്തിനുകൎക്കിയാം 44
കുംഭമീനമതെന്നുള്ളരണ്ടുരാശികളെന്നതിൽ
നിന്നാൽമീനം ധനുസ്സെന്നും ലക്ഷണം ചൊൽകബു
ധനുവുംകന്നിമിഥുനംമീനമെന്നുള്ളരാശികൾ [ദ്ധിമാൻ
അതിവൎദ്ധനവുംപിന്നെക്ഷയവുംവരുമേദ്രവം. 46
ദൂതൻമുട്ടുകൾപെട്ടെന്നുതൊട്ടാൽപൊട്ടാത്തപാറകൾ
പെട്ടെന്നുകാണുമെന്നുള്ളതോത്ത്രസ്ഥാനംവിധിക്കണം.
ശിരസ്സിൽതൊട്ടുചോദിച്ചാൽജലമില്ലസ്ഥലങ്ങളിൽ
കണ്ഠത്തിൽസ്പൎശനംചെയ്താൽധനുസ്സിൽജലവൎദ്ധനം

താടിക്കമീനവുംപിന്നെ മാറിടത്തിന്ന മേടവും
സ്ഥാനങ്ങൾനിശ്ചയിച്ചീടാം സാമാന്യംമേടംമെന്നതിൽ
കള്ളീരംകന്നിയെന്നുള്ള രാശിയിൽവന്നുനിന്നുടൻ
വലംകൈകാൽതൊട്ടന്നൊരുദ്രവ്യമേതോന്നുപോലെ
കല്പിക്ക പാറകൾക്കുള്ള കഠിനം ലക്ഷണങ്ങളും [യായ്
ഓരോന്നുവ്യക്തമായ്ച്ചൊല്ലിയവിടെജ്ജലമാദിശേൽ.
ഇടംകൈയ്യുവലംഭാഗേ ത്തൊട്ടുചോദിക്കുമെങ്കിലോ
പാറയ്ക്കുകഠിനംചൊല്ലാമെല്ലാററിന്നുമതേവിധം. 52
അരയുംതുടയുംതൊട്ടാൽ വൃശ്ചികംചിങ്ങമെന്നതാം
രാശിയിൽഖനനംചെയ്യാൻസ്ഥാനമേററംവിശേഷമാം.

### വാസ്തുപൂജാക്രമം.

"ദേവാനാംസ്വപദസ്ഥാനം ബലികർമ്മവിധീയതേ
സാമാന്യപൂർണ്ണമാർഗ്ഗേണ ബ്രഹ്മാദീനാം യഥാക്രമം" 54

രണ്ടാംഭാഗം നാലാം അദ്ധ്യായം ഒന്നാം ശ്ലോകം മുതൽ പതിമൂന്നു ശ്ലോകങ്ങൾകൊണ്ടു വാസ്തുപുരുഷന്റെ ഉല്പത്തിയും ദേവതകളുടെ സ്ഥിതിയും വർണ്ണഭേദങ്ങളും വാസ്തുപൂജകൊണ്ടുള്ള ഗുണങ്ങളും ചെയ്യാത്തതിലുള്ള അനിഷ്ടങ്ങളും വിധിച്ചിട്ടുണ്ടു്.

ഇനി ഓരോ ദേവതകളെ പൂജിക്കേണ്ടക്രമങ്ങളെ യഥോചിതം പ്രസ്താവിക്കുന്നു. പൂജാക്രമംതന്നെ സാമാന്യപൂജയെന്നും മഹൽപൂജയെന്നും രണ്ടുവിധത്തിൽ ഉണ്ടു്. അതിൽ ഇഷ്ടാനുസരണം സ്വീകരിക്കാമെങ്കിലും കർത്താക്കളുടെ നിലയനുസരിച്ചു പ്രവർത്തിക്കാതെയിരുന്നാൽ അനിഷ്ടവും 'അശ്രീയും മൃത്യുമാപ്നോതി' എന്നു കാണുന്നതുകൊണ്ടു രണ്ടുവിധവും വാസ്തുപൂജചെയ്യാതെയിരുന്നാൽ അലക്ഷ്മിയും ദുർമ്മൃതിയും ആ ഗൃഹത്തിൽ ഉണ്ടാകുന്നതാണു്. "കർത്തുരിഷ്ടാർത്ഥസിദ്ധിദാ" എന്നു കാണുന്നതുകൊണ്ടു് ധനസ്ഥിതിയനുസരിച്ചും ഗൃഹസ്ഥിതിയനുസരിച്ചും

വാസ്തുപൂജചെയ്താൽ ഗൃഹകർത്താക്കൾ തുടങ്ങിയുള്ളവൎക്ക് ഇഷ്ടഫലങ്ങളെ വാസ്തുപുരുഷൻദാനം ചെയ്യുന്നതാണ്.

"അനേനവിധിനായസ്തു പ്രതിസംവത്സരംബുധഃ
ഗൃഹേവാ പത്തനേ കുൎയ്യാൻനസദുഃഖമവാപ്നു
[യാൽ." 55

ഗൃഹപ്രവേശനാനന്തരം പ്രതിവൎഷം വാസ്തുപൂജ ചെയ്യുന്നതായാൽ ആ ഗൃഹത്തിൽ വ്യാധിയാൽ ഉള്ള ഭയമൊധനഹാനി നിമിത്തം ക്ലേശമൊ യാതൊന്നും ഉണ്ടാകുന്നതല്ല,

"പൎജ്ജന്യസ്യാജ്യമൈന്ദ്രസ്യനവനീതംസുപുഷ്പകം
ഇന്ദ്രേക്ഷീരഞ്ചപുഷ്പഞ്ചമധുകന്ദാശ്ചഭാസ്കരേ. 56
സത്യകേമധുകംദദ്യാൽഭൃശായനവനീതകം
മാഷംരജനിചൂൎണ്ണഞ്ചഗഗനസ്യബലിംദദേൽ. 57
ദുഗ്ദ്ധാജ്യംകാദളംവഹ്നേഃശാല്യന്നംപൂഷ്ണിപായസം
ക്ഷീരാന്നംവിദഥോദദ്യാൽരാക്ഷസേകാദളാനി ച. 58
ക്ഷീരാന്നംമധുകംയാമ്യോഗന്ധൎവ്വേപുഷ്പഗന്ധകേ
ഭൃംഗരാജേഗന്ധമാല്യോമൃഗേക്ഷീരോദനംവിദുഃ 59
നിരൃതേഃതൈലപിണ്യാകംധാന്യംദൗവ്വാരികേമതം
സുഗ്രീവേമോദകംപുഷ്പദന്തകേപുഷ്പതോയകം. 60
വരുണേക്ഷീരപുഷ്പാണിഅസുരേകാദളാനി ച.
ശോഷേദ്രാക്ഷാരസംദദ്യാൽരോഗേക്ഷീരോദനംവിദുഃ 61
രക്തപുഷ്പാണിവായൌ ച നാഗേരജനിചൂൎണ്ണകം
ധാന്യചൂൎണ്ണം ഹി മുഖ്യസ്യഭല്ലാടേദധിസൎപ്പിഷൌ. 62
സോമേദ്ധ്യധോദനംദദ്യാൽഅൎഗ്ഗളേപായസോദനം
ഗുളൌദനംക്ഷീരപുഷ്പംദേവമാതാരിമോദകം. 63
ദിതൌതിലംമധുഞ്ചൈവക്ഷീരാന്നംസൎപ്പരിംശകൈ
വാസ്തുവിദ്യാബ്ധിപാരഗഃതാന്ത്രീകസ്തംഭിജാതവാൻ. 64

ആയ്യകേഫലഭക്ഷ്യംസ്യാൽ മാഷാന്നം ചതിലാന്വിച
വിലസ്വതിവിനിക്ഷിപ്തം ദധിദ്രവ്യാ ച മിത്രകേ. 65
മഹീധരേ ഭവേദ്ഗന്ധമേവം ദിശി ബലിസ്മൃതഃ
ലാജം ധാന്യം സവിത്രസ്യ സാവിത്രേഗന്ധതോയകം.
കാദളം ഹിതഫാമൽഗച്ചൂണ്ണമിന്ദ്രേന്ദ്രരാജയോഃ
രുദ്രേരുദ്രജയേദ്രാക്ഷാമധുമാപാപവത്സയോഃ 67
കുമുദം പായസം ചൈവ ഏവം ദൈവബലിസ്മൃതഃ
മദ്യമാജ്യം ചരകസ്യാസ്തു പിതായ്യലവണോബലി 68
പൂതനായാസ്തിലം പിഷ്ടമന്യായം മുല്ഗസാരകം
ശച്ച്വസ്കന്ദായമുൾഗാന്നം ആയ്യായപയസാ ദധിഃ
ജൃംഭകായ തിലം ദദ്യാൽ ഓദനം പിഞ്ചകായച" 69

ഗൃഹത്തിന്റെ ജനയിതാവായ മൂത്താചാരി (സ്ഥപതിയാചാരി) ഈശപദം തുടങ്ങി 1-ൽ പാൽച്ചോറും നെയ്യും, 2-ൽ നെയ്യും, 3-ൽ വെണ്ണയും 4-ൽ ക്ഷീരവും പുഷ്പവും, 5-ൽ തേനും കിഴങ്ങുകളും, 6-ൽ തേനും, 7-ൽ വെണ്ണയും, 8-ൽ ഉഴുന്നും മഞ്ഞപ്പൊടിയും, 9-ൽ പാലും നെയ്യും പഴവും, 10-ൽ വരിനെല്ലിന്റെ ചോറും പായസവും, 11-ൽ പാൽച്ചോറും, 12-ൽ പഴങ്ങളും, 13-ൽ പാൽച്ചോറും തേനും, 14-ൽ പുഷ്പങ്ങളും ചന്ദനവും, 15-ൽ ഗന്ധമാല്യങ്ങളും, 16-ൽ പാൽച്ചോറും, 17-ൽ എണ്ണയും പിണ്ണാക്കും, 18-ൽ ധാന്യങ്ങളും 19-ൽ മോദകവും, 20-ൽ പുഷ്പജലങ്ങളും, 21-ൽ പാലും പുഷ്പവും, 22-ൽ പഴങ്ങളും, 23-ൽ മുന്തിരിച്ചോറും, 24-ൽ പാൽച്ചോറും, 25-ൽ ചുവന്ന പുഷ്പങ്ങളും, 26-ൽ മഞ്ഞപ്പൊടിയും, 27-ൽ ധാന്യ

പ്പൊടിയും, 28-ൽ തൈരും നെയ്യും, 29-ൽ പാൽ ചോറും, 30-ൽ പായസച്ചോറും, 31-ൽ ശക്കരച്ചോറും പാലും പുഷ്പങ്ങളും മോദകവും, 32-ൽ എള്ളും തേനും, അകത്തുഭാഗത്തു് ഈശകോൺതുടങ്ങി പ്രദക്ഷിണമായി 33-ൽ കുമുദവും, (ആമ്പൽ) 34-ൽ പായസവും, 35-ൽ ഫലം മുതലായ ഭക്ഷ്യങ്ങളും, 36-ൽ മലരും ധാന്യങ്ങളും, 37-ൽ സുഗന്ധങ്ങളും ജലവും, 38-ൽ ഉഴുന്നും, എള്ളും 39-ൽ പഴവും, 40-ൽ ചെറുപയറും, 41-ൽ തൈരും കറുകയും, 42-ൽ മുന്തിരിങ്ങയും, 43-ൽ തേനും, 44-ൽ പാലും, പരിസരങ്ങളിൽ കിഴക്കു് 45-ൽ ചെറുപയറിൻ ചോറും, (ശർവ്വസ്കന്ദൻ) 46-ൽ പാലും തൈരും (അര്യമാവ്)47-ൽ എള്ളും, (ജൃംഭകൻ) 48-ൽ ചോറും (പിലിപിഞ്ചകൻ) ഈശകോണുതുടങ്ങി 49-ൽ നെയ്യും മദ്യവും, (ചരകി) 50-ൽ ഉപ്പും, (വിദാര്യൻ) 51-ൽ എള്ളും പിഷ്ടയും (പൂതനിക) 52-ൽ ചെറുപയറിൻരസം (പാപരാക്ഷസി) 53-ൽ സർവ്വപ്രകാരേണയും (ബ്രഹ്മപദത്തിൽ) ഇങ്ങനെയുള്ള അൻപത്തിമൂന്നു ദേവന്മാക്കു് ജലഗന്ധപുഷ്പധൂപദീപങ്ങളെക്കൊണ്ടു മന്ത്രസമേതം അർപ്പിച്ചു ഗൃഹകത്താക്കൾ തുടങ്ങിയുള്ളവക്കു് ആയുരാരോഗ്യസമ്പൽപുഷ്ടിയെ പ്രാർത്ഥിച്ചു വാസ്തുപൂജയെ സമർപ്പിക്കണം.

## ദക്ഷിണ.

കത്താചാര്യാക്രിയാന്തേ മഹിതഗുരുവരം
ശില്പിവര്യംയഥേഷ്ടം
ഗോഭൂമ്യാദ്യഞ്ച്ദത്വാവിധിവദവഹിതോ
ദക്ഷിണാംമുഖ്യരൂപം

DISTRIBUTING LIBRARY. N. ...... KOTTAYAM.

ആജ്ഞമാദായതസ്മാന്നിഖിലമപിജനം
പ്രീണയൻ ഭൂരിദാനൈഃ
സ്വീയൈസ്സാദ്ധംസ്വഗേഹേസുചിരമധിവ-
സേൽ പൂൎണ്ണകാമഃസുഖേന. 70

(മഹാചന്ദ്രിക)

ഗൃഹകൎത്താക്കൾ തുടങ്ങിയുള്ളവർ വാസ്തുപൂജാവസാനത്തിൽ മൂത്താചാരി തുടങ്ങിയുള്ളവൎക്ക് ഗോഭൂമി സുവൎണ്ണാദി മുഖ്യദക്ഷിണകളെ യഥാക്രമം കൊടുത്തു സന്തോഷിപ്പിച്ച് പുത്രമിത്രകളത്രസമേതം അഭിവൃദ്ധിയെ പ്രാൎത്ഥിച്ച് സുമുഹൂൎത്തത്തിൽ ഗൃഹപ്രവേശനം ചെയ്യണം.

81 പദങ്ങളായി വാസ്തുപദം കല്പിക്കുമ്പോൾ മദ്ധ്യത്തിൽ ഒൻപതു പദങ്ങൾ ചേൎത്ത് ബ്രഹ്മപദമാക്കിയും നാലു ദിക്കുകളിലും ആറാറുപദങ്ങൾ ചേൎത്ത് ഒരു പദമാക്കിയും കോണുകളിൽ ഈരണ്ടു പദങ്ങളെ ചേൎത്ത് ഒരു പദമാക്കിയും ചെയ്യണം.

100 പദങ്ങളായി വാസ്തുപദം കല്പിക്കുമ്പോൾ മദ്ധ്യത്തിൽ 16 പദങ്ങൾ ചേൎത്ത് ബ്രഹ്മപദമാക്കിയും ദിക്കുകളിൽ എട്ടെട്ടു പദങ്ങളെ ചേൎത്തൊരുപദമാക്കിയും കോണുകളിൽ കൎണ്ണസൂത്രം കൊണ്ടു വിഭജിച്ച ഭാഗവും അടുത്തുള്ള ഓരോ പദവും ചേൎത്ത് ഒന്നാക്കി കോണുകളിലും പുറത്തു കോണുകളിൽ ഒന്നര പദവിസ്താരവും ഒന്നാക്കി ചെയ്യണം. 64 പദനിരൂപണം ചെയ്യുമ്പോൾ നാലു പദങ്ങൾ ചേൎത്തു ബ്രഹ്മപദമാക്കിയും ദിക്കുകളിൽ നാലു പദങ്ങൾ ചേൎത്തൊന്നാക്കിയും കോൺസൂത്രരേഖയ്ക്കു ശിഷ്ടമുള്ള ഭാഗവും അടുത്ത പദവും ഒന്നാക്കി

കോണപദങ്ങളും പുറത്തുഭാഗം കോൺസൂത്രത്തിൻെറ ഇരുവശങ്ങളിലുള്ളതു് ഒന്നാക്കിയും ചെയ്യണം. അപ്പോൾ 81-നം 100-നം 34-നം 53-നം 60-നം തുല്യമായി ഉണ്ടായിരിക്കുന്നതാണു്.

പ്രശ്നംകൊണ്ടു ഗൃഹദോഷമറിയുവാൻ.

ആരുഢേ രവിചന്ദ്രന്തരമത്തും
ഭൌമന്നധിഷ്ഠാനമാ-
യിജ്ഞന്നുള്ള ജീവനുള്ളകവുമായ്
ശുക്രന്നുശയ്യാഗൃഹം
മന്ദന്നാകലടുക്കളെയുക്കചിതമാംകാലും
കഴക്കോൽ ഫണി
വാരിക്കെട്ടുവളയുക്കവാമടശിഖീ
മാന്ദിക്കമമ്മങ്ങളാം. 71

ഇതി വാസ്തുകൌമുദി

രണ്ടാംഭാഗം

സമാപ്തം.

★

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. M 720 Acc. No. 79992

This book should be returned on or before the date last stamped below.

If the book is not returned on due date
a fine of ₹1 per day will be charged

M720
VAS-V

79992

വാസു ആചാരി
(തണ്ണീർമുക്കം)
വാസ്തുശുദ്ധി

KOTTAYAM PUBLIC LIBRARY

Call No M 720 Acc. No 79992

Author ബാല്യ സഞ്ചാരി
([illegible])

Title
ബാലന്മാർക്ക് കഥകൾ)

Indic Digital Archive Foundation

gpura.org